LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : അത് നിങ്ങൾ പ്രതിപക്ഷത്തായിരുന്നതുകൊണ്ടാണ്.

ശ്രീ. എം. വി. ജയരാജൻ : ഇതുപോലുള്ള വിഡ്ഢിത്തം കണ്ണൂരിൽ പോയി പറയാമോ ? നിങ്ങൾ ഭരിക്കുന്ന സന്ദർഭത്തിൽ വ്യവസായ രംഗത്തുണ്ടായ തൊഴിലാളി സമരങ്ങളും വ്യവസായ തർക്കങ്ങളും പരിഹരിക്കുന്നതിന് നിങ്ങൾ ഒന്നും ചെയ്തില്ല. അതുകൊണ്ടാണ് പണിമുടക്കും ലേ-ഓഫുമുണ്ടായത്. നിങ്ങൾ പൂട്ടിയ ഫാക്ടറികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം തുറക്കേണ്ടി വന്നിരിക്കുകയാണ്. കഴിഞ്ഞ കാലത്തും അതുതന്നെയാണുണ്ടായത്. നിങ്ങൾ ഫാക്ടറികൾ പൂട്ടാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. നിങ്ങളുടെ തെറ്റായ നയങ്ങളുടെ ഫലമായി വ്യവസായങ്ങൾ തകർന്നു. ഇന്ന് കേരളത്തിൽ ശാന്തമായിട്ടുള്ള അന്തരീക്ഷമാണ് നിലനിൽക്കുന്നത്. 1996-ൽ 21,23,025 മനുഷ്യ പ്രയത്ന ദിനങ്ങൾ നഷ്ടപ്പെട്ടപ്പോൾ 1999-ൽ 4,40,143 മനുഷ്യ പ്രയത്ന ദിനങ്ങൾ മാത്രമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഇതുമാത്രം പരിഗണിച്ചാൽ നിങ്ങൾക്ക് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കേണ്ടതായി വരും. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 15 മേഖലകളിൽ കുറഞ്ഞകൂലി പുതുക്കി നിശ്ചയിച്ചു. കൈത്തറി കശുവണ്ടി തൊഴിലാളികൾ ഉൾപ്പെടെയുള്ള വ്യത്യസ്ത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി പുതുക്കി നിശ്ചയിക്കുക എന്നുള്ള കഴിഞ്ഞ ദശകമായിട്ടുള്ള ആവശ്യം ഈ ഗവൺമെന്റാണ് പരിഗണിച്ചത്. കുറഞ്ഞകൂലി നിർണ്ണയിക്കാനുള്ള തൊഴിൽ മേഖലകളുടെ പട്ടികയിൽ 21 എണ്ണം കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. സിനിമാ തീയേറ്ററുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി കമ്മിറ്റി റിപ്പോർട്ട് കിട്ടിയാലുടൻ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ നിയമസഭയിൽ ഉറപ്പു നൽകിയതാണ്. ആ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഉത്തരവിറക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നവർ കടുത്ത രീതിയിൽ ചൂഷണത്തിന് വിധേയരാവുകയാണ്. രാവിലെ ഇവിടെ ഒരു ചോദ്യത്തിന് മറുപടിയായി ഈ കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ഇത് ഗൗരവമായ രീതിയിൽ പരിഗണിക്കാൻ നമുക്ക് കഴിയണം. നിരവധി സംഭവങ്ങൾ സമീപ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി നിയമം കർശനമായി നടപ്പാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി തൊഴിൽ വകുപ്പിൽ പ്രത്യേക വിഭാഗങ്ങൾ തന്നെ രൂപീകരിക്കാൻ സന്നദ്ധമാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബാലവേല കർശനമായി തടയാൻ വേണ്ടി നമ്മുടെ രാജ്യത്ത് നിയമമുണ്ട്. ലോക തൊഴിലാളി സംഘടനകളൊക്കെ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴും ബാലവേല തുടരുകയാണ്. ലോക തൊഴിലാളി സംഘടനയുടെ അഭിപ്രായത്തിൽ ഇൻഡ്യയിൽ 4,40,00,000 കുട്ടികൾ വേല ചെയ്യുന്നുണ്ട്. കേരളത്തിലാണ് താരതമ്യേന കുറവായിട്ടുള്ളത്. പതിനായിരത്തിനും മുപ്പത്തി അയ്യായിരത്തിനും മദ്ധ്യേയാണ് കേരളത്തിലുള്ളത്. ഇത് വളരെ ഗൗരവമാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തിനു മാത്രമായി ബാലവേല തടയുവാൻ കഴിയുന്ന വിധത്തിൽ അഖിലേന്ത്യാ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് എന്തുചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമെന്ന് ആലോചിക്കണം. പുതിയ നിയമനിർമ്മാണം വേണമെന്ന ഒരു അഭിപ്രായമുണ്ട്. അത് പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ബാലവേല നിർമ്മാർജന അതോറിറ്റി രൂപീകരിക്കണം. നിലവിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഒരു സൊസൈറ്റി ജില്ലാ തലത്തിൽ ഉണ്ട്. അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കണം. ജനകീയാസൂത്രണത്തിന്റെ കാലഘട്ടമാണിത്. ഈ ഘട്ടത്തിൽ ബാലവേല നിർത്തലാക്കാൻ വേണ്ടി ഗ്രാമതലത്തിൽ പദ്ധതി ആസൂത്രണം ചെയ്യാൻ സാധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ തൊഴിലാളി ക്ഷേമ പദ്ധതികൾ നിരവധിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി നാലു വിഭാഗങ്ങളെക്കൂടി ഈ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ബോർഡുകളും ക്ഷേമ നിധികളും രൂപീകരിച്ചിരിക്കുകയാണ്. ഇതിൽ എല്ലാമായി 31 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ ഇതെല്ലാം ഈ ക്ഷേമനിധി ബോർഡുകൾ ഇന്ന് നൽകി വരുകയാണ്. ശ്രീ. എ. കെ. ആന്റണിയും കൂട്ടരും ഭരിച്ച സന്ദർഭത്തിൽ നമ്മുടെ പ്രിയപ്പെട്ട നേതാവ് ശ്രീ. കരുണാകരൻ, പറഞ്ഞ കാര്യം നിങ്ങൾ ഓർക്കുന്നില്ലേ ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ നിങ്ങൾ കളിയാക്കി പറയുന്നത് പെൻഷൻ ഗവൺമെന്റ് എന്നാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് തൊഴിലില്ലായ്മ വേതനവും, കർഷക തൊഴിലാളി പെൻഷനും ഈ കേരളത്തിൽ നടപ്പാക്കിയ സന്ദർഭത്തിൽ അത് പ്രത്യുല്പന്നപരമല്ല എന്നു പറഞ്ഞത് ശ്രീ. കരുണാകരനാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇവിടെ തൊഴിലില്ലായ്മാ വേതനം ഏർപ്പെടുത്തിയത് ഞാൻ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ്.

ശ്രീ. എം. വി. ജയരാജൻ : തൊഴിലില്ലായ്മ വേതനം ഈ രാജ്യത്ത് ആദ്യമായി നടപ്പാക്കിയത് ബംഗാളിലാണ്. അത് കണ്ടു പഠിച്ചിട്ടാണ് അങ്ങ് നടപ്പാക്കിയത്. അത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ അത് നിർബന്ധിച്ച് നടപ്പാക്കിയതാണ്. നിങ്ങൾ ഈ ഗവൺമെന്റിനെ പെൻഷൻ ഗവൺമെന്റ് എന്നു പറഞ്ഞ് കളിയാക്കി പരിഹസിച്ചവരാണ്. പിന്നെ തൊഴിലാളി ക്ഷേമത്തെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം ?

ശ്രീ. കെ. സുധാകരൻ : തൊഴിലാളി പെൻഷൻ ഏർപ്പെടുത്തിയത് ശ്രീ. ആര്യാടനാണ്.

ശ്രീ. എം. വി. ജയരാജൻ : 1980-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ ഉണ്ടായിരുന്ന സമയത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ആയിരുന്നു അത് നടപ്പാക്കിയത്. ശ്രീ. ആര്യാടൻ പിന്നെ എന്തിന്റെയും പിതൃത്വം ഏറ്റെടുക്കുന്നിടത്ത് എത്തിയാൽ അതിനെതിരായി ഞാൻ ഒന്നും പറയുന്നില്ല. ബാർബർമാർക്ക് പോലും പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ബാർബർമാർക്ക് പെൻഷൻ ഏർപ്പെടുത്തിയതിന് കാരണം ഉണ്ട്. കളിയിക്കാവിളയിൽ നിന്നും യൂത്ത് കോൺഗ്രസ് ജാഥയിറക്കി. ഇവിടെ അടിയോട് അടി. അടി പേടിച്ച് ഒരു താടിക്കാരൻ ഓടിച്ചെന്ന് ഒരു ബാർബർഷോപ്പിൽ കയറി.

LIBRARY ARCHIVES Kerala Legislative Assembly

ഇത് കണ്ടറിഞ്ഞ മറ്റേ ഗ്രൂപ്പ് കോൺഗ്രസ്സുകാരൻ പിന്നാലെ പോയി താടിക്കാരനേയും ബാർബർഷോപ്പുകാരനെയും തല്ലി. ആ ബാർബർ മുഖ്യമന്ത്രി ശ്രീ. നായനാർക്ക് നിവേദനം കൊടുത്തിട്ടാണ് ബാർബർമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത്. അത് നിങ്ങൾ മനസ്സിലാക്കണം. ഈ ഗവൺമെന്റ് തൊഴിലാളികളെ സ്നേഹിക്കുന്ന ഗവൺമെന്റാണ്. അതുകൊണ്ട് ഈ ക്ഷേമനിധി പ്രവർത്തനം കേരളമാകെ അംഗീകരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ്, കാവൽ സർക്കാർ 90 ശതമാനത്തിലേറെ വരുന്ന തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന സംഘടനകളെയും ഒഴിവാക്കിക്കൊണ്ട് ദേശീയ തൊഴിൽ കമ്മീഷൻ പുനഃസംഘടിപ്പിച്ചിരിക്കുകയാണ്. അപ്പുറത്തുള്ളവരെയും ഒഴിവാക്കിയിരിക്കുകയാണ്. സി.ഐ.റ്റി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. തുടങ്ങിയ പ്രമുഖ ട്രേഡ് യൂണിയൻ സംഘടനകളെ ഒഴിവാക്കി, ഹിന്ദുത്വ കാര്യപരിപാടി നടപ്പാക്കാൻ കഴിയും വിധത്തിലാണ് ദേശീയ തൊഴിൽ കമ്മീഷൻ പുനഃസംഘടിപ്പിച്ചിരിക്കുന്നത്. തൊഴിൽ മേഖലയിലും കാവി പുതപ്പിക്കാൻ വേണ്ടിയുള്ള പരിപാടിയാണ് ഇവർ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽമേലുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കണം. അമേരിക്ക പോലുള്ള രാജ്യങ്ങളിലെ തൊഴിലാളി വിരുദ്ധ നിയമങ്ങൾ ഇൻഡ്യയിൽ കൊണ്ടുവരാൻ വേണ്ടിയുള്ള നീക്കമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരമൊരു സന്ദർഭത്തിൽ കേരളാ ഗവൺമെന്റ് തൊഴിലാളി മേഖലയിൽ തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കണം, നിയമ നിർമ്മാണങ്ങൾ നടത്തണം.

എനിക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാനുണ്ട്. ഇന്ന് കേരളത്തിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ലോക്കൗട്ട്, ലേ ഓഫ് തുടങ്ങിയ വിവിധ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി തൊഴിൽ നഷ്ടപ്പെടുന്നുണ്ട്. മുൻകാലത്തെക്കാൾ കുറവാണെങ്കിലും അത് സംഭവിക്കുന്നുണ്ട്. ബംഗാളിൽ പണിമുടക്കു മൂലം തൊഴിൽ നഷ്ടപ്പെട്ടു കഴിഞ്ഞാൽ ഇത്തരത്തിലുള്ള തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കുന്നതിനായി പ്രത്യേക നിധിയും പ്രത്യേക പദ്ധതികളുമൊക്കെയുണ്ട്. ഇവിടെയും ബംഗാൾ മാതൃകയിൽ പ്രത്യേക സാമ്പത്തിക സഹായ പദ്ധതി ആസൂത്രണം ചെയ്യണം. അതിൽ എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട ശ്രീ. കെ. സി. ഇവിടെ സൂചിപ്പിച്ചു, തിരുവേപ്പതി മില്ലിലെ തൊഴിലാളികൾ കുറെ മാസങ്ങളായി സമരത്തിലാണ്. ടെക്സ്റ്റൽ മേഖലയിലെ പ്രതിസന്ധി ഗൗരവമായ രീതിയിൽ ഈ സ്ഥാപനത്തെയും ബാധിച്ചിട്ടുണ്ട്. അത് കാണാതെയല്ല ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി തന്നെ കഴിഞ്ഞ 28-ാം തീയതി ഒരു സമ്മേളനം വിളിച്ചു. ആ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. ആ തൊഴിലാളികളെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് മുന്നോട്ടു വരണം. സാമ്പത്തികമായി അവിടത്തെ തൊഴിലാളികൾ പ്രയാസപ്പെടുകയാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ട് പ്രത്യേകമായ സാമ്പത്തിക സഹായ പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഫാക്ടറികളിലും തൊഴിൽ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയ കൂലിക്ക് ജോലി ചെയ്യുന്നവരാണ്. അവരെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ വിവിധ കാര്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ഒട്ടേറെ സാമ്പത്തിക ബാദ്ധ്യത വേണ്ടിവരുന്നു. അതായത് കുട്ടികളുടെ വിവാഹം, ചികിത്സ തുടങ്ങിയിട്ടുള്ള കാര്യങ്ങൾ. ക്ഷേമ നിധിയുമായി ബന്ധപ്പെട്ടുകൊണ്ട് ആനുകൂല്യങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ ഈ തൊഴിലാളികൾക്ക് വായ്പ കിട്ടുന്ന ഏക മേഖലയെന്നു പറയുന്നത് പി.എഫ്. ഉൾപ്പെടെയുള്ളമേഖല മാത്രം ആണ്. അതുകൊണ്ട് ഫാക്ടറികളിലും തൊഴിൽ ശാലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ചുരുങ്ങിയ പലിശ നിരക്ക് നിശ്ചയിച്ച് വായ്പ കൊടുക്കാൻ കഴിയുന്ന വിധത്തിൽ ഒരു ഫൈനാൻസിംഗ് ഏജൻസി രൂപീകരിക്കുന്നകാര്യം ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതു പോലെതന്നെ ബീഡി തൊഴിലാളികൾ നേരിടുന്ന ഗൗരവമായ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വടക്കൻ ജില്ലകളിൽ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ വിഭാഗമാണ് ബീഡി തൊഴിലാളികൾ. ഏതാണ്ട് രണ്ട് ലക്ഷത്തോളം വരുന്ന തൊഴിലാളികളുണ്ട്. കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലാണ് ഏറ്റവും കൂടുതലായിട്ടുള്ളത്. ഒരു ലക്ഷത്തിമുപ്പത്തിരണ്ടായിരത്തോളം തൊഴിലാളികൾ ഉണ്ട്. വടക്കൻ കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ ബീഡി തൊഴിലാളികളുടെ പങ്ക് വളരെ വലുതാണ്. സ്വകാര്യ ബീഡി മുതലാളികൾ ഫാക്ടറികൾ പൂട്ടി കർണ്ണാടകയിലേയ്ക്ക് കടന്നപ്പോൾ തൊഴിലാളികൾ ഓഹരി സ്വരൂപിച്ചിട്ടാണ് മഹത്തായ ദിനേശ് ബീഡി എന്നുള്ള സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയിട്ടുള്ളത്. ബീഡിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മുന്തിയ പരിഗണന നൽകികൊണ്ടുള്ള നടപടികൾ സ്വീകരിക്കണം. ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നുള്ളത് സ്വാഗതാർഹമാണ്. സർ, കണ്ണൂർ ആസ്ഥാനമാക്കിക്കൊണ്ടുള്ള ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനമാരംഭിക്കാൻ വേണ്ടിയുള്ള ഉത്തരവ് കഴിഞ്ഞ ദിവസം തൊഴിൽ വകുപ്പുമന്ത്രി നൽകിയിട്ടുണ്ട്. അത് മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ അടിസ്ഥാനമാക്കിയാണെന്ന് ഞാൻ മനസിലാക്കുന്നു. അതിനെ അഭിവാദ്യം ചെയ്യുകയാണ്. പക്ഷെ ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക കേവലം 10 ലക്ഷം രൂപ മാത്രമാണ്. അത് പരിമിതമാണ്. അത് വർദ്ധിപ്പിക്കണം. 50 ലക്ഷം രൂപയെങ്കിലുമായി അത് വർദ്ധിപ്പിക്കാൻ കഴിയണം. അതുപോലെതന്നെ ബീഡിത്തൊഴിലാളികൾക്കു മാത്രമായി പ്രത്യേകമായിട്ടുള്ള ഒരു ഭവന നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്യാൻ സാധിക്കണം. കയർ, കശുവണ്ടി, കൈത്തറി, ബീഡി എന്നിവ കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലകളാണ്. എന്നാൽ കയർ, കൈത്തറി, കശുവണ്ടി തൊഴിലാളികൾക്കു ലഭിക്കുന്നതുപോലുള്ള പരിഗണനയും, ആനുകൂല്യങ്ങളും ബീഡിത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് ബീഡി തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗുമായി ബന്ധപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ 35 ലക്ഷത്തോളം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അഭ്യസ്തവിദ്യരായിട്ടുള്ള തൊഴിൽരഹിതർക്കാണ് എംപ്ലോയ്മെന്റിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിൽ, കഴിഞ്ഞകാലങ്ങളിൽ നിങ്ങൾ തൊഴിൽരഹിതരെ വഞ്ചിക്കുകയായിരുന്നു. 1993-ലെ ധനകാര്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ ബഡ്ജറ്റ് പ്രസംഗമാണത്. അങ്ങ്, എങ്കിലും ഇത് ശ്രദ്ധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. തൊഴിലില്ലായ്മയെക്കുറിച്ചെല്ലാം അങ്ങ് പറഞ്ഞല്ലോ ? ധനകാര്യമന്ത്രി അന്നു പറഞ്ഞു, പേജ് 19-ബഡ്ജറ്റ് പ്രസംഗത്തിൽ 47-ാം ഖണ്ഡിക ഇൻഡസ്ട്രീയൽ എപ്ലോയ്മെന്റ് ജനറേഷൻ ഫണ്ടിലേക്ക് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന 100 കോടി രൂപയിൽ 25 കോടി രൂപ സർക്കാർ വിഹിതമായി നൽകുന്നതാണ്. എവിടെയാണിത് ; എന്താ നിങ്ങൾ ചെയ്തത് ? 1993-ൽ നിങ്ങൾ പറഞ്ഞതല്ലേ ? അന്ന് നിങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരെ വഞ്ചിക്കുകയാണ് ചെയ്തത്. ഇന്ന് ഉറപ്പിച്ചു പറയാൻ കഴിയും 'കെസ്റു' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പുതിയ തൊഴിൽദാന പദ്ധതിക്ക് രൂപം കൊടുക്കുന്നതിന് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. നിങ്ങൾ അധികാരത്തിലുണ്ടായിരുന്ന സന്ദർഭത്തിൽ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽരഹിതർക്ക് 5,000 രൂപയാണ് പരമാവധി വായ്പ നൽകിയിരുന്നത്. ഇപ്പോഴത് 50,000 രൂപയായിട്ട് വർദ്ധിപ്പിച്ചിരിക്കുകയാണ്. എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കണം. യു. ഡി. എഫ്. അധികാരത്തിലിരുന്ന സന്ദർഭത്തിൽ തൊഴിൽ രഹിത വേതനത്തിന് അർഹരായ ഗുണഭോക്താക്കൾക്ക് കൊടുക്കാനുള്ള 13 മാസത്തെ കുടിശ്ശിക ഉൾപ്പെടെ 38 മാസത്തെ സംഖ്യ മുഴുവൻ ഈ ഗവൺമെന്റ് കൊടുത്തു. 79 കോടി രൂപയാണ് ആ ഇനത്തിൽ ഈ ഗവൺമെന്റ് കൊടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിൽരഹിത വേതനം 70 രൂപയിൽ നിന്ന് 100 രൂപയായി വർദ്ധിപ്പിച്ചു. ഈ ബഡ്ജറ്റിൽ ഈ വർഷം തൊഴിൽരഹിത വേതനത്തിനു വേണ്ടിയിട്ട് 70 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. എനിക്ക് പറയാനുള്ളത് ഈ തൊഴിൽ രഹിത വേതനപദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് ഇംപ്ലിമെന്റേഷൻ കമ്മിറ്റി പ്രത്യേകമായിട്ടില്ല. ഇപ്പോൾ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അടിസ്ഥാനമാക്കി ജില്ലാതലത്തിൽ മാത്രമാണ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി ഉള്ളത്. പ്രാദേശികമായി ഇതിന് കമ്മിറ്റി വേണം. യുവജന സംഘടനാ പ്രതിനിധികൾ അടക്കമുള്ള ആളുകളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. തീർച്ചയായും ഈ കേരളത്തിലെ തൊഴിൽ രഹിതരുടെ പ്രശ്നങ്ങൾ ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുകയാണ്.

ശ്രീ. പി. കെ. കെ. ബാവ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷം കഴിഞ്ഞു. ഈ മൂന്നുവർഷക്കാലയളവിനുള്ളിൽ സാധാരണ ജനങ്ങളുടെ ജീവിതഭാരം വർദ്ധിച്ചിരിക്കുകയാണ്. റേഷനരിയുടെ വില വർദ്ധിപ്പിച്ചു, വെള്ളക്കരം വർദ്ധിപ്പിച്ചു, വൈദ്യുതി ചാർജ്ജ് പലതവണ വർദ്ധിപ്പിച്ചു. ഇപ്പോൾ ഡെമോക്ലീസിന്റെ വാളുപോലെ ട്രാൻസ്പോർട്ട് ചാർജ്ജ് വർദ്ധനവ് ഒരിക്കൽകൂടി

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ തലയ്ക്കുമുകളിൽ തൂങ്ങിക്കിടക്കുകയാണ്. ഇതിന് ഗവൺമെന്റ് ശ്രമം നടത്തുന്നു എന്നറിഞ്ഞതുമുതൽ സാധാരണക്കാരായിട്ടുള്ള ജനങ്ങൾ അങ്ങേയറ്റം ആശങ്കാകുലരാണ്. ഞെട്ടലോടെയാണ് ജനങ്ങൾ ഇത് കാണുന്നത്. അതിന് കാരണം മറ്റൊന്നുമല്ല, കഴിഞ്ഞ തവണ വർദ്ധിപ്പിച്ചപ്പോൾ, നമ്മുടെ കേരളത്തിന്റെ ചരിത്രത്തിൽ ഇല്ലാത്തവിധമുള്ള വർദ്ധനവാണ് സംസ്ഥാന സർക്കാർ ഈ രംഗത്ത് വരുത്തിയിട്ടുള്ളത് എന്നുള്ളതുതന്നെ. ഒരിക്കൽക്കൂടി ഇതുപോലെ ഒരു വർദ്ധനവാണ് വരുന്നതെങ്കിൽ സംസ്ഥാനത്തെ ജനങ്ങളുടെ നട്ടെല്ലൊടിയും എന്നുള്ള നിലയിലാണ് ജനങ്ങൾ ഇതിനെ ഭീതിയോടെ കാണുന്നത്. അവർക്ക് തെല്ലൊരാശ്വാസം നൽകുന്നത് ചാർജ് വർദ്ധിപ്പിക്കാൻ അനുമതി കൊടുത്തിട്ടുണ്ടെങ്കിലും ഫെയർ സ്റ്റേജ് പുനർനിർണ്ണയം ചെയ്തു മാത്രമേ ചാർജ് വർദ്ധനവ് നടത്താൻ പാടുള്ളൂ എന്ന കോടതിവിധിയാണ്. ഇവിടെ സ്വകാര്യ ബസുകളുടെ ലാഭനഷ്ടത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. മറ്റു സംസ്ഥാനങ്ങളിലൊക്കെ ലാഭകരമാണ്, ഇവിടെയും ഇത് പരിശോധിക്കാം. പക്ഷെ ഡീസലിന്റെ വില ഒരു ലിറ്ററിന് ഒരു രൂപ കുറഞ്ഞ സാഹചര്യത്തിൽ ഈ വർദ്ധനവ് ഈ രീതിയിൽ തന്നെ നടത്തണമോ എന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്നാണ് എന്റെ ആവശ്യം അക്ബർ ഖട്ട്ഘട്ടിൽ എഴുതിയ മൃത്യുയോഗം എന്ന കഥ ഒരു ബസ് യാത്രയുടെ കഥയാണ്. ബസിൽ നിന്നും ഓരോ വ്യക്തികളായി ഇറങ്ങിപ്പോകുന്നു, അവസാനം ബസ് മാത്രം ബാക്കിയാകുന്നു. മരണത്തെ പ്രതീകവൽക്കരിക്കുകയാണ് ഈ കഥ. ഇന്ന് ഇത് അന്വർത്ഥമാക്കുന്നത് നമ്മുടെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും, ട്രാൻസ്പോർട്ട് കോർപ്പറേഷനുമാണെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഇന്ന് അതി നകത്തുനിന്ന് ആളുകളെ ഇറക്കിവിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറയണം, ട്രാൻസ്പോർട്ട് കമ്മീഷണർ മി. കെ. ജെ. ജോസഫ് എവിടെ ? ഇന്ന് നാഥനില്ലാത്ത കളരിയാണ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, ട്രാൻസ്പോർട്ട് കോർപ്പറേഷനും അതുപോലെ നാഥനില്ലാകളരിയാണ്. ശ്രീ. കെ. ജെ. ജോസഫിനെ കൊണ്ട് ഒരു വർഷത്തേക്ക് നിർബന്ധ ലീവെടുപ്പിച്ചിരിക്കുന്നു. പ്രഗത്ഭനായിട്ടുള്ള അദ്ദേഹം ഒരു നല്ല ഓഫീസറാണ്. സർവ്വ സമ്മതനായിട്ടുള്ള ഓഫീസർ. അദ്ദേഹം ചെയ്ത പാതകം എന്താ ? വഴിവിട്ട സ്ഥലം മാറ്റങ്ങൾ നടത്താൻ കൂട്ടാക്കിയില്ല എന്നതുമാത്രമാണ് അദ്ദേഹത്തോട് നിർബന്ധപൂർവ്വം ഒരു വർഷത്തേക്ക് ലീവെടുക്കണമെന്ന് ആവശ്യപ്പെടാൻ ഇടയാക്കിയിട്ടുള്ളത്. ലീവെടുപ്പിച്ചതു മനസിലാക്കാം, അതിന് പകരം ആളുവേണ്ടേ ? ആറു മാസമായിട്ട് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് തലവൻ ഇല്ലാതെ, ഹെഡ് ഇല്ലാതെ, നാഥനില്ലാ കളരിയായി മാറിയിരിക്കുന്നു എന്നുള്ള വസ്തുത വിസ്മരിക്കാൻ സാധിക്കുമോ? എന്താണ് കെ.എസ്.ആർ.ടി.സി. യുടെ സ്ഥിതി ? അവിടെ എം. ഡി. യുണ്ടോ ? പേരിന് എം.ഡി. ഉണ്ട്. ശ്രീ. കൃഷ്ണമൂർത്തിയെ എം.ഡി. യാക്കിയത് പഴയമന്ത്രി കുറുപ്പാണ് ഇന്ന് അദ്ദേഹത്തെ ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. പക്ഷെ പകരം ആളെവച്ചിട്ടില്ല. അതുകൊണ്ട് അദ്ദേഹം അവിടെ വരുന്നു, പോകുന്നു. എന്നല്ലാതെ കാര്യങ്ങളൊന്നും അദ്ദേഹത്തിന് നടപ്പാക്കാൻ സാധിക്കുന്നില്ല. എന്താണ് ഐ. പി. എസ്. റാങ്കിലുള്ള ഈ ഉദ്യോഗസ്ഥന്റെ അയോഗ്യത ? ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടതാണ്. കഴിഞ്ഞ മന്ത്രി വച്ചു എന്നുള്ളതുമാത്ര

LIBRARY ARCHIVES Kerala Legislative Assembly

മാണ് അദ്ദേഹത്തിന് ഒരു കുറ്റമായിട്ടുള്ളത്. നിങ്ങൾ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് കൊണ്ട്, ട്രാൻപോർട്ട് കോർപ്പറേഷൻ കൊണ്ട് രാഷ്ട്രീയം കളിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ വർഷം കൊടുക്കേണ്ടിയിരുന്ന 25 കോടി രൂപ ഗവൺമെന്റ് ട്രാൻസ്പോർട്ട് കോർപ്പറേഷന് കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടില്ല. എന്താ കാരണം ? മറ്റൊന്നുമല്ല രാഷ്ട്രീയമാണ്. അവിടെ സി.ഐ.ടി.യു.വിന്റെ, മാർക്സിസ്റ്റു പാർട്ടിയുടെ ഔദ്യോഗിക പാനൽ പരാജയപ്പെട്ടു. ശ്രീ. ഒ. ഭരതന്റെ നേതൃത്വത്തിലുള്ള വിമത വിഭാഗം ജയിച്ചുവന്നു എന്നുള്ള ഒറ്റക്കാരണം കൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുകയല്ലേ ? മന്ത്രി മറുപടി പറയണം. എന്തിനേറെ പറയുന്നു, രാഷ്ട്രീയ പന്താട്ടമല്ലേ അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഒരു ബസ് ഉത്ഘാടനത്തിന്റെ കഥ ഞാൻ കഴിഞ്ഞ 6-ാം തീയതിയിലെ മനോരമ പത്രത്തിൽ വായിച്ചു. അരുമാനൂർ, ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന സ്ഥലമാണ്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലമാണ്. അവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരു ബസ് അനുവദിച്ചുകൊടുത്തു, അതിന്റെ ഉത്ഘാടനത്തിനുവേണ്ടി മന്ത്രിയുടെ പാർട്ടിയുടെ നേതാവ് ഒരു ദിവസം മുഴുവൻ കാത്തിരുന്നു. അവസാനം വൈകിട്ട് നിരാശനായി വീട്ടിലേയ്ക്ക് തിരിച്ചു പോയി. ബസ്സ് എത്തിയില്ല. പിറ്റേദിവസം വേറൊരു ഭരണകക്ഷി നേതാവു വന്നു, ബസും വന്നു ഉത്ഘാടനം ചെയ്തുവിട്ട കഥ അദ്ദേഹത്തിനു തന്നെ നന്നായിട്ട് അറിയാവുന്നതാണ്. കഥ തുടരുകയാണ്, അതിനുശേഷം മൂന്നാം ദിവസം ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുടെ ആളുകൾ ഇടപെട്ട് മന്ത്രിയെക്കൊണ്ട് ആ സർവ്വീസ് അങ്ങ് ക്യാൻസൽ ചെയ്യിച്ചു. ഞാൻ ചോദിക്കട്ടെ, എന്തിനാണ് ജനങ്ങളെ ഇങ്ങനെ നിങ്ങളുടെ രാഷ്ട്രീയംകൊണ്ട് പന്താട്ടം നടത്തുന്നത്. എന്തിനാണ് ജനങ്ങളെ നിങ്ങൾ ഇങ്ങനെ ദ്രോഹിക്കുന്നത് ? നിങ്ങളുടെ രാഷ്ട്രീയ പകപോക്കൽ വേറെ നടത്തിയാൽ പോരേ ? അതുപോലെതന്നെ സ്ഥലംമാറ്റം തലങ്ങും, വിലങ്ങും യാതൊരു മാനദണ്ഡവുമില്ലാതെ ജീവനക്കാരെ സ്ഥലം മാറ്റിക്കൊണ്ടിരിക്കുകയാണ്. മാനദണ്ഡമുണ്ടോ ? സ്ഥലംമാറ്റത്തിന് മാനദണ്ഡമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ കഴിഞ്ഞ 30-ാം തീയതി ഞങ്ങൾക്ക് ഇവിടെ നിയമസഭയിൽ തന്ന മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഞാൻ ചോദിച്ചോട്ടെ, ഇതുപോലൊരു വലിയ പൊതുമേഖലാ സ്ഥാപനം, അതിനകത്ത് ട്രാൻസ്ഫറിനുപോലും ഒരു മാനദണ്ഡമില്ല എന്നു പറഞ്ഞാൽ സി.ഐ.ടി.യു. നേതാക്കൻമാരൊക്കെ അപ്പുറത്തില്ലേ ? അവർ ആലോചിക്കണ്ടെ? എന്താണ് നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളോട് കാണിക്കുന്നത്, അവരെ പന്താടുകയാണോ ? തലങ്ങും വിലങ്ങും അവരെ ട്രാൻസഫർ ചെയ്ത് നശിപ്പിച്ചുകൊണ്ടിരിക്കുന്നു. സർ, കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്ക്കരണം നടത്തി, മാസങ്ങൾ കഴിഞ്ഞു ഒപ്പുവച്ചിട്ട്, പക്ഷേ അത് നടപ്പിലാക്കാൻ ഈ സമയം വരെ സാധിച്ചിട്ടില്ല. അതു പോലെ ഡി. എ. കുടിശ്ശികയിനത്തിൽ നമ്മുടെ പാവപ്പെട്ട തൊഴിലാളികൾക്ക് 75,000 രൂപ വരെ കൊടുക്കാൻ ബാക്കിനില്കുന്നു എന്നുള്ളതാണ് വസ്തുത. ബഹുമാനപ്പെട്ട മന്ത്രിക്ക് നിഷേധിക്കാൻ സാധിക്കുമോ ? ഇത് കഴിഞ്ഞമാസം കൊടുക്കുമെന്ന് പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ മാസം കൊടുക്കുമെന്ന് പ്രഖ്യാപിച്ച ഡി.എ. പോലും ഇന്നുവരെ കൊടുത്തിട്ടില്ല എന്നുള്ളതാണ് ശരി. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ചിടത്തോളം 3801 ഷെഡ്യൂളുകളാണ് ഇപ്പോഴുള്ളത്. അത് ഇരട്ടിയെങ്കിലുമാക്കി വർദ്ധിപ്പിച്ചില്ലായെങ്കിൽ കെ.എസ്.ആർ.ടി.സി. തകർന്ന് തരിപ്പണമായിപ്പോകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ദിവസവും മൊത്തം ഷെഡ്യൂളിന്റെ ഇരുപത്തിയഞ്ചു ശതമാനം വരെ കൃാൻസലേഷൻ നടക്കുകയാണ്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റിന് ഇത് എങ്ങനെ സമ്മതിച്ചുകൊടുക്കാൻ സാധിക്കുന്നു ? ഇനി സ്പെയർപാർട്ട്സിന്റെ സ്ഥിതിയെന്താണ് ? സ്പെയർപാർട്ട്സിന്റെ സ്ഥിതി പറയേണ്ടതില്ല. തിരുവനന്തപുരത്തുള്ള നമ്മളൊക്കെ ബസ്സിൽ കയറാൻ ശ്രമിക്കുന്ന ആളുകളാണ്. ഞാൻ പലപ്പോഴും രാത്രികാലങ്ങളിൽ ബസ് കാത്തുനിന്നിട്ടുണ്ട്. ഈ തലസ്ഥാനനഗരിയിലൂടെ ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ ബോർഡിൽ ലൈറ്റുപോലുമില്ല എന്നുള്ള ദയനീയചിത്രം ഇതിനു മുൻപ് ഉണ്ടായിട്ടുണ്ടോ ? എന്താണ് സാർ, അങ്ങ് ഈ ട്രാൻസ്പോർട്ടിനെ കൊണ്ടു കാണിക്കുന്നത് ? ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ട്രാൻസ്പോർട്ടിനെ ഞെരിച്ചുകൊല്ലുകയാണ്. ആർക്കുവേണ്ടിയെന്നറിയില്ല. ഞങ്ങളുടെയൊക്കെ നിയോജക മണ്ഡലത്തിൽ ലാഭമുള്ള റൂട്ടുകളിൽ ബസ് കൃാൻസൽ ചെയ്യുകയാണ്. എന്നിട്ട് പകരം അവയ്ക്കു റൂട്ടുകൾ നല്കുന്നു. രാഷ്ട്രീയമായ കാരണങ്ങൾക്കൊണ്ടും രാഷ്ട്രീയമായ പ്രേരണകൾ കൊണ്ടും ലാഭകരമല്ലാത്ത റൂട്ടുകളിൽ ബസ് സർവീസുകൾ ആരംഭിച്ചുകൊണ്ടിരിക്കുന്നു. കെ. എസ്. ആർ. ടി. സി. സ്റ്റേഷനിൽ ചെന്ന് നോക്കിയാൽ എൻകൃയറി കൗണ്ടറുണ്ട്, പക്ഷേ എൻകൃയറി കൗണ്ടറിൽ ചെന്നാൽ മറുപടി കിട്ടുകയില്ല. അവിടുത്തെ സമയവിവരപ്പട്ടിക ഒന്നു നോക്കിക്കളയാമെന്നു കരുതിയാൽ ആദ്യകാലഘട്ടത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആരംഭിച്ച കാലഘട്ടത്തിൽ എഴുതിവച്ച സമയവിവരപ്പട്ടികയാണ് സത്യത്തിൽ ഇന്നുള്ളത് എന്ന വസ്തുത നിഷേധിക്കാൻ സാധിക്കുകയില്ല. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു സംഗതി കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ചിടത്തോളം 3919 ബസുകളാണ് ഇന്നുള്ളത്. എത്ര ബസുകൾ ഇൻഷ്വർ ചെയ്തു എന്ന് ജനങ്ങളോട് മറുപടി പറയണം, കഴിഞ്ഞ ഗവൺമെന്റാണ് എന്നു പറഞ്ഞു രക്ഷപ്പെട്ടിട്ട് കാര്യമില്ല. ആകെ 603 ട്രാൻസ്പോർട്ട് ബസുകൾ മാത്രമെ ഇവിടെ ഇൻഷ്വർ ചെയ്തിട്ടുള്ളു എന്ന വസ്തുത നിഷേധിക്കാൻ സാധിക്കുകയില്ല. ഇത് ജനങ്ങൾ കയറുന്നതാണ്. ഒരു ഉത്തരവാദിത്വവും ഇല്ല. ജീവന് യാതൊരു വിലയുമില്ല. ആളുകൾ മരിച്ചാൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ നഷ്ടപരിഹാരം കൊടുക്കും. പക്ഷെ എത്രകാലം കാത്തിരിക്കണം, അദ്ദേഹത്തിന്റെ ഒരു തലമുറയിലെ കുടുംബാംഗങ്ങൾ മരിച്ചുകഴിഞ്ഞതിനുശേഷമാണ് നഷ്ടപരിഹാരം കൊടുക്കുക. അത് മാറണം, നഷ്ടപരിഹാരം താമസമില്ലാതെ കൊടുക്കണം. മാത്രമല്ല എല്ലാ ബസുകളും ഇൻഷ്വർ ചെയ്യണം എന്നുള്ളതാണ് എനിക്കു വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഒരു കാര്യം പറയട്ടെ, ഞങ്ങളുടെ മലബാർ മേഖലയിൽ പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ ബസുകൾ കൃാൻസൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ആ ബസുകൾ ഓടിച്ച് പാവപ്പെട്ട ആളുകളെ സഹായിക്കണം. അതോടൊപ്പം മലപ്പുറം ഒരു ജില്ലാ ആസ്ഥാനമാണ്, ഇന്ന് ഇവിടെയുള്ളത് ഒരു സബ് ഡിപ്പോയാണ് അത് ഡിപ്പോയാക്കി ഉയർത്തണം. അതൊടൊപ്പം തന്നെ കൊണ്ടോട്ടി എയർപോർട്ടുമായി ബന്ധപ്പെട്ട സ്ഥലമാണ്, എയർപോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

യാത്രക്കാരുമായി ബന്ധപ്പെട്ട് ഒരുപാട് വികസന സാദ്ധ്യതകളുള്ള ഒരു പ്രദേശമെന്ന നിലയിൽ ഒരു സബ് ഡിപ്പോ അവിടെ ആരംഭിക്കാൻ നടപടിയെടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തൊഴിൽവകുപ്പുമന്ത്രിയോട് ഒരു കാര്യംകൂടി പറയാനുണ്ട്. ഹോട്ടലുകളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഇന്നുവരെ ഏർപ്പെടുത്തിയിട്ടില്ല. ആ പാവപ്പെട്ട തൊഴിലാളികൾക്കുകൂടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ഡിമാന്റുകളെ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഈ സഭയിൽ ദീർഘകാലം മെമ്പറായിരുന്ന കേരളത്തിലെ ശക്തനായ ഭരണാധികാരിയും ഞങ്ങളുടെയെല്ലാം പ്രിയങ്കരനുമായ സഖാവ് പി. എസ്. ശ്രീനിവാസന്റെ രണ്ടാം ചരമവാർഷിക ദിനമാണ് ഇന്ന്. ആ ദിവസം തന്നെ അദ്ദേഹം അന്ന് കൈകാര്യം ചെയ്തിരുന്ന ഗതാഗതവകുപ്പും ഇന്ന് ഇവിടെ ചർച്ചയ്ക്കു വന്നിരിക്കുകയാണ്. ഞാൻ രണ്ടു വാക്ക് അതിനെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് പ്രധാനമായും തൊഴിൽ വകുപ്പിനെക്കുറിച്ച് പറയാനാണ് ആഗ്രഹിക്കുന്നത്. ശ്രീ. പി. എസ്. ശ്രീനിവാസന്റെ ഭരണത്തെക്കുറിച്ച് പറഞ്ഞാൽ, അദ്ദേഹം ചെറുപ്പത്തിൽത്തന്നെ മന്ത്രിയായ ആളാണ്. അന്ന് അദ്ദേഹമെടുത്ത ആദ്യനടപടി വനദേശവൽക്കരണമാണ്. അത് ഞാൻ ഇവിടെ അനുസ്മരിക്കുകയാണ്. 1938-ൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഡിപ്പാർട്ടുമെന്റായിരുന്നു, പിന്നീടാണ് കോർപ്പറേഷനായത്. തിരുവിതാംകൂർ അസംബ്ലിയിൽ അന്ന് നടത്തിയ ഒരു പ്രഖ്യാപനമുണ്ട്. വെള്ളവും വെളിച്ചവും ആധുനിക മനുഷ്യന് അത്യന്താപേക്ഷിതമാണ്. യാത്രാസൗകര്യത്തിനും, പ്രാഥമിക വിദ്യാഭ്യാസത്തിനും, ആരോഗ്യസംരക്ഷണത്തിനും ലാഭനഷ്ടം നോക്കേണ്ട കാര്യമില്ല. ഇത് ട്രാൻസ്പോർട്ടിന്റെ കാര്യത്തിലും ബാധകമാണ്. ഇത് ഒരു സർവീസാണ്, വെറും ലാഭനഷ്ടം മാത്രം നോക്കരുത്. ഒരു സർവീസിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി യാത്രചെയ്യാനുള്ള ഒരു മേഖലയെന്ന നിലയിൽ കൂടുതൽ പരിഗണന കൊടുക്കണം. ഗവൺമെന്റു ഭാഗത്തുനിന്ന് അതിനുള്ള എല്ലാ സംരക്ഷണവും ഇപ്പോഴുണ്ട്. പ്രത്യേകിച്ച് പുതിയ മന്ത്രി ഡോ. എ. നീലലോഹിതദാസൻ നാടാർ കെ.എസ്.ആർ.ടി.സി. യുടെ ചുമതല ഏറ്റെടുത്തതിനു ശേഷം തൊഴിലാളികളുമായിട്ട് അദ്ദേഹം നടത്തിയിട്ടുള്ള ചർച്ചകളുടെയും ബോർഡ് മെമ്പർമാരുമൊക്കെയായിട്ട് നടത്തുന്ന ഇന്റർ ആക്ഷന്റെയുമൊക്കെ ഫലമായി ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വികസന നടപടികളെടുക്കാനും കഴിഞ്ഞു എന്നുള്ളതിന് ഒരുപാട് അനുഭവങ്ങളുണ്ട്. ശ്രീ. ബാലകൃഷ്ണൻ നായർ എഴുതിയ ഒരു ലേഖനം ഞാൻ വായിച്ചു. ഈ ചുരുങ്ങിയ പീരീഡിനുള്ളിൽത്തന്നെ കെട്ടിക്കിടന്നിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു. അതുപോലെതന്നെ പുതിയതായി ചാർജെടുത്ത സെക്രട്ടറിയുടേയും മറ്റും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഗുണപരമായ ധാരാളം മാറ്റങ്ങൾ കെ.എസ്.ആർ.ടി.സി. യിൽ ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയെക്കുറിച്ച് പറയുമ്പോൾ ഇരുപത് ഇരുപത്തിയഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

ശതമാനത്തോളം ഷെഡ്യൂളുകൾ ഇന്ന് റദ്ദാക്കുകയാണ്. പത്തിരുപത്, ഇരുപത്തിയഞ്ചു ശതമാനം ബസ്സുകൾ ഗ്യാരേജിൽ കിടക്കുകയാണ്. അതിനെക്കുറിച്ചുള്ള യൂണിയൻ നേതാക്കന്മാരുടെ ചില പ്രസ്താവനകൾ ഞാൻ കാണുകയുണ്ടായി. ജാക്കിപോലും ഇല്ലാത്ത ചില ഗ്യാരേജുകൾ ഉണ്ട്. മെയിന്റനൻസ് നടക്കുന്നില്ല. യഥാസമയം മെയിന്റനൻസ് നടത്തി കൃത്യമായിട്ട് ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്താൽ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടം നികത്താൻ കഴിയും. അതിനുള്ള എല്ലാവിധത്തിലുള്ള കണക്കും ഇവിടുണ്ട്. ഏഴ് വർഷമാണ് ഒരു വണ്ടിയുടെ കാലാവധി, പക്ഷേ ഏഴു വർഷം കഴിഞ്ഞ് പതിനാറു വർഷമായ ബസുകൾ പോലും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. മെയിന്റനൻസ് ശരിക്ക് നടക്കുന്നില്ല. മെയിന്റനൻസ് നടത്താൻ ആവശ്യമായ മെക്കാനിക്കൽ സ്റ്റാഫ് പോലുമില്ല. എത്ര ഒഴിവുകളാണുള്ളത് ? ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാലത്ത് ഉണ്ടാക്കിയ നിയമനനിരോധനം പിന്നീട് മാറി. കുറേപ്പേരെ നിയമിച്ചു. എന്നാലും ഡ്രൈവർമാർ 5676, കണ്ടക്ടർമാർ 2391, മെക്കാനിക്കൽ സ്റ്റാഫ് 900 നിയമസഭയിൽ കിട്ടിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. എമ്പാനലായാലും, താൽക്കാലിക അടിസ്ഥാനത്തിലായാലും കൂലി കുറച്ച് ജോലിചെയ്യിപ്പിക്കുന്നത് അൺഫെയർ ലേബർ പ്രാക്ടീസാണ്, ഈ പ്രവണത അവസാനിപ്പിച്ച് ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തണം. പുതിയ ബസുകൾ നിരത്തിലിറക്കണം. പുതിയ വണ്ടി റോഡിലിറക്കിയാൽ തീർച്ചയായും കളക്ഷനുണ്ടാകും. വണ്ടി പുതിയതായി റോഡിലിറക്കണമെങ്കിൽ പണം വേണം. ആ പണം സർക്കാർ കൊടുക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുമെന്ന ആവശ്യം അംഗീകരിക്കണം. സർ, തമിഴ്നാട്ടിൽ 200 കോടി രൂപയാണ് കഴിഞ്ഞ കൊല്ലം ഗവൺമെന്റ് അവിടത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷന് കൊടുത്തത്. മഹാരാഷ്ട്ര 170 കോടി രൂപയും, കർണാടക 160 കോടിരൂപയും, ബംഗാൾ 250 കോടിരൂപയുമാണ്. അതാണ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകിയത്. നമ്മുടെ സർക്കാരും ആവശ്യമായ ഫണ്ട് അനുവദിക്കണം. പിന്നെ യാത്രക്കാരാണ് ഉടമകളും, ഉപഭോക്താക്കളും എന്നുള്ള അടിസ്ഥാനത്തിൽ, അതനുസരിച്ച് തൊഴിലാളികൾ ആത്മാർത്ഥമായ ശ്രമമാണ് ഈ രംഗത്ത് നടത്തുന്നത്. ഈ രംഗത്ത് ഇടതുപക്ഷ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ, പ്രത്യേകിച്ചും തൊഴിലാളികൾ യാത്രക്കാരുമായി നല്ല ബന്ധമുണ്ടാക്കി ഡബിൾ ബല്ല് അടിക്കലൊക്കെ നിറുത്തി യാത്രക്കാർ കൈകാണിച്ചാൽ നിറുത്തി ആളെക്കയറ്റും. അതിന്റെ ഫലമായി ചാർജ് വർദ്ധനവ് ഇല്ലാതെ തന്നെ 48 കോടി രൂപ കഴിഞ്ഞ കൊല്ലം കളക്ഷൻ വർദ്ധിച്ചു. ഷെഡ്യൂൾ ക്യാൻസലേഷൻ ഒഴിവാക്കി. ആവശ്യമായ മെയിന്റനൻസ് നടത്തി ഗ്യാരേജിലുള്ള വണ്ടികളൊക്കെ നിരത്തിലിറക്കി കൂടുതൽ റൂട്ടുകളിലേയ്ക്ക് ബസ്സ് ഓടിച്ചാൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭത്തിൽ നടത്താൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. ഇനി ഒരു കാര്യം ആനകളെക്കുറിച്ചാണ്, അതിൽ കാട്ടിലെ ആനകളുടെ കണക്കും കാര്യവും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുണ്ട്. അതിനുള്ള നിയമങ്ങൾ ഉണ്ട്. പക്ഷെ നാട്ടിലുള്ള ആനകളെ ചൂഷണം ചെയ്യുകയാണ്. ഇക്കാര്യത്തിൽ ഇൻഷ്വറൻസിൽനിന്ന് പണം തട്ടിയ്ക്കാനുള്ള വിപുലമായ പരിപാടി നടക്കുന്നുണ്ട്. ഞാൻ മുമ്പൊരിക്കൽ സൂചിപ്പിച്ചതാണ്. ഞങ്ങളുടെ നാട്ടിലുള്ള തിരുവമ്പാടിയിലും കൂട്ടംകുളങ്ങരയിലും ആനകളെ ദിവസവും കാണുന്നതുകൊണ്ടു പറയുകയാണ്, ആനകൾക്ക് ഒരുപാട് രോഗങ്ങൾ പുതുതായി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു നാട്ടിലുള്ള ആനകളെ ചൂഷണം ചെയ്യുന്നത് നിറുത്തണം, ആനകളെ സംബന്ധിച്ച് ഒരു ഗവേഷണം കാർഷിക സർവകലാശാല ആരംഭിക്കുന്നുണ്ട്. ഗവൺമെന്റ് അതുകൂടി ഒന്നു ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

അടുത്തു ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് തൊഴിൽ മേഖലയിൽ ഇന്ന് വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. ശാന്തമായ ഒരന്തരീക്ഷമാണ് ഇന്ന് അവിടെ നിലനിൽക്കുന്നത്. ലോക്കൗട്ടിന്റേയും ലേ ഓഫിന്റേയും ഫലമായി പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെടുന്നു എന്നുള്ളത് ശരിയാണ്. ഞാൻ ജയരാജൻ പറഞ്ഞതിലേയ്ക്ക് പോകുന്നില്ല. തൊഴിൽസമരങ്ങൾ ഇല്ലെന്നുതന്നെ പറയാം. പത്രക്കാരും ബുദ്ധിജീവികളുമൊക്കെ തൊഴിലാളികളാണ്. തൊഴിൽ സമരത്തിന് കാരണക്കാരെന്നു പറഞ്ഞ് കേരളത്തിൽ വ്യവസായികൾ വരാനുള്ള അന്തരീക്ഷം ഇല്ലാതാക്കുകയാണ്. ഇപ്പോൾ കേരളത്തിൽ ശ്രീ. വി. പി. രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം വളർന്നുവന്നിരിക്കുന്നു. പണി മുടക്കുകൾ കുറഞ്ഞു, എൻഫോഴ്സമെന്റിന്റെ കാര്യം പറഞ്ഞു, അതുപോലെ പല നിയമങ്ങളും കർശനമാക്കുന്നുണ്ട്. ലേബർ ഡിപ്പാർട്ടുമെന്റിന് ആവശ്യമായ പണവും സ്റ്റാറ്റസും ഒക്കെ നല്കണം. ആ രീതിയിൽ അത് പ്രവർത്തിപ്പിക്കാൻ കഴിയണം.

സർ, ഞാൻ ഒന്ന് രണ്ട് നിർദ്ദേശങ്ങൾ വയ്ക്കുകയാണ്. കേരളത്തിലെ തൊഴിൽമേഖലയിൽ വളരെ പ്രധാനപ്പെട്ടത്, അത് ബോണസ് ആക്ടിന്റെ കാര്യത്തിലായാലും ഗ്രാറ്റുവിറ്റി നിയമത്തിന്റെ കാര്യത്തിലായാലും മെറേറണിറ്റി ബെനിഫിറ്റ് പ്രശ്നത്തിലായാലും മിനിമം വേജസ് നടപ്പിലാക്കുന്ന കാര്യത്തിലായാലും കാലോചിതമായ മാറ്റങ്ങൾ വരുത്താൻ അടിയന്തിര നടപടി ആവശ്യമാണ്. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് അഞ്ചാം ശമ്പള കമ്മിഷന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കി. പക്ഷേ അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് കിട്ടിയില്ല. മിനിമം വേജസ് 5 വർഷത്തിലൊരിക്കൽ പുതുക്കണമെന്നത് സ്റ്റാറ്റ്യൂട്ടറിയാണ്. പക്ഷേ, പതിന്നാലും പതിനഞ്ചും വർഷം വരെ നീണ്ടുപോകുന്നു. പുതുക്കി നിശ്ചയിക്കുന്ന മിനിമം വേജസിന് മുൻകാല പ്രാബല്യമില്ല. നോട്ടിഫൈ ചെയ്യുന്ന ദിവസം മുതലേ അതിന് പ്രാബല്യമുള്ളൂ. അതുപോലെ ബോണസിന്റെ സീലിംഗും പരിധിയും നമ്മൾ പലപ്പോഴും പറഞ്ഞതാണ്. ഇതിനുപുറമേയാണ് തൊഴിൽ ജന്യരോഗങ്ങൾ ; പരിസ്ഥിതി പ്രശ്നങ്ങൾ, വർക്കിംഗ് അവേഴ്സിന്റെ കാര്യം, വർക്കിംഗ് വിമെൻസിന്റെ പ്രശ്നം, ഐ. ഡി. ആക്ട് നിഷേധിക്കുന്ന കാര്യങ്ങൾ, അനധികൃതമായ രീതിയിൽ തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുന്ന നടപടി എന്നിവ. ഇതൊക്കെ പരിശോധിക്കാനും പഠിക്കാനും ആവശ്യമായ രീതിയിൽ ശക്തമായവിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടാൻ കഴിയുന്ന ഒരു തൊഴിൽകാര്യ കമ്മീഷനെ കേരളത്തിൽ ഈ ഗവൺമെന്റ് രൂപീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അടച്ചുപൂട്ടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നം. തൊഴിലാളികൾ കാരണമല്ലാതെ അടച്ചുപൂട്ടുന്ന സ്ഥാപനങ്ങൾ ഉണ്ട്. അവിടെ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് പത്തു പൈസ പോലും ആരും കൊടുക്കുകയില്ല. സൗജന്യ റേഷൻ ഇല്ല. അവർക്ക് യാതൊരു സഹായവുമില്ല. തൊഴിലാളികളുടെ കാരണം കൊണ്ടല്ലാതെ ലോക്കൗട്ട് ആയാലും ലേ ഓഫ് ആയാലും അടച്ചുപൂട്ടൽ ആയാലും, ഏത് പേരിലായാലും അത്തരം സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പശ്ചിമബംഗാളിൽ കാണിച്ച മാതൃക കൈക്കൊള്ളണം. അതുപോലെ തമിഴ്നാട് സർക്കാർ ഇപ്പോൾ നടപ്പിലാക്കിയ ഒരു നിയമമുണ്ട്. ഈ രണ്ട് ഗവൺമെന്റുകളാണ് നടപ്പിലാക്കിയത്. അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായദുരിതാശ്വാസ ധനമായി 500 രൂപയെങ്കിലും മിനിമം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, പിന്നെ പെൻഷന്റെ കാര്യമാണ് എനിക്ക് പറയാനുള്ളത്. തൊഴിലാളികൾക്ക് നൽകുന്ന നിരവധി പെൻഷനുകളുണ്ട്. 34 മാസം വരെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ കൊടുക്കാൻ നീണ്ടുപോയിട്ടുണ്ട്. ഇപ്പോൾ അതിൽ കുറേ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കൃത്യമായി മാസംതോറും ആ പെൻഷൻ കൊടുക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. പെൻഷൻ കൊടുക്കുന്നത് യാതൊരു തരത്തിലും നീണ്ടുപോകാൻ ഇടവരരുത്. നൂറും നൂറ്റി ഇരുപതും രൂപയാണ് ഈ തൊഴിലാളികളുടെ പെൻഷൻ. അത് മിനിമം 500 രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ഞാൻ ഒരുകാര്യംകൂടി സൂചിപ്പിക്കട്ടെ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ പറഞ്ഞു, ചെത്ത് തൊഴിലാളികളുടെ പെൻഷന്റെ കോൺട്രിബ്യൂഷൻ 7.5 ശതമാനത്തിൽ നിന്ന് 10 ശതമാനമായിട്ട് വർദ്ധിപ്പിക്കണമെന്ന്. 7.5 ശതമാനമെന്നുള്ളത് 10 ശതമാനമായിട്ട് ഈ ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ഒരുവർഷമായിട്ട് അത് കൊടുക്കാൻ നടപടിയുണ്ടായിട്ടില്ല. അതുകൊണ്ട് ആ പെൻഷൻ കൊടുക്കാൻ ലേബർ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാണിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, ക്ഷേമനിധി ബോർഡിനെക്കുറിച്ച് ഒരുകാര്യംകൂടി പറയാനുണ്ട്. 14-ഓളം മേഖലകളിൽ ക്ഷേമനിധി നടപ്പിലാക്കി. 38 ലക്ഷത്തോളം തൊഴിലാളികളുണ്ട്. പല ക്ഷേമനിധികളുടേയും നിയമനങ്ങളിൽ ഒരുപാട് അപര്യാപ്തതകളുണ്ട്. നമ്മൾ ഈ സഭയിൽ വേണ്ടപോലെ ചർച്ചചെയ്ത് നിയമം പാസ്സാക്കാത്തതിന്റെ ഫലമായി ഒരുപാട് തൊഴിലാളികൾക്ക് പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ട് പോകുന്നു. അതുകൊണ്ട് തൊഴിൽ നിയമങ്ങളെ സംബന്ധിക്കുന്ന, ക്ഷേമനിധികളെസംബന്ധിക്കുന്ന നിയമങ്ങളിൽ അതാത് ബോർഡ് ഗവൺമെന്റിലേക്ക് അച്ചിട്ടുള്ള ഭേദഗതികളെങ്കിലും അംഗീകരിച്ചു കൊടുക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ വകുപ്പിന്റെ പേര് ജനസേചനവും തൊഴിലും വകുപ്പ് എന്നാണ്. തൊഴിൽ വകുപ്പിന് അതിന്റേതായ സ്റ്റാറ്റസ് ഇല്ലേ ? പ്രധാന്യമില്ലേ ? സഖാവ് ടി. വി. തോമസ് അല്ലേ 1957 ലെ സഖാവ് ഇ.എം.എസ് ന്റെ മന്ത്രിസഭയിലെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നത് ? എത്ര നിയമങ്ങളുണ്ടായി ? ഈ രാജ്യത്തെ തൊഴിലാളികളെ സംബന്ധിക്കുന്ന, പ്രത്യേകിച്ച് പാവപ്പെട്ട തൊഴിലാളികളെ ഈ നിയമങ്ങളെല്ലാം ഉണ്ടാക്കിയത് അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അല്ലേ ? സഖാവ് പി. രവീന്ദ്രൻ വളരെക്കുറച്ച് മാസങ്ങളേ തൊഴിൽ വകുപ്പിന്റെ ചുമതല വഹിച്ചിട്ടുള്ളൂ. അദ്ദേഹം നമ്മെ വിട്ടുപോയി. അദ്ദേഹമല്ലേ ഇൻഡ്യയിൽ ആദ്യമായി ഗ്രാറ്റുവിറ്റി എന്ന് പറയുന്ന ഒരു നിയമം ഉണ്ടാക്കിയത്. അങ്ങയുടെ പ്രിയങ്കരനായ നേതാവ് ആർ. എസ്. പി. യുടെ ആദരണീയനായ ജനറൽ സെക്രട്ടറി സഖാവ് പങ്കജാക്ഷൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് മിക്കവാറും ക്ഷേമനിധികൾ ഉണ്ടാക്കിയത്. ശ്രീ. അച്യുതമേനോൻ ചെത്ത് തൊഴിലാളി ക്ഷേമനിധി കൊണ്ടുവന്നു. അതുകൊണ്ട് ഈ വകുപ്പിൽ ഏറ്റവും തിളക്കമാർന്ന, കേരളത്തിലെ തൊഴിലാളികളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠനേടുന്ന വിധത്തിൽ ശ്രീ. വി. പി. രാമകൃഷ്ണപിള്ള മാറണം. അതു തൊഴിൽ വകുപ്പ് ആയിരിക്കണം. തൊഴിൽ വകുപ്പിന് അതിന്റേതായ സ്റ്റാറ്റസ് ഉണ്ടായിരിക്കണം. അതുകൊണ്ട് ഞാൻ ഭേദഗതി നിർദ്ദേശിക്കുകയാണ്, ജലസേചന തൊഴിൽ വകുപ്പ് എന്നതിന് പകരം തൊഴിൽ വകുപ്പ്, കൂട്ടത്തിൽ ജലസേചനം ചേർക്കണം. ആ രീതിയിൽ കേരളത്തിലെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ തൊഴിൽകാര്യകമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തിൽ കേരള സംസ്ഥാനം ഇൻഡ്യയ്ക്കാകെ മാതൃകയാകണം. അതുപോലെ അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായം അനുവദിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ശുഷ്കാന്തി കാണിക്കണം. ഈ വകുപ്പിൽ കഴിഞ്ഞ ഒരുവർഷം കൊണ്ടുണ്ടായ ഗുണകരമായ മാറ്റങ്ങളെ പ്രശംസിച്ചുകൊണ്ട്, കേരളത്തിലെ തൊഴിലാളികളുടെ മുക്തകണ്ഠമായ പ്രശംസയും പിന്തുണയും ബഹുമാനപ്പെട്ട മന്ത്രിക്കും ഈ വകുപ്പിനും ഉണ്ട് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ന് രാവിലെ ചോദ്യോത്തര സമയത്ത് മൂന്നാമത്തെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അത് വളരെ പ്രധാനപ്പെട്ട ഒരുകാര്യമായിട്ട് എനിക്ക് തോന്നി. സംസ്ഥാനത്തെ തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? അദ്ദേഹത്തിന്റെ മറുപടി ഇല്ല എന്നാണ്. ഇതിനുവേണ്ടി വിദഗ്ദ്ധ സമിതിയുണ്ടോ ? ഇല്ല. റിപ്പോർട്ട് ഉണ്ടോ ? ഇല്ല. തൊഴിൽ സാദ്ധ്യതകളുടെ വിശദാംശം ഉണ്ടോ ? ഇല്ല. വകുപ്പുതലവന്മാരുമായി ചർച്ചയുണ്ടോ ? ഇല്ല. സമിതിയുടെ നിഗമനങ്ങൾ ഉണ്ടോ ? ഇല്ല. ഈ ദിവസം ചർച്ച ചെയ്യുന്നത് കേരളത്തിലെ 40 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ കാര്യമാണ്. ഞാൻ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതിനോട് യോജിക്കുകയാണ്. ജോലിക്ക് കയറിയ ആളുകൾക്കുവേണ്ടി നമ്മൾ വാദിക്കണം. പക്ഷേ, ഈ വകുപ്പിന് പ്രാധാന്യമുണ്ട്. ഈ വകുപ്പ് തൊഴിലില്ലാത്തവർക്കുവേണ്ടിയുള്ള വകുപ്പാണ്. തൊഴിൽ ഇല്ലാത്തവർക്കു വേണ്ടിയുള്ള വകുപ്പിനുവേണ്ടി.....

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ഡോ. കെ. സി. ജോസഫ്) : അത് എപ്ലോയ്മെന്റ് വകുപ്പാണ്.

ശ്രീ. സി. എഫ്. തോമസ് : ആയിരിക്കാം. ഇതിനകത്ത് അതും വരും. സർ, 'ഒഡേപെക്' ന്റെ കാര്യം ഇന്ന് ഇവിടെ പറഞ്ഞല്ലോ.

മി. ചെയർമാൻ : ലേബർ ആന്റ് എംപ്ലോയ്മെന്റ് അതിലാണ് എംപ്ലോയ്മെന്റ് വരുന്നത്.

ശ്രീ. സി. എഫ്. തോമസ് : അല്ല, അല്ല. ഞാൻ ഓർക്കുന്നു. കഴിഞ്ഞ കൊല്ലം ഇതേ ചർച്ചയ്ക്ക് പറഞ്ഞത് ഞാൻ ഓർക്കുന്നു. കഴിഞ്ഞകൊല്ലത്തെ നിയമസഭാ സമ്മേളനകാലത്ത് കേരളത്തിലെ പ്രധാനപ്പെട്ട ഒരു പത്രത്തിൽ നിയമസഭാ അവലോകനം ഞാൻ വായിച്ചു. ഞാൻ അത് മാനിക്കുന്നു. അവർ പറഞ്ഞത്, ഈ ദിവസം തൊഴിലിനെക്കുറിച്ച് ഒരു ചർച്ച തൊഴിലില്ലാത്ത ചെറുപ്പക്കാർ പ്രതീക്ഷിച്ചിരുന്നു, പക്ഷേ, ആരും പറഞ്ഞില്ല എന്നാണ്. അത് ഞാൻ ഓർക്കുന്നു. എംപ്ലോയ്മെന്റ് വേറെയാണ്. ശ്രീ. എ. സി. ഷൺമുഖദാസ് കൈകാര്യം ചെയ്യുന്നത് എംപ്ലോയ്മെന്റ് എക്സചേഞ്ച് മാത്രമേയുള്ളൂ.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, അത് ഇന്നത്തെ ധനാഭ്യർത്ഥനയ്ക്കകത്ത് തന്നെയുണ്ട്.

ശ്രീ. സി. എഫ്. തോമസ് : അല്ല. അങ്ങനെയാണെങ്കിൽ 'ഒഡേപെക്'-നെ കുറിച്ച് എനിക്ക് പറയാം.... എനിക്ക് തൊഴിലില്ലാത്ത ആളുകളെക്കൂടെ.... ഇന്ന് രാവിലെ അങ്ങ് പറഞ്ഞല്ലോ സാമ്പത്തികാസൂത്രണ കമ്മിറ്റിക്ക് ഇങ്ങനെയൊരു പഠനം നടത്താൻ ഉദ്ദേശമുണ്ടെന്ന്. അവസാനം അങ്ങ് പറഞ്ഞു നമ്മുടെ രാജ്യത്തെ തൊഴിൽ സദ്ധ്യതകളെ സംബന്ധിച്ച് ഗൗരവമായിട്ട് പഠനം നടത്താമെന്ന് 37.5 ലക്ഷം ചെറുപ്പക്കാരുണ്ട്. തൊഴിലില്ലായ്മ വേതനം കൊടുത്ത കാര്യത്തെക്കുറിച്ച് ഇന്ന് രാവിലെ ശ്രീ. എം. വി. ജയരാജൻ പ്രസംഗിച്ചപ്പോൾ ഇവിടെ ആരും എതിർത്തില്ലല്ലോ. അത് വേറെ ഒരു വകുപ്പാണെന്ന് പറയാമായിരുന്നില്ലേ ? അന്നേരം ശ്രീ. ജയരാജന്റെ വാദഗതികൾ തകർക്കാൻ പ്രതിപക്ഷനേതാവ് എഴുന്നേറ്റല്ലോ. ശ്രീ. എ. സി. ഷൺമുഖദാസ് കൈകാര്യം ചെയ്യുന്ന വകുപ്പാണ് തൊഴിലില്ലായ്മ വേതനം നൽകുന്നത്. അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കൂടിയാണ് കൊടുക്കുന്നത്. അതിനെക്കുറിച്ച് ശ്രീ. ജയരാജൻ പറഞ്ഞപ്പോൾ ഭരണകക്ഷിയിലെ ആർക്കും നാവില്ലായിരുന്നോ ? ഞാൻ ആ പോയിന്റിൽ തന്നെ നില്ക്കുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതുപോലെ തൊഴിലാളി ക്ഷേമം വേണം. അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ തൊഴിൽ വകുപ്പിൽ നടപടികൾ വേണം.

ശ്രീ. എ. കണാരൻ : സർ, തൊഴിലാളിക്ഷേമം വേണമെന്ന് പറയുന്നത് അവർക്ക് ക്ഷേമനിധിയും പെൻഷനും നൽകുകയെന്നുള്ളതിനല്ലേ ? അതെല്ലാം ഈ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : എന്റെ ആർഗ്യുമെന്റ് അതല്ല. അത് വേണം. ഇന്നത്തെ തൊഴിലാളിക്ഷേമനിധി ബോർഡുകളൊന്നും
12 NOON] കാര്യക്ഷമമല്ല. അത് കാര്യക്ഷമമാക്കണമെന്നുള്ള ആശയമുള്ള ആളാണ് ഞാൻ അതിനപ്പുറത്ത് നമ്മുടെ ഈ വകുപ്പിന്റെ ചുമതലയിൽ അങ്ങയുടെ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പുതിയതായി തൊഴിലവസരങ്ങൾ കണ്ടുപിടിക്കാനുള്ള, തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ കണ്ടുപിടിക്കാനുമുള്ള പരിശ്രമങ്ങൾ തീർച്ചയായും ആവിഷ്ക്കരിക്കേണ്ടതുണ്ട്.

സർ, ഞാൻ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഒരുകാര്യം പറയട്ടെ, ഇവടെ പ്രസംഗിച്ചവരെല്ലാം ഒഴുക്കൻ മട്ടിലാണ് പ്രസംഗിച്ചുപോയത്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയെ സഹായിക്കണമെങ്കിൽ ഭരണകക്ഷികൂടെ മുന്നോട്ടുവരണം. അല്ലെങ്കിൽ അദ്ദേഹത്തെ കൊണ്ട് എങ്ങനെ ബസ്സ് ഇറക്കാൻ കഴിയും? കഴിഞ്ഞ കൊല്ലം കെ.എസ്.ആർ.ടി.സി.യുടെ ഒരു ഔദ്യോഗിക പ്രസ്താവന ഞാൻ വായിക്കുകയുണ്ടായി. 1500 ബസ്സുകൾ കൂടി നിരത്തിലിറക്കിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. ഓരോ വർഷവും ഇറക്കിയ ബസ്സുകളുടെ കണക്ക് ഇവിടെ തന്നിട്ടുണ്ട്. 1996-97-ൽ 3750 ബസ്സുകളുണ്ട്. 1997-98 ആയപ്പോൾ എത്ര വർദ്ധിച്ചു ? 3783 ആയിട്ട് വർദ്ധിച്ചു 33 ബസ്സുകൾ കൂടി. ഇത് ബഹുമാനപ്പെട്ട മന്ത്രിതന്നെ നൽകിയ ഉത്തരമാണ്. ഈ വർഷം 600 ബസ്സുകൾ കൂടി വേണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് തന്നിരിക്കുന്ന ഉത്തരം. ഈ 600 ബസ്സുകൾ എങ്ങനെ ഇറക്കും? ആര് അതിന് പണം തരും ? നമ്മുടെ ട്രാൻപോർട്ട് കോർപ്പറേഷന്റ അവസ്ഥ എന്താണ് ? നിങ്ങൾക്ക് ഈ ഫോർഡ് വണ്ടിയിൽ സഞ്ചരിക്കാൻ സുഖമാണ്. നിങ്ങൾ ഇനിയും വിദേശകാറുകൾ വാങ്ങാൻ പോകുന്നു. പക്ഷെ നമ്മുടെ ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിങ്ങൾ പോയി നോക്കൂ. എല്ലാ ഡിപ്പോകളിലും ക്യാൻസലേഷൻ 40 ശതമാനമായിരിക്കുന്നു. 22 ശതമാനമെന്നുള്ളത് മാറി. 40 ശതമാനം ക്യാൻസലേഷനാണ്. മന്ത്രിക്ക് മറുപടി ഉണ്ടോ ? ഞങ്ങളൊക്കെ നിവേദനവുമായിട്ട് വരുമ്പോൾ ബസ്സ് ഇല്ലെന്നാണ് പറയുന്നത്. ശ്രീ. പി. കെ. കെ. ബാവ ഇവിടെ പറഞ്ഞല്ലോ, ബസ്സ് കൊടുക്കുന്നുണ്ട്. എവിടെ? ഭരണകക്ഷിയുടെ മണ്ഡലങ്ങളിൽ അല്ലേ ? എം.എൽ.എ.മാരുടെ സ്കീമിൽ ബസ്സ് കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുക്കുന്നുണ്ടോ ? ട്രാൻസ്പോർട്ട് ഡിപ്പോകളുടെ അവസ്ഥയെന്താണ് ? കുണ്ടുംകുഴിയുമായി കിടക്കുന്ന ട്രാൻസ്പോർട്ട് സ്റ്റേഷൻ, എവിടെയെങ്കിലും ട്രാൻസ്പോർട്ട് സ്റ്റേഷൻ, ഗ്യാരേജുകൾ, ഡിപ്പോകൾ എന്നിവ വൃത്തിയായിട്ട് സൂക്ഷിക്കുന്നുണ്ടോ ?

സർ, ഇന്ന് കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 50 കോടി രൂപയായിരിക്കുന്നു. നമ്മുടെ അനുദിനജീവിതത്തിൽ ഏറ്റവും ബന്ധപ്പെടുന്ന ഒരു മേഖലയെന്നുള്ള നിലയിൽ ഈ ഗവൺമെന്റ് കാണിക്കുന്നത് കടുത്ത നിഷ്ക്രിയത്വമാണ്. ഏത് മേഖലയിൽ ചെന്നാലും ജനങ്ങൾ ബസ്സ് ഇല്ലാതെ വിഷമിക്കുന്നു. പദ്ധതിയുണ്ടോ ? ഏത് പണമാണ് അങ്ങ് പ്രതീക്ഷിക്കുന്നത് ? ഗവൺമെന്റ് പണം തരുമോ ? കാനഡയിലെ ഒരു സ്ഥാപനവുമായിട്ട് ചർച്ച നടത്തിയെന്ന് പറഞ്ഞു. പണം ലഭിച്ചോ ? എന്ത് സ്കീമാണ് അങ്ങേയ്ക്കുള്ളത് ? ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

600 ബസ്സ് വാങ്ങണമെങ്കിൽ ഏപ്രിൽ കഴിഞ്ഞു, മേയ് കഴിഞ്ഞു, ജൂൺ കഴിഞ്ഞു, ജൂലൈ കഴിഞ്ഞു ; നാലുമാസമായിട്ട് ഈ വർഷം എത്ര ബസ്സുകൾ ഇറക്കി ? നമ്മുടെ നാട്ടിൽ അനുദിന ജീവിതത്തിൽ ജനങ്ങൾ ഏറ്റവും കൂടുതൽ വിഷമിക്കുന്ന ഒരു മേഖലയെ സംബന്ധിച്ചിടത്തോളം ഒരു ഭാവനയുമില്ലാതെ, ജനകീയ പ്രശ്നങ്ങളോട് ഒരു പ്രതിബദ്ധതയുമില്ലാതെ ഇപ്പോൾ പിന്നെയും ഫോർഡ് കാർ വാങ്ങാൻ പോവുകയാണ്. അതിന് കാശുണ്ട്. വീണ്ടും വിദേശ കാർ വാങ്ങാൻ പോവുകയാണ്.

മി. സ്പീക്കർ : അത്. ജി. എ. ഡി. യിൽ സംസാരിക്കാം. പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. എഫ്. തോമസ് : ജി.എ.ഡി.-യിൽ അല്ല, ഗവൺമെന്റിനോടാണ് പറയുന്നത്. ഗവൺമെന്റിനോടാണ് പറയുന്നത്. അതുകൊണ്ട് ജനങ്ങൾ കഷ്ടപ്പെടുന്ന, വിഷമിക്കുന്ന ഈ മേഖലയ്ക്ക് അടിയന്തിരമായി ജീവൻ കൊടുക്കാൻ, ഒന്നു പിടിച്ചുനിറുത്താൻ ആവശ്യമായ ധനസഹായം ഗവൺമെന്റ് കൊടുക്കണം. നമ്മുടെ നാട്ടിലെ ദുരിതപൂർണ്ണമായ ഈ മേഖലയെ രക്ഷിക്കാനായിട്ട് യാതൊരു നടപടിയും, വസ്തുനിഷ്ഠമായി യാതൊരു സമീപനവും സ്വീകരിക്കാത്ത ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട സി.എഫ്. തോമസ് പറഞ്ഞ ഒരു കാര്യത്തിനോടുമാത്രം ഞാൻ യോജിക്കുന്നു. ആവശ്യമായ സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി. ക്ക് കൊടുക്കണം. ബാക്കി കാര്യങ്ങളൊന്നും പറഞ്ഞത് ശരിയല്ല. 1996-മേയ് മാസം മുതൽ 1999 ജൂൺ മാസം വരെ 1259 പുതിയ ബസ്സുകൾ നിരത്തിലിറക്കിക്കഴിഞ്ഞു. ഇത് എനിക്ക് കിട്ടിയിരിക്കുന്ന കണക്കാണ്. ദിവസേന ശരാശരി 2603 ബസ്സുകളാണ് ഓടിച്ചിരുന്നതെങ്കിൽ ഇന്നത് 3140 ആയി വർദ്ധിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന ഷെഡ്യൂളുകളിലെ ഒരു മാറ്റം പറയാം. 1996-ൽ 3171 ഷെഡ്യൂളുകൾ. 1999 ആയപ്പോൾ അത് 3801 ആയി. 1996-ൽ ബസ്സുകളുടെ എണ്ണം 3534. ഇപ്പോൾ 3940. അന്നത്തെ കളക്ഷൻ 83 ലക്ഷം രൂപയായിരുന്നുവെങ്കിൽ അത് ഇപ്പോൾ 111 ലക്ഷം രൂപയായി. ഒരു ദിവസം ശരാശരി 2 ലക്ഷം കിലോമീറ്റർ കൂടുതൽ ഓടിക്കുന്നു. അപ്പോൾ ഒരു മാറ്റമുണ്ടായിട്ടുണ്ട്. പക്ഷെ ഇത് മതിയോയെന്ന് ചോദിച്ചാൽ, നമ്മുടെ സംസ്ഥാനത്ത് 36 ശതമാനം യാത്രക്കാർ മാത്രമേ കെ.എസ്.ആർ.ടി.സി. യെ ആശ്രയിക്കുന്നുള്ളൂ. ബാക്കി 64 ശതമാനം യാത്രക്കാർ പ്രൈവറ്റ് ബസ്സുകളെയാണ് ആശ്രയിക്കുന്നത്.

സർ, ഞങ്ങളുടെ പ്രദേശങ്ങളിലെല്ലാം പ്രൈവറ്റ് ബസ്സുകൾ ഓരോന്നോരോന്നായി നിറുത്തിക്കൊണ്ടിരിക്കുന്നു. കെ.എസ്.ആർ.ടി.സി. ഇന്ന് ഒരു മാസം ഏഴുകോടി രൂപ നഷ്ടത്തിൽ ഓടുന്നു. എത്രകാലം ഈ നഷ്ടത്തിൽ ഓടാനൊക്കും ? ചില കെ.എസ്.ആർ.ടി.സി. റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾ നിറുത്തുന്നു. ഇതിന്റെ കാരണമെന്താണെന്നുള്ളതിനെക്കുറിച്ച് ശരിയായി പഠിക്കുകയും ഈ രോഗത്തിന് ചികിത്സ കണ്ടെത്തുകയും ചെയ്യണം. അല്ലാതെ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : ഒരു ദിവസം എത്ര ട്രാൻസ്പോർട്ട് ബസ്സുകൾ റോഡിൽ ഓടുന്നുവെന്നുള്ളതിന്റെ കണക്കുപോലും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയുകയില്ല.

ശ്രീ. ടി. എസ്. ജോൺ : അതാണ് ഞാൻ തന്നെ ബസ്സുകൾ ഓടുന്ന ഷെഡ്യൂളുകൾ പറഞ്ഞത്. 3940 വണ്ടികൾ ഷെഡ്യൂളുകളിൽ ഓടുന്നുണ്ട്. ഇത് ലാഭകരമാക്കാനുള്ള മാർഗ്ഗത്തെക്കുറിച്ച് നാം ഒന്നിച്ചിരുന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ക്ക് സഹായം ആവശ്യമാണ്. എം. എൽ. എ. മാർക്ക് അന്ധൻമാർ, സ്വതന്ത്ര്യസമരസേനാനികൾ, എം. പി. മാർ ഇവർക്കൊക്കെ സൗജന്യയാത്ര അനുവദിച്ചതിന്റെ ഫലമായി പ്രതിവർഷം 60 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. അപ്പോൾ ആ ഇനത്തിൽ തന്നെ പ്രതിവർഷം 60 കോടി രൂപ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.ക്ക് കൊടുക്കണം. അപ്പോൾ ബസ്സ് വാങ്ങാമല്ലോ.

സർ, കഴിഞ്ഞ വർഷവും ഞാൻ പറഞ്ഞതാണ്, ചിലപ്പോൾ ഡീസലിന് വില വർദ്ധിച്ചുവെന്ന് പറയും, സ്പെയർ പാർട്സിന് വില വർദ്ധിച്ചുവെന്ന് പറയും, ചിലപ്പോൾ ഡീസലിന് വില കുറഞ്ഞുവെന്നു വരും, ടയറിന് വില വർദ്ധിച്ചുവെന്നുവരും, കുറഞ്ഞുവെന്ന് വരും, പക്ഷെ ഓരോ വർഷവും കെ.എസ്.ആർ.ടി.സി.ക്ക് സെപ്പറേറ്റായിട്ടുള്ള ബഡ്ജറ്റ് അവതരിപ്പിക്കണം. ചാർജ് വർദ്ധനവിനുൾപ്പെടെയുള്ള ബഡ്ജറ്റ് അവതരിപ്പിക്കണം. വിദ്യാർത്ഥികളെയൊക്കെ സൗജന്യമായി കൊണ്ടുപോകണ്ടേ ? അപ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് സെപ്പറേറ്റായിട്ട് ഒരു ബഡ്ജറ്റ് ഉണ്ടാകണം.

സർ, ഇപ്പോൾ പ്രൈവറ്റ് ബസ്സ് ആരും വാങ്ങുകയില്ല. ആ സ്ഥിതിയിലെത്തി. കാരണം അത് നഷ്ടത്തിലാണ് ഓടുന്നത്. ആ സ്ഥിതിക്ക് കെ.എസ്.ആർ.ടി.സി.ക്ക് ഒരു സെപ്പറേറ്റ് ബഡ്ജറ്റ് ഉണ്ടാക്കാൻ കഴിയുമെങ്കിൽ അതുണ്ടാകണം.

ശ്രീ. ജി. കാർത്തികേയൻ : ചാർജ് വർദ്ധനവിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. ടി. എസ്. ജോൺ : നിങ്ങളുടെ അഭിപ്രായമെന്താണ് ?

ശ്രീ. ജി. കാർത്തികേയൻ : സ്പീക്കർ അനുവദിക്കുകയാണെങ്കിൽ ഞങ്ങളുടെ അഭിപ്രായം പറയാം.

ശ്രീ. ടി. എസ്. ജോൺ : ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികൾ സംതൃപ്തരാണ്. സംതൃപ്തരായ തൊഴിലാളികൾ ഒരു വ്യവസായത്തിന് ആവശ്യമാണ്. തൊഴിലാളി ക്ഷേമത്തിനുള്ള ദീർഘകാല കരാർ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒപ്പിട്ടത്. മുൻ ഗവൺമെന്റിന്റെ കാലത്ത് ചെയ്യേണ്ടതാണ്. കഴിഞ്ഞ സർക്കാർ തടഞ്ഞു വച്ച ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്തു. തൊഴിലാളികളുടെ ആരോഗ്യകരമായ കാര്യങ്ങളിൽ ബോധവൽക്കരണം നടത്താൻ മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു കഴിഞ്ഞു. വിദഗ്ദ്ധമായ രീതിയിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാരേയും കണ്ടക്ടർമാരേയും മെക്കാനിക്കൽ ജീവനക്കാരേയും ആദരിക്കുന്നതിന് പൊതുവേദിയിൽ അവാർഡുകൾ വിതരണം ചെയ്തു. അങ്ങനെ സംതൃപ്തരായ തൊഴിലാളി വിഭാഗത്തെ സൃഷ്ടിക്കാൻ ഇന്ന് കെ.എസ്.ആർ.ടി.സി.ക്ക്

കഴിഞ്ഞിരിക്കുന്നു. ആവശ്യത്തിന് ബസ്സുകളുണ്ടാക്കണം. ബസ് സ്റ്റേഷനുകൾ കംപ്യൂട്ടർവൽക്കരിച്ചു വരുന്നു. ട്രാൻസ്പോർട്ടു കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണ്. ഇങ്ങനെ നഷ്ടത്തിൽ ബസ്സുകൾ ഓടാൻ ഒക്കുകയില്ല. മുൻപ് കെ.എസ്.ആർ.ടി.സി. യിലെ തൊഴിലാളികൾക്ക് കൊടുക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കൊടുക്കാതെ പിടിച്ചു വച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി. ലാഭത്തിലാണെന്നു വരുത്തിത്തീർത്തു. കണക്കുകളുടെ കസർത്താണ് കഴിഞ്ഞ കാലത്ത് ഇവിടെ നടത്തിയിരുന്നത്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യത്തിനുള്ള പണം നമ്മൾ കൊടുക്കണം. ഫെയർസ്റ്റേജ് നിശ്ചയിച്ചതിനു ശേഷമേ ചാർജ്ജ് വർദ്ധിപ്പിക്കാവൂ എന്ന് ഹൈക്കോടതി പറഞ്ഞു. ഹൈക്കോടതി നിർദ്ദേശം എത്രയും വേഗം നടപ്പാക്കേണ്ടതുണ്ട്. ബസ് സർവീസിന്റെ കാര്യത്തിൽ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കണം. മോട്ടോർ വാഹന വകുപ്പിൽ കാര്യക്ഷമമായ നടപടികൾ നടത്തി വരികയാണ്. അഴിമതി അവസാനിപ്പിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിരിക്കുന്നു. അല്പം കൂടി ആ രംഗത്ത് ശ്രദ്ധിച്ച് പൂർണ്ണമായും അഴിമതി അവസാനിപ്പിക്കാൻ നമുക്കു കഴിയണം. വാഹനങ്ങളുടെ പുക മലിനീകരണ പരിശോധനാ സമ്പ്രദായം ഈ സർക്കാർ കൊണ്ടുവന്നു. നാട്ടിൻപുറങ്ങളിലും ബസ് സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബസ്സുകൾ വാങ്ങുന്നതിനും കെ.എസ്.ആർ.ടി.സി. യെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. വനം-ഗതാഗത വകുപ്പുകൾ ആർക്കും നന്നാക്കാൻ കഴിയാത്ത ഈജിയൻ തൊഴുത്തുപോലെയായിരുന്നു. എന്നാൽ പ്രതികൂല സാഹചര്യത്തേയും ഒട്ടേറെ പരിമിതികളേയും അതിജീവിച്ചുകൊണ്ട് ഈ വകുപ്പുകളെ ഗുണപരമായി നയിക്കാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ യു. ഡി. എഫ്. ഭരണക്കാലത്തുണ്ടായതിനേക്കാൾ നേട്ടം എല്ലാ രംഗത്തും ഈ ഗവൺമെന്റിന്റെ കാലയളവിൽ ഉണ്ടായിട്ടുണ്ട്. 1259 പുതിയ ബസ്സുകൾ വാങ്ങാൻ കഴിഞ്ഞു. ഷെഡ്യൂളുകൾ ആരംഭിച്ച കാര്യത്തിൽ, ബസ്സുകൾ നിരത്തിലിറക്കിയ കാര്യത്തിൽ ലാഭത്തിന്റെ കാര്യത്തിൽ ഒക്കെ കെ.എസ്.ആർ.ടി.സി. യ്ക്ക് യു.ഡി.എഫ്. ഭരണ കാലത്തുണ്ടായിരുന്നതിനേക്കാൾ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത ബാദ്ധ്യതകൾ ചെറുതല്ല. നിങ്ങൾ തല മണ്ണിലേയ്ക്ക് പൂഴ്ത്തിയ ചില സാഹചര്യങ്ങളുണ്ടായിരുന്നു. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിൽ യു. ഡി. എഫ്. ഗവൺമെന്റ് വിമുഖത കാണിച്ചിരുന്നു. നിങ്ങൾ തടഞ്ഞു വച്ചിരുന്ന ഡി. എ. കൊടുത്തത് ഈ ഗവൺമെന്റാണ്. എം.എ.സി.ടി. ക്ലെയിമിൽ നിന്നും തൊഴിലാളികളെ വിമുക്തമാക്കിക്കൊണ്ട് ഡാമേജ് ഓഫ് മെറ്റീരിയൽ കോസ്റ്റ് മാത്രമാക്കി മാറ്റി. ഇങ്ങനെ നിരവധിയായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.യെ മുന്നോട്ടു കൊണ്ടു പോകുന്നത്. കെ.എസ്.ആർ.ടി.സി.യെ അടിമുടി പൊളിച്ചെഴുതാൻ നമുക്കു കഴിയണം. കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ്, എം. ഡി. എക്സിക്യൂട്ടീവ് ഡയറക്ടർ ഉൾപ്പെടെയുള്ള ആളുകൾ തിരുവനന്തപുരത്തു തമ്പടിച്ചിരിക്കുകയാണ്. കോഴിക്കോട്, എറണാകുളം,

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം എന്നിങ്ങനെ മൂന്നു റീജിയണായി വിഭജിച്ചുകൊണ്ട് മാനേജുമെന്റിന് മാറ്റം വരുത്താൻ നമുക്കു കഴിയേണ്ടതുണ്ട്. പർച്ചേസിംഗ് കമ്മീഷനിലൂടെ ലാഭമുണ്ടാക്കാൻ വേണ്ടി ആവശ്യമില്ലാത്ത സാധനങ്ങൾ പോലും കമ്മീഷൻ ലഭിക്കാൻവേണ്ടി വാങ്ങിക്കൂട്ടി കെ.എസ്.ആർ.ടി.സി. യെ സാമ്പത്തിക മാന്ദ്യത്തിലാക്കുന്ന പ്രവണത അവസാനിപ്പിക്കണം. കെ.എസ്.ആർ.ടി.സി. വലിയ സമ്പത്തുള്ള ഒരു കുടുംബമാണ്. എന്നാൽ ആ സമ്പത്തെല്ലാം കൈവശം വച്ചുകൊണ്ട് പട്ടിണി കിടക്കുന്ന ഒരു തറവാടാണ് കെ.എസ്.ആർ.ടി.സി. എന്നുള്ളതാണ് യഥാർത്ഥ്യം. നമ്മുടെ സംസ്ഥാനത്തൊട്ടാകെയും നഗര പ്രദേശങ്ങളുടെ ഹൃദയഭാഗങ്ങളിലും എത്രയോ ഏക്കർ ഭൂമി കെ.എസ്.ആർ. ടി.സി.ക്കുണ്ട്. കുറെക്കൂടി ഭാവനയോടുകൂടി ഈ കാര്യങ്ങൾ കാണണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. രണ്ടു വർഷക്കാലയളവിൽ ഈ രംഗത്ത് അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയണം. കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ ഇന്നു നിലവിലുള്ള ഭൂമി പൂർണ്ണമായും വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തികൊണ്ട് സാമ്പത്തിക നേട്ടമുണ്ടാക്കാൻ കഴിയണം. അതിനുവേണ്ടിയുള്ള ഒരു കോർപ്പറേഷനുണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. പൊതുമരാമത്തു വകുപ്പിൽ റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനുണ്ടാക്കി. ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പണം കടമെടുക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. അതിനേക്കാൾ കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുന്ന സാഹചര്യമാണ്. കെ.എസ്.ആർ.ടി.സി.യുടെ ഭൂമി ഉപയോഗപ്പെടുത്തിയാൽ ലഭിക്കുന്നത്. ഈ ഭൂമി ഉപയോഗപ്പെടുത്തി ടൂറിസ്റ്റ് കോപ്ലെക്സുകളുണ്ടാക്കിയാൽ വളരെ ലാഭമുണ്ടാകും. ആ രീതിയിലുള്ള നീക്കങ്ങളുണ്ടാകണം.

വനമേഖലയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, കേരളത്തിന്റെ വനമേഖല ഏറ്റവും വലിയ ശക്തി സ്രോതസ്സാണ്. എല്ലാ തരത്തിലും നമ്മുടെ സംസ്ഥാനത്തിന് റവന്യൂ നൽകുന്നതിൽ വലിയ ഒരു പങ്കാണ് വനം നിർവ്വഹിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങളുടെ സംതുലിതാവസ്ഥ നിലനിറുത്തുന്ന കാര്യത്തിലും വനം വഹിക്കുന്ന പങ്ക് വളരെയേറെയാണ്. വനം വകുപ്പു ഉദ്യോഗസ്ഥന്മാർ പലപ്പോഴും ഈ ഗൗരവം ഉൾക്കൊണ്ടുകൊണ്ടു പ്രവർത്തിക്കുന്നില്ല. നമ്മുടെ വനഭൂമി പല സ്ഥലങ്ങളിലും വെട്ടി നിരത്തുന്ന സ്ഥിതി ഇപ്പോഴുമുണ്ട്. ഒരു ഭാഗത്തു വനം വച്ചു പിടിപ്പിക്കുന്നു, അതേസമയം മറുഭാഗത്ത് ഇരുപതും മുപ്പതും വർഷം പഴക്കമുള്ള വൃക്ഷങ്ങൾ വെട്ടിനിരത്തുന്നു. വർഷങ്ങളായി കൃഷി ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് ദേഹണ്ഡങ്ങൾ ഉല്പാദിപ്പിക്കുന്ന, കർഷകരുടെ ദേഹണ്ഡങ്ങൾ വെട്ടി നിരത്തുന്ന സമീപനവും വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാകുന്നുണ്ട്. അത്തരം ഉദ്യോഗസ്ഥന്മാരെ കയറൂരി വിടാതെ ശക്തമായ നിയന്ത്രണത്തിനു വിധേയരാക്കണം. ആദിവാസികളുടെ വർഷങ്ങളായി കൈവശമുള്ള ഭൂമിയിൽ ഉൾപ്പെടെ ഇപ്പോൾ സോഷ്യൽ ഫോറസ്ട്രി എന്നു പറഞ്ഞുകൊണ്ട് വനം വച്ചു പിടിപ്പിക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഗവൺമെന്റു ഭാഗത്തു നിന്നും ആ രംഗത്ത് മാനുഷികമായ സമീപനം ഉണ്ടാകത്തക്ക നിലയിലേക്ക് വനം വകുപ്പ് ഉദ്യോഗസ്ഥന്മാരെ തിരിച്ചു വിടാനുള്ള നീക്കങ്ങളുണ്ടാകണം.

955/2010

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹനങ്ങളെക്കുറിച്ചു ഒരു വാക്ക് കൂടി പറഞ്ഞുകൊണ്ട് ഞാൻ നിറുത്താം. ഇപ്പോൾ ജനങ്ങൾ പൊതുവായി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക്, ബസ്സ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് നികുതി കുറയ്ക്കുകയും സ്വകാര്യ വ്യക്തികൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ നികുതി കൂട്ടുകയും ചെയ്യണം. സ്വകാര്യ വ്യക്തികളിൽ തന്നെ ഒന്നിലേറെ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കും വില കൂടിയ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കും വലിയ തോതിൽ നികുതി ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ട്രാൻസ്പോർട്ട് വ്യവസായ രംഗം ഇന്ന് വളരെയേറെ പ്രതിസന്ധിയിലാണ് എന്ന കാര്യം ഗവൺമെന്റ് കണേണ്ടതുണ്ട്. ഗതാഗത രംഗം എന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖല കൂടിയാണ്. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണിത്. സ്വകാര്യബസ്സുടമകളെ സംബന്ധിച്ചിടത്തോളവും കോ-ഓപ്പറേറ്റീവ് സെക്ടറിൽ പ്രവർത്തിക്കുന്ന ഗതാഗതമേഖലയെ സംബന്ധിച്ചിടത്തോളവും പരിശോധിക്കുമ്പോൾ ഈ ഗതാഗതമേഖല നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത വിധം ഓപ്പറേറ്റിംഗ് കോസ്റ്റ് ഉയർന്നിട്ടുണ്ട്. അതു കെ.എസ്.ആർ.ടി.സി.ക്കും ബാധകമാണ്. ഇലക്ട്രിസിറ്റി ബോർഡിൽ നഷ്ടം നികത്തുന്നതിനുവേണ്ടി ചാർജ്ജ് വർദ്ധിപ്പിക്കാമെങ്കിൽ കെ.എസ്.ആർ.ടി.സി.ക്കും അത് ആകാവുന്നതേയുള്ളുവെന്നാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ച് നാഷണലൈസ്ഡ് സെക്ടറുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസിന്റെ അപര്യാപ്തത എല്ലാവർക്കും ബോധ്യമുള്ളതാണ്. അത് മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത് കൂടുതൽ ആക്കം നൽകി വർദ്ധിപ്പിക്കുകയും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യാൻ ഇന്നത്തെ നിലയിൽ നിന്നുകൊണ്ട് കെ.എസ്.ആർ.ടി.സി.ക്കും കഴിയുമോയെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. ഈ കോർപ്പറേഷൻ അൺയീൽഡി ആയിരിക്കുന്നു. അതിനെ വികേന്ദ്രീകരിക്കാൻ കഴിയണം. ഏറ്റവും ചുരുങ്ങിയത് മൂന്ന് മേഖലകളായിട്ടെങ്കിലും കെ.എസ്.ആർ.ടി.സി. യെ വികേന്ദ്രീകരിക്കണം. തമിഴ് നാട്ടിലാണെങ്കിൽ ഈ രംഗത്ത് വിവിധ കോർപ്പറേഷനുകളുള്ളതിനാൽ അവർ തമ്മിൽ ഒരു മത്സരം ഡവലപ്ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലും അത് പരിശോധിക്കണം. അതുപോലെ ട്രാൻസ്പോർട്ട് വകുപ്പിനെസംബന്ധിച്ചിടത്തോളം അതിൽ കെ. ജെ. ജോസഫ് തലപ്പത്ത് വന്നതിനുശേഷം അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും വേണ്ടി തുടങ്ങിവച്ച കുറെ പ്രവർത്തനങ്ങളുണ്ട്. അദ്ദേഹം ഇപ്പോൾ ലീവെടുത്ത് പോയിരിക്കുന്നു. ആ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. ആ വകുപ്പിനെ സംബന്ധിച്ചിടത്തോളമുള്ള ദുഷ്പേര് അവസാനിപ്പിക്കാനുള്ള കർശന നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വനം മേഖല വനങ്ങൾ സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. അത് ജനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുന്നുവെന്നുള്ളതാണ് പ്രശ്നം. വനം സംരക്ഷിക്കുന്നതോടൊപ്പം തന്നെ ജനങ്ങൾക്ക് അത് പ്രജോയനപ്പെടുത്താൻ കഴിയണം. ആ മേഖലയിൽ നമുക്ക് ടൂറിസത്തിനുള്ള സാദ്ധ്യതകളുണ്ട്. വൈൽഡ് ലൈഫ് ടൂറിസത്തിന് നമ്മുടെ സംസ്ഥാനത്ത് വളരെയേറെ സാദ്ധ്യതകളുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ടവർ കണക്കാക്കിയിട്ടുള്ളത്. പതിനാലിൽപ്പരം വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ നമ്മുടെ ചെറിയ സംസ്ഥാനത്തുണ്ട്. വനം പ്രൊട്ടക്ഷന് സഹായകരമായിത്തീരത്തക്കരീതിയിൽ അത് നമുക്ക് ഫലപ്രദമായി ഡവലപ്ചെയ്യാൻ കഴിയുമെന്നാണ് പറയുന്നത്. അതിന്റെ സാദ്ധ്യതകൾ നല്ലതുപോലെ പരിശോധിച്ച് വൈൽഡ് ലൈഫ് ടൂറിസത്തെ സംബന്ധിച്ച് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ കഴിയും, പ്രകൃതിരമണീയമായ വനങ്ങൾ എങ്ങനെ പ്രജോയനപ്പെടുത്താൻ കഴിയും എന്നുള്ളതിനെക്കുറിച്ചൊക്കെ ആലോചിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെ എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് നമ്മുടെ സംസ്ഥാനത്തിലെ ഐ. ടി. ഐ. കളും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും വളരെയേറെ ശ്രദ്ധപതിയേണ്ട മേഖലയാണ്. അതിന് അർഹിക്കുന്ന പ്രാധാന്യം ഇനിയും നൽകിക്കഴിഞ്ഞിട്ടില്ല. ഇന്ന് എസ്. എസ്. എൽ. സി. പാസാകുന്ന നല്ലൊരു ശതമാനം വിദ്യാർത്ഥികളും ആശ്രയിക്കുന്ന ഐ.ടി.ഐ.കളും ഐ.ടി.സി. കളും ഇന്ന് അതിന്റെ സ്ഥിതി വളരെ ദയനീയമാണ്. പണ്ടുകാലത്ത് തുടങ്ങിവച്ച കുറെ കോഴ്സുകൾ മാത്രമാണ് ഇപ്പോഴുള്ളത്. ആധുനികമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഈ കോഴ്സുകളിൽ വരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇന്ന പല ഐ.ടി.സി. കളുടെയും നടത്തിപ്പ് വളരെ പരിതാപകരമായ സ്ഥിതിയിലാണ്. അതിനെ സംബന്ധിച്ചിടത്തോളമൊക്കെ നിയന്ത്രണമുള്ള ഈ വകുപ്പ് കാര്യക്ഷമമാക്കാനും, അതുപോലെ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടറൈസ്, ചെയ്യാനും, അതിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും കഴിയണം. ഇന്ന് പല വകുപ്പുകളിലുമുണ്ടാകുന്ന ഒഴിവുകൾ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് അറിയിക്കാനോ നിയമനം നടത്താനോ മെനക്കെടുന്നില്ല. അതിന് പല കാരണങ്ങളുണ്ട്. അതിന് ഒരു കാരണം അവിടെ അയച്ചാലുണ്ടാകുന്ന കാലതാമസമാണ്. അതിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുകയും കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. അതുപോലെ നമ്മുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പാർട്ടൈം സ്വീപ്പർമാരുടെ നിയമനംപോലും എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് നിയമിക്കുന്നവർക്ക് സ്ഥിരം നിയമനം നൽകാൻ കഴിയാത്തത് ഈ വകുപ്പ് നിലനിൽക്കുന്നതിന്റെ ആവശ്യകതയെ തന്നെ ചോദ്യം ചെയ്യുന്നു. അതുകൊണ്ട് ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളെങ്കിലും എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നാക്കാനും അത് കുറ്റമറ്റതാക്കാനുമുള്ള ശ്രമം ഈ വകുപ്പിൽ നിന്നുണ്ടാകണമെന്നും അതിൽ ശ്രദ്ധപതിപ്പിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞകാലങ്ങളിൽ വ്യാപകമായ വനംകൊള്ളയും വനം നശീകരണവും നമ്മുടെ സംസ്ഥാനത്ത് നിത്യസംഭവങ്ങളായിരുന്നു. എന്നാൽ എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനം കൊള്ളയും വനം നശീകരണവും ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനപരിപാലനത്തിനും സംരക്ഷണത്തിനും ഈ ഗവൺമെന്റ് ചില പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഒരു വന വികസന പദ്ധതിക്ക് തന്നെ രൂപം നൽകി പ്രവർത്തനങ്ങളാരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്നെ വനവിഭവങ്ങൾ അപഹരിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുട്ടുണ്ട്. വ്യാപകമായ രീതിയിൽ റെയിഡുകൾ നടത്തി, വന വിഭവങ്ങൾ അപഹരിക്കുന്നവർക്ക് കഠിനശിക്ഷ കൊടുത്തിട്ടുണ്ട്. എന്നാൽ വനത്തിലെ അമൂല്യ സമ്പത്ത് ഇപ്പോഴും അങ്ങിങ്ങായി കവർച്ചചെയ്യപ്പെടുന്നുണ്ട്. ടൂറിസ്റ്റുകൾ എന്ന വ്യാജേന വനത്തിൽ കടന്ന് ജന്തുക്കളുടേയും സസ്യങ്ങളുടേയും സ്വഭാവവിശേഷങ്ങൾക്ക് കാരണമായ ജീനുകൾ, ജേം പ്ലാസം കവർന്നെടുത്ത് മറുനാടുകളിലേക്ക് കടത്തി, അവിടെ പേറ്റന്റ് സമ്പാദിക്കുകയാണ്. അത് മൂന്നാർ, വയനാട് വനമേഖലകളിൽ വ്യപാകമായി നടക്കുന്നുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതിക രീതി ഉപയോഗിച്ചുള്ള വനസമ്പത്ത് അപഹരണം ഫലപ്രദമായി തടയണം. ഇതിന് വനപാലകരുടെ എണ്ണം വർദ്ധിപ്പിക്കണം. ആധുനിക ആയുധങ്ങളും വയർലെസ് സെറ്റും വാഹനങ്ങളും വേണ്ടത്ര നൽകണം. അതിന്റെ അപര്യാപ്തത പരിഹരിക്കണം. ഗവൺമെന്റ് അനുവദിച്ചതിനേക്കാൾ കൂടുതൽ പാട്ട ഭൂമി കൈവശം വച്ചിട്ടുള്ളവരിൽ നിന്ന് മിച്ചഭൂമി തിരിച്ചുപിടിക്കണം. അതിനുവേണ്ടി വനംവകുപ്പും അതുപോലെ റവന്യൂ വകുപ്പും സംയുക്ത സർവേ നടത്തണം ഇതിൽ താമസംവന്നുകൂടാ. പലപ്പോഴും ഇവിടെ സർവേ നടക്കുമെന്ന്, പ്രഖ്യാപനമുണ്ടാകുന്നുവെങ്കിലും സർവേ നടക്കുന്നില്ല. അടിയന്തിരമായി സർവേ നടത്തി ഈ ഭൂമിപിടിച്ചെടുക്കണം. കെ.എസ്.ആർ.ടി.സി. യെക്കുറിച്ച് ഏതാനും കാര്യങ്ങൾകൂടി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ സർക്കാർ നിർത്തലാക്കിയ പല സർവീസുകളും ഇപ്പോൾ ഈ ഗവൺമെന്റ് പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ പല അത്യാവശ്യ റൂട്ടുകളിലും സർവീസ് നടത്താൻ കഴിഞ്ഞിട്ടില്ല. പഴകിയ ബസുകൾ ഓടുന്നതുകൊണ്ട് അത് പലപ്പോഴും നിന്നുപോകുന്നു. ബസുകൾ കട്ടപ്പുറത്ത് കിടക്കുകയാണ്. പ്രഖ്യാപനമുണ്ടായിയെങ്കിലും വേണ്ടത്ര ബസുകൾ വാങ്ങിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. പണത്തിന്റെ ദൗർലഭ്യമാണെന്ന് അറിയാം. അതുപോലെ സ്പെയർപാർട്ടുകളും ടയറും ലഭിക്കാതെ പഴയ ബസുകൾ ഓടിക്കാൻ കഴിയുകയില്ല. അതിന് പണം കണ്ടെത്തണം. അതുപോലെതന്നെയാണ് വാട്ടർ ട്രാൻസ്പോർട്ട്. അത് മലബാറിൽ കണ്ണൂർ, കാസർകോഡ് ജില്ലകളിലാരംഭിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. പക്ഷേ പയ്യന്നൂരിലെ കൊറ്റിയിൽ സ്വന്തമായി ഓഫീസ് കെട്ടിടമില്ല. അതിലെ തൊഴിലാളികൾക്ക് വിശ്രമിക്കാൻ സ്ഥലമില്ല. അതുകൊണ്ട് അവിടെ പുതിയ ഓഫീസ് തുടങ്ങണം. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ തൊഴിൽ വകുപ്പിനെസംബന്ധിച്ചൊക്കെ ചർച്ച നടക്കുമ്പോൾ സഭയിൽ എന്തൊരു ബഹളമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തൊഴിൽ രംഗം ശാന്തമാണ്. വ്യവസായ രംഗം സമാധാനമാണ്. 1996-ൽ നിങ്ങളുടെ ഭരണകാലത്ത് ഇരുപത്തിയൊന്നു ലക്ഷത്തി എഴുപത്തിമൂവായിരത്തി ഇരുപത്തിയഞ്ച് തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടതെങ്കിൽ കഴിഞ്ഞ മൂന്നു വർഷംകൊണ്ട് നാലുലക്ഷത്തി നാൽപ്പതിനായിരത്തി നൂറ്റിനാൽപ്പത്തിമൂന്ന് തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടത്. അത് മനസ്സിലാക്കണം. അതാണ് തൊഴിൽ രംഗത്ത് സമാധാനമാണെന്ന് പറയുന്നതിന്റെ കാരണം. തൊഴിൽ രംഗത്ത് സമാധാനത്തോടുകൂടി കാര്യങ്ങൾ നടത്താൻ കഴിയുന്ന വിധത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു മുന്നോട്ടു പോകുന്നത്. നാഷണൽ എമ്പ്ലോയ്മെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകാനും വിദ്യാർത്ഥികൾക്കു തൊഴിൽ സംബന്ധമായ നിർദ്ദേശങ്ങൾ നൽകാനുമുള്ള ശില്പ്പശാലകൾ, അതുപോലെ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കും നേതാക്കന്മാർക്കും വേണ്ടിയുള്ള പ്രത്യേക പരിശീലനങ്ങൾ, വ്യവസായികളെയും ട്രേഡ് യൂണിയൻ പ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മുഖാമുഖം പരിപാടികൾ അതുപോലുള്ള നിരവധി വിവിധങ്ങളായ ശിൽപ്പശാലകൾ. അങ്ങനെ ആകെ 53 പരിശീലന പരിപാടികളും 21 ശിൽപ്പശാലകളും സംഘടിപ്പിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഈ രംഗം കാര്യക്ഷമമായി മുന്നോട്ടു പോകുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. അത് മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിൽ കൂടിയേറി പോകുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ പുതിയ സംവിധാനമുണ്ട്. നമ്മുടെ ഉദ്യോഗസ്ഥന്മാർ ഗുജറാത്ത്, ഒറീസ, മഹാരാഷ്ട്ര, ബീഹാർ, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പോയി അവിടത്തെ മലയാളികളായിട്ടുള്ള തൊഴിലാളികളുടെ ക്ഷേമകാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടെങ്കിൽ ഉടനെ പരിഹാരം ഉണ്ടാക്കാൻ വേണ്ടിയുള്ള സംവിധാനം ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് തൊഴിൽ രംഗത്ത് സമാധാനം നിലനിൽക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2878 പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതും 48619 പേർക്ക് പുതിയ തൊഴിൽ ലഭ്യമാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. ഇന്റർനെറ്റ് സംവിധാനത്തോടുകൂടിയുള്ള കമ്പ്യൂട്ടറുകൾ എറണാകുളത്തും കോഴിക്കോടും സ്ഥാപിച്ചു കൊണ്ടുള്ള ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പുനസംഘടനയും എടുത്തു പറയത്തക്കതാണ്. നമ്മുടെ നാട്ടിലെ ബാലവേല വളരെ പ്രശ്നമാണ്. അത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ശിശുക്കളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നത് വർദ്ധിച്ചു വരുന്നുവെന്നുള്ള പരാതികൾ ഉയരുന്നു. അത് മനസ്സിലാക്കിക്കൊണ്ട് ആ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനുള്ള സംവിധാനം ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിനുവേണ്ടി 4 ജില്ലകളിൽ പഠനകേന്ദ്രങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്.

ശ്രീ. പി. ജെ. ജോയി : അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കണം എങ്കിൽ അങ്ങ് മന്ത്രിയാകണമെന്ന് ഞാൻ നിർദ്ദേശം വച്ചാൽ അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. ടി. നാണുമാസ്റ്റർ : നിങ്ങൾ അങ്ങനെ ചോദിക്കണ്ട ശ്രീ. കടവൂർ ശിവദാസൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന നിങ്ങളുടെ ഭരണകാലത്ത് ഈ വകുപ്പ് ഈജിയൻ തൊഴുത്തായിരുന്നു. അതിനുശേഷം ശ്രീ. കെ. പങ്കജാക്ഷൻ മന്ത്രിയായിരുന്നപ്പോൾ തൊഴിൽ വകുപ്പിനെ വൃത്തിയാക്കി. അതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദ് ഏറ്റെടുത്തു. അതിനുശേഷം very predominant, very prominent എന്ന നിലയ്ക്ക് ശ്രീ. വി. പി. രാമകൃഷ്ണപിള്ള ചുമതല ഏറ്റെടുത്തതിനുശേഷമാണ് ഈ വകുപ്പ് കാര്യക്ഷമമായത് എന്ന് നിങ്ങൾ മനസ്സിലാക്കണം. അതാണ് വസ്തുത. ഇവിടെ ലോക്ക് ഔട്ട് ഉണ്ടോ, പണിമുടക്കുണ്ടോ ? ഫാക്ടറികളിൽ പണിമുടക്കില്ല, ലോക്കൗട്ടില്ല. പ്രതിപക്ഷം എന്തിനാണ് സർ ഇന്നലെ വാക്കൗട്ട് നടത്തിയത് ? വാക്കൗട്ടുമായിട്ട് നിങ്ങൾക്ക് ഇവിടെ ഇരിക്കേണ്ടി വരും. ഇനിയും ഇവിടെ തന്നെ സ്ഥിരമായിട്ടിരിക്കേണ്ടി വരുമെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ബഡ്ജറ്റിൽ കഴിഞ്ഞ വർഷം 10 ലക്ഷം രൂപ ഐ. ടി. പരിശീലനത്തിനുവേണ്ടി വകയിരുത്തി. ഇപ്പോഴും 10 ലക്ഷം രൂപയുണ്ട്. അതുപയോഗിച്ച് കാര്യങ്ങൾ നടത്തണം. ലാപ്സാകാൻ ഇട വരുത്തരുത്. അതുപോലെതന്നെ എസ്.സി.പി.യിൽ 11 ഐ. ടി. ഐ. യൂണിറ്റുകളിലായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ സംവിധാനമുണ്ട്. അങ്ങനെ പരിശീലനം നടത്തുന്ന കുട്ടികൾക്ക് 10 കൊല്ലമായി വെറും 80 രൂപ മാത്രമാണ് മാസം തോറും കൊടുക്കുന്നത്. 80 രൂപ എന്നു പറഞ്ഞാൽ അത് വളരെ അപര്യാപ്തമാണ്. അതുകൊണ്ട് അവരുടെ സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കാനും കൂടുതൽ ആളുകൾക്ക് പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കണം.

വനത്തെക്കുറിച്ച് ഒരു കാര്യം കൂടി പറയട്ടെ. നമ്മുടെ നാട്ടിലെ വനത്തിന്റെ സ്ഥിതി അറിയാമല്ലോ, കടുവ, കാട്ടുപോത്ത്, ആന, കരടി തുടങ്ങിയ മൃഗങ്ങളെയെല്ലാം വേട്ടയാടുന്നു. 1996-1997 കാലത്ത് വനവിഭവങ്ങൾ കടത്തിക്കൊണ്ടുപോയിരുന്നതിന് കാര്യക്ഷമമായി പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചതിന്റെ ഫലമായി 7.752 ലക്ഷം രൂപയുടെ വനോൽപ്പന്നങ്ങൾ പിടിച്ചെടുക്കാൻ സാധിച്ചു. കഴിഞ്ഞ കാലങ്ങളിൽ ആനയേയും കടുവയേയും കടത്തികൊണ്ടു പോകുന്നതിന് നിങ്ങൾ കൂട്ടുനിന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനസംരക്ഷണ രംഗത്ത് സംശുദ്ധമായ നടപടി കൈകൊണ്ടു. അങ്ങനെ കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിന് ഈ സർക്കാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വ്യവസായവൽക്കരണം മാത്രമാണ് നമ്മുടെ സംസ്ഥാനത്തിന് രക്ഷയും മോചനവുമായിട്ടുള്ളത്. ഈ വ്യവസായവൽക്കരണത്തിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ദൃഢനിശ്ചയത്തിലും പ്രവർത്തനത്തിലുമാണ് ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്. വ്യവസായ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

സ്വയം പര്യാപ്തത കൈവരിക്കാനുള്ള പരിശ്രമം അതിന്റെ ഭാഗമാണ്. അതോടൊപ്പം തന്നെ വ്യവസായവൽക്കരണത്തിന് അത്യാവശ്യം വേണ്ട ഒരു ഘടകമാണ് ശാന്തമായ ഒരു തൊഴിൽ അന്തരീക്ഷം. കേരളത്തിലെ തൊഴിലില്ലായ്മയെക്കുറിച്ച് മാത്രമല്ല തൊഴിൽ രംഗത്തെ അസ്വസ്ഥതയെക്കുറിച്ചും വ്യാപകമായ ആക്ഷേപമുണ്ട്. കണക്കുകൾ പരിശോധിക്കുമ്പോൾ ഇൻഡ്യയിൽ പണിമുടക്കു മൂലമോ, ലോക്കൗട്ടു മൂലമോ, ലേഓഫ് മൂലമോ ഏറ്റവും കുറച്ച് പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിൽ തന്നെ കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഇപ്രകാരം മനുഷ്യ പ്രയത്ന ദിനങ്ങൾ നഷ്ടപ്പെടുന്നത് ക്രമേണ കുറഞ്ഞു വരികയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇത് യാദൃച്ഛികമായി സംഭവിച്ച ഒന്നാണെന്ന് ഞാൻ കരുതുന്നില്ല. ഭാവനാപൂർണ്ണമായ ഒരുതൊഴിൽ നയം ഉള്ളതുകൊണ്ടുമാത്രമാണ് കേരളത്തിലെ തൊഴിൽ രംഗം ശാന്തമായിരിക്കുന്നത്. കഴിഞ്ഞ വർഷം ഓണക്കാലത്ത് സാധാരണ ബോണസ് സമരങ്ങൾ ഉണ്ടാകുന്നതുപോലെ ഉണ്ടായോ ? കഴിഞ്ഞ വർഷം പാർട്ടി സമ്മേളനങ്ങളിൽ ഉയർത്തിയ ചുവന്നകൊടിയല്ലാതെ തൊഴിൽ ശാലകളുടെ മുമ്പിൽ ബോണസിനുവേണ്ടി ചുവന്നകൊടികൾ ഉയർന്നിരുന്നില്ല. അതുകൊണ്ട് വളരെ ക്രിയാത്മകമായ സമീപനം സ്വീകരിക്കുന്ന ഒരു ഗവൺമെന്റ് എന്ന നിലയിൽ, ആ ഗവൺമെന്റിന്റെ തൊഴിൽ വകുപ്പിനുവേണ്ടി സമർപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഈ രംഗത്ത് ഇനിയും ഒട്ടേറെ കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. സംഘടിത മേഖലയിലെ തൊഴിലാളി വർഗ്ഗത്തോട് നാം കാണിക്കുന്ന സമീപനം അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളോടും കാണിക്കേണ്ടിയിരിക്കുന്നു. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് അംഗീകരിച്ച കുറഞ്ഞ കൂലി ലഭ്യമാക്കണം, ജോലി സ്ഥിരത ഉറപ്പു വരുത്തണം, അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പാക്കാനുള്ള പരിശ്രമം ഉണ്ടാകണം. അതോടൊപ്പം തന്നെ നമുക്ക് വളരെ ആക്ഷേപകരമായ ഒട്ടേറെ കാര്യങ്ങൾ ഇപ്പോഴും ഈ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ബാലവേല അതിന് ഒരുദാഹരണമാണ്. 14 വയസ്സിന് താഴെയുള്ള കുട്ടികളെക്കൊണ്ട് നിർബന്ധിതമായി തൊഴിൽ എടുപ്പിക്കുന്നത് നിയമം മൂലം നാം തടഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയുടെ തന്നെ വിധി ന്യായങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഐ.എൽ.ഒ., UNICEF തുടങ്ങിയ അന്താരാഷ്ട്ര സംഘടനകളും ഈ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധക്ഷണിക്കുന്നുണ്ട്. കേരളത്തിൽ ബാലവേല പ്രായേണ കുറവാണ്. അത് തടയുന്നതിന് നമുക്ക് നിയമം ഉണ്ടെങ്കിൽപോലും കേരളത്തിൽ ബാലവേല വളരെ വ്യാപകമായി നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് എറണാകുളം പോലുള്ള സ്ഥലങ്ങളിൽ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും മറ്റ് പല സ്ഥാപനങ്ങളിലും കുട്ടികളെകൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന രീതി ഇപ്പോഴും നിലനിൽക്കുന്നു. ബാലവേല ഇല്ലാതാക്കുന്നതിനും ആ മേഖലയിൽ പ്രവർത്തിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്താനും പരിശ്രമിക്കണം. മറ്റു ചില സംസ്ഥാനങ്ങൾ ഈ രീതിയിലുള്ള ഭേദഗതി ഇതിനകം കൊണ്ടു വന്നുകഴിഞ്ഞു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് ഭേദഗതി ചെയ്ത് തർക്കമുള്ള തൊഴിലാളിക്ക് അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളിസംഘടനകൾക്ക് നേരിട്ട് ഒരു ലേബർ കോടതിയേയോ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനേയോ സമീപിക്കുന്നതിനുള്ള അവസരമുണ്ടാക്കിക്കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾത്തന്നെ ഒട്ടേറെ തൊഴിൽ തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന്, അല്ലെങ്കിൽ തൊഴിൽ മേഖലയിൽ ഉണ്ടാകാവുന്ന അശാന്തി ഒഴിവാക്കുന്നതിന് നമുക്ക് സാധിക്കും. നമുക്ക് കാലത്തിനനുസൃതമായി ഒട്ടേറെ നിയമഭേദഗതികൾ കൊണ്ടു വരേണ്ടിയിരിക്കുന്നു. തൊഴിലുമായി ബന്ധപ്പെട്ട, തൊഴിലാളികളുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങളിൽ നാം കുറെയേറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഞാനിത് പറയുമ്പോൾ, തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തിയ സഭയാണിത്. അത് അനുസ്മരിച്ചുകൊണ്ടു തന്നെയാണ് കൂടുതൽ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും ഓർമ്മിപ്പിക്കുന്നത്. തൊഴിൽ രംഗം കുറേകൂടി ശാന്തപൂർണ്ണമാക്കുന്നതിന്, തൊഴിലാളികളുടെ അവകാശങ്ങൾ കുറെക്കൂടി ഭദ്രമാക്കുന്നതിന്, കുറെക്കൂടി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്, അതിലൂടെ നമ്മുടെ വ്യവസായവൽക്കരണമെന്ന ദീർഘകാല സ്വപ്നം കുറെക്കൂടി യാഥാർത്ഥ്യമാക്കുന്നതിന് കുറേക്കൂടി മെച്ചപ്പെട്ട, ബോധപൂർവ്വമായ നിയമ നിർമ്മാണത്തിലൂടെ നമുക്ക് സാധിക്കണം. ഈ ലക്ഷ്യബോധത്തോടെ ഇവിടെ സമർപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

തിരു എ.കെ. മണി: സഭാനായകർ അവർകളേ, നാൻ ഇങ്കു അമൈച്ചർ സമർപ്പിത്ത മാനിയം വഴങ്കും മസോതാവൈ എതിർക്കിൻറേൻ. ഇങ്കേ സിലർ പാലവേലൈയപ്പറ്റി സൊന്നാർകൾ. പെരിയവർകളുക്കു ഇങ്കേ വേലൈയില്ലാമൽ ഇരുക്കിൻറതു. ഉങ്കളുക്കു പാലവേലൈ. നാൻ എതർക്കാക എതിർക്കിൻറേൻ എൻറാൽ തേർതൽ കാലങ്കളിൽ മക്കളുക്കു കൊടുത്ത വാക്കുറുതിയൈ ഇതുവരൈ നിറൈവേറ്റവില്ലൈ. വേലൈയറ്റോർ എണ്ണിക്കൈ പെരുകി കൊണ്ടു പോകിൻറതു. വേലൈയറ്റോർ എണ്ണിക്കൈ കുറൈത്തു അവർകളുക്കു വേലൈ കൊടുക്ക ഇന്ത അരസു എന്ന നടവടിക്കൈ എടുത്തുവ്വതു? ഇവർകളുക്കു എതർകു മാനിയം? ഇറച്ചി തുണ്ടുകളൈ തിൻറു തന്നുടൈയ ഉടലൈ അചൈക്കാമൽ കുരുണ്ടു കിടക്കും മലൈപ്പാമ്പൈ പോൽ അല്ലവാ ഇന്ത അരചിനുടൈയ ചെയൽ. നമതു നാട്ടിൽ കുടുംപ കട്ടുപ്പാടു കൊണ്ടു വന്തപിൻപു മക്കൾ തൊകൈ കുറൈന്തുവ്വതു. ആനാൽ വേലൈയറ്റോർ എണ്ണിക്കൈ കൂടികൊണ്ടിരുക്കിൻറതു. 1991-ൽ നാങ്കൾ ആട്ചിക്കു വരുംപൊഴുതു വേലൈയറ്റോർ എണ്ണിക്കൈ 35 ലട്ചമാക ഇരുന്തതു. ഇപ്പൊഴുതു 13% കൂടിയുൾവതു. 1995-ൽ ഇതു 31,06,892 ആക കുറൈന്തുൾവതു. അതാവതു നാങ്കൾ ഐന്തു വരുടം

LIBRARY ARCHIVES Kerala Legislative Assembly

ആണ്ടപൊഴുതു വേലെയറ്റോർ എണ്ണിക്കെ 13% കുറൈന്തുള്ളതു. ഇതർകു കാരണം വേലൈവായ്പ്പു തുറൈയിൽ യു.ടി.എഫ്. ഉടൈയ കാലകട്ടത്തിൽ ഉർപത്തി പെരുകിയിരുന്തതു.

ശ്രീ. പി. രാഘവൻ: ബഹുമാനപ്പെട്ട എ. കെ. മണി തമിഴിൽ പറയുന്നത് ഈ ഗവൺമെന്റ് പരമാവധി തൊഴിലില്ലായ്മ പരിഹരിക്കാൻ ശ്രമിച്ചു എന്നുള്ള അർത്ഥത്തിലല്ലേ?

തിരു എ.കെ. മണി: അതു കേരവത്തിലുള്ള ജനങ്കളുക്കു തെരിയും. നമതു ഉതവി സപാനായകർക്കും തെരിയും. വിവെ നിലങ്കളുക്കു നല്ല വിലൈ കിടൈത്തതു. നല്ല മതിപ്പു ഇരുന്തതു. വെളിനാടുകളിലിരുന്തു പണവരവു കൂടുതലാക പെരുകിയിരുന്തതു. കട്ടിടതൊഴിൽ വളർച്ചി മുന്നേറ്റം കണ്ടിരുന്തതു. ഉങ്കളിൻ മൂന്റു ആണ്ടു കാല ആട്ചിയിൽ ഇപ്പോതുള്ള നിലൈ എന്ന? പൊരുളാതാര പരിചോതനൈ അറിക്കൈയിൻപടി നീങ്കൾ ആട്ചിക്കു വന്തു മൂന്റു ആണ്ടുകൾ പൂർത്തിയാകിവിട്ടതു. ഇപ്പൊഴുതു വേലെയറ്റോർ എണ്ണിക്കെ 36,08,657 ആക ഉയർന്തുള്ളതു. ഉങ്കളതു മൂന്റു ആണ്ടു ആട്ചിയിൽ വേലെയറ്റോർ എണ്ണിക്കെ ഐന്തു ലട്ചമാക പെരുകിയുള്ളാർകൾ. അതാവതു 16% വേലെയറ്റോർ എണ്ണിക്കെ നായനാർ ഇടതുചാരി ആട്ചിയിൽ ഉയർന്തിരുക്കിന്റതു. 1991-ൽ എസ്. എസ്. എൽ. സി. തേർവു പെറ്റ വേലെയറ്റോർ എണ്ണിക്കെ 18,85,304 ആക ഇരുന്തതു. നാങ്കൾ ആട്ചിയൈ ഉങ്കൾ കൈയിൽ ഒപ്പടൈക്കുമ്പോതു 28,000 ആട്കളുക്കു കൂടുതലാക വേലൈകൊടുക്കപ്പട്ടതു. 1995-ൽ വേലൈയറ്റ പട്ടതാരികൾ 1 1/2 ലട്ചം. ആനാൽ നീങ്കൾ ആട്ചിക്കു വന്തപിൻപു മൂന്റു ആണ്ടുകളിൽ 2 ലട്ചം പട്ടതാരികൾ വേലൈയിൽലാമൽ കേരവത്തിൽ ഇരുക്കിന്റാർകൾ. മൂന്റു ആണ്ടുകളിൽ 28% പട്ടതാരികളുടൈയ എണ്ണിക്കെ പെരുകിയുള്ളതു. 1991-ൽ വേലൈയറ്റ പട്ടതാരികളിൻ എണ്ണിക്കെ 27,799 ആക ഇരുന്ത പൊഴുതു നാങ്കൾ ആട്ചിയിലിരുന്തു ഇറങ്കുമ് പൊഴുതു അതു 25,109 ആക കുറൈന്തുള്ളതു. ഉങ്കളിൻ മൂന്റു ആണ്ടു ആട്ചിയിൽ 44,076 ആക ഉയർന്തുള്ളതു. അതാവതു 72% ഉയർന്തുള്ളതു. കേരവത്തിൽ ഇരുക്കക്കൂടിയ ഇളൈഞർകളൈ ഏമാറ്റിയ ഉങ്കളുക്കു നിച്ചയമാക പതിൽ കിടൈക്കും. ഇളൈങ്കളൈ എല്ലാ കാലത്തിലും ഏമാറ്റ മുടിയാതു. തൊഴിൽ കല്വിത്തുറൈയിൽ തേർവു

LIBRARY ARCHIVES Kerala Legislative Assembly

பெற்றவர்கள், மருத்துவர்கள் எண்ணிக்கை 2588. நாங்கள் ஆட்சியை உங்கள் கையில் கொடுக்கும்போது 1976 ஆக குறைக்கப்பட்டுள்ளது. உங்கள் மூன்று ஆண்டு ஆட்சியில் வேலையற்ற மருத்துவர் எண்ணிக்கை 2028 ஆக உயர்ந்துள்ளது. 1991-ல் எங்கள் ஆட்சியில் தனியார் துறையில் வேலை செய்தவர்களுடைய எண்ணிக்கை 5,32,837 ஆக இருந்தது. இப்போது 5,52,837 ஆக இருக்கின்றது. அதாவது எங்கள் ஆட்சியில் தனியார் துறையில் 4% வளர்ச்சி பெற்றது. ஆனால் இடதுசாரி அரசின் காலத்தில் தனியார் துறைகள் எல்லாம் அடைத்து பூட்டிக் கொண்டிருக்கிறார்கள். சுயவேலைவாய்ப்பு துறையில் எங்களது ஆட்சியில் வளம் பெற்றிருந்தது. இப்படி எல்லாதுறைகளிலும் வளர்ச்சி பெற்ற மாநிலமாக கேரளம் திகழ்ந்திருந்தது. இப்போது நிலைமை என்ன? மாநிலம் முழுவதுமாக வேலையற்ற இளைஞர்கள் பெருகி கொண்டிருக்கின்றார்கள். இப்படி இளைஞர்களை ஏமாற்றிய அரசுக்கு மானியம் கொடுக்க வேண்டுமா என்பதை ஜனங்கள் புரிந்து கொள்ளவேண்டும். நாட்டில் தொழில் வளம் அழிந்துகொண்டிருக்கின்றது. காரணம் என்ன என்பதை அறிந்து அதை மாற்றி தொழில் வளம் மிக்க நாடாக நமது கேரளம் வளர அரசு நடவடிக்கை எடுக்க வேண்டும். இதையெல்லாம் கண்டு கொண்டு எதிர்க்கட்சிக்காராகிய நாங்களும் கேரள மக்களும் ஏன் மவுனம் சாதிக்கின்றோம் என்றால் நாட்டின் நலன் கருதி என்பதை எல்.டி.எப். நண்பர்கள் புரிந்து கொள்ளவேண்டும். அரசு பணியாளர்களுக்கு நாங்கள் ஆட்சிக்கு வந்தால் மத்திய அரசு ஊழியர்களின் சம்பள உயர்வு கொடுப்போம் என்று கூறினார்கள். அரசு ஊழியர்களுக்கு சம்பள உயர்வு கொடுக்கப்பட்டதா? இது சம்பந்தமாக அரசு ஊழியர்கள் மிகவும் வேதனையுற்றுள்ளார்கள். அரசு ஊழியர்களும் உங்களுடைய காலகட்டத்தில் ஏமாற்றப்பட்டிருக்கின்றார்கள். தோட்டத்தொழில் அழிந்து கொண்டிருக்கின்றது. மத்திய மாநில அரசுகளின் ஏற்றுமதி, இறக்குமதி கொள்கையின் காரணமாக நமது நாட்டில் தோட்டப்பயிர்கள் உற்பத்தி குறைந்து, விலையில்லாமல் உற்பத்தியாளர்கள் இன்னல்படுகின்றார்கள். ரப்பர், ஏலம், காப்பி, தேயிலை போன்ற தோட்ட தொழில்கள் நலிந்து கொண்டிருக்கின்றது. தோட்டத்தொழிலாளர்களுக்கு

LIBRARY ARCHIVES Kerala Legislative Assembly

இதுவரை சம்பள தீருமானம் எடுக்கப்படவில்லை. தொழிலாளி அரசு, தொழிலாளி அரசு என்று கூறி தொழிலாளர்களை ஏமாற்றிக் கொண்டிருக்ககூடிய அரசு கேரளத்தில் இருக்கின்றது. தோட்டத் தொழிலாளர்களுக்கு சம்பள தீருமானம் மூன்று ஆண்டுகளுக்கு ஒரு முறை தீர்வு காண்பது பழைய வழக்கம். ஆனால் இந்த அரசு ஆட்சிக்கு வந்த பின்பு பி.எல்.சியின் ஆயுள்காலம் நான்கு ஆண்டுகளாக மாற்றியுள்ளது. ஒரு வருடம் ஆயுள்காலம் கூடுதலாக உயர்த்தப்பட்டது. மூன்று ஆண்டுகளுக்கு ஒரு முறை தீர்ப்பு எடுக்க வேண்டிய தீருமானம் நான்கு ஆண்டுகளுக்கு ஒரு முறை மாற்றப்பட்டிருக்ககூடிய ஒரு அரசு இங்கே ஆட்சி செய்கின்றது. பி.எல்.சி. இது வரை சம்பள தீருமானம் எடுக்கவில்லை. பலமுறை குழு கூடியும் இதுவரை தோட்டம் தொழிலாளர்களுக்கு கூலி உயர்வு கொடுப்பதற்கு தீருமானம் எடுக்க முன்வரவில்லை. முன் அரசு காலத்தில் தோட்ட முதலாளிகள், தொழிலாளர்களுக்கு கூலி உயர்வு கொடுக்க முடியாத நிலை தொடர்ந்தபொழுது திரு ஆன்டனி அரசு, திரு ஆரியாடன் முகம்மது அமைச்சர் அறிக்கை அறிவித்தார்கள். அதுபோல இந்த அரசுக்கு ஏன் முடிவு எடுக்க முடியவில்லை என்று நான் கேட்கிறேன். இந்த அரசும் சம்பள உயர்வுபற்றி அறிக்கை நடத்தவேண்டும். தோட்டம் தொழிலில் ஈடுபட்டிருக்ககூடிய தோட்டம் தொழிலாளர்களின் குடியிருப்புகளை சரிவர சீரமைப்பு செய்து கொடுப்பதற்கு தோட்டம் முதலாளிகள் முன்வரவில்லை. அதற்கு சட்டம் இருக்கின்றது, அந்த சட்டத்தை சரியான முறையில் நடைமுறை படுத்துவதற்கு அரசு தொழிலாளர் துறையின் நடவடிக்கை நல்ல முறையில் இயக்குவதற்குள்ள நடவடிக்கை எடுக்கப்பட வேண்டும். இதுபோலவே தோட்டங்களில் வேலை செய்யக்கூடிய தோட்ட தொழிலாளர்கள் 90%-ம் தாழ்த்தப்பட்ட இனத்தில் சேர்ந்தவர்கள். அவர்கள் வேலையிலிருந்து ஓய்வு பெறும் பொழுது அவர்களுக்கு வீடு இல்லாத நிலமை இப்பொழுதும் தொடர்கின்றது. ஆகவே இதுபோன்ற காரியங்களில் தாழ்த்தப்பட்ட நல அமைச்சர் அவர்கள் தொழிலாளர் நல அமைச்சரோடு பேச்சுவார்த்தை நடத்தி இதுபோன்ற தொழிலாளர்களுக்கு ஓய்வு பெறக்கூடிய காலகட்டத்தில் வீடு கொடுப்பதற்கு நடவடிக்கை எடுக்கப்படவேண்டும். அதுபோலவே

LIBRARY ARCHIVES Kerala Legislative Assembly

தொழிலாளர்கள் முடியிருப்புகளுக்கு மின்சார வசதி பல கம்பெனிகளிலும் தோட்டம் முதலாளிகள் செய்து கொடுக்கப்படவில்லை. மின்வசதி செய்து கொடுக்க மறுக்கின்றார்கள். அதற்கு காரணம் என்ன என்று தெரியவில்லை. மின் அமைப்பை பொறுத்த வரை இரண்டு பெண்டாட்டிக்காரர் நிலமை எடுக்கின்றார்கள். இரண்டு பெண்டாட்டி நிலமை உங்களுக்கு தெரியும். ஒரு பெண்டாட்டி சோறு தருவாங்க என்று மற்ற பெண்டாட்டி பேசாமல் இருப்பார். அந்த பெண்டாட்டி சோறு தருவாங்க என்று மற்ற பெண்டாட்டியும் இருப்பார். அப்போது இரண்டு பெண்டாட்டியும் சோறு கொடுப்பதில்லை. ஆக இவர் பட்டினி. இந்த நிலமை தொழிலாளர்களுக்கு இருக்கின்றது. இரண்டு பெண்டாட்டிக்காரனுடைய நிலமை தோட்டங்களில் வேலை செய்யக்கூடிய தொழிலாளர்களுக்கு மின் அமைப்பை பொறுத்த அளவில் நடந்து கொண்டிருக்கின்றது. ஆகவே இந்த நிலமையை கவனத்தில் கொள்ள வேண்டும். கேரளத்திலுள்ள பல தொழிலாளர்களுக்கும் பல நலத்திட்டங்களை கொண்டு வந்திருக்கின்றது. இப்போது பென்ஷன் கொடுக்கப்படுகின்றது. திரு ஆரியாடன் முகம்மது அவர்கள் கொண்டு வந்த விவசாய தொழிலாளர் பென்ஷன், அது ஆரியாடன் பென்ஷன். அது எல். டி.எப். அரசினுடைய பென்ஷன் அல்ல. இது சம்பந்தமாக அங்கே ஆரோ சொன்னாங்க. இது ஆரியாடன் முகம்மது பென்ஷன். விவசாய தொழிலாளர் பென்ஷன் திட்டத்தை அதிகரிக்க வேண்டும். அதுபோலவே தோட்டங்களில் ஈடுபட்டிருக்கக்கூடிய தோட்டம் தொழிலாளர்களுக்கு ஒரு புதிய பென்ஷன் திட்டத்தை அறிவிக்க வேண்டும். இன்று P.F. பென்ஷன் இருக்கின்றது. ஆனால் அந்த திட்டம் தொழிலாளர்களுக்கு கிடைக்கக்கூடிய, தொழிலாளர்களின் contribution இனத்தில் கொடுக்கக்கூடிய அந்த திட்டத்தை மாற்றி அமைத்து மாநில அரசு தொழிலாளர்களுக்கு வேண்டி ஒரு பென்ஷன் திட்டத்தை கொண்டு வரவேண்டும். அதற்காக வேண்டி எஸ். ஸி./எஸ். டி அமைச்சர் அவர்கள் சம்பந்தப்பட்ட தொழிலாளர் நல அமைச்சரோடு பேச்சு வார்த்தை நடத்தியிருக்கிறார் என்று நம்புகிறேன். அதற்கு தொடர்ந்து நடவடிக்கை எடுக்கப்பட வேண்டும்.

LIBRARY ARCHIVES Kerala Legislative Assembly

கேரளத்தில் முழுவதும் தொழில்கள் அழிந்து கொண்டிருக்கின்றது. இன்று எல்லா துறைகளிலும் தொழிலாளர்கள் நலிந்து கொண்டிருக்கிறார்கள். அவ்விதமிருக்க, நாம் இங்கே இந்த மானியம் கொடுக்கப்பட வேண்டுமோ என்பதை சிந்திக்கவேண்டும். கேரளத்தில் தொழிலாளர்களுக்கு இருக்கக்கூடிய சட்டங்கள் மாற்றப்பட வேண்டும். 1948, 1952 காலகட்டங்களில் கொண்டுவரப்பட்ட சட்டங்கள் மாற்றப்படவேண்டும். Standing order வெள்ளைக்கார கம்பனி கொண்டு வந்திருக்கக்கூடிய இந்த சட்டம் இப்பொழுதும் தொழிலாளர்களுக்கு பாதகமாக இருக்ககூடிய அந்த Standing order-ஐ மாற்ற வேண்டும் என்று திரு ஆரியாடன் அவர்கள் அமைச்சராக இருக்ககூடிய காலகட்டத்தில் நானும் கூறினேன் நீங்களும் அறிவீர்கள். அந்த Standing order முழுமையாக மாற்றப்படவேண்டும். இது முன் காலத்தில் பிரிட்டிஷ்காரர் கொண்டு வந்த உத்தரவு. அந்த உத்தரவை நம்மால் ஏற்று கொள்வமுடியாது. ஆதவே தொழிலாளர்களுக்கு பாதகமாக இருக்ககூடிய Standing order உடனடியாக மாற்றி அமைக்ககூடிய நடவடிக்கை அரசு எடுக்கவேண்டும் என்று கேட்டுகொள்கிறேன்.

அடுத்ததாக வனத்துறை. நான் வனம் நிறைந்த பகுதியில் இருக்ககூடிய உறுப்பினர். சர், ஆதிவாசிகள் பாவங்கள். ஆதிவாசிகளுடைய வளர்ச்சிக்காக பல நல்ல திட்டங்கள் மத்திய அரசு கொடுக்கின்றது. மாநில அரசு அந்த பணத்தை வாங்கி செலவழிக்கிறார்கள். எனது பகுதியில் பல இடங்களில் சமூகவனம் என்ற பேரில் அந்த ஆதிவாசிகளை துன்பபடுத்துகிறார்கள் அவர்களின் இடங்களை ஆக்கிரமிப்பது மூலம் அங்கு இருக்ககூடிய ஆதிவாசிகளுக்கு பயிர் செய்ய முடியாத நிலமை ஏற்படுகின்றது. கோடானுகோடி பணத்தை கொள்ளையடிக்கிறபர்கள். அவ்வித நடவடிக்கைகள் உடனடியாக நிறுத்த சம்பந்தப்பட்ட அரசினுடைய கவனத்திற்க்கு நான் கொண்டு வருகின்றேன்.

அதைபோல போக்குவரத்து துறை. நமக்கு உள் மாநிலம் வெளி மாநிலங்களுக்கு பயணம் செய்ய வேண்டும். போடி, தேனி பயணம் செய்யவேண்டும். முணாறிலிருந்து உடுமலை

LIBRARY ARCHIVES Kerala Legislative Assembly

പേട്ടൈ, പഴനി, കോയമ്പുത്തൂർ, പാലക്കാടു, പറമ്പിക്കുളം. இப்படி தமிழ்நாட்டில் போகக்கூடிய பகுதி இருக்கின்ற காரணத்தால் கடந்த அரசின் காலத்தில் Interstate permit –கள், வெளிமாநிலங்களில் செல்லக்கூடிய ஒப்பந്தம் நடந்தது. கடந்த காலகட்டங்களில் நடந்த சரியான ஒப்பந்தம் இந்த அரசு வந்த பிறகு யாதொரு தீர்மானவும், நடவடிக்கையும், ஒப்பந்தங்களும் இல்லாத காரணத்தால் நமது தோட்டப்பகுதியில் இருக்கக்கூடிய தோட்டம் தொழிலாளர்கள் மிகவும் இன்னல்படுகின்றார்கள். அதற்கு அமைச்சர் அவர்கள் உடனடியாக நடவடிக்கை எடுக்க வேண்டும். அதுபோல இடுக்கி மாவட்டத்தில் தொடுபுழயில் மட்டும்தான் ஒரு Transport Depot இருக்கின்றது. மூணாறில் ஒரு சின்ன காரேஜ். ஏழு ஏக்கர் பூமி கேரளத்தில் வேறு எங்கும் இல்லை. ஏழு ஏக்கர் பூமி இருக்கக்கூடிய, சுற்றுலா பயணிகள் வந்து செல்லக்கூடிய இந்த பகுதியை விரிவு படுத்துவதற்கு அமைச்சர் நடவடிக்கை எடுக்கவேண்டும். ஆகவே கேரளத்திலுள்ள தொழிலாளர்களுக்கும் ஏமாற்றம் அளிக்கக்கூடிய இந்த இடதுசாரி அரசு கொண்டு வந்திருக்கக்கூடிய மானியம் வழங்கும் திட்டத்தை எதிர்த்து விடைபெறுகின்றேன்.

(திரு எளமரம் கரீம்)

ശ്രീ. എളമരം കരീം : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ട്രാൻസ്പോർട്ട് വ്യവസായമേഖല വളരെ ഗുരുതരമായ പ്രതിസന്ധിയെ ആണ് അഭിമുഖീകരിക്കുന്നത്. ഈ വിഷയം കഴിഞ്ഞ ഒരു ദിവസം ഈ സഭയിൽ ഉന്നയിച്ചതാണ്. ഇതിന്റെ പ്രധാനകാരണം, 1988-ൽ കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ മോട്ടോർ വാഹന ഭേദഗതി നിയമമാണ്. അന്ന് രാജീവ് ഗാന്ധിയാണ് ഇന്ത്യയുടെ പ്രധാനമന്ത്രി, ഇന്ത്യയിൽ അന്ന് മാന്ദ്യത്തിലായിരുന്നു ആട്ടോമൊബൈൽ വ്യവസായങ്ങളെ സഹായിക്കുക എന്ന ഒറ്റ ലക്ഷ്യമാണ് അന്നത്തെ ഭേദഗതി നിയമത്തിലുണ്ടായിരുന്നത്. മോട്ടോർ വാഹനഭേദഗതി നിയമം നിലവിൽ വന്നതോടുകൂടി ഈ സംസ്ഥാനത്തെ മോട്ടോർ വെഹിക്കിൾസ് വകുപ്പിന് സംസ്ഥാനങ്ങളിൽ ഓടുന്ന സ്റ്റേജ് ഗാരേജ് വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനോ സ്റ്റേജ് ഗ്യാരേജുകളുടെ പെർമിറ്റ് നിയന്ത്രിക്കുന്നതിനോ കഴിയാതെ വന്നിരിക്കുകയാണ്. ഇന്ത്യയിലെ മോട്ടോർ വ്യവസായ മേഖലയിലെ എല്ലാ ട്രേഡ് യൂണിയനുകളും ഈ നിയമത്തിൽ ഓരോ സംസ്ഥാനത്തിനും അനുയോജ്യമായ ഭേദഗതികൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെടാൻ തുടങ്ങിയിട്ട് എത്രയോ കാലമായി. പക്ഷേ അത്തരത്തിലുള്ള ഒരു നടപടിയും ഇതുവരെ ഉണ്ടായില്ല. ഇന്ന് സംസ്ഥാനത്തെ ട്രാൻസ്പോർട്ട് മേഖല മൊത്തത്തിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ പ്രധാനകാരണം 1988-ലെ മോട്ടോർ

LIBRARY ARCHIVES Kerala Legislative Assembly

വാഹന ഭേദഗതി നിയമമാണ്. ഈ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തെ മോട്ടോർ വാഹന ചട്ടങ്ങളിൽ എന്ത് ഭേദഗതി ചെയ്യാൻ പറ്റുമെന്നതിനെക്കുറിച്ച് സ്റ്റേറ്റ് ഗവൺമെന്റ് ഒരാലോചന നടത്തുകയുണ്ടായി. കേരളത്തിലെ ട്രാൻസ്പോർട്ട് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻമാർ തമിഴ്നാട്ടിലെ സ്ഥിതി ഗതികളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മോട്ടോർ വാഹന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ കഴിയണമെന്ന് സഭയിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുകയുണ്ടായി. അടിയന്തിരമായി മോട്ടോർ വാഹന ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതിൽ പ്രത്യേകിച്ച് സ്റ്റേജ് ഗ്യാരേജ് പെർമിറ്റ് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ ട്രാൻസ്പോർട്ട് വ്യവസായം ആകെ തകർന്ന് തരിപ്പണമാകും. സ്വകാര്യ ബസ് വ്യവസായം ഉൾപ്പടെ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ 86 സ്റ്റേജ് ഗ്യാരേജ് ഇന്ന് ഓടിക്കുവാൻ കഴിയാത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ബസ് ചാർജ് വർദ്ധിപ്പിക്കാൻ പോകുന്നുവെന്നുള്ള വിധത്തിൽ ചില അഭിപ്രായങ്ങൾ പ്രതിപക്ഷത്തുള്ള ചില സുഹൃത്തുക്കൾ സൂചിപ്പിക്കുകയുണ്ടായി. ഏതൊരു വ്യവസായമാണെങ്കിലും ചെലവിന് അനുസരിച്ച് വരുമാനം നിർണ്ണയിക്കാൻ കഴിയാത്ത ഒരവസ്ഥയിൽ വ്യവസായം നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. കെ.എസ്.ആർ.ടി.സി. തന്നെ മാസം പ്രതി 3 കോടിയോളം രൂപ നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്നാണ് ഏകദേശ കണക്ക്. അതെല്ലാം വച്ചുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ട്രാൻസ്പോർട്ട് മേഖലയിൽ ചെലവിനനുസരിച്ച് വരുമാനം നിർണ്ണയിക്കാനുള്ള അടിയന്തിര നടപടി സർക്കാർ കൈക്കൊള്ളണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ബഹുമനപ്പെട്ട ഹൈക്കോടതി ഒരു വിധി പ്രസ്താവിച്ചത് ഇന്നത്തെ പത്രത്തിൽ കാണാൻ കഴിഞ്ഞു. അതായത്, സ്റ്റേജ് നിർണയ അപാകത പരിഹരിച്ചതിനുശേഷം മാത്രമേ ബസ് യാത്രാ നിരക്ക് പുതുക്കി
1 P.M.] നിശ്ചയിക്കാവൂ എന്ന്. ഈ വ്യവസായത്തെ കൂടുതൽ കുഴപ്പത്തിലേയ്ക്ക് തള്ളുന്നതാണ് ദൗർഭാഗ്യകരമായ ഇത്തരം അഭിപ്രായപ്രകടനങ്ങൾ. ബസ് യാത്രാ നിരക്ക് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടാകുക എന്നുപറയുന്നത് ആ വ്യവസായത്തേയും അതിലെ തൊഴിലാളികളേയും അങ്ങേയറ്റം പ്രാരാബ്ധത്തിലേയ്ക്കും ബുദ്ധിമുട്ടിലേയ്ക്കും തള്ളിവിടുന്ന അവസ്ഥയാണ്. യാത്രാനിരക്ക് കാലോചിതമായി വർദ്ധിപ്പിക്കണമെന്നുതന്നെയാണ് എന്റേയും അഭിപ്രായം. അതിന് എന്താണ് സംശയം ? യാത്രാനിരക്ക് വർദ്ധിപ്പിക്കാതെ ഈ വ്യവസായത്തിന് നിലനിൽക്കാൻ കഴിയുകയില്ല. ഇത് ഐ. എൻ. റ്റി. യു. സി. യുടെ അഭിപ്രായമാണ്. അപ്പുറത്തുള്ള എസ്. റ്റി.യു. നേതാവ് ചെർക്കളം അബ്ദുള്ള ഉൾപ്പെടെ, ഞങ്ങൾ ഉൾപ്പെടെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിലും അത് സൂചിപ്പിച്ചിട്ടുണ്ട്. വെറുതെ ആത്മവഞ്ചന നടത്തുന്നതിൽ അർത്ഥമില്ല. പ്രശ്നത്തെ യാഥാർത്ഥ്യ ബോധത്തോടുകൂടി നേരിടണം. ട്രാൻസ്പോർട്ട് മേഖലയെ പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. യെ ഈ ഗവൺമെന്റ് വന്നതിനുശേഷം കാര്യക്ഷമമാക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. വലിയ പ്രാരാബ്ധത്തിലൂടെയാണ് പോകുന്നത്. കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ ക്യാൻസലേഷനെ സംബന്ധിച്ചും ആവശ്യത്തിന് ബസ് ഇല്ലാത്തതിനെ സംബന്ധിച്ചുമൊക്കെ ധാരാളം വിമർശനങ്ങൾ പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്നു. ആ സ്ഥാപനത്തിന്റെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാതെ ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് ഓപ്പറേഷൻ നടത്താൻ കഴിയില്ല. അടിയന്തിരമായി കെ.എസ്.ആർ.ടി.സി. വികസനം നടത്താൻ ആവശ്യമായ വിഭവനം കണ്ടെത്താൻ സർക്കാർ നടപടി സ്വീകരിക്കണം. നമ്മുടെ ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിക്കുള്ളിൽ നിന്നുകൊണ്ട്, ബഡ്ജറ്ററി സപ്പോർട്ട്കൊടുക്കുന്നതിന് പരിമിതികൾ കണ്ടേക്കാം. സഹകരണ മേഖലകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും എത്രമാത്രം ഫണ്ട് സ്വരൂപിക്കാൻ കഴിയും എന്നതിനെ ആസ്പദമാക്കിക്കൊണ്ടു മാത്രമേ കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്താൻ കഴിയൂ. എക്കണോമിക് റിവ്യൂ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തിക്കൊണ്ട് പറഞ്ഞത്, നഷ്ടം വരാനുള്ള പ്രധാനപ്പെട്ട ചില കാരണങ്ങളിൽ ഒന്ന്, സാമൂഹ്യ ബാധ്യത നിറവേറ്റുന്നതിനുവേണ്ടി ലാഭകരമല്ലാത്ത റൂട്ടുകളിൽ സർവ്വീസ് നടത്തേണ്ടി വരുന്നു എന്നുള്ളതാണ്. ഇവിടെ എം. എൽ. എ. മാരുടേയും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടേയും സമ്മർദ്ധത്തിനു വഴങ്ങുന്നതും ലാഭകര മല്ലാത്ത റൂട്ടുകൾ സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സ് ഉപേക്ഷിക്കുന്നതു മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തും റൂട്ട് പെർമിറ്റ് അനുവദിക്കുന്നതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി. ക്ക് നഷ്ടം ഉണ്ടാകുന്നു. ആ വകുപ്പു കൈകാര്യം ചെയ്യുന്നവരുടേയും അതിലെ ഉദ്യോഗസ്ഥന്മാരുടേയും കൊള്ളരുതായ്മ കൊണ്ടാണ് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകുന്നതെന്ന് ചിത്രീകരിക്കുന്നത് യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല. അതുപോലെതന്നെ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടത്തെക്കുറിച്ച് മറ്റൊരു കാര്യം പറഞ്ഞു. അനാവശ്യമായ, അല്ലെങ്കിൽ അമിതമായ പലിശഭാരം. വായ്പകൾ വാങ്ങി തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം ഉണ്ടാകുന്ന പലിശഭാരം.

ശ്രീ. പി. ജെ. ജോയി : സർ, കെ.എസ്.ആർ.ടി.സി. ബസുകൾ നഷ്ടത്തിലാകുന്നത് സാമൂഹ്യ പ്രതിബദ്ധത ഏറ്റെടുക്കുന്നതുകൊണ്ടാണെന്ന് അങ്ങ് പറഞ്ഞല്ലോ. പലപ്പോഴും സ്വകാര്യ ബസ്സുകൾക്ക് പുറകിൽ മാത്രം പോവുകയും പാരലൽ സർവ്വീസുകൾ പ്രോത്സാഹിപ്പിക്കപ്പെടുകയും അത് നിയന്ത്രിക്കാൻ ഒരു നടപടിയും നടത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. ബസുകൾ നഷ്ടത്തിലാകുന്നത് എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എളമരം കരീം : മുഖ്യകാരണം അതല്ല. അങ്ങനെയുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉദാഹരിച്ചുകൊണ്ട് ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ആകെ കാര്യക്ഷമമല്ലാതെ നടക്കുന്നുവെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. എക്കണോമിക് റിവ്യൂവിൽ വളരെ പ്രധാനമായി ചൂണ്ടിക്കാണിച്ച കാരണങ്ങൾ.

a. Operation of uneconomic routes due to social obligation.

LIBRARY ARCHIVES Kerala Legislative Assembly

b. Accumulated interest burden.

c. Prohibitive maintenance cost of aged buses.

എന്നിവയാണ്. 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 329 ബസുകൾ ഇന്ന് കെ.എസ്.ആർ.ടി.സി. നടത്തികൊണ്ടുപോകുന്നു. അതുപോലെതന്നെ ഹൈ സ്റ്റാഫ് ബസ് റേഷ്യോ. 1996-നുശേഷം 1998-ലെ കണക്കെടുക്കുമ്പോൾ സ്റ്റാഫ്ബസ് റേഷ്യോയിൽ കുറവു വരുത്താൻ കഴിഞ്ഞിട്ടുണ്ട് ; കുറവു വന്നിട്ടുണ്ട്. പക്ഷെ എങ്കിൽ പോലും പ്രധാനപ്പെട്ട കാര്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ കഴിഞ്ഞ വർഷത്തെ നഷ്ടമായി കണക്കാക്കപ്പെട്ടത് 70 കോടി രൂപയാണ്. എന്നാൽ സാമൂഹ്യ ബാദ്ധ്യതകൾ നിറവേറ്റുന്നതിനു വേണ്ടി കെ.എസ്.ആർ.ടി.സി. നൽകിക്കൊണ്ടിരുന്ന വിവിധങ്ങളായ സബ്സിഡികളുടെ ഇനത്തിലുണ്ടായ നഷ്ടം ഏതാണ്ട് 100 കോടി രൂപയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാതെ കുറ്റപ്പെടുത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്, സാമ്പത്തിക പ്രയാസം പരിഹരിക്കുന്നതിന് പുതിയ വിഭവങ്ങൾ കണ്ടെത്താനുള്ള ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതോടൊപ്പം തന്നെ കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാർ അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. മോട്ടോർ വാഹന വകുപ്പിൽ ആർ. റ്റി. ഓഫീസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവരാറുണ്ട്. നേരത്തെയുണ്ടായിരുന്ന ഒരു ട്രാൻസ്പോർട്ട് കമ്മീഷണർ പോയതുകൊണ്ടാണ് ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായത് എന്നാണ് നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചത്. നേരത്തെ ഉണ്ടായിരുന്ന ട്രാൻസ്പോർട്ട് കമ്മീഷണർ ഒരു നല്ല പട്ടാളക്കാരനാകാൻ യോഗ്യനായിരുന്നു. ജനാധിപത്യ വ്യവസ്ഥയിൽ ഒരു വകുപ്പിന്റെ മേധാവിയാകാൻ അദ്ദേഹത്തെ കൊള്ളില്ല എന്നാണ് എനിക്കു പറയാനുള്ളത്. മാത്രമല്ല, ട്രാൻസ്പോർട്ട് വകുപ്പിൽ മോട്ടോർ വാഹനവകുപ്പ് ഓഫീസുകൾ അഴിമതി വിമുക്തമാക്കാനുള്ള നടപടി ശാസ്ത്രീയമാകണം ; പ്രയോഗികവുമാകണം. അവിടത്തെ ജീവനക്കാരുടെ സംഘടനകളുമായും മോട്ടോർ വാഹനവകുപ്പുമായി ബന്ധപ്പെടുന്ന ട്രാൻസ്പോർട്ട് തൊഴിലാളികളുടേയും ഓപ്പറേറ്റർമാരുടേയും സംഘനകളുമായും ചർച്ചചെയ്തുകൊണ്ട് ജനാധിപത്യ രീതിയിൽ വ്യവസ്ഥകൾ നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കണം. ഏതെങ്കിലും ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുകൊണ്ടല്ല ശാസ്ത്രീയമായി അഴിമതി തടയുന്നതും പ്രവർത്തനം കാര്യക്ഷമമാക്കുന്നതും. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചും ആവശ്യമുള്ളിടത്ത് കമ്പ്യൂട്ടറൈസേഷൻ നടത്തിയും ആധുനികവൽക്കരിച്ചുമല്ലാതെ ഒരു മേഖലയിലും അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ കഴിയില്ല. അത്തരത്തിലുള്ള ഒരു ശാസ്ത്രീയമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കെ.എസ്.ആർ.ടി.സി.യിൽ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിലെപ്പോലെ സർവ്വീസിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്ന വ്യവസ്ഥയുണ്ട്. എന്നാൽ ആക്സിഡന്റുകളിൽ അംഗവൈകല്യം വന്ന് ജീവിച്ചിരിക്കുന്നവെങ്കിലും മരണതുല്യമായ നിരവധി ജീവനക്കാരുണ്ട്. പൂർണ്ണമായും അംഗവൈകല്യം വന്ന് തീരെ ജോലിക്കു പോകാൻ കഴിയാത്ത, ലൈറ്റ്വർക്ക് കൊടുത്താൽപോലും വീട്ടിൽ നിന്നും ഇറങ്ങാൻ കഴിയാത്ത അവശരായി കഴിയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് പകരം ജോലി കൊടുക്കാൻ കഴിയാവുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി.യിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ ഒരു പുതിയ നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുകയാണ്. തൊഴിൽ മേഖലയിൽ ആശാവഹമായ ഒട്ടനവധി മാറ്റങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുണ്ട്. ഇൻഡ്യയിലെ തൊഴിൽ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പൊതുപരിതഃസ്ഥിതി കാണാതെ കേരളത്തിലെ തൊഴിൽവകുപ്പുമാത്രം ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കണമെന്നു പറയുന്നത് യഥാർത്ഥ്യബോധത്തോടു കൂടിയല്ല. ഇൻഡ്യാഗവൺമെന്റ് 1991-നുശേഷം ഇൻഡ്യയിൽ നടപ്പാക്കിയിട്ടുള്ള പുത്തൻ സാമ്പത്തിക നയങ്ങളുടെ പ്രത്യാഘാതം എല്ലാ മേഖലയേയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ആ നയത്തിനനുസൃതമായ വിധത്തിൽ തൊഴിൽ നിയമങ്ങളിൽപ്പോലും മാറ്റം വരുത്താൻ ഇൻഡ്യാഗവൺമെന്റിന്റെ തൊഴിൽ വകുപ്പ് ആവശ്യമായ നീക്കങ്ങൾ നടത്തുകയാണ്. എല്ലാ തൊഴിൽ നിയമങ്ങളും ഭേദഗതി ചെയ്യാനുള്ള ചില നിർദ്ദേശങ്ങൾ കേന്ദ്ര തൊഴിൽ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയിൽ ഡിസ്പ്യൂട്ട് ആക്ടിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കർശനമായ വ്യവസ്ഥകൾ ഒഴിവാക്കണമെന്ന നിർദ്ദേശം കേന്ദ്ര തൊഴിൽവകുപ്പ് തയ്യാറാക്കിവരുകയാണ്. അതുപോലെ ബോണസ് ആക്ടിലും സ്ത്രീ തൊഴിലാളികൾക്ക് ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന സൗകര്യങ്ങൾ നിഷേധിക്കുന്ന വിധത്തിലുള്ള ഭേദഗതികൾ വരുത്താൻ തീരുമാനിച്ചിരിക്കുകയാണ്. സ്ഥിരം തൊഴിലാളികളെ ഒഴിവാക്കി കാഷ്വൽ തൊഴിലാളികളേയും കോൺട്രാക്ട് തൊഴിലാളികളേയും കൂടുതൽ കൂടുതൽ വ്യവസായങ്ങളിൽ ഉപയോഗപ്പെടുത്താൻ സൗകര്യപ്പെടാവുന്ന വിധത്തിലുള്ള തൊഴിൽ നിയമങ്ങൾ ഉണ്ടാക്കാനുള്ള നിർദ്ദേശങ്ങളാണ് കേന്ദ്ര തൊഴിൽ വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ തൊഴിൽ വകുപ്പ് തൊഴിൽ പ്രശ്നങ്ങളോട് ശാസ്ത്രീയവും തൊഴിലാളികൾക്ക് അനുകൂലവുമായ ഒരു നിലപാട് സ്വീകരിച്ചത്. ഈ നയത്തിന്റെ ഫലമായാണ് കേരളത്തിൽ തൊഴിൽ തർക്കങ്ങൾ കുറഞ്ഞുവന്നത്. കായംകുളം പദ്ധതിയുടെ പ്രവർത്തനം റിക്കാർഡ് വേഗതയിൽ തീർന്നപ്പോൾ അത് കേരളത്തിലെ നിർമ്മാണ മേഖലയിൽ തൊഴിലാളികൾ വഹിക്കുന്ന പങ്കിനെ സംബന്ധിച്ചിടത്തോളം ഒരു റിക്കാർഡ് ആയിരുന്നു. കേരളത്തിലെ തൊഴിലാളികൾ എല്ലാ മേഖലയിലും തൊഴിൽ സ്തംഭനം ഉണ്ടാക്കുകയും അതുപോലെ തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു എന്ന ഒരു പ്രചരണമാണ് നേരത്തെ ഇവിടത്തെ പത്രങ്ങളും തൊഴിലാളി വിരുദ്ധന്മാരായ ചില ആളുകളും കേരളത്തിനു പുറത്തു മുഴുവൻ നൽകിയത്. എന്നാൽ ഇന്ന് ആ ചിത്രമാകെ മാറിവരികയാണ്. തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ തക്കസമയത്ത് ഇടപെടുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും ലേബർ വകുപ്പ് അങ്ങേയറ്റം പ്രശംസനീയമായ പങ്ക് വഹിച്ചിട്ടുണ്ട്. വൻകിട വ്യവസായ ശാലകളിലായാലും അസംഘടിത മേഖലയിലായാലും തൊഴിലാളികളുടെ കൂലി വർദ്ധനവുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിലും, ലേബർ ഡിപ്പാർട്ടുമെന്റ് അതിന്റെ കൺസിലിയേഷൻ വിംങ് ആയാലും എൻഫോഴ്സ്മെന്റ് വിംങ് ആയാലും സമഗ്രമായ നിലയിൽ തൊഴിൽ പ്രശ്നങ്ങൾ കാണാനും അതിനു പരിഹാരം ഉണ്ടാക്കാനും ശ്രമിക്കുന്നുണ്ട്. ഈ മാറ്റമാണ് കേരളത്തിലെ തൊഴിൽരംഗത്ത് സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കുന്നത്. എന്നാലും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു. അതിലൊന്ന് ട്രേഡ് യൂണിയനുകളുടെ ബാഹുല്യമാണ്. ട്രേഡ് യൂണിയനുകളുടെ ബാഹുല്യം തടയുന്നതിന് ഫലപ്രദമായ നിയമ നടപടികൾ കൊണ്ടുവരണം. ഇത് എത്രയോ കാലമായി നമ്മളിവിടെ ചർച്ച ചെയ്യാൻ തുടങ്ങിയിട്ട്. ഒരു വ്യവസായ ശാലയിൽ 10 ശതമാനം തൊഴിലാളികളുടെ പ്രാതിനിധ്യം പോലുമില്ലാത്ത ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ പേരിൽ ഒട്ടും പ്രായോഗികമല്ലാത്ത മുദ്രാവാക്യങ്ങളും ഡിമാന്റുകളും ഉന്നയിച്ച് വ്യവസായത്തെതന്നെ കുഴപ്പത്തിലാക്കുന്ന പ്രവണതകൾ പലയിടത്തും കാണാം. കാലിപ്പാട്ടയിൽ കല്ലിട്ടു കുലുക്കിയാൽ വലിയ ശബ്ദമാണ്. അതുപോലെയല്ലേ ആളില്ലാത്ത ട്രേഡ് യൂണിയനുകളുടെ ഡിമാന്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : നമ്മുടെ രാഷ്ട്രീയ പാർട്ടികളിൽ ഉണ്ടാകുന്ന പിളർപ്പുകൾ കാരണം ഓരോ പുതിയ പുതിയ പാർട്ടികൾ വരുമ്പോൾ സ്വാഭാവികമായും അതനുസരിച്ച് ട്രേഡ് യൂണിയനുകൾ രംഗത്തുവരുന്നു. അതാണ് ഒരു പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് നമുക്ക് ഇതുരണ്ടും ഒഴിവാക്കാനുള്ള മാർഗത്തെക്കുറിച്ച് ആലോചിക്കണ്ടേ ?

ശ്രീ. എളമരം കരീം : രാഷ്ട്രീയ പാർട്ടികളുടെ പേരിലായാലും, ജാതിമത പാർട്ടികളുടെ പേരിലായാലും എന്തിന്റെ പേരിലായാലും ട്രേഡ് യൂണിയനുകൾ ഭിന്നിക്കുന്നത് ആശാസ്യകരമല്ല. അതുകൊണ്ട് വ്യവസായസ്ഥാപനങ്ങളിൽ തൊഴിലാളികൾ സ്വതന്ത്രമായി യോജിപ്പോടുകൂടി ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തി ഇന്റർയൂണിയൻ റൈവൽറി ഒഴിവാക്കാൻ ആവശ്യമായ നടപടികൾ വേണമെന്നാണ് ദേശീയ ട്രേഡ് യൂണിയനുകളുടെ പൊതുവിലുള്ള അഭിപ്രായം. ഐ. എൻ. റ്റി. യു. സി. യും ആ അഭിപ്രായത്തോട് യോജിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് ആരോഗ്യകരമായ നിലയിൽ നമ്മുടെ തൊഴിൽ മേഖലയിൽ ഇന്നുള്ള ട്രേഡ് യൂണിയൻ ബാഹുല്യം തടയാനുള്ള ശക്തമായ നടപടികൾ കൊണ്ടുവരണം. എങ്കിൽമാത്രമേ ഈ അനാരോഗ്യകരമായ പ്രവണതകളെ തൊഴിൽ മേഖലയിൽ നിന്ന് ഒഴിവാക്കാൻ സാധിക്കൂ. ഇത്തരത്തിലുള്ള നിയമനിർമ്മാണം നടത്തുമെന്ന് ഗവൺമെന്റ് പലപ്പോഴും ഈ സഭയിൽ ഉറപ്പു നൽകപ്പെട്ടതാണ്. ഇനിയെങ്കിലും കാലതാമസമില്ലാതെ ഈ നിയമനിർമ്മാണം നടത്താൻ സാധിക്കണം. കേന്ദ്ര ഗവൺമെന്റാണെങ്കിൽ ഇതിലൊക്കെ വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. എ. കണാരൻ : കെ.എസ്.ആർ.ടി.സി.യിൽ ഷെഡ്യൂളിന് അനുസൃതമായി ഒരു ബസ്സിന് മൂന്നുപേർ വേണമല്ലോ. അതിന് അനുസൃതമായ തൊഴിലാളികളില്ല എന്നുള്ള വസ്തുത അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. എളമരം കരീം : കെ.എസ്.ആർ.ടി.സി.യിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 2,500 ഓളം ഡ്രൈവർമാരെ പി.എസ്.സി.യുടെ ലിസ്റ്റിൽ നിന്നും നിയമിച്ചിട്ടുണ്ട്. അതുപോലെതന്നെ കണ്ടക്ടർമാരെയും നിയമിച്ചിട്ടുണ്ട്. പക്ഷെ പി.എസ്.സി.യിൽ ലിസ്റ്റില്ലാത്തതുകൊണ്ട് ചില പോസ്റ്റുകളിൽ താൽക്കാലികമായി നിയമനം നടത്തേണ്ടിവരുന്നുണ്ട്. അടിയന്തിരമായി എല്ലാ പോസ്റ്റും ഫില്ലപ്പ് ചെയ്യത്തക്കവിധത്തിൽ പി.എസ്.സി.യുമായി ചർച്ച ചെയ്തുകൊണ്ട് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. രണ്ടാം ലേബർ കമ്മീഷൻ രൂപീകരണത്തെക്കുറിച്ച് ചില വിമർശനങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. അതിൽ ഒരൊറ്റ ട്രേഡ് യൂണിയൻ പ്രതിനിധികളുമില്ല. ആർ.എസ്.എസ്.-ന്റെ ചില പ്രമുഖന്മാരെ ഉൾപ്പെടുത്തിക്കൊണ്ടാണ് രണ്ടാം ലേബർ കമ്മിഷൻ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. അതിന്റെ ലക്ഷ്യംതന്നെ ഇന്നത്തെ ഉദാരവൽക്കരണത്തിന് സഹായകരമാകുന്ന വിധത്തിൽ ഇൻഡ്യയിലെ തൊഴിൽ അന്തരീക്ഷത്തിൽ മാറ്റം കൊണ്ടുവരിക എന്നുള്ളതാണ്. അവർ അംഗീകരിക്കാൻ പോകുന്ന നിർദ്ദേശം കേരളത്തിലെ, ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം നേടിയെടുത്തിട്ടുള്ള അവകാശങ്ങളുടെ നിഷേധമായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിന് ഫലപ്രദമായ നടപടികൾ ഒരു പ്രതിരോധം എന്ന നിലയിൽ നാം കൈക്കൊള്ളണം. ആ നിലയിൽ നോക്കുമ്പോൾ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിരവധി ക്ഷേമപദ്ധതികൾ ഈ സംസ്ഥാനത്ത് നിലവിലുണ്ട്. 31 ലക്ഷം തൊഴിലാളികൾ ഈ ക്ഷേമനിധികളിൽ അംഗങ്ങളാണ്. കേരളത്തിലെ ജനസംഖ്യയുടെ ഏതാണ്ട് മൂന്നിലൊന്ന് വരുന്ന, ഒരു കോടിയോളം ജനങ്ങൾ ഈ തൊഴിലാളി കുടുംബങ്ങളിൽ ഉൾപ്പെടുന്നു. ഇത്തരം ക്ഷേമപദ്ധതികൾ ഫലപ്രദമായി നടത്തുന്നതിനെ സംബന്ധിച്ച് സമഗ്രമായ പരിശോധന ആവശ്യമാണ്. ചില ക്ഷേമപദ്ധതികൾ തൊഴിലാളികളിൽ നിന്നും തൊഴിൽ ഉടമകളിൽ നിന്നും പിരിച്ചെടുക്കുന്ന വിഹിതവും ആ പദ്ധതികളുടെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസും തമ്മിലുള്ള അന്തരം ഇങ്ങനെ ചുരുങ്ങി ചുരുങ്ങി വരികയാണ്. എന്തെന്നുവച്ചാൽ ഭരണച്ചെലവ് വിഹിതത്തെക്കാൾ കൂടിക്കൂടിവരികയാണ്. ഇത്തരത്തിലുള്ള ക്ഷേമപദ്ധതികൾ സമാനമായ മറ്റു പദ്ധതികളുമായി ക്ലബ് ചെയ്തുകൊണ്ട് കാര്യക്ഷമമായി നടത്താൻ പറ്റുമോ എന്നുള്ളത് സംബന്ധിച്ച് ഒരു സമഗ്രമായ പരിശോധന ആവശ്യമാണ്. എങ്കിൽമാത്രമേ ക്ഷേമപദ്ധതികൾ കൊണ്ട് ഉദ്ദേശിച്ച ഗുണം ലഭിക്കൂ. അതുപോലെ ഇ. എസ്. ഐ. പദ്ധതികളെ സംബന്ധിച്ച് ഒരുവാക്ക്. ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം സംബന്ധിച്ച് കേരളത്തിൽ മൊത്തമായി ഒരു പഠനം ആവശ്യമാണെന്ന് സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി അത് സമ്മതിച്ചു. പല ഡിസ്പെൻസറികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർക്ക് ഇ.എസ്. ഐ. ഡിപെൻസറികളിൽ ആത്മാർത്ഥമായി പ്രവർത്തിക്കാൻ താൽപര്യമില്ല. ഇ. എസ്.ഐ. ഡോക്ടർമാരാവുക എന്നു പറഞ്ഞാൽത്തന്നെ ഒരു രണ്ടാം തരം ജോലിയായിട്ടാണ് കണക്കാക്കുന്നത്. അതുകൊണ്ട് അതിന് പരിഹാരമുണ്ടാകണം. മാത്രമല്ല കോഴിക്കോട് ജില്ലയിൽ ഒരു ഇ.എസ്.ഐ. ഹോസ്പിറ്റലുണ്ട്. അവിടെ എല്ലാ സംവിധാനങ്ങളുമുണ്ട്. പക്ഷെ, അവിടെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരില്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് പ്രവർത്തിക്കാനാവശ്യമായ ഉപകരണങ്ങൾ പലപ്പോഴുമില്ല. തൊഴിലാളികൾ ഇപ്പോൾ നൽകിവരുന്ന കോൺട്രിബ്യൂഷൻ ഒട്ടും മോശമല്ല. അവരുടെ ഒരു മാസത്തെ ശമ്പളത്തിന്റെ 6 ശതമാനം എന്നു പറയുമ്പോൾ ശമ്പളത്തിന്റെ അപ്പർലിമിറ്റ് വർദ്ധിച്ച സാഹചര്യത്തിൽ ധാരാളം തൊഴിലാളികൾ ഇന്ന് ഇ. എസ്. ഐ. യുടെ ലിമിറ്റിലേയ്ക്ക് വന്നിരിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ഇ. എസ്. ഐ. യുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ ഇൻഷ്വറൻസ് മെഡിക്കൽ സ്കീമിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ഇന്നത്തെ നടത്തിപ്പിനെ സംബന്ധിച്ച് ഒരു സമഗ്രമായ പഠനം ലേബർ വകുപ്പ് നടത്തിക്കൊണ്ട് എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അതേ അവസരത്തിൽ ഇൻഷർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ശ്രീചിത്ര ഉൾപ്പെടെയുള്ള ഉന്നത ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കാനാവശ്യമായ ചില നടപടികൾ, ക്രെഡിറ്റ് കാർഡ് ഉൾപ്പെടെ സംസ്ഥാന ഗവൺമെന്റ് ചെയ്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ മാറ്റങ്ങൾ കൂടി വരുത്തിയാൽ നമുക്കാവശ്യമായ നിലയിൽ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ കഴിയും എന്നുകൂടി പറഞ്ഞുകൊണ്ട് ഈ മേഖലയിൽ വളരെ ആശാവഹമായ പുരോഗതി കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഗവൺമെന്റ് കൈക്കൊണ്ട നടപടികളെ ശ്ലാഘിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രയാസകരമായ ഒരു കാലഘട്ടത്തെയാണ് ഇൻഡ്യൻ തൊഴിലാളിവർഗ്ഗം ഇന്ന് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. ജനാധിപത്യവും മതേതരത്വവും തൊഴിലവകാശങ്ങളും വെല്ലുവിളികളെ നേരിടുകയാണ്. വർഗ്ഗ താൽപ്പര്യങ്ങളുടെ ശാശ്വത ശത്രുവായ ഫാസിസം ഇൻഡ്യയുടെ മണ്ണിൽ പുനർജനിക്കുകയാണ്. ഫാസിസ്റ്റ് ഭരണത്തിൽ ഭാരതീയരുടെ മൂല്യങ്ങൾ തകർത്ത ഈ സന്ദർഭത്തിൽ തൊഴിലാളി വർഗ്ഗം അവ സരത്തിനൊത്ത് ഉയരേണ്ടിയിരിക്കുന്നു. അതിനനുസൃതമായ നിലയിൽ സംസ്ഥാന ഗവൺമെന്റ് തൊഴിലാളികളുടെ ക്ഷേമകാര്യങ്ങളിൽ വേണ്ട നടപടികൾ സ്വീകരിക്കണം. കാലഹരണപ്പെട്ട നിയമങ്ങളുടെ കുരുക്കിൽപ്പെട്ട് ഉലയുന്ന തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങൾ നിലനിൽക്കുന്ന അവസരമാണിപ്പോൾ, കാലഹരണപ്പെട്ട നിയമങ്ങൾ നിലനിൽക്കുന്നതുകൊണ്ടുതന്നെ നിരവധി പ്രശ്നങ്ങൾ തൊഴിലാളികളെ സാരമായി ബാധിക്കുകയാണ്. ഇൻഡ്യൻ ട്രേഡ് യൂണിയൻ ആക്ട് 1926-ലേതാണ്. തൊഴിലാളികളുടെ മൗലീകാവകാശങ്ങളെ ഹനിക്കുന്ന പലതും ഈ നിയമത്തിൽ കടന്നുകൂടിയിട്ടുണ്ട് എന്നുള്ളത് യാതൊരു തർക്കത്തിനും അവകാശമില്ലാത്തതാണ്. 1947-ലെ വ്യവസായ തർക്ക

LIBRARY ARCHIVES Kerala Legislative Assembly

നിയമം, വ്യവസായ വേതനം, തൊഴിൽ എന്നീ നിയമങ്ങളൊന്നും ഇതിൽ വേണ്ടത്ര പ്രതിപാദിച്ചിട്ടില്ല എന്നുള്ളത് പ്രത്യേകമായി മനസ്സിലാക്കേണ്ട കാര്യമാണ്. കൺസിലിയേഷൻ സംബന്ധിച്ച് പരിശോധിക്കാം. ഓഫീസർമാർക്ക് വ്യവസായത്തിൽ അതിന്റെ ഉടമകളെ വിളിച്ചു വരുത്താനുള്ള സാഹചര്യമില്ല. അതുപോലെ ബസുടമകളെ വിളിച്ചുചേർത്ത് അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുവാനുള്ള അവസരം വേണ്ടത്ര ഇല്ല എന്നുള്ളത് സത്യം മാത്രമാണ്. തൊഴിലാളി യൂണിയനുകളുടെ ഭാരവാഹികളെ അയോഗ്യരാക്കാൻ പോലും രജിസ്ട്രാർക്ക് അവകാശമുണ്ടെന്ന് പറയുമ്പോൾ തൊഴിലാളികളുടെ മൗലീക അവകാശം എവിടെ നിൽക്കുന്നുവെന്നുള്ളത് വലിയ കാര്യമാണ്. നമ്മുടെ ഫാക്ടറികളിൽ രാത്രികാലങ്ങളിൽ ഷിഫ്റ്റുകൾ നടത്താറുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷ നൽകുന്നതിന് നമ്മുടെ ഫാക്ടറീസ് ആക്ടിൽ വേണ്ടത്ര നടപടികളില്ല എന്നുള്ളതാണ് സത്യം. ഇനി മിനിമം വേജസിന്റെ കാര്യം. മിനിമം വേജസ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി നിലനിൽക്കുകയാണ്. മിനിമം വേജസ് ആക്ട് പുതുക്കുന്നതിൽ വരുന്ന കാലതാമസം തൊഴിലാളികളെ സാരമായി ബാധിക്കുകയാണ്. തൊഴിലാളികളുടെ ജീവിതസൂചികയുടെ വർദ്ധനവിനനുസരിച്ച് ന്യായമായ വേതനം കിട്ടുന്നില്ല. 5 വർഷം കൂടുമ്പോൾ മിനിമം വേതനം പുതുക്കണമെന്നാണ് നിയമം. പക്ഷെ പത്തും പതിനഞ്ചും വർഷങ്ങൾ കഴിഞ്ഞാൽപ്പോലും സർക്കാർ മിനിമം വേജസ് പുനർനിർണ്ണയിക്കുന്ന കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. അതുകൊണ്ട് വേജസ് പുതുക്കി നിശ്ചയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തൊഴിലാളികളെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിരമായും നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കാൻ രൂപീകരിച്ച കമ്മിറ്റികൾ കൂടാറില്ല അതൊരു അലങ്കാരമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ മിനിമം വേജസിനെ സംബന്ധിച്ച് ആലോചിക്കാനും കഴിയുന്നില്ല. അപ്പോൾ തൊഴിലാളികളെയാണ് അത് ബാധിക്കുന്നത്. വ്യവസായ തർക്കമുണ്ടായാൽ അത് പരിഹരിക്കാൻ കഴിയാത്ത സ്ഥിതി ഇന്നുണ്ട്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് കാലോചിതമായി പരിഷ്ക്കരിക്കാത്തതുകൊണ്ട് തൊഴിലാളികൾ ഏറെ പ്രയാസമനുഭവിക്കുകയാണ്. കോടതിയെ സമീപിച്ചാൽ ഉണ്ടാകാവുന്ന പ്രയാസം എന്തെന്നാൽ കോടതി ഏതെങ്കിലും വിഷയം സംബന്ധിച്ച് തീരുമാനമെടുക്കണമെങ്കിൽ ആളു മരിച്ചാൽ പോലും തീരുമാനം വരികയില്ല എന്നതാണ് സത്യം. അപ്പോൾ ഇക്കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുന്നതിന് തയ്യാറാകണം. പലസ്റ്റേറ്റുകളും ഇതുസംബന്ധിച്ച് തീരുമാനങ്ങളെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസ്പ്യൂട്ട് സംബന്ധിച്ച് പരിഹരിക്കാൻ കഴിയാത്ത പ്രധാനപ്പെട്ട പ്രശ്നം ഡി.എൽ.ഒ. മാർ പല ജില്ലകളിലുമില്ല എന്നതാണ്. അതുകൊണ്ട് പലപ്പോഴും തൊഴിലാളികളുടെ പ്രശ്നങ്ങൾ സമയത്ത് പരിഹരിക്കാൻ കഴിയുന്നില്ല. ഞാൻ കേട്ടത് ശരിയാണെങ്കിൽ കോഴിക്കോട് കുറേ മാസങ്ങളായി ഡി.എൽ.ഒ. ഇല്ല. അദ്ദേഹം ഇന്നലെ രാവിലെ ചാർജ്ജെടുത്തു ; വൈകുന്നേരം ലീവെടുത്തുപോയി എന്നാണറിയുന്നത്. ഈ കാര്യമെല്ലാം ഗൗരവമായി കാണാൻ ഗവൺമെന്റ് തയ്യാറാകണം. ഇന്ന് ചില സ്റ്റാൻഡിംഗ് ഓർഡേഴ്സുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ ആ പ്രശ്നങ്ങളിൽ മാനേജ്മെന്റിൽ നിന്ന് ഡൊമസ്റ്റിക് എൻക്വയറി നടത്തി പിരിച്ചുവിടാൻപോലും അധികാരം നൽകുന്ന ചില പ്രതിസന്ധികൾ കടന്നുകൂടിയിട്ടുണ്ട്. അതിൽ മാറ്റം വരുത്തണം. ഇങ്ങനെ പല നിയമങ്ങളും തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയാണ്. സർക്കാർ ഇക്കാര്യത്തിൽ താൽപ്പര്യമെടുത്തുകൊണ്ട് തൊഴിലാളികളെ സംരക്ഷിക്കുകയും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാറ്റം നിർദ്ദേശിക്കുവാൻ നിയമത്തിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ തോത് നിശ്ചയിച്ചുകൊണ്ട് ബോണസ് നൽകുവാൻ തീരുമാനിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സ്ഥിതി എന്താണ് ? പൊതുകാര്യത്തിനുവേണ്ടി കാര്യക്ഷമമായി പ്രവർത്തനം നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഇത് തെളിയിക്കുന്നത്. തൊഴിലാളികളോട് വിവേചനം കാണിച്ചിരിക്കുന്നു എന്നുള്ള പരാതി ഭൂരിഭാഗം ജനങ്ങളിലും ഉയർന്നുവരുകയാണ്. ഇ.എസ്.ഐ. ആശുപത്രികളുടെ കാര്യം ഇവിടെ പറഞ്ഞു. ആ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഡോക്ടർമാരുടെ അഭാവമുണ്ട് ; ആശുപത്രികളിൽ സൗകര്യവും കുറവാണ്. അതിന് പുറമേ ഡോക്ടർമാർ ഉണ്ടായാൽപോലും നമ്മുടെ ഇ.എസ്.ഐ. ആശുപത്രികളിൽ മരുന്നില്ല. ആറ് മാസത്തിലൊരിക്കലാണ് മരുന്ന് വിതരണം ചെയ്യുന്നത്. ആറുമാസത്തിൽ ഒരിക്കൽ വിതരണം ചെയ്താൽ രോഗിക്ക് അസുഖം തീർന്നില്ലെങ്കിൽ എന്തു ചെയ്യും ? തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്. ഐ.ആർ.സി.യുടെ സ്ഥിതിയും ഇതുപോലെ തന്നെയാണ്. ഇൻസ്ട്രിയൽ റിലേഷൻ കമ്മിറ്റിയിൽ മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിൽ കർമ്മപരമായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഐ.ആർ.സി. യുടെ യോഗം കൃത്യമായി കൂടുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. സംസ്ഥാനത്ത് വ്യവസായനയവും തൊഴിൽ നയവും ഇല്ല. മൂന്നു വർഷക്കാലമായി ഈ ഗവൺമെന്റ് ഭരണം തുടങ്ങിയിട്ട്. തൊഴിലില്ലായ്മയും അതിന്റെ പ്രാധാന്യവും ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് കൂടിയാലോചന പോലും നടത്തുവാൻ ഇതുവരെ തയ്യാറായിട്ടില്ല എന്നത് ഒരു സത്യം മാത്രമാണ്. ദേശീയ വേതന നയത്തെക്കുറിച്ച് വളരെ വർഷങ്ങളായി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ദേശീയ വേതനനയം ഇല്ലാത്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ കയർ, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങൾ അയൽ സംസ്ഥാനങ്ങളിലേക്ക് പറിച്ചുനടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് ദക്ഷിണേൻഡ്യൻ സംസ്ഥാനങ്ങൾക്ക് വേണ്ടി ഒരു ഏകീകൃത വേതന നയം വേണമെന്ന ആവശ്യം തുടങ്ങിയതാണ്. തമിഴ്നാട്ടിൽ എം. ജി. ആർ. മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് ഇതിന് തുടക്കം കുറിച്ചത്. അന്ന് ദക്ഷിണേൻഡ്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ വിളിച്ചുചേർത്ത് ഈ കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്തു. പക്ഷെ നടപടി എങ്ങും എത്തിയിട്ടില്ല എന്നുള്ളത് ഒരു സത്യം മാത്രമാണ്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ പ്രശ്നമാണ്. അവരുടെയും കുടുംബത്തിന്റെയും നിലനിൽപ്പിന്റെ പ്രശ്നമാണ്. ദക്ഷിണേൻഡ്യയിലെ മുഖ്യ മന്ത്രിമാരുടെ ഒരു സമ്മേളനം വിളിച്ചു ചേർക്കുന്നതിന് ബഹുമാനപ്പെട്ട നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് യൂണിയൻ സംബന്ധിച്ച് ഇവിടെ പറഞ്ഞു, ചെറിയ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകിയാൽ ഉണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ച് അപ്പുറത്തുള്ളവർ പറഞ്ഞു. ഒരു വ്യവസായ സ്ഥാപനത്തിൽ ഏഴ് തൊഴിലാളികൾ ഉണ്ടെങ്കിൽ അവിടെ സംഘടിക്കുവാനുള്ള അധികാരം ഇൻഡ്യയിൽ നൽകിയിരിക്കുന്നു. തൊഴിലാളികൾ എത്ര ഉണ്ടെങ്കിലും അവർക്ക് സംഘടിക്കുവാനും അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനും അവരുടെ അവകാശങ്ങൾ നേടി എടുക്കുവാനുമുള്ള സാഹചര്യമുണ്ടാക്കണം. ട്രേഡ് യൂണിയൻ ബില്ല് കൊണ്ടുവന്നിട്ട് 20 വർഷമായി. ആ ബില്ല് ഇപ്പോൾ എവിടെ പോയി ? ഒരു സ്ഥാപനത്തിലെ 15 ശതമാനം തൊഴിലാളികളെങ്കിലും ഉണ്ടായിരിക്കണമെന്ന നിഷ്ക്കർഷയോടുകൂടി കൊണ്ടുവന്ന ബില്ലാണ്. 20 വർഷമായിട്ടും നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യമാണ് ഇവിടെയുള്ളത്. 20 വർഷമായിട്ടും നടപ്പിലാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ് ? തൊഴിലാളി സംഘടനകളുടെ എതിർപ്പുമൂലമാണ് നടപ്പിലാക്കുവാൻ കഴിയാത്തതെന്ന് ഞാൻ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ മത്സ്യ വിതരണ തൊഴിലാളികളടക്കം വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയുണ്ട്. ക്ഷേമനിധി വ്യാപകമാക്കുന്നതിനും എല്ലാപേർക്കും ക്ഷേമനിധിയിൽ അംഗത്വം ലഭ്യമാക്കുന്നതിനും ആവശ്യമായ അവസരം ഉണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം. ചുമട്ടുതൊഴിലാളി നിയമം ഈ സംസ്ഥാനത്തുണ്ട്. പക്ഷെ അത് ചിലയിടങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന നിയമമായി മാറിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും അത് വ്യപാകമാക്കുന്നതിനുവേണ്ടി തയ്യാറാകണം. ക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്റ്റാഫിന്റെ അപര്യാപ്തത തൊഴിലാളികളെ ബാധിക്കുന്നു. സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകണം. പലക്ഷേമ പദ്ധതികളും ലക്ഷ്യം കാണാതെ പോവുകയാണ്. ഞാൻ വനം വകുപ്പിലെയും ട്രാൻസ്പോർട്ട് വകുപ്പിലെയും കാര്യങ്ങളിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. വനം വകുപ്പ് കാര്യക്ഷമമാക്കണം. വനം വകുപ്പിന്റെ ജില്ലാതല ഓഫീസ് കാസർഗോട് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വർഷങ്ങളായി പരിഗണനയിലിരിക്കുകയാണ്. അത് അടിയന്തിരമായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ട്രാൻസ്പോർട്ട് രംഗത്തെ പ്രശ്നം വേറെയാണ്. പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് നിരവധി തവണ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. കെ.എസ്.ആർ.ടി.സി. കാസർഗോട് ഡിപ്പോയിലേയ്ക്ക് ആവശ്യമായ ബസ് അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. ആ ബസ്സുകൾ അടിയന്തിരമായി എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ബസ്സുകൾ ഓടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. അത് നേരത്തെ സ്വീകരിച്ചതാണ്. ഇത് പ്രായോഗികമായി നടപ്പിലാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാസർഗോടുനിന്നും തിരുവനന്തപുരത്തേയ്ക്ക് ഒരു ഹൈടെക് ബസ് സർവ്വീസ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രഖ്യാപിച്ചതാണ്. പക്ഷെ ഇതുവരെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. വാഹനനികുതിയെ സംബന്ധിച്ച്, ഇപ്പോൾ കാറുകൾക്ക് ഈടാക്കുന്നത് ലൈഫ് ടാക്സാണ്. ഇതു ബ്ലേഡ് കമ്പനികളുടെ പണിയാണ്. ഒരു അംബാസിഡർ കാറിന് 19,800 രൂപയാണ് ലൈഫ് ടാക്സ് വാങ്ങുന്നത്. എന്തിന് അങ്ങനെ വാങ്ങുന്നു ? ഒരു പുതിയ കാറ് വാങ്ങിയാൽ ഒന്നുരണ്ടുവർഷം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഉപയോഗിക്കാറുള്ളൂ. അതുകൊണ്ട് ലൈഫ് ടാക്സ് വാങ്ങുന്ന നടപടി അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ തൊഴിൽ മേഖലയെ സംബന്ധിച്ച് ഇവിടെ എല്ലാപേരും പരാമർശിക്കുകയുണ്ടായി. ശാന്തമായ ഒരു തൊഴിൽ മേഖലയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. ഒരു കാലത്ത്, കേരളത്തിലെ തൊഴിൽ രംഗത്ത് ധാരാളം കുഴപ്പങ്ങളുണ്ട്, തൊഴിൽ പ്രശ്നങ്ങളുണ്ട്, അതുകൊണ്ട് കേരളത്തിൽ വ്യവസായങ്ങൾക്ക് വളരാൻ കഴിയുകയില്ല എന്നുള്ള അഭിപ്രായം ഉണ്ടായിരുന്നുവെങ്കിൽ അതിനെല്ലാം വിപരീതമായി കേരളത്തിലെ തൊഴിൽ രംഗത്തെ ശാന്തമാക്കിക്കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞു എന്നുള്ളത് വളരെ അഭിമാനത്തോടുകൂടി പറയുവാൻ കഴിയുന്ന കാര്യമാണ്. 15 മേഖലകളിൽ ഈ ഗവൺമെന്റ് വന്നതിനു ശേഷം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള തീരുമാനം എടുക്കുകയുണ്ടായി. കൂടാതെ 21 മേഖലകളിൽക്കൂടി കൂലി പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട വളരെ ഗൗരവമായ ചില പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഈ കാര്യം വളരെ ഗൗരവത്തോടുകൂടി നോക്കിക്കാണണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ 3 ലക്ഷം തോട്ടം തൊഴിലാളികൾ സമരത്തിന്റെ വക്കിലാണ്. ശമ്പള കരാറിന്റെ കാലാവധി കഴിഞ്ഞിട്ട് മാസങ്ങളായി. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഈ സമ്മേളനത്തിലും ലേബർ കമ്മീഷണർ കൺവീനർ ആയുള്ള പ്ലാന്റേഷൻ ത്രികക്ഷി സമിതി ഈ കാര്യം ചർച്ച ചെയ്ത് പരിഹരിക്കുവാൻ നിർദ്ദേശം നൽകിയതായി പ്രസ്താവിച്ചിട്ടുണ്ട്. ത്രികക്ഷി സമിതിയിൽ നടക്കുന്ന ചർച്ച വിലയിരുത്തിയാൽ എന്തെങ്കിലും പ്രശ്നങ്ങൾ പി. എൽ. സി. ചർച്ചയിൽക്കൂടി പരിഹരിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തോട്ടം തൊഴിലാളി രംഗത്ത് മിനിമം വേജസ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സർ, കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് പെൻഷൻ സ്കീം ആരംഭിക്കുന്നതിനുമുൻപ് റിട്ടയർ ചെയ്ത് ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. പാവപ്പെട്ട തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കണം. കൂടുതലല്ലെങ്കിലും അവർക്കുകൂടി ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഇന്ന് വനത്തിന്റെ നിലനിൽപ്പ് എന്നുപറയുന്നത് മനുഷ്യന്റെ നിലനിൽപ്പാണ്. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടു മാത്രമേ നമുക്ക് മുന്നോട്ടു പോകുവാൻ കഴിയുകയുള്ളൂ. നമ്മുടെ വനമേഖലയെ ജനകീയ പങ്കാളിത്തത്തോടുകൂടി സംരക്ഷിച്ച് മുന്നോട്ടു കൊണ്ടുപോകുക എന്നുള്ള നയമാണ് കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ വനമേഖലയുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വനമേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഇന്ന് പണിയില്ലാത്ത സാഹചര്യമുണ്ട്.

സർ, 1980-ലെ കേന്ദ്രവന സംരക്ഷണ നിയമം വന്നശേഷം മണലും പാറയുമെടുക്കുന്ന ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. സുപ്രീംകോടതിയുടെ 12-12-1996-ലെ ഉത്തരവു അതാണു കാണിക്കുന്നത്. മണൽ നീക്കം ചെയ്യണമെങ്കിൽ, വനത്തിൽ നിന്ന് പാറ നീക്കം ചെയ്യണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിക്കണമെന്നുള്ള നിലയ്ക്കുള്ള സുപ്രീകോടതി ഉത്തരവുണ്ട്. കേരളാ ഗവൺമെന്റ് 1980-നു മുമ്പ്, അതായത് വന സംരക്ഷണ നിയമം വരുന്നതിനു മുൻപ് ഉണ്ടായിരുന്ന ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ആ അവസരത്തിൽ ഇടപെട്ടുകൊണ്ട് ഉത്തരവു പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അതു പിൻവലിക്കുകയുമുണ്ടായി. അതുകൊണ്ടുതന്നെ നമ്മുടെ വനമേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ ഇന്ന് വലിയ പ്രതിസന്ധിയിലൂടെ കടന്നുപ്പോയ്ക്കൊണ്ടിരിക്കുകയാണ്. കാലടി, തിരുവനന്തപുരം, റാന്നി, തെന്മല, ചാലക്കുടി തുടങ്ങിയ ഫോറസ്റ്റ് ഡിവിഷനുകളിലുള്ള മണൽ, പാറ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുവാദം കിട്ടുന്നതിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് അഭ്യർത്ഥന നടത്തിയിട്ടുണ്ട്. അതിൽ ചാലക്കുടി ഡിവിഷനിൽ മാത്രമാണ് മണൽ വാരുന്നതിനും പാറ പൊടിക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുള്ളത്. ഈ കാര്യത്തിൽ മറ്റു ഡിവിഷനുകൾക്കു കൂടി ഈ അനുമതി നേടിയെടുത്തുകൊണ്ട് നമ്മുടെ വനമേഖലയിലെ തൊഴിലാളികൾക്ക് ജോലി ഉറപ്പു വരുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ഈ വിഷയം ഉന്നയിച്ചുകൊണ്ട് തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ സമരങ്ങൾ നടക്കുകയുണ്ടായി. എ.ഐ.ടി.യു.സി. യുടെ നേതൃത്വത്തിൽ കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുന്ന അവസരത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ മാർച്ച് നടത്തുകയുണ്ടായി. ഞാൻ തന്നെ ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. വീണുകിടക്കുന്ന മരങ്ങളുടെ കാര്യം, സെലക്ഷൻ ഫെല്ലിംഗിന്റെയോ ക്ലിയർ ഫെല്ലിംഗിന്റെയോ കാര്യം പോകട്ടെ, വനങ്ങളിൽ വീണുകിടക്കുന്ന കോടിക്കണക്കിന് രൂപയുടെ തടികൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അതുശേഖരിക്കാത്തതുമൂലം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നു എന്നുള്ളതു മാത്രമല്ല, കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഗവൺമെന്റിനുണ്ടായിക്കൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ തന്നെ കുളത്തൂപ്പുഴ വനമേഖലയിൽ കോടിക്കണക്കിന് രൂപയുടെ തടിയാണ് നശിച്ചുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടി ഒരു വർക്കിംഗ് പ്ലാൻ കേരളാ ഗവൺമെന്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അതിനു അനുമതി കിട്ടിയിട്ടില്ല. അനുമതി കിട്ടുമെന്നുള്ള നിലയിൽ പ്രതീക്ഷിച്ചു നിന്നാൽ അനുമതി കിട്ടുന്നതു വൈകിപ്പോകുമെന്ന കാര്യത്തിൽ തർക്കമില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഇതു വളരെ പ്രയാസകരമായ ഒരു കാര്യമാണ്. അവർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകും. കൂടാതെ ഗവൺമെന്റിന് വരുമാന നഷ്ടവുമുണ്ടാകും. അക്കാര്യം പരിഗണിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ആ വർക്കിംഗ് പ്ലാൻ അംഗീകരിപ്പിച്ചുകൊണ്ട് വനമേഖലയിൽ നിലനിൽക്കുന്ന തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റ് സത്വരമായ നടപടികൾ സ്വീകരിക്കണം. വനമേഖലയിലെ കാര്യം സൂചിപ്പിക്കുമ്പോൾ വനത്തിന്റെ സംരക്ഷണം ആവശ്യമാണ്. വന്യമൃഗങ്ങളുടെ സംരക്ഷണവും ആവശ്യമാണ്. ഈ കാര്യങ്ങൾ മുൻനിർത്തിയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ വന മേഖലയുമായി ബന്ധപ്പെട്ട് കൃഷി ചെയ്യുന്ന കർഷകരുടെ കാര്യം കൂടി പരിഗണിക്കേണ്ടതുണ്ട്. ഇത് നിയമ സഭയിൽ പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ആ കർഷകരെ സംബന്ധിച്ചിടത്തോളം, അവരുടെ കൃഷികൾ വന്യമൃഗങ്ങൾ നശിപ്പിക്കുന്നതു നോക്കിനിൽക്കേണ്ട ഗതികേടിലാണ് ഈ മേഖലയിലെ കർഷകർ. വന്യമൃഗങ്ങളുടെ ആക്രമണത്തിനും അവർ ഇരയാകുന്നു. അങ്ങനെ നഷ്ടമുണ്ടാകുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഈ സമ്മേളനത്തിൽ സഭയിൽ വന്ന ഒരു ചോദ്യത്തിനു മറുപടിയായി ഇത്തരം നഷ്ട പരിഹാരം കൊടുക്കുന്നതിനുവേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ആലോചിക്കുമെന്നു സൂചിപ്പിക്കുകയുണ്ടായി. അതു സ്വാഗതാർഹമായിട്ടുള്ള തീരുമാനമാണ്. നഷ്ടമുണ്ടാകുന്ന കർഷകർക്ക് മതിയായ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് അവർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെ കർഷകരുടെ ആശങ്കകൾ അകറ്റാൻ കഴിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വനമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മസ്ദൂർ വാച്ചർമാരുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. 1984 മതുൽ സോഷ്യൽ ഫോറസ്ട്രിയിൽ ജോലി ചെയ്യുന്ന മസ്ദൂർ വാച്ചർമാരുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായി സർക്കാർ കണക്കിലെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്ലാന്റേഷന്റെ അടങ്കൽ തുകയും മസ്ദൂർ വാച്ചർമാരുടെ ശമ്പളവും ഒരുമിച്ചാണ് ഇപ്പോൾ നൽകുന്നത്. അതുകൊണ്ടുതന്നെ ഒരു മാസത്തിൽ 30 ദിവസവും ജോലി ചെയ്യുന്ന മസ്ദൂർ വാച്ചർമാരെ സംബന്ധിച്ച് അവർക്ക് 20-22 ദിവസത്തെ ശമ്പളം മാത്രമാണ് ലഭിക്കുന്നത്. ആ തൊഴിലാളികൾ അർദ്ധപട്ടിണിയിലാണ്. അവർ ജോലി ചെയ്യുന്നതനുസരിച്ചുള്ള വരുമാനം അവർക്കു കിട്ടുന്നില്ല. അതു കിട്ടണമെങ്കിൽ പ്ലാന്റേഷൻ അടങ്കൽ തുകയും വാച്ചർമാർക്ക് ശമ്പളമായി കൊടുക്കുന്ന തുകയും ഒരുമിച്ചു നൽകാതെ വാച്ചർമാർക്ക് ശമ്പളമായി കൊടുക്കുന്ന തുക പ്രത്യേകമായി നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കേണ്ടതുണ്ട്. അവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം കൂടി ആലോചിക്കണം. മസ്ദൂർ വാച്ചർമാർ വനമേഖലയിൽ വനത്തിന്റെ സംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കുമ്പോൾ കാട്ടുകള്ളൻമാരുടെയും വന്യമൃഗങ്ങളുടെയും ആക്രമണത്തിന് ഇരയായി അവരുടെ ജീവൻപോലും നഷ്ടപ്പെടുന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെ മരണപ്പെടുന്നവരുടെ ആശ്രിതർക്ക്, അല്ലെങ്കിൽ അക്രമത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം പോലും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാത്ത സാഹചര്യമുണ്ട്. അക്കാര്യംകൂടി പരിഗണിച്ചുകൊണ്ട് സോഷ്യൽ ഫോറസ്ട്രിയിലും മറ്റ് റെയിഞ്ചുകളിലുമൊക്കെ എത്രത്തോളം മസ്ദൂർ വാച്ചർമാർ പണിയെടുക്കുന്നുണ്ടോ അവരുടെയെല്ലാം ഒരു ലിസ്റ്റ് പ്രദ്ധീകരിച്ചുകൊണ്ട് അർഹരായിട്ടുള്ളവർക്ക് ജോലി സ്ഥിരത നൽകുന്ന കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒട്ടേറെ പ്രശ്നങ്ങളെ നേരിടുന്ന ഒരു പ്രസ്ഥാനമാണത്. യാത്രക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.ക്ക് മുന്നോട്ടു പോകാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണം. ഇവിടെ പലരും പാരലൽ സർവ്വീസിന്റെ കാര്യം പറയുകയുണ്ടായി. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അതു നമുക്കറിയാവുന്ന കാര്യമാണ്. പാരലൽ സർവ്വീസുകൾ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയണം. ഇപ്പോൾ ഷെഡ്യൂൾ ക്യാൻസലേഷന്റെ കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. 20-25 ശതമാനം ബസ് സർവ്വീസുകളാണ് ഇപ്പോൾ ക്യാൻസൽ ചെയ്തുകൊണ്ടിരിക്കുന്നത്. പുതിയ ബസ്സുകൾ കൂടുതൽ വേണമെന്നുള്ളത് ആവശ്യമാണ്. അതല്ലാതെ തന്നെ ചെറിയ ചെറിയ സ്പെയർ പാർട്ട്സുകൾ ഇല്ലാതെ ഗ്യാരേജുകളിൽ കിടക്കുന്ന വാഹനങ്ങൾ നിരവധിയാണ്. അത്തരം വാഹനങ്ങൾ കണ്ടെത്തി ആവശ്യമായ സ്പെയർ പാർട്ട്സുകൾ കൊടുത്ത് നിലിവിലുള്ള, ഗ്യാരേജിൽ കിടക്കുന്ന ബസ്സുകളിറക്കാൻ കഴിഞ്ഞാൽ കൂടുതൽ സർവ്വീസുകൾ ഓടിക്കാൻ കഴിയും. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് പുതിയൊരു തീരുമാനം വന്നിരിക്കുകയാണ്. ദേശസാൽകൃത റൂട്ടുകളിലെ സ്വകാര്യ ബസ്സുകൾ പിൻവലിച്ചുകൊണ്ട് അവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാമെന്നുള്ള നിലയ്ക്ക് ഗവൺമെന്റ് പല സ്വകാര്യ പെർമിറ്റുകളും റദ്ദാക്കിക്കൊണ്ട് തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ ഗവൺമെന്റ് ആഗ്രഹിച്ചതുപോലെ സ്വകാര്യപെർമിറ്റുകൾ നിഷേധിച്ച സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാൻ കഴിയുന്നില്ല എന്ന പ്രശ്നമുണ്ട്. സ്വകാര്യ ബസ്സുകളുടെ പെർമിറ്റുകൾ പിൻവലിച്ചാൽ അവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാൻ കഴിഞ്ഞാൽ അതു നല്ലതാണ്. ജനങ്ങൾ അതിനെ സ്വാഗതം ചെയ്യും. എന്നാൽ സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് പിൻവലിക്കുകയും അവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടാകുകയും ചെയ്താൽ യാത്ര വളരെയധികം ബുദ്ധിമുട്ടായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അത് അങ്ങേയ്ക്കും അറിയാവുന്ന ഒരു വിഷയമാണ്. നല്ല രീതിയിൽ കാര്യങ്ങൾ ചെയ്തുകൊണ്ട്, ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ടിയുള്ള വളരെ ആസൂത്രിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കി മുന്നോട്ടു പോകാൻ തീരുമാനമെടുത്തിരിക്കുകയാണ്. ഞങ്ങൾ എന്തും ചെയ്യും. ആർ

LIBRARY ARCHIVES Kerala Legislative Assembly

എന്തു പറഞ്ഞാലും ഞങ്ങൾക്ക് അതു പ്രശ്നമല്ല എന്നൊരു സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് പലപ്പോഴും ഗവൺമെന്റ് വക്താക്കളായിട്ടുള്ള ആളുകളുടെ സംസാരത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നു. ഞാൻ പ്രധാനമായി രണ്ടു കാര്യങ്ങൾ മാത്രമേ ഇവിടെ പറയുന്നുള്ളൂ. അതു ഞാൻ എഴുതിത്തരുകയും ചെയ്തിട്ടുണ്ട്.

ഒന്ന്, വയനാട് താലൂക്കിൽ വേഗൂർ റെയിഞ്ചിൽ 1988 മുതൽ 1995 വരെയുള്ള കാലയളവിൽ സർക്കാരിന്റെ ഭൂമി ബ്രഹ്മഗിരി എസ്റ്റേറ്റിനോട് ചേർത്തുകൊടുത്ത ഒരു വിഷയമുണ്ട്. 300 ഏക്കറോളം സ്ഥലം അങ്ങനെ വിട്ടു കൊടുത്തിട്ടുണ്ട്. കോടിക്കണക്കിന് രൂപയുടെ തടി വെട്ടിമാറ്റാനുള്ള സൗകര്യം അവിടെ ചെയ്തുകൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച്, ആക്ഷേപങ്ങൾ വന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതിനൊരു എൻക്വയറി ഓർഡർ ചെയ്തു. ആ എൻക്വയറിയെത്തുടർന്ന് ശ്രീ. കെ.കെ. ശ്രീവാസ്തവ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. ആ റിപ്പോർട്ടാണ് ഇപ്പോൾ എന്റെ കൈയിലുള്ളത്. അതിൽ പറഞ്ഞിരിക്കുന്നു However there is Prima face case of serious lapses on the part of officials as described in above paras, and they deserve disciplinary action against them അതിനുശേഷം അദ്ദേഹം 9 പേരുടെ പേരുപറഞ്ഞിട്ടുണ്ട്. സർവ്വശ്രീ. കെ. നാരായണൻകുട്ടി നായർ, കെ. വി. കുഞ്ഞബ്ദുള്ള, ജയരാജൻ, അബ്ദുള്ള, വിജയൻ, പത്മനാഭൻ, മുഹമ്മദ്, പത്മനാഭൻ നായർ, ജ്യോതി പ്രകാശ്, അതിൽ മൂന്നുപേർ റിട്ടയർ ചെയ്തു. ബാക്കിയുള്ളവർ സർവ്വീസിലുണ്ട്. ഇവർക്കെതിരായി നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഈ സഭയിൽ പറഞ്ഞുവെങ്കിലും ഇപ്പോൾ മനസ്സിലാക്കുന്നത് വീണ്ടും ഒരു എൻക്വയറിക്ക് ഓർഡർ ചെയ്തിരിക്കുകയാണെന്നാണ്. ഇത് ആരെ രക്ഷിക്കാനാണ് ? കോടിക്കണക്കിന് രൂപയുടെ തിരിമറി നടന്ന, വളരെ സ്പെസിഫിക്കായി തെളിയിക്കപ്പെട്ട ഒരു കേസിൽ ഇനിയും എൻക്വയറി എന്നുപറയുമ്പോൾ അതിന്റെ പിന്നിൽ ഒട്ടേറെ ചീഞ്ഞുനാറുന്ന കഥകൾ കേൽക്കുന്നുണ്ട്. ഞാൻ ആ കാര്യം അവിടെ വിടുകയാണ്. അപ്പോൾ സർക്കാർ ഭൂമി അനധികൃതമായി ഒരു സ്വകാര്യ എസ്റ്റേറ്റ് ഉടമയ്ക്ക് നൽകിയതിന്റെ പേരിൽ നടന്ന അഴിമതിയെ സംബന്ധിച്ച് നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. സർക്കാർ തയ്യാറാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ആളുകൾ, അല്ലെങ്കിൽ മന്ത്രി അടക്കമുള്ള ആളുകൾ അതിനെ പിന്താങ്ങുന്നു എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. അതുപോലെതന്നെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ വളരെയധികം.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ എഴുതി കൊടുത്തു എന്നിവിടെ പറഞ്ഞു. ചെയറിന് അത് കിട്ടിയിട്ടില്ല. എഴുതിക്കൊടുത്തിരിക്കുന്നത് കുളത്തൂപ്പുഴ റേഞ്ചിനെക്കുറിച്ചാണ്..(ബഹളം)... ചെയറിന് എഴുതിക്കൊടുത്തിരിക്കുന്നു എന്ന് അങ്ങ് പ്രസംഗിച്ചതുകൊണ്ട് തിരുത്ത് എന്നുള്ള രീതിയിലാണ് ഞാനിത് പറയുന്നത്. എഴുതിക്കൊടുത്തിരിക്കുന്നതിൽ കുളത്തൂപ്പുഴ റേഞ്ചിന്റെ കാര്യം മാത്രമേയുള്ളൂ....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, അതുമായി ബന്ധപ്പെട്ട ഫോറസ്റ്റിന്റെ കാര്യം തന്നെയാണ് ഞാനിവിടെ പറഞ്ഞത്. അതിലേയ്ക്ക് തന്നെയാണ് വരുന്നത്. ഇതൊരു പബ്ലിക് ഡോക്യുമെന്റാണ്...(ബഹളം)... വർക്കിംഗ് അറേഞ്ചുമെന്റിലെ സ്ഥലം മാറ്റം, അതുപോലെതന്നെ ആർ.ടി.ഒ.മാരെ സ്ഥലം മാറ്റിയതു സംബന്ധിച്ചും പെൻഷൻ പറ്റാൻ ഏതാനും ആഴ്ചകൾ മാത്രമുള്ളപ്പോൾ ആളുകളെ സ്ഥലംമാറ്റിയെന്നു പറഞ്ഞ് ഒട്ടേറെ കേസുകളും നിൽക്കുന്നു. ഇപ്പോൾ ഞാനിവിടെ എഴുതികൊടുത്ത പ്രധാനപ്പെട്ട സംഗതി നിയമസഭയിൽ നൽകിയിട്ടുള്ള ചില മറുപടികളുടേയും ചില രേഖകളുടേയും അടിസ്ഥാനത്തിലാണ് ഞാൻ വനം വകുപ്പുമന്ത്രിയുടേയും അതുപോലെതന്നെ മുഖ്യമന്ത്രിയുടേയും പേരിൽ ആരോപണമുന്നയിക്കുന്നത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ... റൂൾ 285-ൽ പറയുന്നത് No allegation of defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned.... I emphasise that word 'concerned'. So that the minister may be able to make an investigation into the matter for the purpose of reply: ചീഫ് മിനിസ്റ്റർക്കെതിരായിട്ട് ആരോപണം വന്നു. In his absence where he has no way to investigate and reply....(ബഹളം).... ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോടാണ് ചോദിക്കുന്നത്. I want a Ruling ഇന്ന് അദ്ദേഹത്തിന്റെ ദിവസമല്ല. അദ്ദേഹത്തിനെതിരായി ആരോപണമുന്നയിച്ചാൽ അദ്ദേഹത്തിന് അതിനെപ്പറ്റി അന്വേഷിച്ച് മറുപടി പറയാൻ അവസരം കൊടുക്കുന്നതിനുവേണ്ടിയാണ്. The intention of this Rule മിനിസ്റ്റർ കൺസേണ്ടിനു കൊടുക്കാതെ ചീഫ് മിനിസ്റ്ററുടെ ആബ്സൻസിൽ അദ്ദേഹത്തെപ്പറ്റി ആരോപണം പറയുന്നത് ഓർഡറിലാണോ ? അതാണ് എനിക്ക് ചോദിക്കാനുള്ളത്....(ബഹളം)....

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാനിത് എഴുതി അതിന്റെ രണ്ടുകോപ്പി ബഹുമാനപ്പെട്ട സ്പീക്കറുടെ കൈയിൽ കൊടുത്തു. അവിടെനിന്നാണ് കൺസേണ്ട് മിനിസ്റ്റർക്ക് പോകേണ്ടത്, ഞാൻ കൊടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : റൂൾ 285 അനുസരിച്ച് ബഹുമാനപ്പെട്ട മെമ്പർ ടി. എം. ജേക്കബ് ബഹുമാനപ്പെട്ട സ്പീക്കർക്ക് നേരത്തെ എഴുതിക്കൊടുത്തിരുന്നു. അത് വനം വകുപ്പിനെ സംബന്ധിച്ചുള്ള ഒരു പരാതിയാണ്. മുഖ്യമന്ത്രി, വനം വകുപ്പുമന്ത്രി, ഉദ്യോഗസ്ഥന്മാർ എന്നിവർ നടത്തിയ എന്നു പറഞ്ഞിട്ടാണ് എഴുതിക്കൊടുത്തിരിക്കുന്നത്. അതിന്റെ കോപ്പി ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർക്കും ബഹുമാനപ്പെട്ട ഫോറസ്റ്റ് മിനിസ്റ്റർക്കും സ്പീക്കറുടെ ഓഫീസിൽ നിന്നും കൊടുത്തിട്ടുണ്ട്. ആ വകുപ്പിന്റെ പ്രത്യേകിച്ചും വനം വകുപ്പിന്റെ മന്ത്രി ഈ ഹാളിലുണ്ട്. അതുകൊണ്ട് അദ്ദേഹത്തിനുതന്നെ ഇതിനു മറുപടി പറയാം. മുഖ്യമന്ത്രിക്ക് ഹെഡ് ഓഫ് ദി ക്യാബിനറ്റ് എന്നുള്ള രീതിയിലായിരിക്കും എഴുതിക്കൊടുത്തത് ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുകയല്ല. ഒരു കാര്യം അറിയാൻ വേണ്ടിയാണ്. ചീഫ് മിനിസ്റ്ററെപ്പറ്റി ഇതിൽ പേഴ്സണലായി പരാമർശിക്കില്ലല്ലോ ? ചീഫ് മിനിസ്റ്ററെപ്പറ്റി പേഴ്സണലായി പരാമർശിക്കുക എന്നുവച്ചാൽ അദ്ദേഹം അറിയണം. That is natural law. അങ്ങു വിധിച്ചാൽ മതി, അങ്ങ് വിധിച്ചോളൂ, അങ്ങയുടെ റൂളിംഗ് ഞാൻ ശിരസ്സാവഹിക്കും. ചീഫ്മിനിസ്റ്റർ ഇല്ലെങ്കിലും അദ്ദേഹത്തെപ്പറ്റി പേഴ്സണലായി ആരോപണം കൊണ്ടു വരാമെന്ന് അങ്ങ് റൂൾ ചെയ്താൽ ഞാൻ അംഗീകരിച്ചു. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്റർ ഈ സംശയം ചോദിച്ചതുകൊണ്ട് പറയുകയാണ്. Principal Chief Conservator of Forest ഡി.എസ്.പി. 29-4-1998 ലെ ചീഫ് സി. 2-13996/97-ാം നമ്പർ കത്ത് പ്രകാരം കെ. സി. രവീന്ദ്രൻ എന്നയാളിനെ കുളത്തൂപ്പുഴ റേഞ്ചിലെ ശംഖിലി കടവിൽ നിന്നും മണൽ വാരാൻ അനുമതി നൽകിയിട്ടുണ്ട് ഇതാണ് ആരോപണം. അതിനെക്കുറിച്ച് വ്യക്തമായി മറുപടി പറയാൻ ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി ഇവിടെയുണ്ട്. മുഖ്യമന്ത്രിയെക്കുറിച്ച് ഇതിനകത്ത് സ്പർശിക്കുന്നില്ല. എങ്കിലും മുഖ്യമന്ത്രിയുടെ പേര് ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹത്തിന് അത് കേട്ടതിനുശേഷം എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ശ്രീ. ടി. എം. ജേക്കബ് : സർ, തോക്കിനകത്തുകയറി വെടിവയ്ക്കേണ്ട ആവശ്യമില്ല, ഞാൻ പറയുന്നത് കേൾക്കുക, ഞാൻ ഈ സഭയുടെ ചട്ടങ്ങൾക്കു വിരുദ്ധമായി ഒരു കാര്യവും പറയാനുദ്ദേശിക്കുന്നില്ല. ഈ ചർച്ച തുടങ്ങിയ അവസരത്തിൽത്തന്നെ ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ നേരിൽക്കണ്ട് അദ്ദേഹത്തിന്റെ കൈയിൽ അതിന്റെ കോപ്പി സഹിതം എഴുതിക്കൊടുത്തു. ഞാൻ ചെയ്യേണ്ടത് ചട്ടപ്രകാരം തന്നെ ചെയ്തിട്ടുണ്ട്. ഞാനിവിടെ ആധാരമായി കുറച്ച് രേഖകൾ കൊണ്ടുവന്നിട്ടുണ്ട്. നിയമസഭയിൽ മുഖ്യമന്ത്രിയടക്കം തന്ന മറുപടിയും കൊണ്ടുവന്നിട്ടുണ്ട്. അതിനെ ബേസ് ചെയ്താണ് ഇതുപറയാൻ ഉദ്ദേശിക്കുന്നത്. 27-1-1999 മുതൽ 30-6-1999 വരെയുള്ള ചില ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഞാനിവിടെ കൊണ്ടുവന്നിരിക്കുന്നത്. സർക്കാർ ഉത്തരവ് നമ്പർ 4800/സി.2/98/വനം ഡേറ്റഡ് 27-3-1998 പ്രകാരം നൗഷാദ്ഖാന് കുളത്തൂപ്പുഴ റേഞ്ചിലെ ചോഴിയക്കോട് കടവിൽ നിന്നും Principal Chief Conservator of Forest ഡി.എസ്. പി. 29-4-1998 ലെ എഫ്.സി. 2/13996/97 നമ്പർ കത്തുപ്രകാരം ശ്രീ. കെ.സി. രവീന്ദ്രൻ എന്നയാളിന് കുളത്തൂപ്പുഴ റേഞ്ചിലെ ശംവിലി കടവിൽ നിന്നും മണൽവാരാൻ അനുവാദം കൊടുത്തു. ഇത് 1980-ലെ കേരള ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ സെക്ഷൻ 2 ന്റെ നഗ്നമായ ലംഘനമാണ്. ഇതിനകത്തെ ഏറ്റവും വിചിത്രമായ ഒരു സംഭവമെന്നു പറയുന്നത് ശ്രീ. നൗഷാദ്ഖാന് ഒരു ഉത്തരവു പ്രകാരവും ശ്രീ. കെ. സി. രവീന്ദ്രന് ഒരു കത്ത് പ്രകാരവുമാണ് അനുവാദം നൽകിയിരിക്കുന്നത്. ശ്രീ. കെ. സി. രവീന്ദ്രന് മണൽ വാരാൻ അനുവാദം നൽകുന്നത് സംബന്ധിച്ച് സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സർക്കാരിന്റെ ഒരു ലെറ്ററാണ് ഉത്തരവെന്ന് പറഞ്ഞിരിക്കുന്നത്. സർക്കാർ ഉത്തരവും ലെറ്ററും ഒന്നാണെന്നാണോ മന്ത്രി പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ ആൻസർ ചെയ്ത ഉദ്യോഗസ്ഥന്മാർ പറയണം. ലറ്ററും ഓർഡറും രണ്ടും രണ്ടാണ്. ഇവിടെ ഒരു ലെറ്ററിനെ ബേയ്സ് ചെയ്തുകൊണ്ടാണ് ഉത്തരവ് എന്നു പറയുന്നത്. നൗഷാദ്ഖാന് കൊടുത്തത് 5,000 ക്യൂബിക് മീറ്റർ മണൽ വാരാനുള്ള അനുവാദമാണ്. ശ്രീ. കെ. സി. രവീന്ദ്രന് 12,000 ക്യൂബിക് മീറ്റർ മണൽ വാരാനുള്ള അനുവാദമാണ് കൊടുത്തത്. വേറൊരു ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞിരിക്കുന്നത് നൗഷാദ്ഖാൻ 350 ക്യൂബിക് മീറ്ററും രവീന്ദ്രൻ 30 ക്യൂബിക് മീറ്ററും മണൽവാരി എന്നാണ്. മറ്റൊരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത് 2,000 ക്യൂബിക് മീറ്റർ മണൽവാരി എന്നാണ്. അതിൽ ഏതാണ് ശരി എന്നുള്ളത് പറയണം. അങ്ങ് മറുപടി പറയണം. ഇത് ഈ സഭയിലാണ് പരഞ്ഞിരിക്കുന്നത്, ഇതിൽ ഏതാണ് ശരി ? അതുപോലെ തന്നെ ഇതിന്റെ റേറ്റ് ഒരു ക്യൂബിക് മീറ്ററിന് ഫോറസ്റ്റിലേയ്ക്കുള്ള സീനിയറേജ് റേറ്റായി 78 രൂപയും അഞ്ചു ശതമാനം ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സും ഉൾപ്പെടെ 81.70 രൂപ നൽകണം. 30-6-1999 ലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന് നൽകിയ മറുപടിയാണിത്. അയ്യായിരത്തിന്റേയും പന്ത്രണ്ടായിരത്തിന്റേയും പെർമിറ്റുകൾ എടുത്തിരിക്കുന്നത് കായംകുളം താപവൈദ്യുത നിലയത്തിന് കൊടുക്കാനാണെന്ന് പറഞ്ഞാണ്. ഈ സഭയിൽ ഞാൻ ഉത്തരവാദിത്വത്തോടെ പറയുന്നു, മണൽ അവിടെ എത്തിയിട്ടില്ല. വേറൊരു ചോദ്യത്തിനുള്ള മറുപടി ഞാൻ വായിച്ച് കേൾപ്പിക്കാം. ഈ 5000 ക്യൂബിക് മീറ്ററിന്റേയും 12,000 ക്യൂബിക് മീറ്ററിന്റേയും പെർമിറ്റ് മറിച്ചു വിറ്റു. ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം ഒരു ലോഡ് മണൽ എന്നു പറയുന്നത് ആറ് ക്യൂബിക് മീറ്റർ ആണ്. ഒരു ലോഡ് മണലിന് ഇപ്പോൾ മാർക്കറ്റിലുള്ള റേറ്റ് 2300, 2600 രൂപയാണ്. ശ്രീ. നൗഷാദ്ഖാന്റേയും ശ്രീ. രവീന്ദ്രന്റേയും പെർമിറ്റ് മറിച്ച് വിറ്റത് ഒരു ലോഡിന് 1700 രൂപവച്ചാണ്. അപ്പോൾ സർക്കാരിന് കിട്ടുന്നത് എത്രയാണ് ? 81.70 രൂപയ്ക്ക് കിട്ടുന്ന മണൽ കൊടുക്കുന്നത് 1700 രൂപവച്ചാണ്. ഞാൻ സർക്കാർ കണക്ക് പറയാം. ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത് 380 ക്യൂബിക് മീറ്റർ മണൽ വാരിയെന്നാണ്. അപ്പോൾ മുപ്പത്തിയൊന്നായിരത്തി ചില്വാനം രൂപവീതം. അതായത് ഒരു ക്യൂബിക് മീറ്ററിന്റെ കണക്കുവച്ച് ആറ് ക്യൂബിക് മീറ്റർ മണലാണ് ഒരു ലോറിയിൽ വരുന്നത്. 1700 രൂപവച്ച് കൊടുക്കുമ്പോൾ ഒരു ക്യൂബിക് മീറ്ററിന് 283 രൂപ വരും, അങ്ങനെ വരുമ്പോൾ 5000 X 283 = പതിന്നാല് ലക്ഷത്തി പതിനാറായിരത്തി അറുന്നൂറ്റി എൺപത് രൂപ. കച്ചവടം നഷ്ടമില്ലല്ലോ? ലാഭം പതിമൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി അറുന്നൂറ്റി മുപ്പത്തി നാല് രൂപ. ഞാൻ പറയാം മറിച്ച് വിറ്റതാണ്. കെ. സി. രവീന്ദ്രന് 30 ക്യൂബിക് മീറ്റർ കൊടുക്കുന്നു. സർക്കാരിന്റെ കണക്കനുസരിച്ച് 30 X 81.70 = 2451 രൂപ. 12,000 ക്യൂബിക് മീറ്ററിന് പെർമിറ്റ് കൊടുത്തിരിക്കുന്നു, അതായത് മുപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയാറായിരം രൂപ. ലാഭം മുപ്പത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി അഞ്ഞൂറ്റി നാല്പത്തിയൊൻപത് രൂപ. കെ. സി. രവീന്ദ്രൻ ആരാണ് ? എല്ലാവരും പറയുന്നത് മുഖ്യമന്ത്രിയുടെ മകളെ കെട്ടിയ ആളാണെന്നാണ്.

മി. ഡെ. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് ഒരു കക്ഷിനേതാവെന്നുള്ള നിലയിൽ അങ്ങേയ്ക്ക് പരിഗണനയുണ്ട്. ഇനി എത്ര സമയം കൂടി വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് എട്ട് മിനിട്ടുകൂടി വേണം. .....(ബഹളം)..... വേറൊരു രസം എന്താണെന്നോ ഈ രണ്ടുപേരും ഫോറസ്റ്റ് കോൺട്രാക്ടറോ അല്ലെങ്കിൽ അറിയപ്പെടുന്ന ലൈസൻസുള്ള കോൺട്രാക്ടർമാരോ അല്ല. Government of India യുടെ ഒരു letter. Ministry of Environment-ന് Chief Conservator of Forests, J. N. Sexena അയച്ചത് D.O. No. F (C) A/16.1/Ker/Misc. dated, Feb, 1998. ഈ ഡി. ഒ. ലെറ്റർ എഴുതിയിരിക്കുന്നത് ഐ. എ. എസ്. കാരനായ ശ്രീ മോഹനചന്ദ്രന്റെ 6-9-1997 ലെ ഒരു കത്തിന് മറുപടിയായിട്ടാണ്. ഈ കത്ത് അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് ഫെബ്രുവരി 1998 എന്നാണ്. മഷികൊണ്ട് 3-3-1998 എന്നും എഴുതിയിട്ടുണ്ട്. ഏതാണ് ഡേറ്റ് എന്ന് എനിക്കറിഞ്ഞുകൂടാ.

Dear Shri. Mohanachandran,

Kindly refer to State Government's letter No. 7312/C2/97/F&WLD dated 6-9-1997., permitting removal of sand and stone at different locations in the forest area on the ground that collection of sand/stone was being done from these spots prior to enforcement of Forest (Conservation) Act, 1980. In this connection, I would like to point out that removal of sand/ stone from forest area is a non-forest activity and requires prior approval of Government of India under Forest (Conservation) Act, 1980 and kindly refer to para 1.6 (iii) of the guidelines issued under the Act, by Government of India.

The State Government has also permitted removal of stone from two locations which are lcoated in protected area. I would like to bring to your notice that, the instructions issued vide State Government's letter is not in conformity with the provisions of Forest (Conservation) Act, 1980 and guidelines issued thereunder. It is requested that the aforesaid instructions may kindly be withdrawn and removal of sand/rubble from the forest area may be carried out only after obtaining previous permission of the Government of India.

ഈ ലെറ്റർ ഇവിടെ കിട്ടിയത് 6-3-1998 ലാണ്. നൗഷാദ്ഖാന് ഉത്തരവ് നൽകിയത് 27-3-1998 നാണ്. അതായത് 6-3-1998 ൽ ഇത് ശരിയല്ല എന്ന് കേന്ദ്ര ഗവൺമെന്റ് ഡെഫനിറ്റായിട്ട് ഇവിടത്തെ സെക്രട്ടറിക്ക് എഴുതിയതിനുശേഷം 27-3-1998 ന് ശ്രീ. നൗഷാദ്ഖാന് പെർമിറ്റ് ഇഷ്യൂ ചെയ്തു. അതുകഴിഞ്ഞ് മുഖ്യമന്ത്രിയുടെ മരുമകന് 29-4-1998 ൽ ഇഷ്യൂ ചെയ്തു. പ്രസക്തമായ വിഷയം 6-9-1997 ൽ ഒരു കത്ത് എഴുതി അനുവാദം ചോദിച്ചു, അതിന് മറുപടി 6-3-1998 ൽ ലഭിക്കുകയും മണൽ വാരാൻ കേന്ദ്ര നിയമം അനുവദിക്കുന്നില്ല അതുകൊണ്ട് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടതിനുശേഷവും 27-3-1998 ലും, 29-4-1998 ലും മണൽ വരാൻ അനുവാദം കൊടുത്തു. ഇത് എന്തടിസ്ഥാനത്തിലാണ് ? ഇത് അഴിമതിയാണോ ; സ്വജനപക്ഷപാതമാണോ ? നിങ്ങൾ മറുപടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി നൽകിയ ഒരു മറുപടിയനുസരിച്ച് 1980 ന് മുമ്പ് പ്രവർത്തിച്ചിരുന്ന കടവുകൾക്ക് പിന്നീട് അപേക്ഷിക്കാം എന്ന നിബന്ധനയിൽ സർക്കാരിന് മണൽ ശേഖരിക്കാവുന്നതാണെന്ന നിയമോപദേശം കണക്കിലെടുത്ത് സർക്കാർ മണൽ വാരാൻ അനുമതി നൽകിയിരിക്കുന്നു എന്ന് പറയുന്നു. ചോദ്യം നമ്പർ 3814 23-2-1999 ൽ എ. ജി. നൽകിയിരിക്കുന്ന നിയമോപദേശം എന്താണ് ?

I notice from your letter that sand collection and rubble collection and quarry operation in forest area which were being carried on prior to 25-10-1980 are labour intensive and provide a living for a large number of lower middle class persons. The cessation of these activities has, it appears, resulted in depriving a large number of people of their livelihood. In this connection the proper course for you would have been to seek the permission of the Central Government for continuance of the activities. എന്നിട്ട് അദ്ദേഹം പറഞ്ഞിരിക്കുന്നു, On examination of the Forest Conservation Act and the Judgement of the Supreme Court clearly indicate that quarrying and removal of sand from within the forest areas will amount to non-forest activity. As already stated by me above the commencement of these activities prior to the coming into force of the Forest Conservation Act will not enable the continuance of these activities especially after the judgement of the Supreme Court, without the prior approal of the Central Government. Taking into consideration the serious implications in relation to the livelihood of the people involved in the matter you may take prompt action to obtain sanction from the Government in this matter. എ. ജി. പറഞ്ഞിരിക്കുന്നത് ഇങ്ങനെ ചെയ്യാൻ പാടില്ല എന്നാണ്, പിന്നെ ആരുടെ നിയമോപദേശം കിട്ടി ?

2 P.M.] സർ, 24-8-1997 ൽ നടത്തിയ ചർച്ചയുടെ മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ലായെന്ന് പറയുകയുണ്ടായി. സുപ്രീം കോടതിയുടെ വിധി സമയമില്ലാത്തതു കൊണ്ട് ഞാൻ വായിക്കുന്നില്ല. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. സമയം പരമാവധിയായി. കോൺഗ്രസ്സിന്റെ ഒരു മിനിട്ട് കൂടെയായി.

ശ്രീ. ടി. എം. ജേക്കബ് : 12-12-1996 ലെ സുപ്രീം കോടതി വിധിയനുസരിച്ച്, സുപ്രീം കോടതി വിധിയിൽ പറയുന്നത്, "In view of the meaning of the word "forest" in the Act..." അതനുസരിച്ച് ഇങ്ങനെയുള്ള ആക്ടിവിറ്റീസ് ടേക്ക്-അപ് ചെയ്യാൻ നിവൃത്തിയില്ല. ഈ ഗവൺമെന്റ് ചെയ്തിരിക്കുന്ന നടപടികൾ..... ഇവിടെ ഏഴു കടവുകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ്, അങ്ങയോടു ചെയർ ബഹുമാനത്തോടുകൂടി പറയുകയാണ്, ദയവായി അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കുക. അങ്ങ് ഒരു സീനിയർ നേതാവാണ്. ഇപ്പോൾ 25 മിനിട്ട് ആയി. പ്ലീസ് കൺക്ലൂഡ്. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ സർക്കാർ അംഗീകരിച്ചിട്ടുള്ളത് ഏഴു കടവുകൾ മാത്രമാണ്. അതിൽ മുഖ്യമന്ത്രിയുടെ മരുമകന് കൊടുത്ത ശംഖിലിക്കടവ് സർക്കാർ അംഗീകരിച്ചിട്ടില്ല. 7312/സി2/97-ാം നമ്പർ കത്ത് പ്രകാരം ഈ കടവ് സർക്കാർ അംഗീകരിച്ചിട്ടില്ല. സർക്കാരിന് അപേക്ഷ കിട്ടിയത് 23-ാം തീയതി. അനുവാദം കൊടുക്കുന്നത് 24 ന്. എത്രയോ വേഗതയിലാണ് കാര്യങ്ങൾ നടത്തുന്നത്. ഇവിടെ എന്താണ് നടന്നിരിക്കുന്നത് ? അനുവാദമില്ലാത്ത കടവ് .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. ബഹുമാനപ്പെട്ട ശ്രീ. എ. കണാരൻ .....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ് : * * * * *

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. ഇതൊന്നും രേഖയിൽ കാണുകയില്ല.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറോട് ചെയർ റിപ്പീറ്റ് ചെയ്ത് കൺക്ലൂഡ് ചെയ്യാൻ പറഞ്ഞു. അത് ബഹുമാനപ്പെട്ട മെമ്പർ പാലിച്ചില്ല. ചെയർ റൂൾ ചെയ്തതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചത് പ്രൊസീഡിംഗ്സിൽ കാണുകയില്ല. കോൺഗ്രസ് പാർട്ടിയുടെ ഒരു മിനിട്ട് കൂടുതൽ കൊടുത്തു. ബഹുമാനപ്പെട്ട ടി. എം. ജേക്കബ്, 1.38 ന് പ്രസംഗം തുടങ്ങി. ഇപ്പോൾ 2.10 ആയി. എത്ര മിനിട്ട് സംസാരിച്ചു. ഇവിടത്തെ ബഹളത്തിൽ 10 മിനിട്ട് പോകട്ടെ, ബാക്കി സമയമെടുത്തു. ചെയറിന്റെ റിക്വസ്റ്റ് മാനിക്കാതെ പോയി .....(ബഹളം).....

ശ്രീ. പി. പി. തങ്കച്ചൻ : ഈ സഭയിൽ ഒരു കീഴ്വഴക്കമുണ്ട്. എഴുതിക്കൊടുത്ത് അഴിമതി ആരോപണം ആര് ഉന്നയിച്ചാലും അങ്ങനെ ഉന്നയിക്കുന്ന ആളുകൾക്ക് അവതരിപ്പിക്കാനും കൺക്ലൂഡ് ചെയ്യാനും രണ്ടോ മൂന്നോ മിനിട്ട് അധികം കൊടുക്കാറുണ്ട്. ....(ബഹളം)..... അത് എപ്പോഴുമുള്ള കാര്യമാണ്. ഈ നിയമസഭയിൽ എക്കാലത്തുമുള്ള പാരമ്പര്യമാണ്. അത് പുതിയ കാര്യമല്ല. ഇന്നലെ മന്ത്രിമാർ ഒന്നര മണിക്കൂർ എടുത്തു. ഡോ. കെ. സി. ജോസഫ് എത്ര സമയമെടുത്തു ? ഇന്ന് 27 മിനിട്ട് കൊണ്ട് രണ്ടു മന്ത്രിമാരും പ്രസംഗം അവസാനിപ്പിക്കുമോ ? .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, പ്ലീസ്, ചെയറിന്റെ ഭാഗത്തുനിന്നും പക്ഷപാതപരമായി യാതൊരു പെരുമാറ്റവും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ടി. എം. ജേക്കബ്ബിന് അനുവദിച്ചിരിക്കുന്നത് 8 മിനിട്ടാണ്. You listen to me അങ്ങ് ഒരു സീനിയർ നേതാവല്ലേ? 8 മിനിട്ടിനു പകരം 24 മിനിട്ട് എടുത്തു. 24 മിനിട്ട് കൊടുത്തിട്ടും നീതി കാണിച്ചിട്ടില്ലായെന്നു പറയുന്നത് ശരിയല്ല. പരമാവധി കൊടുത്തു. ബഹുമാനപ്പെട്ട പി. പി. തങ്കച്ചൻ പറയുന്നതുപോലെ ആരോപണം ഉന്നയിക്കുന്ന സമയങ്ങളിൽ കൊടുക്കാറുള്ളതിനെക്കാൾ പ്രത്യേക പരിഗണന കൊടുത്തു.

***** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു. (ഫയൽ നമ്പർ 653/EB/99/Leg)

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇന്നലത്തെ കഥ അവിടെ നിൽക്കട്ടെ. ഇന്ന് ഇതുപോലെ സ്ട്രിക്ടാണെങ്കിൽ മന്ത്രിമാർക്കുള്ള സമയം 27 മിനിട്ടാണ്. ഞങ്ങൾ ക്ലോക്ക് നോക്കിക്കൊണ്ടിരിക്കും. 27 മിനിട്ട് കൊണ്ട് ഈ രണ്ടു മന്ത്രിമാർ പ്രസംഗം അവസാനിപ്പിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ചെയറിന്റെ ഭാഗത്തുനിന്ന് സ്ട്രിക്ട് ആയിട്ട് നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ടി. എം. ജേക്കബ്ബിന് 8 മിനിട്ടിനു പകരം 24 മിനിട്ട് കൊടുത്തത്. അതുകൊണ്ട് സ്ട്രിക്റ്റായിട്ട് പോയി എന്നുള്ളതിൽ അർത്ഥമില്ലായെന്ന് അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. കണാരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. .....(ബഹളം)..... ഈ സഭാസമ്മേളനത്തിൽ ധനാഭ്യർത്ഥനകളിൽമേലുള്ള ചർച്ച ആരംഭിച്ചതു മുതൽ തുടങ്ങിയതാണ് ഈ ബഹളം. ഓരോ ദിവസവും ഓരോന്ന് കണ്ടുപിടിക്കും. ഓഡിയോ വിഷനിൽ താൽക്കാലികമായി നിയമനം നടത്തിയതിനെപ്പറ്റി പറഞ്ഞാണ് ഇന്നലെ പ്രതിപക്ഷം കലിതുള്ളി ഇറങ്ങിപ്പോയത്. നിയമനവ്യവസ്ഥകളെയും മറ്റും ലംഘിച്ചുകൊണ്ട് പല പൊതുമേഖലാസ്ഥാപനങ്ങളിലും സ്വന്തം ആളുകളെ കുത്തിത്തിരുകിയ പരമ്പര്യമാണ് അവിടെയുള്ളത്. .....(ബഹളം)..... 'രാജീവ്ഗാന്ധി സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഫോർ ബയോടെക്' എന്നു പറയുന്ന സ്ഥാപനം ഉണ്ടാക്കിയിട്ട് ബന്ധപ്പെട്ട ആരെയെല്ലാമാണ് അവിടെ കുത്തിത്തിരുകിയതെന്ന് നമുക്ക് അറിഞ്ഞുകൂടേ ? കോൺഗ്രസിന്റെ തറവാടു പോലുള്ള ഒരു സ്ഥാപനം ഉണ്ടാക്കിയിട്ട് കുടുംബക്കാരെയും സ്വന്തക്കാരെയും എല്ലാം കുത്തിത്തിരുകിയത് ശ്രീ. കാർത്തികേയനല്ലേ ? ശ്രീ. കാർത്തികേയനല്ലേ അതിന്റെ ചെയർമാൻ ആയിരുന്നത് ? ഇത് എല്ലാപേർക്കുമറിയാം. ഇവിടെ പുകമറയൊന്നും സൃഷ്ടിക്കണ്ട. ആടിനെ പട്ടിയാക്കാൻ നോക്കണ്ട .....(ബഹളം)..... ഈ രാജ്യത്തെ ജനങ്ങൾ ഇതെല്ലാം അറിയുന്നുണ്ട്. ഒരു മെമ്പർ പറഞ്ഞ ഒരു വാചകത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇറങ്ങിപ്പോയാൽ അത് തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. അതുകൊണ്ട് വോട്ട് കിട്ടാനുള്ള വേലയാണെന്ന് എല്ലാവർക്കുമറിയാം...(ബഹളം)... കള്ള ദൈവങ്ങൾക്കെതിരായി കള്ള ആരാധനയ്ക്കെതിരായി കള്ളത്തരത്തിനെതിരായി പോരാടിയവരാണ് ഞങ്ങൾ. വോട്ടു കിട്ടാൻവേണ്ടി നിങ്ങൾ തക്കിടിയൊന്നും പ്രയോഗിക്കണ്ട. സുധാകരൻ ഒരു വാചകം പറഞ്ഞതിന് നിങ്ങൾ എന്തെല്ലാമാണ് കാട്ടിക്കൂട്ടിയത്. ഗുജറാത്തിൽ ഉടുതുണിയില്ലാതെ ഒരു സന്യാസിയിരുന്നിട്ട് അദ്ദേഹത്തെ പൂജിക്കാനും വന്ദിക്കാനും വേണ്ടി ശ്രീ. നരസിംഹറാവു പോയി. ശ്രീ. നരസിംഹറാവുവിന്റെ തലയിൽ കാലുവച്ച് നിന്ന ഫോട്ടോ കണ്ടില്ലേ ? ....(ബഹളം).... വേണ്ടാത്തതൊന്നും സംസാരിക്കരുത്. കഴിഞ്ഞ പ്രാവശ്യം നിയമസഭ ചേരുമ്പോൾ ബൈബിൾ കത്തിച്ചുവെന്ന് പറഞ്ഞ് ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. ടി. എം. ജേക്കബും കൂടി എറണാകുളത്തേക്ക് ഓടി. അവിടെ ആർ. എസ്. എസുകാരൻ മരിച്ചു. രണ്ടു ഭാഗത്തും തെറ്റുണ്ട്, സി. പി. എം. ന്റെ ഭാഗത്തും തെറ്റുണ്ട്, ആർ. എസ്. എസ്. ന്റെ ഭാഗത്തും തെറ്റുണ്ട്. എന്നു പറഞ്ഞ് മടങ്ങി വന്നു. ഇപ്പോൾ എന്തായി ? ആ ബിഷപ്പുമാരെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നായനാർ ചെന്നു കണ്ടപ്പോൾ എല്ലാം ശാന്തമായി. നിങ്ങൾക്ക് എല്ലാറ്റിനും ഒരു ഇറങ്ങിപ്പോക്ക് .....(ബഹളം)..... ഇതെല്ലാം നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ആർ. എസ്. എസ്സ്. ന്റെ വോട്ടു കിട്ടാൻ വേണ്ടി ഹിന്ദു വിചാരം കുത്തി തിരിക്കാൻ വേണ്ടിയല്ലേ ? ക്രിസ്ത്യാനികളുടെ വോട്ട് കിട്ടാൻവേണ്ടി ബൈബിൾ കത്തിച്ചുവെന്ന് പറയുക, ന്യൂനപക്ഷത്തിന്റെ വോട്ടു കിട്ടാൻവേണ്ടി പള്ളി കത്തിച്ചു എന്നു പറയുക. ഇതൊന്നും കിട്ടാൻ പോകുന്നില്ല. ഇവിടെ ന്യൂനപക്ഷത്തിനുവേണ്ടി പോരാടിയത് ഞങ്ങളാണ്. മാരാമൺ സംഭവം ഉണ്ടായപ്പോൾ, നടത്താൻ പാടില്ലായെന്ന് പറഞ്ഞപ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി (സി. പി. എം.) യും എൽ. ഡി. എഫ്. ഉം കൂടി ചേർന്ന് അവർക്ക് ഗാട്ട് നിർത്തിയത് ഞങ്ങളാണ് മനസ്സിലായോ ?

സർ, ഇവിടത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി, മുസ്ലീമിനെ എം.എസ്.പി.യിൽ ചേർക്കാൻ വേണ്ടി ആദ്യം നിയമനിർമ്മാണം കൊണ്ടുവന്നത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്. മനസിലാക്കിക്കോ. ന്യൂനപക്ഷത്തിനു വേണ്ടി വാദിച്ചുകൊണ്ടിരുന്ന കുറേ ആളുകൾ വന്നിരിക്കുന്നു ഇവിടെ, ഇവിടത്തെ മാപ്പിള, മുസ്ലീം സമുദായത്തിൽപെട്ടവരെ പട്ടാളത്തിൽ ചേർക്കാൻ പാടില്ല, പോലീസിൽ ചേർക്കാൻ പാടില്ല എന്നു പറയുന്നത് ഇവരാണ്. ഇവിടെ മുസ്ലീംപള്ളി സ്ഥാപിക്കാൻ വേണ്ടി അനുവാദം നൽകിയത് കമ്മ്യൂണിസ്റ്റു ഗവൺമെന്റാണ്. ഇവിടത്തെ ന്യൂനപക്ഷത്തിന്റെ വക്താക്കൾ, ഈ ന്യൂനപക്ഷത്തിന്റെ പള്ളി തകർത്തപ്പോൾ ആ പള്ളി കാക്കാൻവേണ്ടി കാവൽനിൽക്കാൻ വേണ്ടി രക്തസാക്ഷിത്വം വരിച്ചത് കുഞ്ഞിരാമനാണ്. ശ്രീ. എ. കെ. ആന്റണിയോട് ചോദിക്കൂ, അത് ഇവിടത്തെ ന്യൂനപക്ഷത്തിന് അറിയാം. ന്യൂനപക്ഷ ജനവിഭാഗത്തിന്റെയും, ക്രിസ്ത്യൻ ജനവിഭാഗത്തിന്റെയും വോട്ട് ആർക്കാണെന്നുള്ളത് അടുത്ത തെരഞ്ഞെടുപ്പിൽ കാണിക്കാം. നിങ്ങളുടെ ഗോബാക്ക് വിളി അവസാന വിളിയായിത്തീരാൻ പോകുകയാണ്. സംശയമൊന്നും വേണ്ട, നിങ്ങൾ വിളിച്ചോ ഇത് നിങ്ങളുടെ അവസാനത്തെ വിളിയാണ്. ഞാൻ പറയട്ടെ, ഈ കോൺഗ്രസ് എന്നുപറയുന്ന പാർട്ടി ഉപ്പുവച്ച കലം പോലെ ഓരോ ദിവസം കഴിയുംതോറും കുറേശെ കുറേശെ പോയിക്കൊണ്ടിരിക്കുകയാണ്. ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ആരായിരുന്നു നിങ്ങൾ? ഞാൻ എന്റെ പ്രിയപ്പെട്ട ശ്രീ. ആന്റണിയോട് ചോദിക്കട്ടെ, ഇന്ത്യ ഭരിച്ചത് നിങ്ങളല്ലേ? ഇന്ത്യയിൽ മുഴുവൻ സീറ്റും നിങ്ങൾക്കായിരുന്നില്ലേ. ഇന്ത്യയിലെ എല്ലാ ജനങ്ങളും ആദരിക്കപ്പെടുന്ന ആളല്ലേ, മഹാത്മാഗാന്ധി? ഇന്ത്യാ രാജ്യത്ത് സ്വാതന്ത്ര്യത്തിനു വേണ്ടി, മതമൈത്രിക്ക് വേണ്ടി പോരാടിയ ആ മനുഷ്യനെ, ആ ശുദ്ധാത്മാവിനെ, ആ കളങ്കമില്ലാത്ത മനുഷ്യനെ, ഗാന്ധിജിയെ, പ്രാർത്ഥനാ യോഗത്തിനു പോയ അദ്ദേഹത്തെ വെടിവച്ചു കൊന്ന ശ്രീ. നാഥുറാം വിനായകെ ഗോഡ്സെയുടെകൂടെ നിങ്ങൾ ചേരുകയാണ്. നാഥുറാം ഗോഡ്സെയ്ക്കു വേണ്ടി, ആർ.എസ്.എസ്.നു വേണ്ടി ശിങ്കിടി പാടുകയാണ് നിങ്ങൾ. എനിക്ക് പറയാനുള്ളത്, ഇത് ശരിയല്ല. ഞാൻ പറഞ്ഞുവരുന്നത് ഈ രാജ്യത്തെ നിങ്ങളുടെ അവസ്ഥയാണ്. ഞാൻ ആത്മാർത്ഥമായി പറയുകയാണ് നിങ്ങൾ മാറിവരണം. ഇന്ത്യ തകരുന്നതിനെപ്പറ്റി എന്താ നിങ്ങൾ ഒന്നും പറയാത്തത് ? ഇന്ത്യ തകർന്നുകൊണ്ടിരിക്കുകയാണ്. ഇന്നലത്തെ പത്രത്തിൽ 10,000 കോടി രൂപയുടെ ഓഹരി വിൽപ്പന. ആരാണിത്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്, നിങ്ങൾക്ക് അറിഞ്ഞുകൂടെ ? ഇന്ത്യൻ സമ്പദ്ഘടനയെ തകർക്കുന്ന, തുറമുഖം, വിമാന സർവീസ്, ഇൻഷ്വറൻസ്, മരുന്നു കമ്പനി എല്ലാം തകർക്കുന്നതിന് ഈ രാജ്യത്തോട് നിങ്ങൾ കൈകെട്ടി ഉത്തരം പറയണം. ഇൻഡ്യാരാജ്യത്ത് ബി. ജെ. പി. ഗവൺമെന്റ് അധികാരത്തിൽ വരാൻ നിങ്ങൾ കൂട്ടുനിന്നു. ഇവിടെ പേറ്റന്റ് നിയമം കൊണ്ടുവന്നു. നമ്മുടെ രാജ്യത്തിന്റെ സമ്പത്തായ ഔഷധച്ചെടികൾ, തുളസി, ആരോഗ്യപ്പച്ച, വേപ്പ്, വസുമതി അരി എല്ലാം. അതുകൊണ്ട് ഒന്നു കാര്യമായി ചിന്തിക്ക്, നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ വേണ്ടി നിങ്ങൾ തെറ്റ് തിരുത്തണം. ആ തെറ്റ് തിരുത്തി നമുക്ക് ഒന്നായി മുന്നോട്ടു പോകാം. നമ്മുടെ രാജ്യത്ത് വളരെ ഗുരുതരമായ ഒരവസ്ഥ നിലനിൽക്കുകയാണ്. ഇപ്പോൾതന്നെ ബി.ജെ.പി. ഗവൺമെന്റ് അവർക്ക് തോന്നിയതു മുഴുവൻ കാട്ടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ കാട്ടിക്കൊണ്ടിരിക്കുമ്പോൾ ഇവിടത്തെ പുരോഗമന ജനാധിപത്യ പ്രസ്ഥാനം ഒന്നായി ചേർന്ന് പോരാട്ടം നടത്തേണ്ട ഈ അവസരത്തിൽ ചിലരെ രക്ഷിക്കാൻ വേണ്ടി ചിലർ പോയി, ഇതെല്ലാം ഇനിയും തുടരരുത് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഈ തൊഴിൽ വകുപ്പിനുവേണ്ടികൊണ്ടുവന്ന ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം മറ്റെല്ലാ രംഗത്തേയുംപോലെ തൊഴിൽരംഗത്തും ശാന്തിയും, സമാധാനവും കൈവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു യാഥാർത്ഥ്യമാണ്. പുതിയ പുതിയ തൊഴിലാളി ക്ഷേമ നടപടികൾ എടുക്കുന്നത്, തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിക്കുന്നത്, ജോലി സുരക്ഷ ഉറപ്പു വരുത്തുന്നത് ഇതെല്ലാം ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ അവസ്ഥ ഇതാണ്. തൊഴിൽ സുരക്ഷ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ പുതിയ തൊഴിലാളി ക്ഷേമനിധികളും പെൻഷൻ പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥ ഇവിടെ നിലനിൽക്കുകയാണ്. എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. ഇന്ന് തൊഴിൽ വകുപ്പിന്റെ കീഴിൽ ഒരു പുതിയ ഉണർവും, ആവേശവും ഉണ്ടായിട്ടുണ്ട് അത് സത്യമാണ്. അത് എല്ലാവരും അംഗീകരിക്കുന്നതാണ്. അതിന് ഒരൊറ്റ ഉദാഹരണം ഞാൻ പറയാം. 1996-ലെ പണിമുടക്ക് ലേ ഓഫിന് കാരണമായി. 21,73,025 തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടത്. 1996 ൽ 21 ലക്ഷത്തിൽ ചില്വാനം തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടതെങ്കിൽ 1999 ആയപ്പോൾ അത് 440, 143 ആയി കുറഞ്ഞ കണക്കാണിത്. അത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. നേട്ടം നമുക്ക് നേട്ടമായി കാണാം. കോട്ടങ്ങൾ ഉണ്ട് ; കോട്ടങ്ങൾ ഇല്ലെന്നല്ല ഞാൻ പറയുന്നത്, കോട്ടത്തേക്കാൾ വലിയ നേട്ടമുണ്ടെന്ന് ഞാൻ പറയുന്നില്ല. 1997-98 ൽ 180 കോടി ഉറുപ്പിക പെൻഷൻ ക്ഷേമനിധിയിലേക്ക് നൽകി. കർഷകത്തൊഴിലാളി പെൻഷൻ 307,084 പേർക്ക്, കശുവണ്ടി പെൻഷൻ 15,132 പേർക്ക്, കെട്ടിടത്തൊഴിലാളി പെൻഷൻ 11,472 പേർക്ക്. ഖാദി, കൈത്തറി, അതുപോലെ അബ്കാരി, വക്കീൽ ഗുമസ്ഥന്മാർ, ചുമട്ടുതൊഴിലാളി, മോട്ടോർ തൊഴിലാളി മത്സ്യത്തൊഴിലാളി ഇവർക്കെല്ലാം ക്ഷേമനിധിയുണ്ട്. ക്ഷേമനിധിയിൽ അംഗമായി ചേർന്നിട്ടുള്ളവർക്ക് വീട്, വീടുവയ്ക്കാനുള്ള സ്ഥലം, മരണാനന്തരച്ചെലവ്, പ്രസവകാലാനുകൂല്യം എല്ലാം നൽകുന്നു. ഇവിടെ മാത്രമാണിത്. നിങ്ങൾക്ക് ഞങ്ങൾ പറയുന്നതുകേട്ടാൽ ദേഷ്യംവരും, കാരണം കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്നിടത്തേ ഇതുള്ളൂ, വേറെ ഒരിടത്തും ഇതില്ല. ബംഗാളിലുണ്ട്. ത്രിപുരയിലുണ്ട്, കേരളത്തിലുണ്ട്. നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ദേഷ്യം വരും, വരാതിരിക്കുന്നതാണ് തെറ്റ്, നിങ്ങൾക്ക് ദേഷ്യം വരണം, ഇല്ലെങ്കിൽ ഇതിൽ നിന്ന് മാറണം, മാറും നിങ്ങൾ അടുത്ത വർഷം മാറുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. വേറെ എവിടെയുണ്ട്, മദ്ധ്യപ്രദേശിൽ ഉണ്ടോ ? ഒറീസയിലുണ്ടോ, ഡൽഹിയിലുണ്ടോ ? അവിടെ ഇല്ലേയില്ല. ശ്രീ. ആന്റണിയോടു ചോദിക്കൂ, ഇല്ലേയില്ല. അപ്പോൾ നിങ്ങൾ ഭരിക്കുന്ന ഒറീസ, ഡൽഹി, മദ്ധ്യപ്രദേശ് ഇത്തരം പ്രദേശങ്ങളിൽ ക്ഷേമനിധി ഇല്ല. ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന, സുരക്ഷിതത്വത്തിന് ഊന്നൽ നൽകുന്ന യുദ്ധകാഹളം മുഴക്കുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ രാജ്യത്തിലെ ജനങ്ങൾക്കു മുഴുവൻ നേട്ടങ്ങൾ വാരിക്കോരി കൊടുത്തിട്ട് അവരെ പൊതുധാരയിലേയ്ക്ക് അണിനിരത്തി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. തൊഴിലാളി ക്ഷേമനിധികളും പെൻഷൻ പദ്ധതികളും ഏകീകരിക്കണം. സാമൂഹ്യ ക്ഷേമ പെൻഷൻ തുക 100 രൂപയെന്നുള്ളത് 500 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. 100 രൂപ തീരെ അപര്യാപ്തമാണ്. പണിയെടുത്ത് തളർന്ന് പണിയെടുക്കാൻ കഴിയാതെവന്നാൽ ആ വിഭാഗത്തെ സംരക്ഷിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. നാലായിരം മുതൽ നാൽപ്പതിനായിരം രൂപ വരെ ഇവിടെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നുണ്ട്. ഒരു ചീഫ് സെക്രട്ടറിക്ക് നാൽപ്പതിനായിരം രൂപയുണ്ട്. ഒരു ദിവസത്തേയ്ക്ക് 13,000 ഉറപ്പുക. അദ്ദേഹത്തിന് രണ്ടു കണ്ണും, ഒരു വായും, ഒരു മൂക്കും, രണ്ട് കാലും ഇതല്ലേ അദ്ദേഹത്തിനുള്ളൂ. ഒരുപക്ഷെ നല്ല ആഢംബരമായ ജീവിതം ഉണ്ടാകും. ആ ആളിന് ഒരു ദിവസം 13,000 രൂപ ഇവിടത്തെ കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, കൈത്തറി, ഖാദി, മത്സ്യം, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്ക് 3 ഉറുപ്പിക വർദ്ധിപ്പിക്കാൻ ഖജനാവിൽ കാശില്ല എന്നും, അതേയവസരത്തിൽ 13,000 രൂപ കൊടുക്കാൻ ഖജനാവിൽ കാശുണ്ട് എന്നും വരരുത്. ഈ അന്തരം അവസാനിപ്പിക്കണം. മാറ്റണം, മാറ്റിയെടുക്കാൻ വേണ്ടി ഒന്നായിച്ചേരണം, നമുക്ക് ഒന്നായിച്ചേരാം, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ചില ക്ഷേമനിധികൾ നടക്കുന്നില്ല എന്ന്, എല്ലാം ഏകീകരിക്കണം.

സർ, ഇന്ന് സ്ത്രീത്തൊഴിലാളികൾക്ക് നൽകുന്ന പ്രസവാനുകൂല്യം 300 രൂപയാണ്. ഈ 300 രൂപയ്ക്ക് പ്രസവച്ചെലവ് എങ്ങനെ നടക്കുമെന്ന് എനിക്ക് അറിയില്ല. പ്രസവാനുകൂല്യം 300 രൂപയെന്നുള്ളതിൽ മാറ്റം വരുത്തണം. പ്രസവാനുകൂല്യം രണ്ടായിരമോ രണ്ടായിരത്തിയഞ്ഞൂറോ രൂപയാക്കി വർദ്ധിപ്പിക്കണം. തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം കാലാനുസൃതമായി വർദ്ധിപ്പിക്കണം. കാശില്ലാത്തതുകൊണ്ട് ക്ഷേമനിധി ബോർഡ് പറയുന്നത് രണ്ടു പ്രസവമേ നടക്കാൻ പാടുള്ളൂ എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസവത്തിനുള്ള നിയന്ത്രണം ഒഴിവാക്കണം. എന്റെ ഈ അഭിപ്രായത്തോടെല്ലാം പ്രതിപക്ഷ നേതാവിന് പൂർണ്ണയോജിപ്പാണ്, പ്രസവാനുകൂല്യം വർദ്ധിപ്പിക്കണ്ടേ, ഇവിടത്തെ ചീഫ് സെക്രട്ടറിക്ക് നാൽപ്പതിനായിരം രൂപ ശമ്പളം, അതായത് ഒരു ദിവസം പതിമൂന്നായിരം രൂപ. ഇവിടത്തെ കർഷകത്തൊഴിലാളിക്ക് പെൻഷൻ 100 രൂപ. കയർ, കശുവണ്ടി, കൈത്തറി, തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ 100 ഉറുപ്പികയെന്നു പറയുന്നത് കുറച്ചുകൂടി വർദ്ധിപ്പിക്കണം. നൂറ് ഉറുപ്പികയെന്നുള്ളത് ഇരുന്നൂറ്റിയമ്പത് ഉറുപ്പികയെങ്കിലുമാക്കണമെന്നുള്ള അഭിപ്രായത്തോട് നിങ്ങൾ യോജിക്കുകയില്ലേ, യോജിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട കണാരേട്ടൻ പറഞ്ഞതുപോലെതന്നെ തൊഴിലാളി പെൻഷൻ 100 രൂപയെന്നുള്ളത് തീർച്ചയായിട്ടും വർദ്ധിപ്പിക്കണം. അടിയന്തിരമായി ഈ ഗവൺമെന്റ് തന്നെ അതിനുള്ള തീരുമാനമെടുക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. എ. കണാരൻ : അതാണ് സാർ, കണ്ടോ കണ്ടോ നമ്മൾ തമ്മിൽ യോജിച്ചുവരുന്നതുകണ്ടോ.

ശ്രീ. കെ. സുധാകരൻ : ബഹുമാനപ്പെട്ട കണാരേട്ടൻ, സ്ത്രീകളുടെ പ്രസവാനുകൂല്യം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലായെങ്കിൽ പ്രസവിക്കുകയെന്ന ധർമ്മം പുരുഷന്മാർക്ക് കൊടുക്കാൻ വല്ല നിയമവും കൊണ്ടുവരുന്നുണ്ടോ?

ശ്രീ. എ. കണാരൻ : ശരിയാണ്, ശരിയാണ്, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനകീയ പ്രശ്നങ്ങളെ ഒന്നായി കണ്ടുകൊണ്ട് മുന്നോട്ടുപോകാൻ നമ്മൾ തയ്യാറാകണം. ചില മേഖലകളിൽ ഇപ്പോൾ ക്ഷേമനിധിയില്ല. സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ക്ഷേമനിധിയില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലല്ല, ചില സ്വകാര്യ ആശുപത്രികളിൽ ഒരു ലക്ഷം രൂപവരെ ശമ്പളം വാങ്ങുന്ന ഡോക്ടർമാരുണ്ട്. അതേയവസരത്തിൽ ആയിരം രൂപയ്ക്കു താഴെ ശമ്പളം വാങ്ങുന്ന നഴ്സുമാരുണ്ട്. അവർ പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ വിഭാഗത്തിന് ക്ഷേമനിധി കൊണ്ടുവരാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതായിട്ടുണ്ട്. ഞാൻ ചുരുക്കുകയാണ്. കച്ചവടസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥിതിയും ഇതുതന്നെയാണ്. കടയുടമ ലാഭം വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കും. ജീവനക്കാർക്ക് ആനുകൂല്യമില്ല, ഹോട്ടൽ ജീവനക്കാരുടെ സ്ഥിതിയും പരിതാപകരമാണ്. അവർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്താനുള്ള നടപടി അടിയന്തിരമായി കൈക്കൊള്ളണം. ദുരിതം അനുഭവിക്കുന്ന ഈ വിഭാഗങ്ങളോട് കൂറും അവരുടെ പ്രശ്നങ്ങളിൽ ആത്മാർത്ഥതയുമുള്ള ഈ ഗവൺമന്റിനു മാത്രമേ ഇത്തരം നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. വേറൊരു ഗവൺമെന്റിനും സാദ്ധ്യമല്ല. ഈ ഗവൺമെന്റ് മാത്രമേ ചെയ്യൂ. മറ്റൊരു കാര്യം ബാലവേല. പതിനഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ടു ജോലിചെയ്യിപ്പിക്കുന്ന ഏർപ്പാട് തടയാൻ വേണ്ടി നിയമങ്ങളുണ്ടെങ്കിലും അത് കർശനമായി നടപ്പിലാക്കുന്നില്ല. ഞങ്ങൾ തന്നെ ചില ഹോട്ടലുകളിൽ ചെല്ലുമ്പോൾ കുട്ടികളാണ് ചായകൊണ്ടുവരുന്നത്. ആ ബാലവേല അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ ആനത്തൊഴിലാളികൾ, ഏറ്റവും കൂടുതൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ്. അതുപോലെ അലക്കു തൊഴിലാളികളുണ്ട്. കാലികളെ മേയ്ക്കുന്ന തൊഴിലാളികളുണ്ട്. അവർ സംഘടിതരല്ല, അവർ അസംഘടിതരാണ്. ആ അസംഘടിതവിഭാഗത്തിൽപ്പെട്ട, അവിടെ നാല്, ഇവിടെ മൂന്ന് അവിടെ രണ്ട് ഇങ്ങനെ വീട്ടുടമകളുടെ അടിമകളായി ജീവിക്കുന്നവരെയെല്ലാം ചേർത്ത് നമുക്ക് മുന്നോട്ടുപോകണം. സർ, ആന കയറിയ കരമ്പിൻതോട്ടം പോലെയാണ്

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. അത് മാറ്റി കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. ബാലകൃഷ്ണപിള്ളയുടെ മാടമ്പി ഭരണത്തിന്റെ ദുരിതം പേറിയിരുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷനെ നേരെയാക്കാനുള്ള ആത്മാർത്ഥ ശ്രമങ്ങളാണ് നടന്നുവരുന്നത്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പാലോട് രവി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ കണാരേട്ടന് എന്തു പറ്റി. യഥാർത്ഥത്തിൽ ഞങ്ങൾ യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിൽകൂടി കടന്നുവന്നവരാണ്. ഈ തൊഴിലാളിവർഗ്ഗത്തിനുവേണ്ടി കുറെയെങ്കിലും പോരാടിയിട്ടുള്ള നേതാക്കന്മാരിൽ ഒരാളായിട്ടാണ് ശ്രീ. കണാരേട്ടനെ ഞങ്ങളൊക്കെ കാണുന്നത്. പക്ഷെ അങ്ങ് എന്താ ഈ വകുപ്പിനെക്കുറിച്ച് പറഞ്ഞത്? അങ്ങ് ബംഗാളിനെ ചൂണ്ടിക്കാണിച്ചുകൊണ്ട്, മറ്റു ചില സംസ്ഥാനങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങ് ഈ തൊഴിൽ വകുപ്പിന്റെ ധനാഭ്യർത്ഥനകളെക്കുറിച്ച് എന്താണ് പറഞ്ഞത്? സർ, തൊഴിലാളികളുടെ മുന്നേറ്റങ്ങളുടെ ഇതിഹാസങ്ങൾ രചിച്ച നമ്മുടെ സംസ്ഥാനത്ത് തൊഴിലാളി മേഖലയ്ക്കു വേണ്ടി, നാടിന്റെ സമഗ്രമായ വികസനത്തിനു വേണ്ടി നിരവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകിയ വകുപ്പാണ് കേരളത്തിലെ ലേബർ വകുപ്പ്. കേരളത്തിന്റെ ലേബർ വകുപ്പ് ഇൻഡ്യയ്ക്കാകെ ആശാകേന്ദ്രമായിരുന്നു. ശ്രീ. ടി. വി. തോമസ് തൊട്ട് ശ്രീ. ആര്യാടൻ മുഹമ്മദ് വരെ പിന്നെ ശ്രീ. ബേബി ജോണും കൈകാര്യം ചെയ്ത, ഇപ്പോൾ വി. പി. രാമകൃഷ്ണപിള്ള കൈകാര്യം ചെയ്യുന്ന, ഇന്ന് വിശ്വാസത്തകർച്ച നേരിടുന്ന ഒരു വകുപ്പാണ് ലേബർവകുപ്പ്. മാത്രമല്ല തൊഴിലാളി യൂണിയനുകൾക്ക്, തൊഴിലാളി നേതാക്കന്മാർക്ക് ക്രെഡിബിലിറ്റി ഇല്ലാത്ത ഒരു വകുപ്പായി നമ്മുടെ തൊഴിൽ വകുപ്പ് മാറിയിരിക്കുന്നു. സർ ഇന്ന് തൊഴിൽവകുപ്പിന് മാത്രമായി ഒരു മന്ത്രിയില്ലെന്ന് അപ്പുറത്തിരിക്കുന്ന ആരോ ചൂണ്ടിക്കാണിച്ചു. ഇത് ഒരു അഡീഷണൽ വകുപ്പാണ്, അങ്ങ് അത് കൈകാര്യം ചെയ്യുന്നത് അഡീഷണൽ വകുപ്പായിട്ടാണ്. സർ ഈ ഗവൺമെന്റ് അതിന്റെ നാലാം വർഷത്തിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞു. ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തിന് ഇത്രയും നിർണ്ണായക സ്വാധീനമുള്ള സി.പി.എം., സി.പി.ഐ., ആർ.എസ്.പി., നിങ്ങൾ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് കേരളത്തിലെ തൊഴിലാളികളോട് എന്താണ് പറഞ്ഞത്. കശുവണ്ടി, കൈത്തറി, തുടങ്ങിയ പരമ്പരാഗത മേഖല യിൽ പണിയെടുക്കുന്ന തൊഴിലാളികളോട്, പത്തുനാൽപ്പതു ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളോട് നിങ്ങൾ എന്താണ് പറഞ്ഞത് ? മൂന്ന് വർഷങ്ങൾക്ക് മുമ്പ് തൊഴിലാളികളുടെ കേന്ദ്രങ്ങളിൽ പോയി നിങ്ങൾ പറഞ്ഞു, നിങ്ങളുടെ പ്രകടനപത്രികയിൽ എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള പേജുകളിൽ എന്താണ് പറഞ്ഞിരിക്കുന്നത്? "പുരോഗമനപരമായ വ്യവസായ നയത്തിനും സമ ഗ്രമായ തൊഴിൽ നയത്തിനും രൂപം നല്കും. എന്ന് ഞങ്ങൾ ഇതാ വാഗ്ദാനം ചെയ്യുന്നു". എവിടെ നിങ്ങളുടെ തൊഴിൽ നയം? നിങ്ങളുടെ വ്യവസായ നയത്തിന് എന്തു സംഭവിച്ചു? ഈ സഭയ്ക്കു മുന്നിൽ ഇന്നുവരെ തൊഴിൽനയം പ്രഖ്യാപിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഒരു തൊഴിൽ നയം

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിക്കുന്നതു സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായിട്ട് ഒരു വട്ടംപോലും സംസാരിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ടോ ? അങ്ങ് തൊഴിൽ വകുപ്പുമന്ത്രിയാണ് ജലസേചനവും കുടിവെള്ളവും അവിടെ നില്ക്കട്ടെ, അങ്ങ് കേരളത്തിന്റെ പുരോഗമന സ്വഭാവമുള്ള തൊഴിലാളികൾ വർഗ്ഗാധിപത്യമെന്നു അങ്ങ് വിശേഷിപ്പിക്കുന്ന കേരളത്തിലെ തൊഴിലാളികൾക്കുവേണ്ടി തൊഴിലാളി നേതാക്കന്മാരുമായി അങ്ങ് മൂന്നു വർഷങ്ങൾക്കു മുമ്പ് തൊഴിലാളി കേന്ദ്രങ്ങളിൽ പോയി പ്രസംഗിച്ച ആ തൊഴിലാളി നയത്തെക്കുറിച്ച് ഒരു വരി ഞങ്ങളുടെ നേതാക്കന്മാരുമായി അങ്ങ് സംസാരിച്ചിട്ടില്ല. തൊഴിലാളികളെയും തൊഴിലാളി സംഘടനകളേയും ഇത്രയേറെ നോക്കുകുത്തികളാക്കിയ ഒരു കാലഘട്ടം നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ ? കണാരേട്ടൻ പ്രസംഗിക്കുന്നു. ഞാൻ അതിലേയ്ക്ക് വരുന്നു. ശ്രീ. കെ. പി. രാജേന്ദ്രൻ അടക്കമുള്ളവർ പങ്കെടുത്ത ഒരു ചെങ്കൊടി പ്രകടനം തിരുവനന്തപുരത്ത് നടന്നു. നല്ല ഉശിരൻ പ്രകടനം, എന്താ അവർ അങ്ങയെക്കുറിച്ച് വിളിച്ചത് എന്നറിയാമോ ? ഞങ്ങൾ കേരളകൗമുദി ആഫീസിന്റെ മുകളിൽ നിന്ന് കേട്ടു. നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് മുദ്രാവാക്യം വളിച്ചു, ചെങ്കൊടി മാറിലേന്തി ആയിരങ്ങളെ അണിനിരത്തിക്കൊണ്ട് ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിനു മുമ്പിൽ ഒരു രണ്ടു മാസത്തിനു മുമ്പാണ് ആ പ്രകടനം നടന്നത്. അതിൽ മുഷ്ടിചുരുട്ടി വിളിച്ച മുദ്രാവാക്യം അങ്ങേയ്ക്ക് എതിരായിട്ടും ഈ എൽ.ഡി.എഫ്. ന് എതിരായിട്ടും ആയിരുന്നു. നിങ്ങളെ മന്ത്രിമാരാക്കാൻ, നിങ്ങളെ കാറുകളിൽ കയറ്റിനടത്താൻ, നിങ്ങൾക്ക് അധികാരം തരാൻ, കശുവണ്ടി മേഖലയിലും കൈത്തറി മേഖലയിലും കേരളത്തിലെ തോട്ടം മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾ നമ്മുടെ ഡെപ്യൂട്ടി സ്പീക്കറും ഉണ്ടായിരുന്നു. എല്ലാപേരും അണിനിരന്നു മുദ്രാവാക്യം വിളിച്ചു. എന്റെ കെ. പി. രാജേന്ദ്രാ അങ്ങയോട് ഇഷ്ടമുള്ളയാളാ ഞാൻ. ഞാൻ അത് പറയുകയില്ലായിരുന്നു. സംസ്ഥാന സർക്കാരിന്റെ വ്യവസായ തൊഴിൽ നയങ്ങൾ പുനഃപരിശോധിക്കണമെന്നും തൊഴിലാളികളോടുള്ള സമീപനം കുറേക്കൂടി അനുഭാവപൂർവമാക്കണമെന്നും സി.പി.ഐ. നേതാക്കന്മാർ ആവശ്യപ്പെട്ടു. സർ സംസ്ഥാന സർക്കാർ പുതിയ വ്യവസായ നയം പ്രഖ്യാപിച്ചപ്പോൾ ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ചർച്ച ചെയ്തില്ല എന്ന് എ.ഐ.ടി.യു.സി. സംസ്ഥാന സെക്രട്ടറി ആലോചിച്ചു. മാത്രമല്ല തൊഴിലാളികളുടെ ചങ്കിലെ ചോരയായ സർക്കാർ, തൊഴിലാളികളോട് മര്യാദയ്ക്ക് പെരുമാറണമെന്നു പറഞ്ഞു. സർ, ആരൊക്കെയാണ് പങ്കെടുത്തത് ? ഈ മാസം 19-ാം തീയതി മഞ്ചേശ്വരത്തുനിന്ന് കാനം രാജേന്ദ്രൻ, വിജയൻ കുന്നശ്ശേരി എന്നിവരുടേയും 21-ാം തീയതി വയനാട്ടിൽനിന്ന് ബിനോയ് വിശ്വം, സി. കൃഷ്ണൻ എന്നിവരുടേയും, 24-ാം തീയതി തൊടുപുഴയിൽനിന്ന് എ.എം.രാജൻ, എച്ച്.രാജു എന്നിവരുടേയും നേതൃത്വത്തിൽ തുടങ്ങിയ മേഖലാമാർച്ച് ബുധനാഴ്ച വൈകിട്ട് തിരുവനന്തപുരത്ത് സംഗമിച്ചിരുന്നു.

സർ, എ.ഐ.ടി.യു.സി. സംസ്ഥാന പ്രസിഡന്റായ ഡെപ്യൂട്ടി സ്പീക്കർ സി. എ. കുര്യൻ അദ്ധ്യക്ഷത വഹിച്ചു. എം.എൽ.എ.മാരായ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, ശ്രീ. കെ. പി. രാജേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. വ്യവസായ നയത്തിലെ തെറ്റുകൾ തിരുത്തിയ്ക്കാൻ ഇടതുമുന്നണി സർക്കാരിനെതിരെ

LIBRARY ARCHIVES Kerala Legislative Assembly

എ.ഐ.ടി.യു.സി. പ്രക്ഷോഭം ആരംഭിക്കുമെന്ന് സി. ദിവാകരൻ. കരുണാകരൻ സർക്കാരിന് എതിരെ തൊഴിലാളി സമരങ്ങളിലൂടെ അധികാരത്തിൽ വന്ന ഇടതുപക്ഷസർക്കാർ പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്നില്ല. ഗൗരവമേറിയ തൊഴിൽ പ്രശ്നങ്ങൾ ഉയർന്നു വന്നപ്പോഴും കേരളത്തിലെ തൊഴിൽ വകുപ്പ് നിർജ്ജീവമായിരിങ്ങുകയാണ്. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഒരു തൊഴിൽ നയം പോലും പ്രഖ്യാപിക്കാൻ കഴിയാത്ത തൊഴിൽ വകുപ്പ് മറ്റ് വകുപ്പുകളുടെ ചവിട്ടിയിൽ ഞെരുങ്ങുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ബൂർഷ്വാ രാഷ്ട്രീയത്തിലെ കിംഗ് മേക്കർമാരുടെ റോളാണ് ഇടതുപക്ഷ നേതാക്കൾക്കുള്ളതെന്ന് ആശംസാപ്രസംഗത്തിൽ സി. ഐ. ടി. യു. നേതാവ് ശ്രീ. വി. പി. ചെറിയാൻ പറഞ്ഞു. നട്ടപ്പോഴും പറിച്ചപ്പോഴും ഒരു കുട്ട എന്നുള്ളതാണ് രാഷ്ട്രീയത്തിൽ ഇവരുടെ പങ്കെന്നും ശ്രീ. ചെറിയാൻ കൂട്ടിച്ചേർത്തു. ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഞാൻ അത് പറയാൻ കാരണം അങ്ങയുടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ എതിർക്കുന്ന വ്യവസായനയത്തിനെതിരായി ഇത്രയും രൂക്ഷമായ സമരം ഇന്ന് കേരളം ഭരിക്കുന്നവർ തന്നെ നടത്തുകയാണ്. എന്താണ് നയം ? ഞാൻ ഒരിക്കൽ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ, പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കാൻ കോടതി പറഞ്ഞാൽ ആ തൊഴിലാളിക്കെതിരെ ഈ ഗവൺമെന്റ് അപ്പീൽ പോകുമോ ? ഉദാഹരണത്തിന് ട്രാക്കോ കേബിൾസിൽ 98 തൊഴിലാളികളെ പിരിച്ചുവിട്ടു. കേരളത്തിലെ ലേബർ സെക്രട്ടറി ഇടപെട്ട് ആ പിരിച്ചുവിടൽ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു. ലേബർ സെക്രട്ടറിയുടെ ആ അവാർഡിനെതിരായി വ്യവസായ വകുപ്പ് സെക്രട്ടറി കോടതിയിൽ പോയി. നാണമില്ലേ ? നിങ്ങൾ തൊഴിലാളികളുടെ സർക്കാരല്ലേ ? കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഉണ്ടായിട്ടുണ്ടോ ? പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്കെതിരായി ഗവൺമെന്റ് ഹൈക്കോടതിയിൽ കേസ് കൊടുക്കുന്നത് ഇവിടെ ആദ്യമായിട്ടാണ്. നമ്മുടെ വകുപ്പിന് നയമില്ലാഞ്ഞിട്ടാണ്. വാളയാർ സിമന്റ് ഫാക്ടറിയിൽനിന്ന് പിരിച്ചുവിടപ്പെട്ട ചന്ദ്രൻ എന്ന തൊഴിലാളിയെ തിരിച്ചെടുക്കാൻ ഹൈക്കോടതി ഉത്തരവായി. ആ വിധിക്കെതിരെ ഗവൺമെന്റ് അപ്പീൽ പോയി. എന്ത് നയം ?

സർ, ജയരാജന്റെ നാട്ടിലെ കാര്യം. കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കണ്ടിജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഹൈക്കോടതി വിധി പ്രസ്താവിച്ചു. അതിലും അപ്പീൽ. അനാവശ്യമായ പണിമുടക്ക് ഒഴിവാക്കിയവരാണ് കേരളത്തിലെ തൊഴിലാളികൾ. കോഴിക്കോട് സോപ്സ് ആന്റ് ഓയിൽസിൽ നിന്നും 280 പേർ സർക്കാരിന്റെ നിർദ്ദേശപ്രകാരം പിരിഞ്ഞുപോയില്ലേ ? കാരണം സർപ്ലസ് ലേബർ. സ്ഥാപനം നടത്താൻ കഴിയുകയില്ല. കോഴിക്കോട് സ്റ്റീലിൽ നിന്നും 126 പേർ പിരിഞ്ഞുപോയി. എന്താണ് കാരണം ? സർപ്ലസ് ലേബർ. ട്രാവൻകൂർ പ്ലൈവുഡിൽ നിന്നും 204 പേർ പിരിഞ്ഞുപോയില്ലേ ? തൃശൂരിലെ കെൽട്രോൺ കെ.പി.ഡി.എൽ. ൽ നിന്നും 160 പേർ പിരിഞ്ഞുപോയില്ലേ ? എല്ലാ മേഖലകളിലും അദ്ധ്വാനഭാരം കൂട്ടാൻ കേരളത്തിലെ തൊഴിലാളികൾ വന്നിരിക്കുമ്പോൾ ശാന്തം സർവ്വം സുന്ദരം മനോഹരം. നിങ്ങൾക്ക് പറയാൻ നാണമില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേരളത്തിലെ തൊഴിൽ നയത്തെക്കുറിച്ച് അങ്ങ് ഇവിടെ ചോദിക്കുകയുണ്ടായി. അത് വളരെ ക്ലിയറല്ലേ ? കേരളത്തിൽ തൊഴിലാളികളാണ് തൊഴിൽ സമാധാനത്തിൽ തകരാറുണ്ടാക്കുന്നതെന്ന് വ്യപകമായി പ്രചരണം നടത്തി വ്യവസായികളെ അങ്ങോട്ട് ആകർഷിക്കാതിരിക്കുന്നതിന് സാഹചര്യമൊരുക്കിയ പാർട്ടിയല്ലേ നിങ്ങളുടെ പാർട്ടി ? ഇന്ന് ഇൻഡ്യയിൽ ഏറ്റവും തൊഴിൽ കുഴപ്പങ്ങൾ കുറവുള്ള ഒരു സംസ്ഥാനം എന്ന പദവി കേരളത്തിന് ഉണ്ടായതിൽ നിങ്ങൾക്ക് അസഹിഷ്ണുതയുള്ളതുകൊണ്ടല്ലേ ഇങ്ങനെ പ്രസംഗിക്കുന്നത് ?

ശ്രീ. പാലോട് രവി : സർ, ശ്രീ. ആനത്തലവട്ടം ആനന്ദൻ അങ്ങ് പ്രതിനിധാനം ചെയ്യുന്ന കയർമേഖല ഉൾപ്പെടെ ഇന്ന് അനാഥമാണ്. ഒരു ഉദാഹരണം ഞാൻ പറയാം. 27 സ്ഥാപനങ്ങൾ ലോക്കൗട്ട് ചെയ്തിട്ടുണ്ടെന്ന് നിയമസഭയിൽ ഉത്തരമായി പറഞ്ഞിട്ടുണ്ട്. ഞാൻ ഒരു സംശയം ഉന്നയിക്കുന്നു. കേരളത്തിൽ ഇന്ന് പ്രവർത്തനം നിറുത്തിവച്ചിട്ടുള്ള പുനലൂർ പേപ്പർ മിൽസ്, സാലിസിലേറ്റ്സ്, പ്രിമോ പൈപ്പ്, തിരുവനന്തപുരം സിപിന്നിംഗ് മിൽ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ രണ്ട് ഫാക്ടറികൾ, നിലമ്പൂർ വുഡ് ഇൻഡസ്ട്രീസ്, കണ്ണൂർ തിരുവാപ്പതി സ്പിന്നിംഗ് മിൽ, ഇതൊക്കെ തുറക്കാനല്ലേ നിങ്ങൾ, വിപ്ലവകാരികൾ കടന്നു വന്നത് ? നിങ്ങൾക്ക് ഒരു വാതിൽ തുറക്കാൻ കഴിഞ്ഞില്ല. നിങ്ങൾക്ക് ഒരു ലേബർ കോൺഫറൻസ് വിളിച്ചുകൂട്ടാൻ കഴിഞ്ഞില്ല. ഞങ്ങളെ തോല്പിച്ച് നിങ്ങൾ അധികാരത്തിൽ വന്നത് പൂട്ടിയിട്ട വ്യവസായസ്ഥാപനങ്ങൾ തുറക്കുമെന്ന് വീമ്പിളക്കിക്കൊണ്ടാണ്. പക്ഷേ നിങ്ങൾ തുറന്നില്ലെന്ന് മാത്രമല്ല, ഉള്ളതുംകൂടി അടച്ചവരല്ലേ നിങ്ങൾ ? നൂറോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനം പൂട്ടുമ്പോഴും ലേ ഓഫ് ചെയ്യുമ്പോഴോ അതിന് മുമ്പ് ലേബർ വകുപ്പിന്റെ അനുവാദം വാങ്ങണമെന്ന് നമ്മുടെ ഐ. ഡി. ആക്ടിലെ 9 (എ) ൽ ഉണ്ട്. അതാണ് ഞാൻ പറയുന്നത്. നിങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിനെ നോക്കുകുത്തിയാക്കുയല്ലേ ? ഈ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികൾ ഇന്ന് കേരളത്തിലുണ്ട്. സർവ്വം സുന്ദരം മംഗളം. നിങ്ങൾ സ്തുതിക്കുകയല്ലേ ഇവിടെ. എവിടെയെല്ലാം മൂകത, മനോഹരം. അത് ശ്മശാന മൂകതയാണ്. കശുവണ്ടിമേഖലയിൽ ഉൾപ്പെടെ ജോലി നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. തൊഴിൽ നഷ്ടപ്പെട്ട കണാരേട്ടന്റെ കർഷകത്തൊഴിലാളികൾ ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തുള്ളപ്പോൾ സുന്ദരം, മനോഹരം എന്നാണ് പറയുന്നത്. കയ്യടിച്ചോ. ഞങ്ങൾ അതിനോട് യോജിക്കുന്നില്ല.

ശ്രീ. എ. കണാരൻ : കർഷകത്തൊഴിലാളികളെക്കുറിച്ച് എന്താണ് പറഞ്ഞത് ?

ശ്രീ. പാലോട് രവി : കർഷകത്തൊഴിലാളി മേഖല ഉൾപ്പെടെ എല്ലാം ഭദ്രമെന്ന് കണാരേട്ടൻ വിശ്വസിക്കരുത് എന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. തൊഴിലാളികളുടെ കുറ്റംകൊണ്ടല്ലാതെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നമ്മുടെ അയൽ സംസ്ഥാനം വരെ സഹായം നൽകുന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. നമുക്ക് ലജ്ജയില്ലേ ? എല്ലാം നഷ്ടപ്പെട്ട തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാട്ടിൽ സഹായം കൊടുക്കുന്നില്ലേ ? 1000 രൂപ വച്ച് ഇവിടെ കൊടുത്തു കൂടെ ? നമ്മൾ എന്തിനെല്ലാം കാശ് കൊടുക്കുന്നു ? ശ്രീ. നാണുമാസ്റ്റർ പറഞ്ഞു. നിങ്ങൾ പറയാൻ ബാദ്ധ്യസ്ഥനാണ്. എന്താണ് കാര്യക്ഷമതയുടെ കാര്യം ? അങ്ങ് മറുപടി പറയണം. പുനഃസംഘടന നടത്താത്തത് കാരണം 16 ഐ.ആർ.സി. കൾ കാലാവധി കഴിഞ്ഞ്, പ്രവർത്തിക്കുന്നില്ല. നാല് ലക്ഷത്തോളം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട പ്ലാന്റേഷൻ ലേബർ കമ്മിറ്റി, കള്ള് വ്യവസായത്തിലെ ഐ.ആർ.സി. ലിക്കറിലെ ഐ. ആർ. സി. അങ്ങനെ 16 ഐ. ആർ.സി. കളുടെ കാലാവധി കഴിഞ്ഞു. അങ്ങ് പുനഃസംഘടിപ്പിച്ചിട്ടില്ല.

സർ, മിനിമം വേജസ് നിജപ്പെടുത്തിയിട്ടുള്ള തൊഴിലാളികളുടെ എൻഫോഴ്സ്മെന്റുകളുടെ കാര്യം പറയുമ്പോൾ അത് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രിയാണ് ചെയ്യേണ്ടതെന്ന് പറഞ്ഞ് അങ്ങേയ്ക്ക് ഒഴിഞ്ഞുമാറാം. ഈ എൻഫോഴ്സ്മെന്റുകൾ മാനേജർമാർ വിളിച്ചാൽ ലേബർ കോൺഫറൻസിൽ വരണമെങ്കിൽ - ബോണക്കാട് എസ്റ്റേറ്റിലും പൊൻമുടി എസ്റ്റേറ്റിലും തോട്ടം പൂട്ടിയിട്ട് എത്ര നാളുകളായി. എന്തുകൊണ്ട് എസ്റ്റേറ്റ് ഉടമകൾ വരുന്നില്ല ? വരണമെങ്കിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനുള്ള പണം ആ ഓഫീസുകളിൽ ഇല്ല. മുതലാളിമാരുടെ കാറിൽ കയറി ഉദ്യോഗസ്ഥന് പോകാൻ പറ്റുമോ ? പറ്റില്ല. പണമില്ല. ഒരു ചില്ലിക്കാശ് നിങ്ങൾ കൂടുതൽ വച്ചിട്ടില്ല. വെൽഫെയർ ബോർഡ് പ്രവർത്തനത്തിൽ യാതൊരു നിയന്ത്രണവുമില്ല. അങ്ങ് മറുപടി പറയണം. ലേബർ വകുപ്പിന്റെ കീഴിൽ 11 ലേബർ വെൽഫയർ ബോർഡുകൾ പ്രവർത്തിക്കുന്നതിൽ 10 ശതമാനമല്ലേ ചെലവാക്കാവൂ എന്ന് പറഞ്ഞിരിക്കുന്നത് ? ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നത് ? 30 ശതമാനം ക്ഷേമപ്രവർത്തനത്തിനും അതിലുള്ള ഉദ്യോഗസ്ഥന്മാർക്ക് 40 ശതമാനവും. അതല്ലേ ലേബർ വെൽഫെയർ ഫണ്ടിന്റെ സ്ഥിതി ? അത് ആരെങ്കിലും റിവ്യൂ ചെയ്യുന്നുണ്ടോ ? തൊഴിലാളികളുടെ പണം കൊണ്ടുണ്ടാക്കുന്ന ലേബർ വെൽഫെയർ ബോർഡിന് 10 ശതമാനമേ ഉദ്യോഗസ്ഥന്മാരുടെ ചെലവുകൾക്കുവേണ്ടി ചെലവഴിക്കാവൂ എന്ന് നിയമം ഉണ്ടാക്കിവച്ച സ്റ്റേറ്റിൽ അങ്ങ് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ 40 ശതമാനം ഈ ഉദ്യോഗസ്ഥന്മാർ ചെലവഴിക്കുന്നു. ക്ഷേമ കാര്യങ്ങൾക്കോ 30 ശതമാനവും. ഈ ബോർഡുകൾ എന്തൊക്കെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഈ മൂന്നുവർഷക്കാലത്തിനിടയിൽ ഒരിക്കലെങ്കിലും റിവ്യൂ നടത്താൻ ലേബർ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ ?

സർ, ഇവിടെ ചൈൽഡ് ലേബറിനെക്കുറിച്ച് എല്ലാവരും പറഞ്ഞു. അതുകൊണ്ട് ഞാൻ പറയുന്നില്ല. നമ്മുടെ നാട്ടിൽ അവസാനം ഇവർക്ക് ബോധവൽക്കരണം നടത്തി അവരെക്കൊണ്ട് കഠിന ജോലികൾ ചെയ്യിക്കാനുള്ള അവസരമുണ്ടാക്കരുതെന്നുള്ള അപേക്ഷമാത്രമേ എനിക്കുള്ളൂ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, ഇന്ന് ഇവിടെ പല സ്ഥാപനങ്ങളിലും സ്ത്രീതൊഴിലാളികൾക്ക് അർഹമായ മെറ്റേണിറ്റി ബെനിഫിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. അത് അങ്ങ് അന്വേഷിക്കണം. കിട്ടിയിരിക്കുന്ന പരാതികൾ അന്വേഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എഫ്. സി. കരീമിന്റെ, കോഴിക്കോട് ടൈൽവർക്കേഴ്സ് യൂണിയൻ സംഘടിപ്പിച്ച സമരം സുദീർഘമായി നീണ്ടുപോവുകയല്ലേ ? അങ്ങ് എന്താണ് ഇതിനെക്കുറിച്ച് പറയാത്തത് ? ഇതു സംബന്ധിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് പറയണ്ടേ ?

സർ, കാര്യക്ഷമതയുടെ ഒരു കാര്യംകൂടെ പറഞ്ഞുകൊണ്ട് ഞാൻ ലേബർ ഡിപ്പാട്ടുമെന്റിൽ നിന്ന് മാറുകയാണ്. മിനിമം വേജസ് കമ്മിറ്റി ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും മിനിമം വേജസ് കമ്മിറ്റികൾ ഇതുവരെ രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങ് ഇത് അറിയണം. അല്ലെങ്കിൽ അങ്ങയുടെ ലേബർ കമ്മിഷൻ പറയട്ടെ, ലേബർ സെക്രട്ടറി പറയട്ടെ, ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ട് ഇതുവരെയും മിനിമം വേജസ് കമ്മിറ്റി ഉണ്ടാക്കിയില്ല. അത് ഏതൊക്കെയാണ് ? മാർബിൾ ആന്റ് ഗ്രാനൈറ്റ് വ്യവസായം, നോട്ടിഫിക്കേഷൻ ആയി, കമ്മിറ്റി വന്നില്ല. ഫുഡ് പ്രോസസിംഗ് വ്യവസായം : നോട്ടിഫിക്കേഷനായി, കമ്മിറ്റിയായില്ല. Electrical Equipments & Home Appliances and Corporation of Software System. ഇതുവരെ കമ്മിറ്റിയായില്ല. സോപ്പുനിർമ്മാണം, ഇതുവരെ കമ്മിറ്റിയായില്ല. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഇതുവരെ കമ്മിറ്റി ആയില്ല. പ്ലാസ്റ്റിക് വ്യവസായം, ഇതുവരെ കമ്മിറ്റിയായില്ല. wire cut bricks ഇതുവരെ കമ്മിറ്റിയായില്ല. ബാക്കിയൊന്നും ഞാൻ വായിക്കുന്നില്ല. നമ്മുടെ ലേബർ വകുപ്പിന്റെ കാര്യക്ഷമതയെക്കുറിച്ച് അറിയാൻ വേണ്ടി പറഞ്ഞുവെന്നേയുള്ളൂ. അവസാനം cane and bamboo കമ്മിറ്റി വന്നിട്ടില്ല. 30 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്നതാണ് കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖല. അതെല്ലാം വലിയ മുതൽമുടക്ക് ഇല്ലാത്തതല്ലേ ? സർ, എന്റെ സുഹൃത്ത് എറണാകുളം എം.എൽ.എ. പറഞ്ഞു, ഈ ഫാക്ടറികളുടെ പടിക്കലൊക്കെ ഉത്സവത്തിന്റെ പേരിലുള്ള, സമ്മേളനത്തിന്റെ പേരിലുള്ള ചെങ്കൊടി മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന്. 80 ശതമാനം ആളുകൾക്ക് ബോണസ് കിട്ടുന്നില്ല. എന്താണ് കിട്ടാത്തതിന് കാരണം ? ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ സംസാരിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു. ഇ.എസ്.ഐ.ക്കാരുടെ വരുമാനപരിധി 6,000 രൂപവരെ വർദ്ധിപ്പിച്ചപ്പോൾ ബോണസിന്റെ സീലിംഗ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഈ സഭയിൽ നിന്നുണ്ടാകാൻ നേതൃത്വം കൊടുക്കേണ്ടത് അങ്ങല്ലേ ? കേരളത്തിലെ 80 ശതമാനം തൊഴിലാളികൾക്ക് അവരുടെ deferred wages കിട്ടുന്നില്ല. ഞാൻ ചീഫ് സെക്രട്ടറിയുടെ ശമ്പളം പറയുന്നില്ല. ആ deferred wages കേരളത്തിലെ 80 ശതമാനം തൊഴിലാളികൾക്ക് കിട്ടാതെ വരുമ്പോൾ കേരളത്തിൽ ഒട്ടനവധി തൊഴിൽ നിയമങ്ങൾക്ക് നേതൃത്വം നൽകിയ ഈ മഹാസഭയിൽ അതിന് നേതൃത്വം നൽകിയ ലേബർ വകുപ്പ്, അതിന്റെ ചുമതല വഹിക്കുന്ന അങ്ങ് ഈ സീലിംഗ് മാറ്റിയെടുക്കുന്ന കാര്യത്തിൽ നിർജീവമായിപോകുന്നുവെന്ന് ഞാൻ പറയുന്നില്ല. ഗ്രാറ്റ്യുവിറ്റി നിയമം കാലഹരണപ്പെട്ടതാണ്. അവിടെയെല്ലാം നമ്മൾ എന്തെല്ലാം സംഭാവനകൾ ചെയ്തവരാണ്. കേരളത്തിലെ ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യ എന്നീ സ്ഥാപനങ്ങളിൽ ഗ്രാറ്റ്യുവിറ്റി 30 ദിവസമാക്കാമെങ്കിൽ അങ്ങേയ്ക്ക് മുൻകൈയെടുത്തുകൊണ്ട് ഈ 15

LIBRARY ARCHIVES Kerala Legislative Assembly

ദിവസമെന്നുള്ളത് 30 ആക്കി ഏകീകരിക്കാൻ കഴിയുകയില്ലേ ? അതുപോലെ തന്നെ ക്ഷാമബത്ത. കേരളത്തിലെ തൊഴിലാളികൾക്ക് ഇന്നു നൽകിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത കണക്കാക്കുന്ന അടിസ്ഥാന വർഷം 1970 ആണ്. 29 വർഷങ്ങൾക്കു മുമ്പുള്ള ഫാമിലി ബഡ്ജറ്റിൽ ജീവിതം ഹോമിക്കണമെന്നാണോ കേരളത്തിലെ തൊഴിലാളികൾ ഇനിയും ആഗ്രഹിക്കേണ്ടത് ? അത് മാറ്റണ്ടേ ? ഇലക്ട്രിസിറ്റി ബോർഡ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കെൽട്രോൺ, മിൽമ തുടങ്ങിയ സ്ഥാപനങ്ങളിൽ സ്റ്റേറ്റ് ഡി. എ. കൊടുക്കാമെങ്കിൽ എന്തുകൊണ്ട് ഇവർക്ക് സ്റ്റേറ്റ് ഡി.എ. കൊടുക്കാൻ കഴിയുകയില്ല ?

സർ, നമ്മുടെ സംസ്ഥാനത്ത് ട്രേഡ് യൂണിയൻ റെക്കഗ്നിഷൻ നിയമത്തെക്കുറിച്ച് ശ്രീ. പങ്കജാക്ഷന്റെ കാലം മുതൽ പറയാൻ തുടങ്ങിയതാണ്. എല്ലാ മന്ത്രിമാരും പറഞ്ഞുകൊണ്ടിരിക്കുന്നു. എന്തുണ്ടായി ? ഉദാഹരണത്തിന് നമ്മുടെ ബീഡി വ്യവസായം. കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ച് ഇന്നു രാവിലെ ശ്രീ. ജയരാജൻ പറഞ്ഞു. അത് ശരിയല്ല. നമുക്ക് ആവശ്യമായി വരുന്നത് 52 കോടി 90 ലക്ഷം രൂപയാണ്. നമുക്ക് 28 കോടി രൂപയേയുള്ളൂ. അവർക്ക് ഈ വർഷം കൊടുക്കാൻ കാശില്ല. ബാക്കി 24 കോടി രൂപകൂടി നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ റെക്കമന്റേഷനാണ്. നമ്മുടെ സംസ്ഥാനത്ത് ഈ തൊഴിൽവകുപ്പ് തൊഴിലാളികൾക്ക് പീഡനം നൽകുന്ന ഒരു വകുപ്പായി മാറരുത്. കേരളത്തിന്റെ തൊഴിൽവകുപ്പ് ഇൻഡ്യയ്ക്കാകെ മാതൃകയായിരുന്നു വെങ്കിൽ അവസരത്തിനൊത്ത് ഈ വകുപ്പിന് ഉയരാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നത്.

സർ, ട്രാൻസ്പോർട്ടിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്, ട്രാൻസ്പോർട്ടിനെ സംബന്ധിച്ചുള്ള രണ്ടുമൂന്നു ചോദ്യങ്ങളുടെ മറുപടി എന്നെ വല്ലാതെ ഞെട്ടിപ്പിച്ചുകളഞ്ഞു. ഇതെല്ലാം മന്ത്രി ഡോ. നീലലോഹിതദാസൻ നാടാരുടെ ഉത്തരങ്ങളാണ്. 17-2-1999 ലെ ചോദ്യത്തിനുള്ള മറുപടിയാണ്. കെ.എസ്.ആർ. ടി.സി.യെ മാതൃകാപൊതുമേഖലാസ്ഥാപനമാക്കാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശസാൽകൃതമേഖലയിൽ കൂടുതൽ ഊന്നൽ നൽകി സർവ്വീസ് കാര്യക്ഷമമാക്കും. ഷെഡ്യൂളുകൾ വർദ്ധിപ്പിക്കും, കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. എല്ലാ വർക്ക്ഷാപ്പുകളിലും ബോഡി ബിൽഡിംഗ് വ്യാപിപ്പിക്കും, അപകടം കുറയ്ക്കും, യാത്രാക്കാരോട് സൗമനസ്യത്തോടുകൂടി പെരുമാറാൻവേണ്ടി നടപടി സ്വീകരിക്കും. സർ, ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? നിങ്ങൾ കെ.എസ്.ആർ.ടി.സി. യെ ഒരു മാതൃകാസ്ഥാപനമാക്കുമെന്ന് പറയുമ്പോൾത്തന്നെ 1201-ാം നമ്പർ ചോദ്യത്തിന് മറുപടി പറഞ്ഞിരിക്കുന്നു. 51 കോടി രൂപ നഷ്ടമെന്ന്. 356-ാം നമ്പർ ചോദ്യത്തിന് നിങ്ങൾ നൽകിയിരിക്കുന്ന ഉത്തരം സ്പെയർ പാർട്ടുകളുടെയും ബോഡി റിപ്പയറിംഗിന്റെയും ആവശ്യമായ മെറ്റീരിയലുകളുടെയും അഭാവംമൂലം 406 ബസ്സുകൾ വിവിധ ഡിപ്പോകളിൽ നിറുത്തിയിട്ടിരിക്കുന്നുവെന്നാണ്, കഴിഞ്ഞ ബഡ്ജറ്റിന്റെ മുൻപിലത്തെ ബഡ്ജറ്റിൽ നമ്മുടെ ധനകാര്യമന്ത്രി 1000 ബസ്സുകൾ ഇറക്കുമെന്ന് പ്രസ്താവിച്ചു. അപ്പുറത്തിരിക്കുന്നവരെല്ലാം ഇതു കേട്ടിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കയ്യടിച്ചു. ഞങ്ങളും ചെറുതായിട്ടൊന്ന് കയ്യടിച്ചു. കാരണം, ആയിരം ബസ്സുകൾ നിരത്തിലിറങ്ങുന്നതല്ലേ ? പ്രൈവറ്റ് ബസ്സുകളേക്കാൾ കെ.എസ്.ആർ.ടി.സി. ബസ്സ് വേണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. നിങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ 1000 ബസ്സുകൾ ഇറക്കുമെന്ന് പറഞ്ഞു. എന്നാൽ ഇപ്പോൾ പറയുന്നത് എന്താണ് ? ഞങ്ങൾ 35 ബസ്സുകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ടെന്നാണ് ഇപ്പോൾ പറയുന്നത്. നിങ്ങൾ മൂന്നുവർഷങ്ങൾക്കുമുമ്പ് കേരളത്തിൽ, പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. 1000 ബസ്സുകൾ ഇറക്കുമെന്ന് പറഞ്ഞിട്ട് ശ്രീ. അച്ചുതാനന്ദൻവരെ ഇടപെട്ട നിങ്ങളുടെ 2:1 തർക്കം എന്തായി ? എത്ര ബസ്സുകൾ ഇറക്കി ? എന്താണ് അതിനകത്ത് നടക്കുന്നത് ? ഇത്രയേറെ കെടുകാര്യസ്ഥത, ഇത്രയേറെ അഴിമതി നടക്കുന്ന ഒരു സ്ഥാപനമായി അത് മാറുകയല്ലേ ? പൊതുമേഖലാസ്ഥാപനമായ നമ്മുടെ ഡിപ്പോകളുടെ സ്ഥിതിയെന്താണ് ? സർവ്വീസുകൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിന് എന്താണ് പരിപാടി ? കെ.എസ്.ആർ.ടി.സി. ലാഭമാക്കുക എന്ന ലക്ഷ്യത്തോടെ 5000 ഷെഡ്യൂളുകൾ പുതിയതായി ഓടിക്കുന്നതിന് ആവശ്യമായ ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള പരിപാടി ഉണ്ടെന്നാണ് അങ്ങ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഒരൊറ്റകാര്യം പറഞ്ഞുകൊള്ളട്ടെ. നൂറുശതമാനം നാഷണ ലൈസ്ഡ് പ്രദേശമാണ് തിരുവനന്തപുരം ജില്ലയിലെ ഞങ്ങളുടെ നെടുമങ്ങാട് താലൂക്ക്. ബഹുമാനപ്പെട്ട സ്പീക്കറുടെയും ശ്രീ. പിരപ്പൻകോട് മുരളിയുടെയും ശ്രീ. ജി. കാർത്തികേയന്റെയുമൊക്കെ താലൂക്കാണ്. എന്താണ് സ്ഥിതി ? 200 ഷെഡ്യൂളുകൾ ഓടിക്കേണ്ട ഒരു താലൂക്കിൽ നിങ്ങൾ 94 ഷെഡ്യൂളുകൾ അനുവദിച്ചുതന്നു. 60 ബസ്സുകൾപോലും അവിടെ ഇല്ല. 5000 ബസ്സൊന്നും നമുക്ക് വേണ്ട. പത്ത് ബസ്സെങ്കിലും ഓടിക്കാനുള്ള അവസരമുണ്ടാകണം. നാട്ടുകാർക്ക് കയറിയിറങ്ങാനുള്ള അവസരമുണ്ടാകണം. ബസ്സ് ചാർജ് വർദ്ധനവിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണെന്ന് ആരോ ഇവിടെ ചോദിച്ചു. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. ബസ് ചാർജ്ജിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ദക്ഷിണേന്ത്യയിൽ ഏറ്റവും കൂടുതൽ ബസ് ചാർജ് ഉള്ളത് കേരളത്തിലാണ്. ബസ് ചാർജ് വർദ്ധിപ്പിക്കാതെ തന്നെ ധൂർത്ത് ഒഴിവാക്കി, കാര്യക്ഷമതയോടെ നന്നായി ഈ ട്രാൻസ്പോർട്ട് കോർപ്പറേഷനെ കൊണ്ടുപോകാൻ കഴിയുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്ന് നിലനിൽക്കുന്ന നമ്മുടെ ബസ് ചാർജ് വച്ചു പരിശോധിച്ചാൽ ഞങ്ങളുടെ മേഖലയിലേയ്ക്ക് ബസ്സുകൾ ഓടിക്കുന്നതിന്, ഈ ജില്ലയിലും വയനാട്ടിലും നാഷണലൈസ്ഡ് സെക്ടറിലുമൊക്കെ ബസ് ഓടിക്കുന്നതിന് ആവശ്യമായ പണം നൽകിയേ തീരൂ. 1000 ബസ്സ് പോയിട്ട് 50 ബസ്സുപോലും ഇറക്കാത്ത ഒരു സ്ഥിതിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മുന്നോട്ടു പോവുകയാണ്. കെ.എസ്.ആർ.ടി.സി. യിൽ 6941 വേക്കൻസികളാണ് അങ്ങ് തന്ന ഉത്തരമനുസരിച്ച് നിലവിലുള്ളത്. എന്തൊക്കെയാണെന്ന് അറിയാമോ ? ഗാർഡ് 285, സ്കാവഞ്ചർ 204, സ്വീപ്പർ 41, പ്യൂൺ 107, സ്റ്റോർ വിഭാഗം 90, മെക്കാനിക്വിഭാഗം 388, കണ്ടക്ടർ 1735, ഡ്രൈവർ 4376, മൊത്തം 6941. സ്വയമേ ദുർബല അതിന്റെകൂടെ ഗർഭിണി എന്നുപറഞ്ഞതുപോലെയാണ് അതിന്റെ സ്ഥിതി. ഇതൊരു തകർന്ന തറവാടാണ്. ഓരോ ദിവസം കഴിയുംതോറും ഞങ്ങളെല്ലാം ആവേശത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

നോക്കിക്കൊണ്ടിരിക്കുന്ന ഈ തറവാട്ടിനെ ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകണം ബസ് ചാർജ്ജ് വർദ്ധനവിനെ സംബന്ധിച്ച് ഒരു തെറ്റായ ധാരണ പരന്നിട്ടുണ്ട്. അത് കോടതി പറയട്ടെയെന്ന് പറഞ്ഞു, എൽ.ഡി.എഫ്. തീരുമാനിക്കട്ടെയെന്ന് പറഞ്ഞു. ബസ് ചാർജ് വർദ്ധനവില്ലാതെതന്നെ ഇത് കാര്യക്ഷമമാക്കാൻ കഴിയും. ബസ്ചാർജ് വർദ്ധനവിനോട് ഞങ്ങൾ യോജിക്കുന്നില്ല. ബസ് ചാർജ് വർദ്ധിപ്പിക്കാൻ പാടില്ല. അതുകൊണ്ട് ഈ രണ്ട് ധനാഭ്യർത്ഥനകളെയും ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഈ സഭയിൽ ഇതുവരെ, ഒരംഗം മാത്രമുള്ള കക്ഷികളുടേതുൾപ്പെടെയുള്ള കക്ഷി നേതാക്കൾക്ക് വളരെയധികം പരിഗണന കൊടുത്തു പോന്നിട്ടുള്ളതാണ്. ഈ സഭയിൽ ആദ്യമായി ഒരു കക്ഷി നേതാവിന്റെ മൈക്ക് അദ്ദേഹം പ്രസംഗം പൂർത്തിയാക്കുന്നതിനുമുമ്പ് ഓഫ് ചെയ്തു. എഴുതി കൊടുത്ത ആരോപണത്തെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ അദ്ദേഹത്തിനുള്ള മൈക്ക് ഓഫ് ചെയ്തു. ആ സമയത്ത് അങ്ങ് ഇവിടെയില്ലായിരുന്നു. അതുകൂടി ഓർത്തു കൊണ്ടുവേണം മന്ത്രിമാർ സംസാരിക്കാൻ എന്ന് അവരോട് പറയണമെന്നാണ് എന്റെ അഭിപ്രായം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, ഇവിടെ സൂചിപ്പിച്ച ആ കക്ഷി നേതാവിന് എട്ടു മിനിട്ട് സമയമായിരുന്നു അനുവദിച്ചിരുന്നത്. അദ്ദേഹം അനുവദിക്കപ്പെട്ടതിന്റെ മൂന്നിരട്ടി ഇരുപത്തിനാലു മിനിട്ട് എടുത്തു. ഞങ്ങൾക്ക് ഇരുപത്തേഴ് മിനിട്ടിന്റെ മൂന്നിരട്ടി തന്നാൽ മതി.

ശ്രീ. ടി. എം. ജേക്കബ് : സർ, എനിക്ക് ഇവിടെ അനുവദിച്ച സമയം പറഞ്ഞു. ആ സമയം മുഴുവനും ആദ്യം ബഹുമാനപ്പെട്ട ശിവദാസമേനോൻ ക്രമപ്രശ്നം ഉന്നയിക്കാനായി എടുത്തു. അങ്ങ് സഭയിൽ ഇരുന്നു കേട്ടില്ലല്ലോ. ഇവിടെ ഞാൻ, രാവിലെ മുഖ്യമന്ത്രിക്കെതിരെ അഴിമതി ആരോപണം അങ്ങേയ്ക്ക് എഴുതി തന്നു. അദ്ദേഹത്തിന്റെ മരുമകനു കൊടുത്ത ആനുകൂല്യം സംബന്ധിച്ചാണ് ആരോപണം. സ്പെസിഫിക്കായി ഞാൻ എഴുതി തന്നു. അതിനുശേഷമാണ് ഞാൻ സഭയിൽ പറഞ്ഞത്. സ്വാഭാവികമായും എനിക്ക് അതു പറയാനുള്ള അവകാശമുണ്ട്. ഞാൻ ചട്ടപ്രകാരമാണ് സംസാരിച്ചത്. അങ്ങനെ സംസാരിച്ച എന്റെ മൈക്ക് ഓൺ ചെയ്തു നിൽക്കുമ്പോൾത്തന്നെ ഡെപ്യൂട്ടി സ്പീക്കർ പറയുന്നു അവസാനം പറഞ്ഞഭാഗം രേഖയിലുണ്ടാവുകയില്ല എന്ന്. അങ്ങനെയാണെങ്കിൽ മൈക്ക് ഓഫ് ചെയ്യണം. എന്റെ മൈക്ക് ഓഫ് ചെയ്തിട്ട് രേഖയിൽ നിന്ന് മാറ്റിക്കൊള്ളുക. ആരും അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ പറയട്ടെ. ഞങ്ങൾ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് മന്ത്രിമാർക്ക് മറുപടി പറയാം. പക്ഷെ ഇവിടെ മാർക്സിസ്റ്റ് മെമ്പറൻമാർ ഉണ്ടാക്കിയ ബഹളം എത്രയാണ് ? സംസാരിക്കാൻ സമ്മതിക്കുകയില്ല. സർ, സഭയിൽ കൂവിയാണോ ആളെ ഇരുത്തുന്നത്. ആ സംസ്ക്കാരം ഞങ്ങൾക്കില്ല. .....(തടസ്സം)..... അതെ. അതാണല്ലോ നിങ്ങളുടെ സംസ്കാരം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മരുമകനും മകനും വേണ്ടി ഒത്തിരി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഞങ്ങൾ ഇവിടെ പറയും. ഇനിയും പറയും.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ മെമ്പറന്മാർ സംസാരിക്കുമ്പോൾ കുറച്ചൊക്കെ സമയം അങ്ങോട്ടും ഇങ്ങോട്ടും പോകാറുണ്ട്. കുറച്ചൊക്കെ സമയം പാലിക്കാറുമുണ്ട്. അതുപോലെ കക്ഷി നേതാക്കന്മാർ സംസാരിക്കുമ്പോഴും കുറച്ചു സമയം അങ്ങോട്ടും ഇങ്ങോട്ടും നീളും. അതൊക്കെ സാധാരണ നടന്നു വരുന്നതാണ്. മന്ത്രിമാർ സംസാരിക്കുമ്പോഴും അതനുസരിച്ച് സമയം അങ്ങോട്ടും ഇങ്ങോട്ടും പോകാറുണ്ട്.പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴും സമയം നീണ്ടു പോകാറുണ്ട്. അവിടെ നിന്നുള്ള അവസാനത്തെ ആൾ സംസാരിക്കുമ്പോഴും ആരും നിയന്ത്രിക്കാറില്ല. ആരും ആരെയും നിയന്ത്രിക്കണ്ട. സ്വയം നിയന്ത്രിക്കുക എന്നുള്ളതാണ് നമ്മുടെ കീഴ്വഴക്കം.

മി.സ്പീക്കർ : അതാണു നീതി

ശ്രീ. ടി. ശിവദാസമേനോൻ : ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതായ ഒരു കാര്യം, "ശിവദാസമോനോൻ എന്റെ സമയം എടുത്തു" എന്നു പറഞ്ഞു. I take strong objection ഞാൻ കുറെ സമയം വാദിച്ചു എന്നു പറഞ്ഞു. ഒരു സിംഗിൽ ക്വാസ്റ്റ്യനേ ഉണ്ടായിട്ടുള്ളൂ. 285 ൽ ..... (തടസ്സം)..... ഇവിടെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുകൊണ്ട് പറയാതിരിക്കാൻ നിവൃത്തിയില്ല. A notice should be given to the concerned Minister, so as to enable him to investigate and reply. അതിന് എതിരായിട്ടുള്ള ആരോപണം it is against that person, ആ ഇൻഡിവിഡ്വലിനു നോട്ടീസുകൊടുക്കണം. He is absent. He is conspicuous in the House by his absence. അതുകൊണ്ട് അതു ഓർഡറിലാണോ എന്നു ചോദിക്കേണ്ടത് ഇന്ന് മുഖ്യമന്ത്രിയുടെ ചുമതല ഈ സഭയിൽ നിർവഹിക്കുന്ന എന്റെ ബാദ്ധ്യതയാണ്. അതു ഞാൻ ചോദിച്ചു ..... (തടസ്സം).... ആവർത്തിക്കാൻ തന്നെയാണ്. അവിടെ ആവർത്തിക്കുമെങ്കിൽ ഞാനും ആവർത്തിക്കണമല്ലോ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു ചീഫ് മിനിസ്റ്ററുടെ ഓഫീസിൽ കൊടുത്തിട്ടുണ്ട്, അതുമതിയെന്ന്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ റൂളിംഗ് ഞാൻ മാനിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ഞാൻ വാദിച്ചിട്ടില്ല. അഞ്ചു മിനിട്ടു കൊണ്ട് സംഗതി കഴിഞ്ഞു. എന്റെ പോയിന്റ് ഓഫ് ഓർഡർ കൊണ്ട് എല്ലാ സമയവുമെടുത്തു എന്നു പറഞ്ഞാൽ അതിൽ ഒരർത്ഥവുമില്ല. ഞാൻ അങ്ങനെയൊരു കണ്ടൻഷൻ എടുത്തു. It is not against the office but against the individual. So individual must be present. അതു എനിക്കു തോന്നി. അതുപറയുന്നത് ഓർഡറിൽ അല്ലെന്ന് തോന്നിക്കാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു ഓർഡറിലാണെന്ന്. പക്ഷെ ശിവദാസമേനോൻ പറഞ്ഞതുകൊണ്ടാണ് എന്റെ സമയം പോയത് എന്നു പറയുന്നതു ശരിയല്ല. ഞാൻ ഓബ്ജക്ട് ചെയ്തു. ഓബ്ജക്ട് ചെയ്യേണ്ടത് എന്റെ ബാദ്ധ്യതയാണ്. It is not only my duty but also my right.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

സർ, വനം വന്യജീവി വകുപ്പിന്റെയും ഗതാഗത വകുപ്പിന്റേയും
3 P.M.] ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കെടുത്ത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന അംഗങ്ങൾ നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങൾക്കും ക്രിയാത്മകമായ വിമർശനങ്ങൾക്കും ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തുകയാണ്. ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 1997-ലെ റിപ്പോർട്ടനുസരിച്ച് 10334 ചതുരശ്ര കിലോമീറ്റർ വനമാണ് കേരളത്തിൽ ഇപ്പോഴുള്ളത്. ഒരു കാലത്ത് കേരളം മുഴുവനും വനമായിരുന്നു എന്നാണ് കണക്ക്. ആയിരത്തി എണ്ണൂറാമാണ്ടായപ്പോൾ വനം 75 ശതമാനമായി ചുരുങ്ങി. ആയിരത്തി തൊള്ളായിരാമാണ്ടായപ്പോൾ അതു 50 ശതമാനമായി ചുരുങ്ങി. ഇപ്പോൾ 10334 ചതുരശ്ര കിലോമീറ്റർ വനം എന്നു പറയുന്നത് ആകെ ഭൂവിസ്തൃതിയുടെ 26.54 ശതമാനമാണ്. ഇതിൽ 2,250 ചതുരശ്രകിലോമീറ്റർ വനം സംരക്ഷിത മേഖലയാണ്. Inter National Union for Conservation of Nature and Natural Resources ന്റെ അഭിപ്രായമനുസരിച്ച് ഒരു ഭൂപ്രദേശത്ത് ഒരു രാജ്യത്ത് അഞ്ചു ശതമാനമെങ്കിലും സംരക്ഷിത വനമേഖല ഉണ്ടാകണമെന്നാണ്. ഇൻഡ്യയിൽ ആകെ നോക്കുമ്പോൾ നമ്മുടെ വനമേഖല അഞ്ചു ശതമാനത്തിൽ കുറവാണ്. എന്നാൽ കേരളത്തിൽ ഇപ്പോഴും 5.79 ശതമാനം സംരക്ഷിത വനമേഖലയുണ്ട്. നമ്മുടെ അനുഗ്രഹീതമായ ജൈവ വൈവിദ്ധ്യം കേരളത്തിലെ വനങ്ങൾക്ക് ലോക വനഭൂപടത്തിൽ ഒരു പ്രത്യേക സ്ഥാനം നൽകിയിട്ടുണ്ട്. പന്ത്രണ്ട് മെഗാ പവർ ഡൈവേഴ്സിറ്റി കേന്ദ്രങ്ങൾ ഉൾപ്പെടെ പതിനെട്ട് ഹോട്ട്സ് സ്പോട്ടുകളുള്ളതിൽ രണ്ടെണ്ണം ഭാരതത്തിലാണ്. ഒന്ന് പൂർവ ഹിമാലയസാനുക്കളും മറ്റൊന്ന് പശ്ചിമഘട്ടവും. പശ്ചിമഘട്ടത്തിലെ കേരളത്തിലെ ഭാഗങ്ങളെ മഡഗാസ്ക്കറിനോട് ഉപമിക്കാം. മറ്റൊരിടത്തും കാണാത്ത ജന്തു സസ്യ ജാലങ്ങൾ ഇവിടെയുണ്ട്. ജൈവ സമ്പത്ത് അനധികൃതമായി പുറം രാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതിനെ സംബന്ധിച്ചിടത്തോളം ഇന്ന് ശ്രീ. കുഞ്ഞഹമ്മദ് ഇവിടെ പരാമർശിച്ചു. അതുകൊണ്ട് അതു സംബന്ധിച്ച് എന്താണ് പൊസിഷൻ എന്നുള്ളത് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോകത്ത് പന്ത്രണ്ട് മെഗാ ബയോ ഡൈവേഴ്സിറ്റി കേന്ദ്രങ്ങളിൽ ഒന്നാണ് ഭാരതം. നമ്മുടെ പശ്ചിമഘട്ടം ജൈവ സമ്പത്തിനാൽ അതിധന്യമായ ലോകത്തെ പതിനെട്ട് ഹോട്ട്സ്പോട്ടുകളിൽ ഒന്നുമാണ്. നമ്മുടെ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം ഇതുവരെയും നാം കൂടുതലായി മനസ്സിലാക്കിയിട്ടില്ല. ഇവിടെ നിന്നും അനധികൃതമായി നമ്മുടെ ജൈവസമ്പത്തുക്കളും ജീവിശേഖരവും കടത്തിക്കൊണ്ടുപോകുന്നതു പൂർണ്ണമായും നിയന്ത്രിക്കാനുള്ള സംവിധാനം കേന്ദ്രസർക്കാരിന്റേതായോ സംസ്ഥാന സർക്കാരിന്റേതായോ ഇപ്പോഴില്ല. കേരളത്തിൽ തിരുനവന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ വിമാനത്താവളങ്ങളിൽ നിന്നും പുറംനാടുകളിലേക്ക് വിമാനം പോകുന്നുണ്ട്. ഇതുവഴി നമ്മുടെ ജൈവ സമ്പത്ത് പല രൂപത്തിൽ അനധികൃതമായി കടത്തിക്കൊണ്ടുപോയ കേസുകളുണ്ടായിട്ടുണ്ട്. ഈ രംഗത്ത് ഒരു ഓഫ് സൈറ്റ് നിയന്ത്രണം ഇപ്പോൾ നടത്തുന്നത് കൊച്ചിയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെ വന്യജീവി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറാണ്. കേരളത്തിലെ വിമാനത്താവളങ്ങൾ മറ്റ് അന്തർദേശീയ തുറമുഖങ്ങൾ എന്നിവയിൽ ഫലപ്രദമായ പരിശോധന നടത്തുന്നതിന് നമ്മുടെ ഉദ്യോഗസ്ഥന്മാരോ മറ്റു സംവിധാനമോ ഇപ്പോൾ കൊച്ചിയിലെ കേന്ദ്ര സർക്കാർ ഓഫീസിനില്ല. സർ, സംസ്ഥാന വനംവകുപ്പിൽ ഇനിയും അതിനൊരു സംവിധാനം ഉരുത്തിരിഞ്ഞിട്ടില്ല. ലോകത്ത് വനം വന്യജീവി വ്യാപാരം 300 കോടി അമേരിക്കൻ ഡോളറിന് തുല്യമായ മൂല്യത്തിലാണ് നടക്കുന്നത്. ഇതിന്റെ 30 ശതമാനം അനധികൃതമാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. കേരളം പോലെ ജൈവവൈവിദ്ധ്യങ്ങളാൽ സമ്പന്നമായ സംസ്ഥാനത്തിൽ ഇത്തരം അനധികൃത കയറ്റുമതി നടക്കാൻ സാദ്ധ്യത കൂടുതലാണ്. വന-വന്യജീവികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഭരണ ഘടനയുടെ ആർട്ടിക്കിൾ 48 (എ) അനുസരിച്ച് സംസ്ഥാനത്തിന്റെ ചുമതലയാണ്. അതിനാൽ ജൈവവസ്തുക്കളുടെ അനധികൃതമായ വ്യാപാരം, കള്ളക്കടത്ത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് കൈക്കൊള്ളേണ്ടതാണ് ; കൈക്കൊള്ളുന്നതുമാണ്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് ജൈവ സമ്പത്തിന്റെ കള്ളക്കടത്ത് തടയുന്നതിന് വൈൽഡ് ലൈഫ് എക്സപോർട്ട്, ഇമ്പോർട്ട് പ്രിവൻഷൻ യൂണിറ്റുകൾ ആരംഭിക്കും. കേരളത്തിലെ അന്തർദേശീയ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഇത്തരം യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കും. ഇതിനായി നടപടികൾ കൈക്കൊള്ളുന്നതാണ്. വനത്തെ കേവലം വരുമാനസ്രോതസ്സായി മാത്രം കരുതിയ ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ കേവലം വരുമാന സ്രോതസ്സായി വനത്തെ കരുതുന്ന ഒരു സമീപനമല്ല ഈ ഗവൺമെന്റിനുള്ളത്. ഭാവിതലമുറയ്ക്കുവേണ്ടി വനത്തെ കഴിയുന്നത്ര കാത്തുസൂക്ഷിച്ച് നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി നിലനിർത്തി അത് കഴിയുന്നത്ര വ്യാപിപ്പിച്ച് അനധികൃതമായി ഒരൊറ്റ മരവും മുറിക്കപ്പെടാതിരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ വീഴ്ചവന്നിട്ടുണ്ടെന്ന് നേരിയ സൂചനകൾ ഉണ്ടായപ്പോഴൊക്കെ ശക്തമായ നടപടികളെടുക്കാനും കുറ്റവാളികളെന്ന് തോന്നിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കാനും ഇതിനകംതന്നെ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെ വനസംരക്ഷണത്തിന് ഊന്നൽ നൽകി, വനംകൈയേറ്റം, വനോൽപ്പന്നങ്ങൾ അനധികൃതമായി സംഭരിക്കൽ, അനധികൃതമായ മരം മുറിക്കൽ, വന്യമൃഗങ്ങളെ വേട്ടയാടൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയാൻ വനംവകുപ്പിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തും, കണ്ണൂരും രണ്ട് പുതിയ ഫ്ളൈയിംഗ് സ്കാഡ് ഡിവിഷനുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ഥാപിച്ചിട്ടുണ്ട്. കാസർഗോഡ് നെല്ലിയാമ്പതി ആസ്ഥാനമാക്കി 2 ഫ്ളൈയിംഗ് സ്കാഡ് യൂണിറ്റുകൾ 1998 മേയ് മാസത്തിൽ രൂപീകരിച്ചു. 1996 മുതൽ 1999 വരെയുള്ള കാലയളവിൽ വനവിഭവങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോയതിന് 237 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 182 വാഹനങ്ങൾ പിടിച്ചെടുത്തു. ഈ കാലയളവിൽ ഏതാണ്ട് 7,52,73,000 രൂപയുടെ വനോൽപ്പന്നങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. വനസംരക്ഷണ നിയമം ലംഘിച്ചതിന് 4428 കേസുകളും

LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി സംരക്ഷണ നിയമം ലംഘിച്ചതിന് 143 കേസുകളും ആവശ്യസാധന നിയമവും വനസംരക്ഷണ നിയമവും വനഗതാഗതം സംബന്ധിച്ച ചട്ടങ്ങളും ലംഘിച്ചതിന് 154 കേസ്സുകളും ഈ ഗവൺമെന്റിന്റെ കാലത്ത് ചാർജ്ജ് ചെയ്തിട്ടുണ്ട്. വനം കൈയ്യേറ്റം, വന്യജീവി സംരക്ഷണ നിയമ ലംഘനം തുടങ്ങിയ രംഗങ്ങളിൽ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെട്ടതോടെ കേസുകളുടെ കാര്യത്തിൽ സാരമായ കുറവുണ്ടായിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കുന്നതാണ്. ശാസ്ത്രീയമായ അറിവിന്റേയും വനം പരിപാലനത്തിന്റേയും പുത്തൻ സാങ്കേതിക വിദ്യയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കാൻ ഒരുകേരളാ ഫോറസ്റ്റ് അക്കാഡമി സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഫോറസ്ട്രി വിഷയങ്ങളെക്കുറിച്ച് ഒരു സെന്റർ ഓഫ് എക്സലൻസ് കേരളാ ഫോറസ്റ്റ് അക്കാഡമിയോടനുബന്ധിച്ച് രൂപപ്പെട്ട് വരണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

എക്കോ ടൂറിസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ പറഞ്ഞു. എക്കോ ടൂറിസത്തിന് സാദ്ധ്യതയുള്ള കേന്ദ്രങ്ങളിൽ എൺപത് ശതമാനവും വനംവകുപ്പിന്റെ അധീനതയിലാണ്. അതുകൊണ്ടുതന്നെ 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ചാരിറ്റബിൾ ആന്റ് സയന്റിഫിക് ആക്ടനുസരിച്ച് ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തു. സംരക്ഷിത വനംമേഖലകളിലും ദുർബല ആവാസവ്യവസ്ഥകളിലും പരിസ്ഥിതിക്ക് കോട്ടംതട്ടാത്തവിധത്തിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുക, വനസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി വിഭവസമാഹരണവും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും നടത്തുക, തദ്ദേശ വാസികൾക്ക് സാമ്പത്തിക നേട്ടമുണ്ടാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക എന്നിവ ഈ പരിപാടിയുടെ ലക്ഷ്യമാണ്. പ്രകൃതിയെ അറിയാനും സ്നേഹിക്കാനും ആസ്വദിക്കാനും ആരാധിക്കാനുമുള്ള തീർത്ഥയാത്രയെന്നുള്ള നിലയിൽ വനം 'മൈത്രി' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പശ്ചിമഘട്ടവനനിരകളിൽ ജൈവവൈവിദ്ധ്യം ഏറെയുള്ള കേരളത്തിന് പ്രഥമസ്ഥാനമുണ്ട്. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ 'സവിശേഷതയുള്ള അനേകം അമൂല്യ സങ്കേതങ്ങളും തുരുത്തുകളും നമ്മുടെ വനാന്തരങ്ങളിലുണ്ട്. പാരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാതെ, മരങ്ങൾ വെട്ടി നശിപ്പിക്കാതെ പ്രകൃതിഭംഗി ആസ്വദിക്കാനും അറിയാനും വനമൈത്രീ പദ്ധതി അവസരമൊരുക്കുന്നു. ആദിവാസികളുടെയും മറ്റ് തദ്ദേശ ജനവിഭാഗങ്ങളുടെയും ജീവിതസാഹര്യങ്ങളിൽ മാറ്റം വരുത്താനും ഇതിലൂടെ കഴിയുന്നതാണ്. കാസർകോഡ് ജില്ലയിലെ റാണിപുരം, ഓട്ടച്ചേരി, മധു, അടൂർ, പരപ്പ് എന്നീ സ്ഥലങ്ങളും കണ്ണൂർ ജില്ലയിൽപ്പെട്ട പൈതൽമല, ആറളം, കണ്ണവം, ഇരിട്ടി എന്നീ സ്ഥലങ്ങളും വയനാട് ജില്ലയിൽപ്പെട്ട ബാണാസുരക്കോട്ട, കുറുപതി, തിരുനെല്ലി, തോൽപ്പെട്ടി, മാനന്തവാടി എന്നീ സ്ഥലങ്ങളും കോഴിക്കോട് ജില്ലയിൽപ്പെട്ട പെരുവണ്ണാമൂഴി, ചാലിയം, കക്കയം, താമരശ്ശേരി എന്നീ സ്ഥലങ്ങളും, മലപ്പുറം ജില്ലയിൽപ്പെട്ട നിലമ്പൂർ, നെടുങ്കയം എന്നീ സ്ഥലങ്ങളും ഇക്കോ ടൂറിസത്തിനുവേണ്ടി വികസിപ്പിച്ചെടുക്കാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

അപൂർവ്വസങ്കേതങ്ങളാണ്. ഇത് വടക്കൻ മേഖലയിലാകുമ്പോൾ തെക്കൻ മേഖലയിലും ഇക്കോ ടൂറിസം സംബന്ധിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതുപോലെ തേക്കടി, കുമരകം, മൂന്നാർ, പറമ്പിക്കുളം, നെല്ലിയാമ്പതി, പൊൻമുടി, നെയ്യാർ എന്നിവയുടെ സാദ്ധ്യതകളും ഇക്കോ ടൂറിസത്തെസംബന്ധിച്ച് ഗവൺമെന്റ് ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ആദിവാസികളുടെ സഹായത്തോടെ വനഭൂമിയിൽ ഔഷധ വൃക്ഷങ്ങൾ നട്ടുവളർത്തുവാനുള്ള പരിപാടിയുമുണ്ട്. കണ്ണൂർ ജില്ലയിൽ കണ്ണവം വനത്തിൽ ആദ്യഘട്ടമെന്നുള്ളനിലയ്ക്ക് ആദിവാസികളുടെ പങ്കാളിത്തവും തൊഴിലവസരങ്ങളും ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. 421.50 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. മൂന്നുലക്ഷത്തി എൺപത്തിയെട്ടായിരത്തി അഞ്ഞൂറ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയും. ആദിവാസികളുടെ പ്രശ്നം ഏതാനും ദിവസങ്ങൾക്ക് മുമ്പും ഇന്നും ഇവിടെ സഭയിൽ ഉന്നയിക്കപ്പെട്ടു. അതുസംബന്ധിച്ച് ഗവൺമെന്റിനുള്ള താൽപ്പര്യത്തിന്റെ സൂചനയാണ്. 29-6-1999 ൽ ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പുമന്ത്രി ശ്രീ. രാധാകൃഷ്ണനും ഞാനും ഒരുമിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഈ വിഷയം ചർച്ച ചെയ്ത് ചില വ്യക്തമായ തീരുമാനങ്ങൾ ആ കാര്യത്തിലെടുത്തിട്ടുള്ളത്. ആദിവാസികൾക്ക് അവരുടെ വീട് പുതുക്കി പണിയുന്നതിനും പുതുതായി വീട് വയ്ക്കുന്നതിനും സർക്കാർ അനുവദിച്ചിട്ടുള്ള ഒന്നര ക്യൂബിക് മീറ്റർ തടി ¼ സീനിയറേജ് നിരക്കിൽ അതാത് സെറ്റിൽമെന്റുകളിൽ വീണുകിടക്കുന്നതും ഉണങ്ങിനിൽക്കുന്നതുമായ മരങ്ങളിൽ നിന്നും നൽകണമെന്ന് തീരുമാനിച്ചു. ആദിവാസികൾക്ക് ഇപ്രകാരം നൽകപ്പെട്ട തടി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുവേണ്ട മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. ഈ കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്. ആ കോൺഫറൻസിലെ തീരുമാനങ്ങളിൽ, രണ്ടാമത്തേത്, ആദിവാസികൾ അവരുടെ സെറ്റിൽമെന്റിൽ നട്ടുവളർത്തിയ മരങ്ങൾ അവരുടെ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെയുള്ള വിലക്കുകൾ നീക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നുള്ളതാണ്. ആദിവാസികളുടെ സെറ്റിൽമെന്റിലെ അതിർത്തി നിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിക്കുമ്പോൾ, ആദിവാസികൾക്ക് അർഹമായ ഭൂമി വനംവകുപ്പ് കൈവശപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരാതിയുള്ള കേസുകൾ പ്രത്യേകം പരിശോധിച്ച് പരിഹാരം കണ്ടെത്തേണ്ടതാണെന്നും തീരുമാനിച്ചു. കാലാകാലങ്ങളിൽ പ്രാദേശിക തലത്തിൽ പൊന്തി വരാറുള്ള ആദിവാസികളുടെ പ്രശ്നങ്ങൾക്കും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്കും അടിയന്തിരമായി പരിഹാരം കാണുന്നതിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഓരോ സർക്കിൾ ആസ്ഥാനത്തും അതാതു വനം കൺസർവേറ്റർമാരുടെ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാരടങ്ങിയ ആദിവാസി ക്ഷേമ സെൽ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചു. വനം, വന്യജീവി വകുപ്പിലെ വിവിധ പദ്ധതികളുടെ പ്രവർത്തനം നടപ്പിലാക്കുന്നതിലൂടെ ലഭ്യമാകുന്ന തൊഴിലവസരങ്ങളിൽ വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസികൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചു. ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ അദ്ധ്യക്ഷനായിട്ടുള്ള എം.എഫ്.പി.

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി കാലാകാലങ്ങളിൽ ട്രൈബൽ സൊസൈറ്റി മുഖേന എം.എഫ്.പി. ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആദിവാസികൾക്ക് മിതമായ വേതനം ഉറപ്പു വരുത്താനും സൗജന്യമായി എം. എഫ്. പി. വിതരണം നടത്തുമ്പോൾ അതിന്റെ ഒരു വിഹിതം ആദിവാസികൾക്ക് ലഭ്യമാക്കാനും നടപടി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് തീരുമാനിച്ചു. ആദിവാസി മേഖലയിൽ ആരോഗ്യ ഗുണമുള്ള ആരോഗ്യപ്പച്ച പോലുള്ള ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനും അവ ശാസ്ത്രീയമായി ശേഖരിച്ച് വിതരണം നടത്തുന്നതിനും അനുവദിക്കാൻ തീരുമാനിച്ചു. ഇപ്രകാരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമ്പോൾ ആദിവാസികൾക്ക് ഔഷധകൃഷിയിലും അവയുടെ ശാസ്ത്രീയമായ ശേഖരണ ത്തിലും പരിശീലനം നൽകണമെന്ന് തീരുമാനിച്ചു. ഇതിനു വേണ്ടുന്ന ഫണ്ട് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തണമെന്നും തീരുമാനിച്ചു. ആദിവാസി ക്ഷേമ പ്രവർത്തന സെറ്റിൽമെന്റുകൾ നടപ്പിലാക്കാനുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ തീരുമാനിച്ചു. വന്യ മൃഗങ്ങളുടെ ആക്രമണം മൂലവും മറ്റ് പ്രതികൂല സാഹചര്യങ്ങൾ മൂലവും വനപ്രദേശങ്ങളിൽ താമസിക്കുന്ന ചില ആദിവാസികളുടെ ജീവിത പ്രയാസങ്ങൾ മാറ്റിയെടുക്കുന്നതിന് അവരെ കൂടുതൽ സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കാനുള്ള കൂട്ടായ ശ്രമം ആവശ്യമാണ്. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പും വനംവകുപ്പും ചേർന്ന് സംയോജിതമായി പദ്ധതി തയ്യാറാക്കണമെന്നും ഇതിലേയ്ക്കു വേണ്ടിവരുന്ന ചെലവ് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തണമെന്നും തീരുമാനിച്ചു. ഇപ്പോൾ വനം വകുപ്പിലും വിവിധ പദ്ധതികളുടെ ഭാഗമായി തന്നെ കാട്ടുതീ തടയാനുള്ള പരിപാടികൾ ഉണ്ട്. നമ്മുടെ ചോലക്കാടുകൾ, നമ്മുടെ എല്ലാ നദികളുടെയും ജന്മ സ്ഥലമാണ്. ജൈവവൈവിദ്ധ്യത്തിൽ അനുഗ്രഹീതമായ ചോലക്കാടുകളുടെ സംരക്ഷണത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അത് രണ്ടായിരാമാണ്ടിൽ പൂർത്തിയാകും. രണ്ട് ലക്ഷം രൂപയാണ് പദ്ധതിയുടെ ഒരു വർഷത്തെ അടങ്കൽ. ചോലക്കാടുകളുടെ വിസ്തീർണ്ണം 700 ഹെക്ടർ വികസിപ്പിക്കാൻ ഇതുകൊണ്ട് സാധിക്കും. വനം വകുപ്പിന്റെ കീഴിലുള്ളതാണ് കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ. അതിന്റെ മേൽനോട്ടത്തിലാണ് തോട്ടങ്ങളുടെ പ്രവർത്തനം നടക്കുന്നത്. അത് കൂടുതൽ നല്ല രീതിയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അത് പുരോഗമിച്ചു വരികയാണ്. കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, നിലംപൂർ തുറന്നുപ്രവർത്തിപ്പിക്കുന്നതാണ്. ഈ കഴിഞ്ഞ മേയ് മാസത്തിൽ ഞാൻ നിലംപൂരിൽ പോകുകയുണ്ടായി. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ഉണ്ടായിരുന്നു. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയിട്ടതാണ്. അത് തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി കേരള പബ്ലിക് സെക്ടർ റീസ്ട്രിക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസും ചേർന്ന് തൽക്കാലം ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 25! ലക്ഷം രൂപ അത് തുറന്നു പ്രവർത്തിപ്പിക്കാൻ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടികൾ ഗവൺമെന്റ് സ്വീകരിക്കാൻ ആഗ്രഹിക്കുകയാണ്. വനം വകുപ്പിനെ സംബന്ധിച്ച് ഇനിയും ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയപരിധി കാരണം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിലേയ്ക്ക് കടക്കുന്നില്ല. ചന്ദനം ഒരു ഫോറസ്റ്റ് പ്രോഡക്ട് ആണെന്ന് സുപ്രീംകോടതി അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ചന്ദനം ഒരു വനോൽപ്പന്നം എന്ന നിലയിൽ അതിന്റെ സംഭരണവും, സംസ്ക്കരണവും, വിപണനവും സ്വകാര്യ മേഖലയിൽ നിരോധിക്കാൻ ആവശ്യമായ നിയമ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ നമ്മുടെ ജൈവവൈവിദ്ധ്യ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി ഗവൺമെന്റിന് ഇതുമായി ബന്ധപ്പെട്ട ഏത് പ്രദേശവും ആരുടെ അധീനതയിലുള്ളതും ആവശ്യമെന്നു കണ്ടാൽ ഏറ്റെടുക്കാൻ അധികാരം നൽകുന്ന നിയമ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതുപോലെ സ്വകാര്യ തോട്ടമുടമകൾക്ക് പാട്ടവ്യവസ്ഥയിൽ നൽകിയ ഏതാണ്ട് 9322.33 ഹെക്ടർ വനഭൂമിയാണ് ഇപ്പോഴുള്ളത്. പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് ഈ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുകയാണ്. അതിന്റെ ആദ്യപടി ആയിട്ട് 'ഗ്രോസറി' എസ്റ്റേറ്റിന്റെ പാട്ടക്കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് പുറപ്പെട്ടുവിച്ച ഓർഡർ ഈ ഗവൺമെന്റ് റദ്ദ് ചെയ്തിട്ടുണ്ട്.

മോട്ടോർ വാഹനവകുപ്പിനെ സംബന്ധിച്ചിടത്തോളം ഇടയ്ക്ക് ഒരു ജില്ലയിൽ ഒരു കേന്ദ്രത്തിൽ വച്ച് മാത്രമേ ടെസ്റ്റിംഗ് നടത്താനും ലൈസൻസ് ഇഷ്യൂ ചെയ്യാനും പാടുള്ളൂവെന്ന് നിയന്ത്രണം വന്നു. അത് നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന നിയന്ത്രണം തന്നെയാണ്. പക്ഷെ അതുസംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങളിൽ നിന്നും നാട്ടുകാരിൽ നിന്നും ധാരാളം പരാതികൾ ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകളുടെ പരിധിക്കുള്ളിലും ഡ്രൈവിംഗ് ടെസ്റ്റ് നടത്താനുള്ള നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും അമിതപുക വമിപ്പിക്കുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിന് പുക പരിശോധനാ യന്ത്രങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 105 സ്വകാര്യ പുക മലിനീകരണ നിയന്ത്രണ പരിശോധനാ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകി കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കെൽട്രോൺ എന്ന പൊതുമേഖലാ സ്ഥാപനത്തെ അതിന്റെ ചുമതല ഏൽപ്പിക്കുകയുണ്ടായി. അൽപ്പം കാലതാമസം ഉണ്ടായിട്ടുണ്ട്. അത് പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികളുടെ ഭാഗമായി, പരിശോധിച്ച് ഇതുസംബന്ധിച്ച റിപ്പോർട്ട് നല്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട ആഫീസുകളിൽ കാർഡ് രൂപത്തിലുള്ള ലൈസൻസ് വിതരണം ചെയ്തുവരുന്നു. എല്ലാ ജില്ലാ ആഫീസുകളിലും കാർഡു രൂപത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സബ് റീജിയണൽ ആഫീസുകളിൽ കാർഡ് രൂപത്തിലുള്ള ലൈസൻസ് ലാമിനേറ്റ് ചെയ്യുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇത്തവണത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. മാർച്ച്-ഏപ്രിൽ മാസത്തോടുകൂടി എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകളിലും ചെക്ക് പോസ്റ്റുകളിലും ടെലിഫോൺ സൗകര്യം ഏർപ്പെടുത്തി കഴിഞ്ഞു. എല്ലാ ചെക്ക് പോസ്റ്റുകളിലും ജനറേറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുകയാണ്. റോഡപകടങ്ങൾ ഒഴിവാക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായി റഡാർ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട്, തൃശ്ശൂർ മേഖലകളിൽ രണ്ട് ട്രാഫിക് റഡാറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഈ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. കർശനമായ നികുതി പിരിവ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കർശനമായ റോഡ് പരിശോധന ഇതിനാവശ്യമാണ്. ഒരു ക്വാർട്ടറിൽ ഒരു ദിവസമെങ്കിലും പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാരും ചേർന്ന് സംസ്ഥാനത്തുടനീളം റോഡ് പരിശോധനയും വാഹന പരിശോധനയും നടത്തണമെന്ന് നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യെ ഒരു മാതൃകാ സ്ഥാപനമാക്കി മാറ്റണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇപ്പോഴത്തെ പ്രാരാബ്ധത ചൂണ്ടിക്കാണിച്ചു കൊണ്ട് അത് എങ്ങനെ സാധ്യമാകുമെന്ന് ശ്രീ. പാലോട് രവി ചോദിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.യെ മാതൃകാ സ്ഥാപനമാക്കി മാറ്റണമെന്ന് ആഗ്രഹിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. യുടെ റണ്ണിംഗ് ബാലൻസ് ഷീറ്റ് ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി അതിന്റെ ലാഭമെന്നുള്ള ബാലൻസ്ഷീറ്റ് ഉണ്ടാക്കുകയല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി. ധാരാളം ആസ്തിയുള്ള സ്ഥാപനമാണ്. കെ.എസ്.ആർ.ടി.സി. ഒരു പൊതുമേഖലാ സ്ഥാപനമാണ്, അതിലേറെ ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്, ജനങ്ങളുമായിട്ട് ബന്ധപ്പെട്ട ഒരു സ്ഥാപനമാണ്. അതുകൊണ്ടുതന്നെ ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ട ഒന്നല്ല കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ എന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. 1996 മേയ് മുതൽ 1999 ജൂൺ വരെയുള്ള കാലയളവിൽ 1259 പുതിയ ബസ്സുകൾ നിർമ്മിച്ച് നിരത്തിലിറക്കുകയുണ്ടായി. ദിവസേന ശരാശരി 2063 വണ്ടികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഓടിച്ചിരുന്നു. ഇപ്പോൾ അത് 3140 ആയി വർദ്ധിപ്പിക്കുകയാണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1996 മേയ് മാസത്തിൽ 3171 ഷെഡ്യൂളുകളും 3534 ബസ്സുകളുമാണുണ്ടായിരുന്നത്. അത് 1999 ജൂൺ മാസത്തിൽ 3809 ഷെഡ്യൂളുകളും 3940 ബസ്സുകളുമായി വർദ്ധിക്കുകയുണ്ടായി. 1996 ജൂൺ മാസത്തിൽ 82.84 ലക്ഷം രൂപയായിരുന്നു പ്രതിദിന വരുമാനമെങ്കിൽ ഇപ്പോൾ അത് 111.19 ലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. പൂട്ടി കിടന്നിരുന്ന വികാസ്ഭവൻ ഡിപ്പോ ഈ ഗവൺമെന്റ് വന്നശേഷം തുറന്നു പ്രവർത്തനം ആരംഭിച്ചു. കണിയാപുരം, എടത്വ, തൊട്ടിൽപ്പാലം, എരുമേലി, മല്ലപ്പള്ളി, എന്നിവിടങ്ങളിൽ സബ് ഡിപ്പോകളും അമ്പലപ്പുഴ, വെഞ്ഞാറമൂട്, കുറവിലങ്ങാട്, വടക്കാഞ്ചേരി, വെമ്പായം, തലശ്ശേരി, കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ സ്റ്റേഷൻ മാസ്റ്റർ ആഫീസുകളും തുറന്ന് പ്രവർത്തനമാരംഭിച്ചു. സൂപ്പർഫാസ്റ്റ് പോലുള്ള സർവ്വീസുകൾക്ക് ആവശ്യമായ റണ്ണിംഗ് ടൈം അനുവദിച്ചു. 2400 ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകി. പി.എസ്.സി. വഴി 2551 കണ്ടക്ടർമാരേയും 341 ഡ്രൈവർമാരേയും നിയമിച്ചു. സർവ്വീസിലിരിക്കേ മരണമടഞ്ഞ 832 ജീവനക്കാരുടെ ആശ്രിതർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജോലി നൽകി. തൊഴിലാളികളുമായിട്ടുള്ള കരാർ 13-4-1999 ൽ മുൻകാല പ്രാബല്യത്തോടുകൂടി ഒപ്പു വച്ചു. പ്രധാന ബസ് സ്റ്റേഷനുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഷോപ്പിംഗ് കോപ്ലക്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി കണ്ണൂർ ഷോപ്പിംഗ് കോപ്ലക്സിന്റെ പണി ആരംഭിച്ചിട്ടുണ്ട്. കാസർകോഡ് ഷോപ്പിംഗ് കോംപ്ലക്സ് പണിയാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്നവിധം ഒരു പ്രത്യേക സംവിധാനം അതായത് കെ.എസ്.ആർ.ടി.സി. യിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന് രൂപം നൽകണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. തമിഴ്നാട്, കർണ്ണാടക തുടങ്ങിയ അയൽസംസ്ഥാനങ്ങളുമായി ഒപ്പുവച്ച അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ 157 ബസുകൾ തമിഴ്നാട്-കർണ്ണാടക റൂട്ടിലും 88 ബസുകൾ കർണ്ണാടക-കേരള റൂട്ടിലും ഇപ്പോൾ ഓടിക്കൊണ്ടിരിക്കുകയാണ്. 1997-1998 കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ആറു കോടി രൂപ മൂലധന നിക്ഷേപമായി ലഭിച്ചു. 1999-2000 കാലഘട്ടത്തിലേക്ക് എട്ടുകോടിരൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രശസ്തമായ രീതിയിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർ, കണ്ടക്ടർമാർ, മെക്കാനിക്കുകൾ തുടങ്ങിയവരെ പൊതുചടങ്ങിൽ വച്ച് ആദരിക്കാനുള്ള ഒരു പരിപാടിക്ക് രൂപം നൽകി, കഴിഞ്ഞ വർഷം മുതൽ അത് നടപ്പിലാക്കി വരികയാണ്. എക്സ് എം.എൽ.എ.മാർക്കും സ്വാതന്ത്ര്യസമര സേനാനികൾക്കും ഇപ്പോൾ ഡീലക്സ്, എക്സ്പ്രസ് ബസ്സുകളിൽ അവരുടെ പാസ് മുഖാന്തിരം സഞ്ചരിക്കാൻ കഴിയുകയില്ല. എക്സ് എം.എൽ.എ. മാർക്കും സ്വാതന്ത്ര്യസമര സേനാനികൾക്കും എല്ലായിനം ബസ്സുകളിലും പാസ് മുഖേന സഞ്ചരിക്കാനുള്ള അനുവാദം ഗവൺമെന്റ് നൽകുന്നതാണ്.

മി. സ്പീക്കർ : എക്സ് എം.എൽ.എ.മാർക്ക് സൂപ്പർ ഡീലക്സ് ബസ്സുകളിൽ മുമ്പ് പ്രവേശനമില്ലായിരുന്നു. അതിപ്പോൾ ആദ്യമായിട്ട് അനുവദിക്കുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സ്പോർട്സിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇതിനകം തന്നെ വോളീബാൾ ടീം സംഘടിപ്പിച്ചിട്ടുണ്ട്. മറ്റു സ്പോർട്സ് ഇനങ്ങളിലും ടീമുകൾ സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അർജ്ജുൻ അവാർഡ്, ദ്രോണാചാര്യ അവാർഡ് തുടങ്ങിയ സ്പോർട്സ് അവാർഡുകൾ ലഭിച്ചിട്ടുള്ളവർക്ക് കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസുകളിലും സൗജന്യമായി സഞ്ചരിക്കാൻ പാസ്സുകൾ നൽകുന്നതാണ്.

ഡോ. കെ. സി. ജോസഫ് : പോസ്റ്റുണ്ടാക്കുമ്പോൾ കാനോയിംഗ് കയാക്കിംഗ് കൂടി വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അതിനെക്കുറിച്ചാലോചിക്കാം. കാസർഗോഡ് ഇപ്പോഴുള്ള സബ് ഡിപ്പോ ഡിപ്പോയായി ഉയർത്തുന്നതാണ്. വടകര, ചിറ്റൂർ എന്നിവിടങ്ങളിലുള്ള ഓപ്പറേറ്റിംഗ് സെന്ററുകൾ സബ്ഡിപ്പോകളായി ഉയർത്തുന്നതാണ്. മലമ്പ്രദേശമായ നിലമ്പൂരിൽ ഒരു ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനമാരംഭിക്കുന്നതാണ്. അതുപോലെതന്നെ ധാരാളം ശബരിമല തീർത്ഥാടകർ വന്നു പോകുന്ന കുമിളിയിൽ ഒരു സബ്ഡിപ്പോ തുറന്നു പ്രവർത്തനമാരംഭിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ സബ് ഡിപ്പോ ആരംഭിക്കുന്നതാണ്. കൂടുതൽ ബസുകൾ നിരത്തിലിറക്കുകയെന്ന ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യത്തിന് സഹായകരമായ രീതിയിൽ പല പുട്ടിയ വർക്ക്ഷോപ്പുകളും തുറന്നു പ്രവർത്തനമാരംഭിക്കുന്നതാണ്. അതിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്ന കോട്ടയത്തെ ജില്ലാ വർക്ക്ഷോപ്പ് തുറന്നു പ്രവർത്തനമാരംഭിക്കുന്നതാണ്. പാറശ്ശാലയിൽ ഒരു റീജിയണൽ വർക്ക്ഷോപ്പ് തുറന്നു പ്രവർത്തനമാരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ ഇന്നത്തെ പരിതസ്ഥിതിയിൽ വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം കൈക്കൊണ്ടു. അത് അങ്ങയേയും ഈ സഭയേയും അറിയിക്കാനാഗ്രഹിക്കുകയാണ്. കാർഗിലിന്റെ യുദ്ധമുന്നണിയിൽ ഭാരതത്തിനു വേണ്ടി പൊരുതുന്ന ധീര ജവാൻമാർക്ക് ഭാരതത്തിനു വേണ്ടി പൊരുതുന്ന ധീര ജവാന്മാർക്ക് ദുരിതാശ്വാസമായി കെ.എസ്.ആർ.ടി.സി. ജീവനക്കാരും ഓഫീസർമാരും ഒരു ദിവസത്തെ ശമ്പളം, ഏകദേശം 50 ലക്ഷം രൂപ സംഭാവന ചെയ്യുവാനും ഈ തുകയുടെ ചെക്ക് മുഖ്യമന്ത്രിയെ ഏൽപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. അതിലുപരിയായി പാങ്ങോട് മിലിറ്ററി ക്യാമ്പിലെ സൈനികരും വാഹനങ്ങളും യുദ്ധമുന്നണിയിലേയ്ക്ക് പുറപ്പെട്ടതിനാൽ സൈനികരുടെ കുട്ടികളെ സ്ക്കൂളിൽ കൊണ്ടുപോകാനും തിരിച്ചുകൊണ്ടു വരുന്നതിനുമായി രണ്ടു ബസ്സുകൾ കെ.എസ്.ആർ.ടി.സി. എല്ലാ പ്രവൃത്തി ദിവസങ്ങളിലും മിലിറ്ററി സ്പെഷ്യൽ ബസ്സായി ഓടിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ ബസ് നിരത്തിലിറക്കുകയാണ് പ്രധാന പ്രശ്നമെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. അതിന് ഇതിനകം തന്നെ പാലക്കാട് ജില്ലാ സഹകരണ ബാങ്കുമായി നടത്തിയ ചർച്ചയുടെ ഫലമായി, കെ.എസ്.ആർ.ടി.സി.ക്ക് പുതിയ ബസ്സുകൾ വാങ്ങുന്നതിനായി പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മൂന്നുകോടിയോളം രൂപ വായ്പ തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 30 പുതിയ ബസ്സുകൾ വാങ്ങും. പാലക്കാട് ഡിപ്പോയിൽ നിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സർവ്വീസ് നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ പന്ഥാവ് സ്വീകരിച്ചുകൊണ്ട് മറ്റു സഹകരണസ്ഥാപനങ്ങളും കെ.എസ്.ആർ.ടി. സി.യെ സഹായിക്കാൻ മുന്നോട്ടു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ.എസ്. ആർ.ടി.സി.യുടെ വികസന പ്രവർത്തനങ്ങൾക്ക് ഹഡ്കോയിൽ നിന്നും 50 കോടി രൂപ വായ്പ നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനും 450 പുതിയ ബസുകൾ നിർമ്മിച്ച് ദീർഘദൂര സർവ്വീസുകൾ നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ബസ്ടെർമിനൽ കോംപ്ലക്സ്സിൽ ഷോപ്പിംഗ് സെന്ററുകൾ വാടകയ്ക്ക് നൽകുന്നതുവഴിയും വരുമാനം പ്രതീക്ഷിക്കുന്നു. 450 ബസുകളും ഏറ്റവും തിരക്കുള്ള ദീർഘദൂരറൂട്ടുകളിലും അന്തർ സംസ്ഥാന റൂട്ടുകളിലും ഓടിക്കുക വഴി മെച്ചപ്പെട്ട വരുമാനമുണ്ടാകുമെന്ന് കരുതുന്നു. ഇത്തരത്തിലുള്ള വരുമാനം ഉപയോഗിച്ച് ഹഡ്കോയിൽ നിന്നും എടുക്കുന്ന തുകയ്ക്ക് മുതലും പലിശയും മടക്കിക്കൊടുക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുകയാണ്. ഇന്ന് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളുണ്ട്. നേരത്തെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ സ്വകാര്യ ബസ് സർവ്വീസുകൾ ലൈസൻസ് എടുത്ത് ഓടിക്കുന്ന സ്ഥലങ്ങളിൽ തന്നെ ഓടിച്ചു കൊള്ളണമെന്ന് നിലവിലുള്ള മോട്ടോർ വെഹിക്കിൾസ് നിയമമനുസരിച്ച് നിർബന്ധമില്ല. ജനങ്ങളുടെ യാത്രാക്ലേശം കൂടുതൽ വർദ്ധിച്ചു വരുകയാണ്. അപ്പോൾ കെ.എസ്.ആർ.ടി.സി. കൂടുതൽ വാഹനങ്ങൾ റോഡിൽ ഇറക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യമായി വന്നിരിക്കുകയാണ്. അതുകൊണ്ട് ശേഷിക്കുന്ന രണ്ടു വർഷക്കാലയളവിൽ രണ്ടായിരം ബസ്സുകളെങ്കിലും പുതുതായി റോഡിലിറക്കാൻ കഴിയണമെന്നാണ് ഗവൺമെന്റാഗ്രഹിക്കുന്നത്. ഇത് എന്റെ ഒരു പ്രഖ്യാപനമായി ആരും എടുക്കേണ്ടതില്ല. എന്റെ ഒരാഗ്രഹമാണ്. ആ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കെ.എസ്.ആർ.ടി.സി.യും ഗവൺമെന്റും നടത്താൻ ആഗ്രഹിക്കുന്നത്.

ഇവിടെ എന്റെ സുഹൃത്ത് ശ്രീ. ടി. എം. ജേക്കബ് പ്രസംഗിക്കുന്നതിനു അര മണിക്കൂർ മുമ്പ് അദ്ദേഹത്തിന്റേതായ ഒരു നോട്ടീസ് ഇവിടെ കിട്ടി. അങ്ങേയ്ക്ക് തന്നതിന്റെ കോപ്പി ആണെന്നാണ് എനിക്ക് തോന്നുന്നത്. ആദ്യം ഇവിടെ ചർച്ചയിൽ പങ്കെടുത്ത ശ്രീ. അടൂർ പ്രകാശ് അതുപോലെ ഒരു പേപ്പറെങ്കിലും എഴുതി തരാതെ കാര്യങ്ങൾ ഇവിടെ ഉന്നയിക്കാൻ നോക്കി .....(ബഹളം)..... ഈ സഭയിൽ വന്ന് നിഷേധിക്കാൻ കഴിയാത്ത അഡ്വക്കേറ്റ് ജനറലിനെതിരെയാണ് അദ്ദേഹത്തിന്റെ പ്രസംഗം. അദ്ദേഹത്തിന്റെ സമയം മുഴുവൻ അതിനാണ് വിനിയോഗിച്ചത്. അപ്പോൾ ശ്രീ. ബാലൻ വൈദ്യർ ചെയറിൽ ഇരിക്കുകയായിരുന്നു. അത് സംബന്ധിച്ച് പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന് അദ്ദേഹം പറയുകയുണ്ടായി. അഡ്വക്കേറ്റ് ജനറലിനെ സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് നടത്തിയ പരാമർശം രേഖയിൽ ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ചിലത് പറയാൻ എനിക്കുമുണ്ട്. ശ്രീ. ജേക്കബ് എഴുതി തന്ന കാര്യവും നേരത്തെ ശ്രീ. അടൂർ പ്രകാശ് എഴുതി തരാതെ പറയാൻ നോക്കിയതും, ഇപ്പോൾ ശ്രീ. ടി. എം. ജേക്കബ് എഴുതിത്തന്നത് : "റൂൾ 285 അനുസരിച്ച് താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നതിനെതിരെ മുഖ്യമന്ത്രി, വനം വകുപ്പുമന്ത്രി, ഉദ്യോഗസ്ഥന്മാർ, എന്നിവർ നടത്തിയ അഴിമതിയും സ്വജനപക്ഷപാതവും ഞാൻ സഭയിൽ ഉന്നയിക്കുവാൻ ആഗ്രഹിക്കുന്നു". എന്തോ വലിയ ആനയായിട്ടാണ് ജേക്കബ് വന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എതിരായിട്ട് അദ്ദേഹം ഒന്നും പറഞ്ഞില്ല, വനം വകുപ്പുമന്ത്രി ഞാനാണ്. അദ്ദേഹം എനിക്കെതിരായി ഒന്നും പറഞ്ഞില്ല. അദ്ദേഹം ഏതോ ഒരു രവീന്ദ്രന്റെ കാര്യവും ഏതോ ഒരു നൗഷാദ്ഖാന്റെ കാര്യവുമാണ് പറഞ്ഞത്. അത് മുൻപ് എങ്ങാണ്ടോ നടന്ന കാര്യമാണ്. അത് സംബന്ധിച്ച് ഫയലുകളുടേയും എനിക്ക് കിട്ടിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രമേ എനിക്ക് പറയാൻ കഴിയുകയുള്ളൂ. അത് ഞാൻ പറയാം. ശ്രീ. നൗഷാദ് ഖാന് ചോഴിക്കോട്ടു കടവിൽ നിന്നും 5000 ക്യൂബിക് മീറ്റർ മണൽ 27-3-1998 ലെ സർക്കാർ ഉത്തരവ് അനുസരിച്ചും ശ്രീ. കെ. സി. രവീന്ദ്രന് 12,000 സ്ക്വയർ മീറ്റർ മണൽ ശംഖിലിക്കടവ് കടവിൽനിന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ 29-4-1998 ലെ ഉത്തരവ് അനുസരിച്ച് ശേഖരിക്കുന്നതിനും അനുവാദം നൽകിയിരുന്നു. ലഭ്യതയ്ക്കനുസരിച്ച് മണൽ വാരാനുള്ള അനുവാദമാണ് കൊടുത്തിരുന്നത്. ലഭ്യതയ്ക്കനുസരിച്ച് മണൽ വാരാനുള്ള അനുവാദം കൊടുത്തിരുന്നതായിട്ടാണ് രേഖയിൽ കാണുന്നത്. ചോഴിക്കോട് കടവും ശംഖിലിക്കടവും സർക്കാർ അംഗീകരിച്ച കടവുകളായിരുന്നു. എന്നാൽ ശ്രീ. നൗഷാദ്ഖാൻ 350 സ്ക്വയർ മീറ്റർ മണലും ശ്രീ. കെ. സി. രവീന്ദ്രൻ 30 സ്ക്വയർ മീറ്റർ മണലും മാത്രം നീക്കം ചെയ്തിട്ടുള്ളതായിട്ടാണ് രേഖയിൽ കാണുന്നത്. ഇതു കൂടാതെ ശംഖിലിക്കട

LIBRARY ARCHIVES Kerala Legislative Assembly

വിൽനിന്നും തനതാവശ്യങ്ങൾക്കായി 470 സ്കയർ മീറ്റർ മണൽ നീക്കം ചെയ്യാൻ പ്രാദേശിക നിവാസികൾക്ക് അനുമതി നൽകിയിരുന്നു. മണൽ മറിച്ചുവിറ്റതായി ഗവൺമെന്റിന്റെ ശ്രദ്ധയിലൊന്നും പെട്ടിട്ടില്ല. കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 6-9-1997-ലും 3-4-1998-ലും കടവുകൾ അനുവദിച്ചുകൊണ്ട് ഇറക്കിയ സർക്കാർ ഉത്തരവുകൾ 15-9-1998-ൽ സർക്കാർ റദ്ദ് ചെയ്തു. മണലിന്റെ സിനിയറേജ് നിരക്ക് ക്യൂബിക് മീറ്ററിന് 78 രൂപയും വനം വികസന നികുതി 5 ശതമാനവുമാണ്. മൊത്തം 81 രൂപ 90 പൈസയാണ് വില. ഇതുകൂടാതെ ജിയോളജി ഡിപ്പാർട്ടുമെന്റിൽനിന്നും റോയൽറ്റിയും വാങ്ങുന്നുണ്ട്, കൂടാതെ ശേഖരിപ്പുകൂലി, ലോഡിംഗ്, അൺ ലോഡിംഗ് ചാർജ്, കടത്തുകൂലി, ഇത് സാധാരണ ശേഖരിപ്പുകാരനുമായി ബന്ധപ്പെട്ട ചെലവുകളാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഞാൻ ഇതൊന്ന് പറഞ്ഞ് തീർത്തോട്ടെ.

മി. സ്പീക്കർ : അങ്ങേയ്ക്ക് പിന്നെ അവസരം തരാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ : രവീന്ദ്രനോ മറ്റാർക്കെങ്കിലുമോ മണൽ വരുന്നതിന് ലൈസൻസ് നൽകുവാൻ മുഖ്യമന്ത്രിയോ വനം വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനോ മറ്റേതെങ്കിലുമൊരു മന്ത്രിയോ അനധികൃതമായി എന്തെങ്കിലും ചെയ്തതായി ശ്രീ. ടി. എം. ജേക്കബ് ഈ സഭയിൽ ഉന്നയിച്ചില്ല. കേരളത്തിലെ രാഷ്ട്രീയ രംഗത്തും മലബാറിന്റെ രാഷ്ട്രീയരംഗത്തും തിരു-കൊച്ചി രാഷ്ട്രീയ രംഗത്തും തിരുവിതാംകൂറിന്റെ രാഷ്ട്രീയ രംഗത്തും സ്വാതന്ത്ര്യസമര സേനാനിയെന്നുള്ള നിലയിലും കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാവെന്നുള്ള നിലയിലും ഉയർന്നുവന്ന കറപുരളാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ, അദ്ദേഹത്തിനെതിരെ നിഴൽ യുദ്ധം ആരംഭിച്ചിട്ട് കുറെ ദിവസങ്ങളായി. ശ്രീ. ജേക്കബ് മുമ്പ് അഴിമതി അവസാനിപ്പിക്കാൻ എന്നും പറഞ്ഞ് കേരളം മുഴുവനും ഒരു അഴിമതി വിരുദ്ധജാഥ നടത്തിയ ആളാണ്. പക്ഷേ അങ്ങ് അടക്കം അത് മറന്നുപോയി. അതു കഴിഞ്ഞ് അദ്ദേഹം രണ്ടുതവണ 1982 മുതൽ 1987 വരെയുള്ള കാലയളവിലും, 1991 മുതൽ 1996 വരെയുള്ള കാലയളവിലും കേരളത്തിൽ മന്ത്രിയായിരുന്ന ആ കാലഘട്ടത്തെ കുറിച്ച് ഞാൻ പറയുന്നില്ല. അദ്ദേഹം എന്റെ സുഹൃത്താണ്. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അദ്ദേഹത്തിനെതിരെ കേസ്സോ അന്വേഷണമോ നിലവിലുണ്ട്. മറ്റാർക്കെങ്കിലും എതിരായി ഏതെങ്കിലും അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചാൽ, ആ പുകമറയുടെ മറവിൽ തനിക്ക് രക്ഷപ്പെടാൻ കഴിയുമെന്നായിരിക്കും എന്റെ സുഹൃത്ത് ജേക്കബിന്റെ വിചാരം, അദ്ദേഹം അങ്ങനെ രക്ഷപ്പെടട്ടേയെന്ന് ആശിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിനെ സംബന്ധിച്ചിടത്തോളം അങ്ങയുടെ റൂളിംഗ് ആവശ്യമാണ്. അത് രേഖയിലുണ്ടെങ്കിൽ അത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെതായ ഒരു ഫാക്സ് സന്ദേശം ലഭിച്ചിട്ടുണ്ട്. അത് ഇവിടെ വായിക്കുവാൻ അങ്ങ് അനുവാദം തരണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റൂളിംഗ് ആയില്ല, അങ്ങേയ്ക്ക് പറയാനുള്ളത് പറയാം. ഇവിടെ രേഖയിലുള്ള കാര്യം പരിശോധിക്കാതെ പറയാൻ പറ്റുകയില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ : M/s Hope Plantations Limited മായി ബന്ധപ്പെട്ട ഒരു ആക്ഷേപമാണ് പ്രധാനമായും ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ചത്. അതിനെക്കുറിച്ചാണ്.

This appeal was preferred by M/s Hope Plantations Limited claiming exemption under the provisions of the Kerala Land Reforms Act read with Kerala Land Reforms (ceiling) Rules, 1970. By an earlier round of litigation which ended at the Supreme Court (C.A. No. 227/78) the Supreme Court had held:

"We, uphold the judgement of the High Court on the extent of fuel area and rested tea area as determined finally by this Court in CA No. 227/78 and would dismiss the appeal limited to this extent. Though we have upheld the order of the High Court mainly on the grounds of res judicata and estopel, submission of the appellant commends to us that they be given opportunity to approach the State Government to seek exemption under provisions of sub-section 3 of Section 81 of the Act. This is particularly so as a three judge bench of this Court has held that supply of fuel wood to employees is for the purpose connected with the plantation, which is a later decision of the two Judge Bench decision of this Court. Further that rested tea area is part of this plantation was not properly projected before this Court as has been rightly contended by Mr. Salve. It is a matter of experience and on reference to authoritative text books if rested tea areas are part of the plantation.

We allow the appellant to approach the State Government to seek exemption under Sub-section 3 of Section 81 of the Act. For this purpose we grant six weeks time to the appellant to apply to the State Government. The State Government shall take decision on such application in accordance with law. Till then the stay granted by this Court by order dated December 6, 1984 shall continue to operate".

That menas the appeal was partly allowed and the Government was asked to take a decision under section 81 (3) regarding exemption to which the appellant plantation would be entitled. The decision as now it stands, rested mainly on the findings in the Civil Appeal. The last but one sentence in the first paragraph of the judgement quoted shows that there had been concession at the time of deciding C.A. No. 227/78, which was rendered in 1980 or 1981. Therefore the damage had been done earlier, and not now. Moreover, the matter is not ultimately lost, the Government has been asked to take a decision. We have to see whether the application has been filed

LIBRARY ARCHIVES Kerala Legislative Assembly

by the appellant in time, in which case the Government will have to take a fresh decision in accordance with law. The case seems to have been argued by Shri. P. Krishnamoorthi, Senior Advocate (Former Judge of the High Courts of Kerala and Karnataka). No concession appears to have been made in the present Civil Appeal. More details can be given only after perusing the entire file and the earlier Judgements, especially the judgement in C.A. 227/78, a copy of which is not available in the file given to me.

"Further, that rested tea area which is part of this planation was not properly projected before this Court by Hope planatations as has been rightly contended by Mr. Salve".

It is to be understood that this refers Hope Plantations' arguments in C.A. 227/78 disposed of by the Supreme Court as early as in 1981. It is not the fault of the State, but fault of the Hope Plantations to project their case before the Supreme Court in C.A. 227/78 disposed of by the Supreme Court in 1981.

ഇതാണ്. അഡ്വക്കേറ്റ് ജനറലിന് സഭയിൽ വന്ന് പറയാൻ കഴിയാത്തതു കൊണ്ട് അദ്ദേഹം അയച്ചു തന്ന അദ്ദേഹത്തിന്റേതായ ഫാക്സ് മെസേജ് ഞാൻ സഭയുടെ അറിവിലേയ്ക്ക് വായിച്ചതാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : Shri. T. M. Jacob, What is your point of order ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ഒരു ഭാഗം എക്സ്പഞ്ച് ചെയ്യണമെന്ന് പറയാൻ വേണ്ടിയിട്ടാണ്. ഗവൺമെന്റ് അംഗീകൃത കടവിൽ നിന്നാണ് മണൽ വാരാൻ അനുവാദം കൊടുത്തത് എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ഇവിടെ ഈ സഭയിൽ റഫർ ചെയ്ത രേഖയിൽ 73/12/സി 2/97/ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ്. ഡേറ്റഡ് 6-9-1997 പ്രിൻസിപ്പൽ സെക്രട്ടറി സി. സി. എഫിന് എഴുതിയ ഒരു കത്താണ് ഞാൻ വായിക്കാൻ പോകുന്നത്.

മി. സ്പീക്കർ : അതിൽ എന്താണ് ക്രമപ്രശ്നം ? അങ്ങ് അങ്ങയുടെ കൈയിലുള്ള രേഖകൾ വച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി സർക്കാരിന്റെ രേഖകൾ വച്ചു പറഞ്ഞു. അത് പരസ്പരവിരുദ്ധം ആണെങ്കിൽ അതിന് പരിഹാരം വേറെയുണ്ട്. അതിന് ക്രമപ്രശ്നമൊന്നുമില്ല. അങ്ങേയ്ക്ക് വേറെ റെമഡിയുണ്ട്. പക്ഷെ അതിനകത്ത് ക്രമപ്രശ്നമൊന്നുമില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഏഴ് കടവുകളാണ് സർക്കാർ അംഗീകരിച്ചുകൊടുത്തത്. ശംഖിലി കടവ് എന്നുപറഞ്ഞ് ഒരു കടവ് സർക്കാർ അംഗീകരിച്ചുകൊടുത്തതായിട്ട് ഈ രേഖയിൽ ഇല്ല. ഒരു ലെറ്ററാണ് എന്റെ കൈയിലിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് ചെയറിന്റെ ഒരു റൂളിംഗ് കൊണ്ട് മാറ്റാൻ കഴിയുന്നതല്ല. ചെയറിന്റെ ഒരു റൂളിംഗ് കൊണ്ട് മാറ്റാൻ കഴിയുന്ന കാര്യമല്ല അത്.

ശ്രീ. ടി. എം. ജേക്കബ് : ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായതുകൊണ്ട് അതു നീക്കം ചെയ്യണം. ശംഖിലിക്കടവ് സർക്കാർ അംഗീകരിച്ചുകൊടുത്തതല്ല എന്ന് ഈ രേഖയിൽ പറയുന്നു. അതാണ് അംഗീകരിച്ചു കൊടുത്തു എന്ന് മന്ത്രി പറയുന്നത്. വസ്തുതാപരമായി തെറ്റായ ഒരു കാര്യം സഭയെ ധരിപ്പിക്കുന്നത് ഓർഡറിൽ അല്ലാത്തതുകൊണ്ട് അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം. ഞാൻ സർക്കാരിന്റെ കടലാസ് വച്ചാണ് പറയുന്നത്. ഇതാണ് രേഖ.

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് വസ്തുതാപരമാണോ അല്ലയോ എന്ന് എങ്ങനെ അറിയാം ? അങ്ങയുടെ കൈയിൽ രേഖയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആൻസർ ചെയ്തതും രേഖവച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി ആൻസർ ചെയ്തത് രേഖകൾക്കു വിരുദ്ധമാണെങ്കിൽ, വസ്തുതാപരം അല്ലെങ്കിൽ അതിന് റെമഡി എന്താണ് ? ചെയറിന്റെ റൂളിംഗ് കൊണ്ട് മാറ്റാൻ കഴിയുമോ ? സ്പീക്കർക്ക് എക്സ്പഞ്ച് ചെയ്യാൻ പറ്റില്ല. എനിക്ക് ബോധ്യം ഉണ്ടെങ്കിലല്ലേ എക്സ്പഞ്ച് ചെയ്യാൻ പറ്റൂ.... അടുത്തത് ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി.....

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, തൊഴിലും പരിശീലനവും തൊഴിലില്ലായ്മാവേതനവും സംബന്ധിച്ച് ചർച്ചകളിൽ വലിയ നിർദ്ദേശങ്ങളൊന്നും ഇവിടെ ഉണ്ടായില്ല. കൊടുക്കുന്ന നടപടികളെ സംബന്ധിച്ച് വലിയ പരാതിയും ആരും പറഞ്ഞില്ല. പരാതി പറഞ്ഞില്ല എന്നുള്ളതുതന്നെ, ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പരാതികൾ ഒന്നുമില്ല എന്നതിന് തെളിവാണ്. ഒരു മൂന്നു മിനിറ്റുകൊണ്ട് ഞാൻ തീർക്കാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13 മാസത്തെ തൊഴിലില്ലായ്മ വേതനം കുടിശ്ശികയുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് 3 കൊല്ലം കൊണ്ട് 39.95 കോടി രൂപയാണ് തൊഴിലില്ലായ്മ വേതനം കൊടുത്തതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 73.14 കോടി രൂപ കൊടുത്തു തീർത്തിട്ടുണ്ട്. അവരുടെ കാലത്ത് തൊഴിലില്ലായ്മ വേതനം 70 രൂപയായിരുന്നത് ഇപ്പോൾ 100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ കൊല്ലം 65 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്.

VI ക്രമപ്രശ്നം

എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് സംബന്ധിച്ച ധനാഭ്യർത്ഥനക്കുള്ള മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ഇന്നു ചർച്ചയ്ക്ക് വന്നിട്ടുള്ള ധനാഭ്യർത്ഥനകൾ (1) IX വാഹന നികുതികൾ (2) XLI ഗതാഗതം (3) XXXIV വനം (4) XXIV തൊഴിലും തൊഴിലാളി ക്ഷേമവും എന്നിവയാണ്. ധനാഭ്യർത്ഥന XXIV എന്നു പറയുന്നത് തൊഴിലും തൊഴിലാളി ക്ഷേമവുമാണ്. ഇത് അതിൽ വരുന്നില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം ശരിയാണോ എന്ന് എനിക്കറിയില്ല. അത് ഗില്ലെറ്റിൽ ചെയ്യുകയാണ് എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പക്ഷ അംഗങ്ങൾ തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരുടെ കാര്യം മറുന്നുപോയി എന്നുപറഞ്ഞു. ആ ധാരണ ശരിയല്ല. കാരണം ഇവിടെ ശ്രീ. സി. എഫ്. തോമസ് പ്രസംഗം ആരംഭിച്ചതുതന്നെ തൊഴിൽ ഉണ്ടാക്കാനുള്ള പരിപാടികൾ ഇല്ല എന്നു പറഞ്ഞുകൊണ്ടാണ്. അന്നേരം ചെയറിലുണ്ടായിരുന്ന ഡോ. കെ. സി. ജോസഫ് അത് പ്രസംഗിക്കേണ്ടത് ഈ ഡിമാന്റിലല്ല ; എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വേറെയുണ്ട് എന്നു പറഞ്ഞ് അദ്ദേഹത്തെക്കൊണ്ട് പ്രസംഗിപ്പിച്ചില്ല. അതുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾക്ക് തൊഴിലില്ലായ്മയെക്കുറിച്ച് പ്രസംഗിക്കുവാനുള്ള അവസരം നഷ്ടമായത്. വാദിയെ പ്രതിയാക്കരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്. എന്നാലും അങ്ങയുടെ റൂളിംഗ് അനുസരിക്കുന്നു. തൊഴിലില്ലായ്മയെ കുറിച്ചുള്ള ചർച്ച കളഞ്ഞതിന് ഞങ്ങളല്ല ഉത്തരവാദികൾ, ഞങ്ങൾ സംസാരിക്കുവാൻ ആഗ്രഹിച്ചതാണ്. തുടക്കം ഇട്ടതാണ്. അത് നശിപ്പിക്കുകയുണ്ടായി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വനവും ഗതാഗതവും വകുപ്പുമന്ത്രി ഒരു കറക്ഷൻ എഴുതി തന്നിരുന്നു. അങ്ങേയ്ക്ക് അതു പറയാം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഞാൻ നേരത്തെ സംസാരിച്ചപ്പോൾ കുമിളിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് തുടങ്ങുന്നതെന്ന് പറഞ്ഞിരുന്നു. അതു സബ് ഡിപ്പോയാണ്. അതുപോലെ ചടയമംഗലത്ത് പൂർത്തീകരിച്ചിട്ടുള്ള സബ് ഡിപ്പോ ഉടൻ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ IX — വാഹനനികുതികൾ

മി. സ്പീക്കർ : സർവ്വശ്രീ. ഇ. എം. അഗസ്തി, വി. ബാലറാം, പി. ജെ. ജോയി, പാലോട് രവി, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, പി. ജെ. ഫ്രാൻസിസ്, കെ. സി. വേണുഗോപാൽ, പി. പി. തങ്കച്ചൻ, കെ. എ. ചന്ദ്രൻ, ഡൊമിനിക് പ്രസന്റേഷൻ, എ. കെ. മണി, കെ. സുധാകരൻ, കെ. പി. വിശ്വനാഥൻ, കെ. മുഹമ്മദാലി, ചെർക്കളം അബ്ദുള്ള, സി. ടി. അഹമ്മദ് അലി, ഇസ്ഹാക് കുരിക്കൾ, നാലകത്ത് സൂപ്പി, സി. മൊയീൻകുട്ടി, പി. കെ. കെ. ബാവ, കെ. പി. എ. മജീദ്, ഇ. ടി. മുഹമ്മദ് ബഷീർ, ജോണിനെല്ലൂർ, ഡോ. എം. എ. കുട്ടപ്പൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി ശോഭനാ ജോർജ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കുന്നു.

വാഹനനികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

955/2010

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.
(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 62

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. ആർ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീ. പി. സി. ജോർജ്ജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. കെ. ഇ. ഇസ്മയിൽ
14. ശ്രീ. സി. എൻ. ജയദേവൻ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. ടി. എസ്. ജോൺ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. ജോസ് ബേബി
19. ഡോ. കെ. സി. ജോസഫ്
20. ശ്രീ. എ. കണാരൻ
21. ശ്രീ. എൻ. കണ്ണൻ
22. ശ്രീ. എളമരം കരീം
23. ശ്രീ. പി. കെ. കുമാരൻ
24. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
25. ശ്രീ. സി. എ. കുര്യൻ
26. ശ്രീമതി ആർ. ലതാദേവി
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
29. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
30. ശ്രീ. മോൻസ് ജോസഫ്
31. ശ്രീ. പിരപ്പൻകോട് മുരളി
32. ശ്രീ. ടി. നാണു മാസ്റ്റർ
33. ശ്രീ. സി. കെ. നാണു

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
35. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
36. ശ്രീ. പി. നാരായണൻ
37. ഡോ. എ. നിലലോഹിതദാസൻ നാടാർ
38. ശ്രീ. ടി. കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ. കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി. കെ. രാജേന്ദ്രൻ
44. ശ്രീ. കെ. പി. രാജേന്ദ്രൻ
45. ശ്രീ. പി. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി. കെ. രാമകൃഷ്ണൻ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. യു. എസ്. ശശി.
52. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
53. ശ്രീ. സെബാസ്റ്റ്യൻ പോൾ
54. ശ്രീ. എ. സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
58. ശ്രീ. പി. എസ്. സുപാൽ
59. ശ്രീമതി സുശീലാഗോപാലൻ
60. ശ്രീ. എം. പി. വർഗ്ഗീസ്
61. ശ്രീ. വർഗ്ഗീസ് വൈദ്യർ
62. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. കെ. ആന്റണി
6. ശ്രീ. ഇ. എം. അഗസ്തി

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. കെ. ബാബു
8. ശ്രീ. പി. കെ. കെ. ബാവ
9. ശ്രീ. കെ. എ. ചന്ദ്രൻ
10. ശ്രീ. പി. ജെ. ഫ്രാൻസിസ്
11. ശ്രീ. ഇസ്ഹാക് കുരിക്കൾ
12. ശ്രീ. ടി. എം. ജേക്കബ്
13. ശ്രീ. ജോണി നെല്ലൂർ
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോയി
16. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം. എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. മാമ്മൻ മത്തായി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
22. ശ്രീ. എ. കെ. മണി
23. ശ്രീ. സി. മൊയിൻകുട്ടി
24. ശ്രീ. ആര്യാടൻ മുഹമ്മദ്
25. ശ്രീ. എം. കെ. മുനീർ
26. ശ്രീ. എം. മുരളി
27. ശ്രീ. എഴുകോൺ നാരായണൻ
28. ശ്രീ. വി. ജെ. പൗലോസ്
29. ശ്രീ. അടൂർ പ്രകാശ്
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
32. ശ്രീ. പാലോട് രവി
33. ശ്രീമതി റോസമ്മ ചാക്കോ
34. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
35. ശ്രീമതി ശോഭനാ ജോർജ്
36. ശ്രീ. നാലകത്ത് സൂപ്പി
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി.പി.തങ്കച്ചൻ
39. ശ്രീ. സി. എഫ്. തോമസ്
40. ശ്രീ. കെ. സി. വേണുഗോപാൽ
41. ശ്രീ. കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	-	62
പ്രതികൂലിക്കുന്നവർ	-	41
നിഷ്പക്ഷത പാലിക്കുന്നവർ	-	ആരുമില്ല.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XLI — ഗതാഗതം

മി. സ്പീക്കർ : സർവ്വശ്രീ. പി. ജെ. ജോയി, പി. ജെ. ഫ്രാൻസിസ്, ഇ.എം. അഗസ്തി, പാലോട് രവി, വി. ബാലറാം, ഇ. ടി. മുഹമ്മദ് ബഷീർ, പി. കെ. അബ്ദുറബ്ബ്, ചെർക്കളം അബ്ദുള്ള, നാലകത്തു സൂപ്പി, സി. ടി. അഹമ്മദ് അലി, ഇസ്ഹാക്ക് കുരിക്കൾ, പി. കെ. കെ. ബാവ, സി. മൊയിൻകുട്ടി, വി. ജെ. പൗലോസ്, കെ. എ. ചന്ദ്രൻ, ഡൊമിനിക് പ്രസന്റേഷൻ, അടൂർ പ്രകാശ്, കെ. സുധാകരൻ, കെ. പി. വിശ്വനാഥൻ, കെ. മുഹമ്മദാലി, ജി. കാർത്തികേയൻ, കെ. ബാബു, കെ. സി. വേണുഗോപാൽ, പി. പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ്, മാമ്മൻ മത്തായി, കെ. നാരായണക്കുറുപ്പ്, ഡോ. എം. എ. കുട്ടപ്പൻ, ശ്രീമതി ശോഭനാ ജോർജ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീമതി റോസമ്മ ചാക്കോ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. (സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 62

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. ആർ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. എം. ദാസൻ
10. ശ്രീ. പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. കെ. ഇ. ഇസ്മയിൽ
14. ശ്രീ. സി. എൻ. ജയദേവൻ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. ടി. എസ്. ജോൺ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. ജോസ് ബേബി
19. ഡോ. കെ. സി. ജോസഫ്
20. ശ്രീ. എ. കണാരൻ
21. ശ്രീ. എൻ. കണ്ണൻ
22. ശ്രീ. എളമരം കരീം
23. ശ്രീ. പി. കെ. കുമാരൻ
24. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
25. ശ്രീ. സി. എ. കുര്യൻ
26. ശ്രീമതി ആർ. ലതാദേവി
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
29. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
30. ശ്രീ. മോൻസ് ജോസഫ്
31. ശ്രീ. പിരപ്പൻകോട് മുരളി
32. ശ്രീ. ടി. നാണു മാസ്റ്റർ
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
35. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
36. ശ്രീ. പി. നാരായണൻ
37. ഡോ. എ. നിലലോഹിതദാസൻ നാടാർ
38. ശ്രീ. ടി. കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ. കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. സി. കെ. രാജേന്ദ്രൻ
44. ശ്രീ. കെ. പി. രാജേന്ദ്രൻ
45. ശ്രീ. പി. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി. കെ. രാമകൃഷ്ണൻ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. യു. എസ്. ശശി.
52. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
53. ശ്രീ. സെബാസ്റ്റ്യൻ പോൾ
54. ശ്രീ. എ. സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
58. ശ്രീ. പി. എസ്. സുപാൽ
59. ശ്രീമതി സുശീലാ ഗോപാലൻ
60. ശ്രീ. എം. പി. വർഗ്ഗീസ്
61. ശ്രീ. വർഗ്ഗീസ് വൈദ്യർ
62. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി. കെ അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. കെ. ആന്റണി
6. ശ്രീ. ഇ. എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി. കെ. കെ. ബാവ
9. ശ്രീ. കെ. എ. ചന്ദ്രൻ
10. ശ്രീ. പി. ജെ. ഫ്രാൻസിസ്
11. ശ്രീ. ഇസ്ഹാക് കുരിക്കൾ
12. ശ്രീ. ടി. എം. ജേക്കബ്
13. ശ്രീ. ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോയി
16. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം. എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. മാമ്മൻ മത്തായി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
22. ശ്രീ. എ. കെ. മണി
23. ശ്രീ. സി. മൊയിൻകുട്ടി
24. ശ്രീ. ആര്യാടൻ മുഹമ്മദ്
25. ശ്രീ. എം. കെ. മുനീർ
26. ശ്രീ. എം. മുരളി
27. ശ്രീ. എഴുകോൺ നാരായണൻ
28. ശ്രീ. വി. ജെ. പൗലോസ്
29. ശ്രീ. അടൂർ പ്രകാശ്
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
32. ശ്രീ. പാലോട് രവി
33. ശ്രീമതി റോസമ്മ ചാക്കോ
34. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
35. ശ്രീമതി ശോഭനാ ജോർജ്
36. ശ്രീ. നാലകത്ത് സൂപ്പി
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി. പി.തങ്കച്ചൻ
39. ശ്രീ. സി. എഫ്. തോമസ്
40. ശ്രീ. കെ. സി. വേണുഗോപാൽ
41. ശ്രീ. കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുവന്നവർ - ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുവന്നർ - 62
പ്രതികൂലിക്കുന്നവർ - 41
നിഷ്പക്ഷത പാലിക്കുവന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXIV — വനം

മി. സ്പീക്കർ : സർവ്വശ്രീ. പി. ജെ. ജോയി, ഡൊമിനിക് പ്രസന്റേഷൻ, പാലോട് രവി, വി. ബലറാം, ചെർക്കളം അബ്ദുള്ള, ഇസ്ഹാക് കുരിക്കൾ, നാലകത്ത് സൂപ്പി, സി. മൊയിൻകുട്ടി, കെ. കുട്ടി അഹമ്മദ് കുട്ടി, സി. ടി. അഹമ്മദ് അലി, ഇ. ടി. മുഹമ്മദ് ബഷീർ, കെ. സി. വേണുഗോപാൽ, പി. പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, പി. ജെ. ഫ്രാൻസിസ്, വി. ജെ. പൗലോസ്, കെ. എ. ചന്ദ്രൻ, എ. കെ. മണി, അടൂർ പ്രകാശ്, കെ. സുധാകരൻ, ഇ. എം. അഗസ്തി, കെ. പി. വിശ്വനാഥൻ, കെ. മുഹമ്മദാലി, ജി. കാർത്തികേയൻ, മാമ്മൻ മത്തായി, ജോണി നെല്ലൂർ, ഡോ. എം. എ. കുട്ടപ്പൻ, ശ്രീമതി നോസമ്മ ചാക്കോ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. (സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 62

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. ആർ. ബാലൻ
4. ശ്രീ. ടി.കെ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീ. പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. കെ. ഇ. ഇസ്മയിൽ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. സി. എൻ. ജയദേവൻ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. ടി. എസ്. ജോൺ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. ജോസ് ബേബി
19. ഡോ. കെ. സി. ജോസഫ്
20. ശ്രീ. എ. കണാരൻ
21. ശ്രീ. എൻ. കണ്ണൻ
22. ശ്രീ. എളമരം കരീം
23. ശ്രീ. പി. കെ. കുമാരൻ
24. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
25. ശ്രീ. സി. എ. കുര്യൻ
26. ശ്രീമതി ആർ. ലതാദേവി
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
29. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
30. ശ്രീ. മോൻസ് ജോസഫ്
31. ശ്രീ. പിരപ്പൻകോട് മുരളി
32. ശ്രീ. ടി. നാണു മാസ്റ്റർ
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
35. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
36. ശ്രീ. പി. നാരായണൻ
37. ഡോ. എ. നിലലോഹിതദാസൻ നാടാർ
38. ശ്രീ. ടി. കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ. കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി. കെ. രാജേന്ദ്രൻ
44. ശ്രീ. കെ. പി. രാജേന്ദ്രൻ
45. ശ്രീ. പി. രാജു
46. ശ്രീ. രാജു എബ്രഹാം

LIBRARY ARCHIVES Kerala Legislative Assembly

47. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി. കെ. രാമകൃഷ്ണൻ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. യു. എസ്. ശശി.
52. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
53. ശ്രീ. സെബാസ്റ്റ്യൻ പോൾ
54. ശ്രീ. എ. സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
58. ശ്രീ. പി. എസ്. സുപാൽ
59. ശ്രീമതി സുശീലാ ഗോപാലൻ
60. ശ്രീ. എം. പി. വർഗ്ഗീസ്
61. ശ്രീ. വർഗ്ഗീസ് വൈദ്യർ
62. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി. കെ അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. കെ. ആന്റണി
6. ശ്രീ. ഇ. എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി. കെ. കെ. ബാവ
9. ശ്രീ. കെ. എ. ചന്ദ്രൻ
10. ശ്രീ. പി. ജെ. ഫ്രാൻസിസ്
11. ശ്രീ. ഇസ്ഹാക് കുരിക്കൾ
12. ശ്രീ. ടി. എം. ജേക്കബ്
13. ശ്രീ. ജോണി നെല്ലൂർ
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോയി
16. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

17. ഡോ. എം. എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. മാമ്മൻ മത്തായി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
22. ശ്രീ. എ. കെ. മണി
23. ശ്രീ. സി. മൊയിൻകുട്ടി
24. ശ്രീ. ആര്യാടൻ മുഹമ്മദ്
25. ശ്രീ. എം. കെ. മുനീർ
26. ശ്രീ. എം. മുരളി
27. ശ്രീ. എഴുകോൺ നാരായണൻ
28. ശ്രീ. വി. ജെ. പൗലോസ്
29. ശ്രീ. അടൂർ പ്രകാശ്
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
32. ശ്രീ. പാലോട് രവി
33. ശ്രീമതി റോസമ്മ ചാക്കോ
34. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
35. ശ്രീമതി ശോഭനാ ജോർജ്
36. ശ്രീ. നാലകത്ത് സൂപ്പി
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി. പി. തങ്കച്ചൻ
39. ശ്രീ. സി. എഫ്. തോമസ്
40. ശ്രീ. കെ. സി. വേണുഗോപാൽ
41. ശ്രീ. കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	-	62
പ്രതികൂലിക്കുന്നവർ	-	41
നിഷ്പക്ഷത പാലിക്കുന്നവർ	-	ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXIV — തൊഴിലും തൊഴിലാളിക്ഷേമവും

മി. സ്പീക്കർ : സർവ്വശ്രീ. പാലോട് രവി, ഇ. എം. അഗസ്തി, ഡൊമിനിക് പ്രസന്റേഷൻ, വി. ബാലറാം, വി. ജെ പൗലോസ്, പി. ജെ. ജോയി, കെ. എ. ചന്ദ്രൻ, എ. കെ. മണി, കെ. ബാബു, കെ. സി. വേണുഗോപാൽ, പി. പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ്, പി. ജെ. ഫ്രാൻസിസ്, അടൂർ പ്രകാശ്, മാമ്മൻ മത്തായി, ജോണി നെല്ലൂർ, കെ. സുധാകരൻ, കെ. പി. വിശ്വനാഥൻ, കെ. മുഹമ്മദാലി, ജി. കാർത്തികേയൻ, സി. ടി. അഹമ്മദ് അലി, ചെർക്കളം അബ്ദുള്ള, നാലകത്തു സൂപ്പി, സി. മൊയിൻകുട്ടി, പി. കെ. അബ്ദുറബ്ബ്, പി. കെ. കെ. ബാവ, ഇസ്ഹാക് കുരിക്കൾ, ഇ. ടി. മുഹമ്മദ് ബഷീർ, ഡോ. എം. എ കുട്ടപ്പൻ, ശ്രീമതി ശോഭനാ ജോർജ്, ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി കെ. ആർ. ഗൗരിയമ്മ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 62

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. ആർ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീ. പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. കെ. ഇ. ഇസ്മയിൽ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. സി. എൻ. ജയദേവൻ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. ടി. എസ്. ജോൺ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. ജോസ് ബേബി
19. ഡോ. കെ. സി. ജോസഫ്
20. ശ്രീ. എ. കണാരൻ
21. ശ്രീ. എൻ. കണ്ണൻ
22. ശ്രീ. എളമരം കരീം
23. ശ്രീ. പി. കെ. കുമാരൻ
24. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
25. ശ്രീ. സി. എ. കുര്യൻ
26. ശ്രീമതി ആർ. ലതാദേവി
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
29. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
30. ശ്രീ. മോൻസ് ജോസഫ്
31. ശ്രീ. പിരപ്പൻകോട് മുരളി
32. ശ്രീ. ടി. നാണു മാസ്റ്റർ
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
35. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)
36. ശ്രീ. പി. നാരായണൻ
37. ഡോ. എ. നിലലോഹിതദാസൻ നാടാർ
38. ശ്രീ. ടി. കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ. കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി. കെ. രാജേന്ദ്രൻ
44. ശ്രീ. കെ. പി. രാജേന്ദ്രൻ
45. ശ്രീ. പി. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. രാമകൃഷ്ണപിള്ള
48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി. കെ. രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. യു. എസ്. ശശി
52. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
53. ശ്രീ. സെബാസ്റ്റ്യൻ പോൾ
54. ശ്രീ. എ. സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
58. ശ്രീ. പി. എസ്. സുപാൽ
59. ശ്രീമതി സുശീലാ ഗോപാലൻ
60. ശ്രീ. എം. പി. വർഗ്ഗീസ്
61. ശ്രീ. വർഗ്ഗീസ് വൈദ്യർ
62. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. കെ. ആന്റണി
6. ശ്രീ. ഇ. എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി. കെ. കെ. ബാവ
9. ശ്രീ. കെ. എ. ചന്ദ്രൻ
10. ശ്രീ. പി. ജെ. ഫ്രാൻസിസ്
11. ശ്രീ. ഇസ്ഹാക് കുരിക്കൾ
12. ശ്രീ. ടി. എം. ജേക്കബ്
13. ശ്രീ. ജോണി നെല്ലൂർ
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോയി
16. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം. എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. മാമ്മൻ മത്തായി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
22. ശ്രീ. എ. കെ. മണി

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. സി. മൊയിൻകുട്ടി
24. ശ്രീ. ആര്യാടൻ മുഹമ്മദ്
25. ശ്രീ. എം. കെ. മുനീർ
26. ശ്രീ. എം. മുരളി
27. ശ്രീ. എഴുകോൺ നാരായണൻ
28. ശ്രീ. വി. ജെ. പൗലോസ്
29. ശ്രീ. അടൂർ പ്രകാശ്
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
32. ശ്രീ. പാലോട് രവി
33. ശ്രീമതി റോസമ്മ ചാക്കോ
34. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
35. ശ്രീമതി ശോഭനാ ജോർജ്
36. ശ്രീ. നാലകത്ത് സൂപ്പി
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി. പി. തങ്കച്ചൻ
39. ശ്രീ. സി. എഫ്. തോമസ്
40. ശ്രീ. കെ. സി. വേണുഗോപാൽ
41. ശ്രീ. കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	-	62
പ്രതികൂലിക്കുന്നവർ	-	41
നിഷ്പക്ഷത പാലിക്കുന്നവർ	-	ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് മാസം 9-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി ജൂലായ് 8-ാം തീയതി വൈകുന്നേരം 4.25-ന് സഭ പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly